ജനകീയ ആസൂത്രണം

സുഭിക്ഷകേരളം

96



പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

SREEKUMAR

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്
സമഗ്ര വികസന രേഖ


സാരഥികൾ

പ്രസിഡന്റ്



കെ. രാധാമണി

വൈസ് പ്രസിഡന്റ്



ജെ. രാമാനുജൻ

സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ



പുത്തൂർ സോമരാജൻ

ചീഫ് എഡിറ്റർ
കെ. രാധാമണി
(പഞ്ചാ. പ്രസിഡന്റ്)

എഡിറ്റർ
ബി. ശ്രീകുമാർ
(കോ-ഓർഡിനേറ്റർ - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസേർച്ച്)

എഡിറ്റോറിയൽ ബോർഡ്
ജെ. രാമാനുജൻ
(പഞ്ചാ. വൈസ് പ്രസിഡന്റ്)
പുത്തൂർ സോമരാജൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
കെ. മോഹൻകുമാർ
(ലക്ചറർ, ഡി.ബി. കോളേജ് പരുമല)
ആർ. ബാബു.
(പഞ്ചായത്ത് സെക്രട്ടറി)
സാങ്കേതിക സഹായം
എം.ടി. തോമസ്
(സയന്റിസ്റ്റ് - CESS)

പ്രിന്റിംഗ്
ദുർഗ്ഗാ പ്രിന്റേഴ്സ് , പാങ്ങോട്

മെംബറന്മാർ

VI

V

III

I

XI

IX

VIII

IV

VII

II

X

XII

പഞ്ചായത്ത് സ്റ്റാഫ്

1. കെ. കുട്ടപ്പൻ
2. കെ. ആനന്ദവല്ലി
3. കെ.പി. ജഗദമ്മ
4. കെ. സരസമ്മ
5. ആർ. ജലജ
6. എ. ആനന്ദം
7. സുമതിക്കുട്ടി
8. കെ.കെ തോമസ് കുട്ടി

വാർഡുതല വിവരങ്ങൾ ശേഖരിച്ച ഗ്രൂപ്പ് കൺവീനറന്മാർ


1. ആർ. ഭാനു
2. തുളസീധരൻ
3. വാസുദേവൻ
4. പി. മാധവൻനായർ
5. എൻ. ഗോപിനാഥൻപിള്ള
6. വിജയലക്ഷ്മി
7. വിശ്വംഭരൻ
8. വി. രാധാകൃഷ്ണൻ
9. ശ്രീജ. എസ്
10. സുരാജ്
11. ഉണ്ണിരാജ്
12. സുരാജ്
13. വി.പി. മനോജ്
14. എം.എസ് മധു
15. പ്രദീപ്
16. ഷിജ
17. സന്തോഷ് ജി. കുമാർ
18. മണികണ്ഠൻ

ജില്ലാ റിസോഴ്സ് പേഴ്സൺമാർ

എ. മോഹൻകുമാർ
കെ. ബാലകൃഷ്ണപിള്ള
ആർ. രാധാമണിയമ്മ
കെ. രത്നകുമാരി
വി. ഡി. സജിപ്രസാദ്
ആർ. മധു
ആർ. ഗീത

റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ് കൺവീനറൻമാർ

പുഷ്പാംഗദപണിക്കർ
വാസുദേവൻ
തുളസീധരൻ
രാജു എസ്.
ആർ. ജയൻ
സജിപ്രസാദ്
വിശ്വംഭരൻ
സോമരാജൻ
ഗോപകുമാർ
സജിപ്രസാദ്
കെ. പ്രഭാകരൻ
അജയകുമാർ
എസ്. രജി
മേഴിനി
സനൽ
വിജയൻ




മാന്യസുഹൃത്തേ,

ഒരു പുത്തൻ പ്രതീക്ഷയോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രക്രീയയിൽ ഏറ്റവും പ്രാധാന്യമുള്ള വികസനരേഖ അത്യന്തം സന്തോഷത്തോടെ ഇവിടെ സമർപ്പിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ സമസ്ത മേഖലകളിലേയും പ്രശ്നങ്ങൾ പ്രതിപാദിക്കുന്ന ഈ വികസനരേഖ തയ്യാറാക്കുന്നതിൽ അശ്രാന്ത പരിശ്രമം നടത്തിയ എല്ലാവർക്കും ഞാൻ ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. ആസൂത്രണ പ്രക്രീയയിൽ ഇന്നോളം ഉണ്ടായ പാളിച്ചകളും പിഴവുകളും മനസ്സിലാക്കി നാം തന്നെ നമ്മുടെ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്കുള്ള പരിഹാരങ്ങൾ ഈ സെമിനാറിൽ സമർപ്പിക്കുകയാണ്. പ്രസ്തുത രേഖ ഇവിടെ പൊതുജനങ്ങളുടെ അന്തിമമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കും വേണ്ടിയാണ്. ആയതിലേക്ക് എല്ലാ വിഭാഗം ജനങ്ങളുടെയും നിസ്സീമമായ സഹകരണം ഞാൻ ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

സാമ്പത്തികമായും സാമൂഹികമായും ഇനിയും വളരെ കൂടുതൽ മുന്നേറാനുള്ള നമ്മുടെ പഞ്ചായത്തിന്റെ വിജയദീപമായ ഈ വികസന രേഖയുടെ സാക്ഷാത്കാരത്തിനായി പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് കമ്മറ്റി എല്ലാ സാധ്യതകളും പരിശ്രമങ്ങളും പ്രയോജനപ്പെടുത്തുമെന്ന് ഞാൻ ഉറപ്പ് നൽകുന്നു.

(ഒപ്പ്)

പ്രസിഡന്റ്



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"

എഡിറ്ററുടെ പേജ്

സുഹൃത്തേ,

അമ്പത്കൊല്ലം കൊണ്ട് നാം കടന്ന മഹാദൂരം വിവേകത്തിൽ നിന്ന് വയറുപിഴപ്പിലേക്കുള്ള ദൂരമാണ്. ഇന്ന് നിലനിൽക്കുന്ന വികസന രീതിയുടെ പ്രത്യയശാസ്ത്രം ഊന്നൽ കൊടുക്കുന്നത് പുരോഗതിയെക്കുറിച്ചുള്ള ഒരു നേർരേഖാ തത്വത്തിനാണ് (Linear Theory of Progress) വികസന മെന്നാൽ സാമ്പത്തിക വളർച്ചയും കമ്പോള വ്യവസ്ഥ (Market Economy) യുടെ വ്യാപുലീകരണവുമെന്നാണ്. നമ്മുടെ ഗ്രാമത്തിലെ ജനങ്ങളും, ജനപ്രതിനിധികളും അംഗീകരിച്ചിരിക്കുന്നത്. ആധുനികതയുടെ ഉപഭോഗതൃഷ്ണയ്ക്കായി താളംതെറ്റിയിരിക്കുന്നു. കൃഷിയിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാതെ, സാധാരണ വിത്തുകളും ജൈവ വളവും മാത്രമുപയോഗിച്ച് കൃഷി നടത്തി ദാരിദ്ര്യമില്ലാതെ സന്തോഷത്തിൽ കഴിയുന്ന ഒരു ജനത തായ്ലൻറിലുണ്ട്. നമുക്കൊരു മാതൃകയാണവർ. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കർഷക പ്രശ്നങ്ങൾക്ക് ഭൂമിയുടെ ശൈഥില്യം കാരണമാകുന്നു. കൂട്ടുകൃഷിക്ക് ഭൂമിയുടെ ഉടമസ്ഥത തടസമാകരുത്.

കൃഷിക്കാരുടെ തുണ്ടുഭൂമികളെ കൂട്ടുകൃഷിക്കായി ഒന്നിച്ചെടുത്ത് കൃഷിയിലും, ഉൽപ്പന്നങ്ങളുടെ വിതരണത്തിലും, സഹകരണം വളർത്താൻ ഇവിടുത്തെ സാമൂഹ്യ പ്രവർത്തകരായ രാഷ്ട്രീയ പ്രവർത്തകരും, ജനപ്രതിനിധികളും ചില മാതൃകകൾ കാണിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സാമൂഹ്യ സാമ്പത്തികവ്യവസ്ഥയ്ക്ക് സമാന്തരമായി ഒരു കുത്തകാധിപത്യ ജനവിരുദ്ധ സമ്പദ്വ്യവസ്ഥ വളർന്നു വരുന്നുണ്ട്. ഇതു നമ്മുടെ ഗ്രാമത്തിൻറെ സ്വാശ്രയ സമ്പദ് വ്യവസ്ഥയെ ശിഥിലമാക്കും.

ദിവസവും പല്ലുതേക്കുകയും, കുളിക്കുകയും, അലക്കിത്തേച്ച വസ്ത്രങ്ങൾ മാത്രം ധരിക്കുകയും ചെയ്യുന്ന ഒരു പരിഷ്കൃത സമൂഹം എന്ന നിലയ്ക്കാണ് സകലമാന സോപ്പ്, ചീപ്പ്, പോസ്റ്റർ കച്ചവടക്കാരും പരസ്യകോലാഹലങ്ങളുമായി നമ്മുടെ ഗ്രാമങ്ങളിൽ വന്നിറങ്ങുന്നത്.

ഇതിന് പരിഹാരം ഒന്നുമാത്രമേയുള്ളൂ. 'ഗ്രാമസ്വാശ്രയത്വം'. ഇത് നേടണമെങ്കിൽ നാം നമ്മുടെ ഗ്രാമ വികസന കാര്യങ്ങൾ വളരെ പ്ലാൻ ചെയ്ത് നടത്തേണ്ടതുണ്ട്.

ഇതിനൊരവസരമാണിപ്പോൾ വന്നിട്ടുള്ളത്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ നാം പ്രയത്നിക്കുക. പവിത്രേശ്വരം പഞ്ചായത്തിൻറെ മുഖച്ഛായ തന്നെ മാറ്റുവാൻ കഴിയുന്ന ചില വികസന പ്രോജക്ടുകളുടെ സൂചനകൾ ഈ റിപ്പോർട്ടിലുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അവ പ്രയോജനപ്പെടുത്തി സ്കീമുകൾ തയ്യാറാക്കുവാൻ കർമ്മസമിതികൾക്ക് കഴിയട്ടെയെന്ന് ആഗ്രഹിക്കുകയാണ്. വികസന റിപ്പോർട്ടിൻറെ ക്രമീകരണത്തിലും മറ്റും ചില പാളിച്ചകൾ ഉണ്ടായിട്ടുണ്ട്, സമയക്കുറവാണിതിന് പ്രധാന കാരണം. ചില അക്ഷരത്തെറ്റുകളിലും, പേജ് ക്രമീകരണത്തിലുമൊക്കെ ഉണ്ടായ ചില പരാജയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ രേഖ പരമാവധി പ്രയോജനപ്പെടുത്തി നല്ല കുറേ പ്രോജക്ടുകൾ തയ്യാറാക്കുവാൻ ശ്രമിക്കുമെന്ന് വിശ്വസിച്ചുകൊണ്ട് നിർത്തട്ടെ.


ആദരവോടെ,


എഡിറ്റർ (ഒപ്പ്)

ബി. ശ്രീകുമാർ

ഉള്ളടക്കം


1	ആമുഖം	13
2	പൊതുവിവരം	16
3	സാമൂഹിക സാംസ്കാരിക ചരിത്രം	17
4	ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി	21
5.1	കൃഷിയും ജലസേചനവും	45
2	മൃഗസംരക്ഷണം മൽസ്യബന്ധനം	59
3	വ്യവസായം	67
4	ഊർജ്ജം	73
5	ഗതാഗതം	81
6	പാർപ്പിടം	95
7	ആരോഗ്യം	99
8	വിദ്യാഭ്യാസം	107
9	കുടിവെള്ളവും ശുചിത്വപരിപാലനവും	117
10	സാമൂഹ്യക്ഷേമം	121
11	സംസ്കാരം	131
12	പട്ടികജാതി പട്ടിക വർഗ്ഗവികസനം	135
13	വനിതാ ക്ഷേമം	143
13	സഹകരണം	147
15	വിവേസമാഹരണം	151
16	പരിസ്ഥിതി	157





ആവലംബം : വിദ്യാഭ്യാസപടം, സെസ്സ്

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്



വാർഡുകൾ


I	താഴംകരിമ്പിൻപുഴ	VII	പവിത്രേശ്വരം
II	കാരിക്കൽ	VIII	കൈതക്കോട് വടക്ക്
III	ചെറുമങ്ങാട് തെക്കുംപേഴ്	IX	കൈതക്കോട് തെക്ക്
IV	ശ്രീനാരായണപുരം	X	ഇടവട്ടം
V	ചെറുപൊയ്ക	XI	മാറനാട് പടിഞ്ഞാറ്
VI	ചെറുപൊയ്ക തെക്ക്	XII	മാറനാട് കിഴക്ക്

സൂചിക

PAN പഞ്ചായത്ത് ഓഫീസ്

റോഡുകൾ

Source : PRM Programme CESS



1
ആമുഖം

1940 കളിൽ പടിഞ്ഞാറൻരാഷ്ട്ര സംസ്കാരത്തെയും, ജനാധിപത്യ സംവിധാനത്തെയും വിമർശിക്കുന്ന വേളയിലും, ഭാരതത്തിന്റെ ഭരണത്തിന് അടിസ്ഥാന ശിലയായി വർത്തിക്കേണ്ടത് ഗ്രാമങ്ങം തന്നെയാണെന്ന് ആവശ്യപ്പെടാൻ മഹാത്മജി മറന്നില്ല. ലളിതജീവിതവും, ഉയർന്ന ചിന്തയും, അതായിരുന്നു അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട്. ഇത് സൂചിപ്പിക്കുന്നത് സമ്പത്തിന്റെയും, അധികാരത്തിന്റെയും, വികേന്ദ്രീകരണത്തിന് വേണ്ടിയായിരുന്നു അദ്ദേഹം എന്നും നിലകൊണ്ടിരുന്നതെന്നാണ്. അതാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു ശേഷമുള്ള നമ്മുടെ വികസന ശ്രമങ്ങളെപ്പറ്റി പഠിക്കുകയാണെങ്കിൽ 1938 ൽ ആരാദ്ധ്യനായ ജവഹർലാൽ നെഹ്റു ചെയർമാനായി വിവിധ രാഷ്ട്രീയ പ്രവർത്തകരും, സാങ്കേതിക വിദഗ്ധരുമടങ്ങുന്ന 29 സബ്കമ്മിറ്റികളിലൂടെ ദേശീയ ആസൂത്രണ സമിതി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയുണ്ടായി. ദേശീയ ആസൂത്രണ പരിപ്രേക്ഷ്യം രൂപവൽക്കരിക്കുന്നതിനായി വിവിധ നിർദ്ദേശങ്ങം സ്വീകരിക്കപ്പെട്ടു. ഇവയിൽ പ്രധാനപ്പെട്ടവ ടാറ്റ-ബിർല തുടങ്ങിയ വ്യവസായ പ്രമുഖരുടെ "ബോംബെ പ്ലാൻ", വിശ്വേശ്വരയ്യയുടെയും, എം. എൻ. റോയിയുടെയും നിർദ്ദേശങ്ങം, ഗാന്ധിയൻ പദ്ധതിയുടെ ഉപജ്ഞാതാവായ നാരായണൻ അഗർവാളിന്റെ നിർദ്ദേശങ്ങം ഇവയൊക്കെ വന്നെങ്കിലും, ഫിസിക്കൽ (ഭൗതിക) ആസൂത്രണം മാത്രമല്ല ഫിസ്ക്കൽ (ധനപര) ആസൂത്രണ നയങ്ങളും ബോംബെപ്ലാനിൽ ഉൾക്കൊണ്ടിരുന്നതിനാൽ ഇതിന് കൂടുതൽ പ്രാധാന്യമേറി. ഇതിൽ നിന്നും വളർന്നു വന്ന ആസൂത്രണ നയമായിരുന്നു ഇന്ത്യയിൽ ഇതേവരെ നടപ്പിലായിരുന്നത്. എന്നാൽ നാളിതുവരെ ഗ്രാമസ്വരാജും, ഗ്രാമീണ ജീവിത നിലവാരത്തിന്റെ ഉയർച്ചയും, സമ്പത്തിന്റെ നീതിപൂർവ്വകമായ വിഭജനവും, സാമൂഹ്യ നീതിയും, പ്രാവർത്തികമായിട്ടുണ്ടോ എന്ന ചിന്ത നമ്മെ അലട്ടുന്നു. ഈ പശ്ചാത്തലത്തിലാണ് കേന്ദ്രഗവൺമെന്റ് 73.ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത്രാജ് നിയമം നടപ്പിലാക്കുവാൻ തയ്യാറായത്.

പഞ്ചായത്ത് രാജ്നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിന് വളരെ അധികം പ്രത്യേകതകം നിലനിൽക്കുന്നു. പുതുതായി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവ: 9-ാം പഞ്ചവത്സര

പദ്ധതി ജനകീയ പദ്ധതിയായി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ ശ്രമിക്കുന്നു എന്നതാണ് ഇതിന്റെ പ്രധാന പ്രത്യേകത. കൂടാതെ കൂടുതൽ ഭരണാധികാരചുമതലകളും സാമ്പത്തിക അധികാരവും, പ്രാദേശിക ഗവൺമെന്റുകളായ പഞ്ചായത്തുകൾക്ക് നൽകുന്നു എന്നതാണ്. ജനകീയആസൂത്രണത്തിന്റെ സവിശേഷത പ്രാദേശിക പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും, കേന്ദ്ര സംസ്ഥാന ആസ്ഥാനങ്ങളിൽ ഇരുന്നു കൊണ്ട് തീരുമാനിക്കാതെ അതാത് പഞ്ചായത്തിലെ ജനങ്ങളുടെ നിർദ്ദേശങ്ങളും, പ്രാദേശിക പ്രശ്നങ്ങളും, പഠിച്ച് പഞ്ചായത്തിന്റെ ഭൂപരവും, സാമ്പത്തികവും സാംസ്ക്കാരികവുമായ പ്രത്യേകതകൾക്കനുസരിച്ച് പദ്ധതികളുടെ ആസൂത്രണവും, നിർവ്വഹണവും നാം തന്നെ നടത്തുന്നു എന്നതാണ്.

പഞ്ചായത്തിലെ വിഭവങ്ങളും സർക്കാരിന്റെ വിഹിതവും, ജനപങ്കാളിത്തവും, ഏകോപിപ്പിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നതിലൂടെ കാർഷിക വ്യാവസായിക മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുകയും, അതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക വളർച്ചയിലൂടെ നമ്മുടെ ഗ്രാമത്തെ സമ്പൂർണ്ണ സാക്ഷരതയിലെത്തിക്കാനും, ഗ്രാമീണരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും സാമൂഹ്യ നീതി ഉറപ്പു വരുത്തുവാനും കഴിയുക എന്ന തിരിച്ചറിവാണ് ജനകീയ ആസൂത്രണത്തിന്റെ ആധാര ശില.

വികേന്ദ്രീകൃത ആസൂത്രണം എന്ന ആശയം ഇന്ന് ആഗോളതലത്തിലും ശ്രദ്ധയാകർഷിച്ചുകൊണ്ടിരിക്കുകയാണ്. 42 വികസ്വര രാജ്യങ്ങളിലെ ചില പ്രോജക്ടുകളെകുറിച്ച് ലോക ബാങ്ക് നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നത് കേന്ദ്രീകൃത ആസൂത്രണം പരാജയപ്പെട്ട സന്ദർഭങ്ങളിൽ വികേന്ദ്രീകൃത ആസൂത്രണത്തിന് വിജയം വരിക്കാൻ കഴിഞ്ഞു എന്നതാണ്. നേപ്പാളിലെ വുറാംഗ് ഗ്രാമം, കൊറിയ, യൂഗോസ്ലാവിയ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങൾ ഇന്ന് ലോകവികസന റിപ്പോർട്ടിന്റെ താളുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. വളരെയധികം വികസിക്കപ്പെട്ട നമ്മുടെ സമൂഹത്തെ ഇനിയും ഉയരങ്ങളിൽ എത്തിക്കുവാൻ കഴിയുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രസക്തി ഇന്ന് വളരെ വലുതാണ്.

അതോടൊപ്പം കേരളംപോലൊരു സംസ്ഥാനത്തിന്റെ രാഷ്ട്രീയ, സാമൂഹിക സാഹചര്യത്തിൽ കക്ഷി രാഷ്ട്രീയത്തിന്റെ എല്ലാ വകഭേദങ്ങളെയും മാറ്റിനിർത്തി ചിന്തിക്കാനും പ്രവൃത്തിക്കാനും എല്ലാവർക്കും കഴിയുമെങ്കിൽ നമുക്ക് ജനകീയാസൂത്രണ പരിപാടിയിലൂടെ പുതിയൊരു വികസന സംസ്കാരം കെട്ടിപ്പടുക്കാൻ കഴിയും. കഴിഞ്ഞ പഞ്ചവത്സര പദ്ധതികളെല്ലാം ഉദ്ദേശിച്ചത്ര ലക്ഷ്യ പ്രാപ്തിയിലെത്താഞ്ഞതിന്റെ ഒരു പ്രധാന കാരണം പ്രാദേശിക പ്രശ്നങ്ങൾ കണക്കിലെടുക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, വികസനത്തെ രാഷ്ട്രീയ പക്ഷപോക്കലുകൾക്ക് വിധേയമാക്കുകയും ചെയ്തതുമൂലമാണ്.

ജനകീയ ആസൂത്രണ പരിപാടിയുടെ ആദ്യ നടപടികൾ പവിത്രേശ്വരം പഞ്ചായത്തിലും ആരംഭിച്ചുകഴിഞ്ഞു. 94 മെയ് 12, 13 തീയതികളിൽ നടന്ന സന്നദ്ധ പ്രവർത്തകരുടെ പരിശീലനത്തോടെ വിഭവ ഭൂപട നിർമ്മാണത്തിന് തുടക്കം കുറിച്ചു. തുടർന്ന് അൻപത്തിയഞ്ച് (55) സന്നദ്ധ പ്രവർത്തകർ പന്ത്രണ്ട് ദിവസം നടത്തിയ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി വിഭവ ഭൂപട നിർമ്മാണം പൂർത്തികരിക്കപ്പെട്ടു.

CESS ലെ (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ശാസ്ത്രജ്ഞൻമാരായിരുന്നു പരിപാടികൾക്ക് നേതൃത്വം നൽകിയിരുന്നത്. 96 സെപ്തംബർ 20-ാം തീയതി ചേരിയിൽ ദേവസ്വം വക കെട്ടിടത്തിൽ നടന്ന പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺമാരുടെ ഒന്നാംഘട്ട പരിശീലനത്തോടെ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പരിപാടികൾക്ക് തുടക്കം കുറിച്ചു. ഈ പരിപാടിയിൽ രാഷ്ട്രീയ പ്രവർത്തകരും, സന്നദ്ധപ്രവർത്തകരുമടക്കം 93 പേർ പരിശീലനം നേടി. പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആറ് ജില്ലാ റിസോഴ്സ് പേഴ്സൺമാരായിരുന്നു പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകിയത്. 96 സെപ്തംബർ 21 ാം തീയതി മുതൽ ഒക്ടോബർ 2-ാം തീയതി വരെ ഓരോ വാർഡിലും വിശേഷാൽ ഗ്രാമസഭകൾ കൂടുകയും, പഞ്ചായത്ത് പരിശീലകരുടെ നേതൃത്വത്തിൽ വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. നവംബർ 11 ന് നടന്ന വിവര ശേഖരണമായിരുന്നു പിന്നീട് ഏറ്റവും പ്രമുഖമായി നടന്ന പരിപാടി. 23 ഗ്രൂപ്പുകളിലായി 92 പേർ വരുന്ന സന്നദ്ധ പ്രവർത്തകരുടെ 15 ദിവസത്തെ പരിശ്രമ ഫലമായി സർക്കാരാഫീസുകളിൽ നിന്നുള്ള വിവരങ്ങ

ളും, വാർഡിൽ നിന്നുള്ള സാമൂഹ്യ സാമ്പത്തിക വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിശീലകർക്കായുള്ള രണ്ടാംഘട്ട പരിശീലനം 20-11-96 ന് ഇടവട്ടം എൻ. എസ് എസ്. എൽ. പി എസിൽ വച്ചു നടന്നു. 77 പേർ പങ്കാളികളായിരുന്നു. കോർഗ്രൂപ്പ് രൂപീകരണവും നടന്നു കഴിഞ്ഞു.

പഞ്ചായത്ത് രാജ് സെമിനാർ 1996 ഫെബ്രുവരിയിൽ പാങ്ങോട് വച്ച് നടക്കുകയുണ്ടായി. കേരളത്തിൽ പടർന്ന് പിടിച്ച മസ്തിഷ്ക ജ്വരത്തിനെതിരെ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണക്യാമ്പും, ഹോമിയോ മരുന്ന് വിതരണവും സംഘടിപ്പിച്ചു.ദുർബലജനവിഭാഗത്തിൽപ്പെട്ട210 കുടുംബങ്ങളുടെ വീടുകളും, കാരിക്കൽ വാർഡിലെ പബ്ലിക് ഹെൽത്ത് സബ് സെൻററും, പഞ്ചായത്തിലെമുഴുവൻ L.P. സ്കൂളുകളും വൈദ്യുതീകരിച്ചു. അൺടൈഡ് ഫണ്ട് ഉപയോഗിച്ച് ഡച്ച് ഗവൺമെൻറിൻെറ ധനസഹായത്തോടെ സോഷ്യോ എക്കണോമിക് യൂണിറ്റ് മുഖേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കക്കൂസ് നിർമ്മിച്ചു നൽകി. ഈ പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ 500 ഉം,2-ാംഘട്ടത്തിൽ 300ഉം കക്കൂസുകളാണ് നിർമ്മിക്കപ്പെട്ടത്. സാമൂഹ്യ വനവൽക്കരണത്തിൻെറഭാഗമായിസോഷ്യൽഫോറസ്ട്രി മുഖേന 15000 തേക്കുതൈകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പബ്ലിക് ഹെൽത്ത്സെൻറർ വഴി നടത്തിയ പോളിയോഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൻെറ ചിലവുകൾമുഴുവൻ പഞ്ചായത്താണ് വഹിച്ചിട്ടുള്ളത്. S. S. L. C ജേതാക്കളായ 6 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

പുനരർപ്പണദിനമായ 1996 നവംബർ 1 ന് ജനകീയമായിപഞ്ചായത്തിൽനടപ്പിലാക്കുന്ന പച്ചക്കറി വികസനപദ്ധതിയുടെ പ്രഖ്യാപനംനടന്നു. പഞ്ചായത്തിലെ 9000 വീടുകളിൽ വാർഡുകളിലെ വോളണ്ടിയർ ഗ്രൂപ്പ് പച്ചക്കറി വിത്തുകളും, വളവും എത്തിക്കുന്നതാണ്. വെള്ളായണി കാർഷിക കോളേജിലെ മേൽത്തരം വിത്തുകളാണ്വിതരണംചെയ്യുന്നത്. ഇതിൻെറനടത്തിപ്പിനായി 60 പേർ അടങ്ങുന്ന പഞ്ചായത്ത്തല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.


ഇന്നോളം നടന്ന ആസൂത്രണവും, എല്ലാ വിധ ഗവൺമെൻറ് പരിപാടികളും, ഒരുപരിധി വരെ ജനങ്ങളിൽ ഉണർത്തിയ മനോഭാവം "ആരുവന്നാലും എന്തുവന്നാലും". ഒന്നും നടക്കില്ല എന്ന ആശങ്കയാണ്. എന്നാൽ ജനകീയ ആസൂത്രണം അത്തരം ഭീതികൾക്കപ്പുറത്താണെന്ന് വരുത്താൻ നമുക്ക് കഴിയും. ഇതിനുദാഹരണമാണ്—കേരളത്തിൽ നടന്ന സാക്ഷരതാ പരിപാടിയും, ആരോഗ്യ പരിപാലന പരിപാടികളും. ജനകീയ ആസൂത്രണം, നമ്മുടെ ഗ്രാമത്തിൻെറ ഹൃദയത്തുടുപ്പുകളറിയാവുന്ന നാം ഓരോരുത്തരും കൂട്ടായിരൂപപ്പെടുത്തുന്ന ഒരു യജ്ഞമാണ്.നമ്മുടെപഞ്ചായത്തിൻെറ ആസൂത്രണത്തിലും, വികസനത്തിലും, ഓരോ ഗ്രാമവാസികളും പങ്കാളികളായി നമ്മുടെ പഞ്ചായത്തിൻെറ വികസനപ്രക്രിയയിൽ ബദ്ധശ്രദ്ധരാകാൻ നമുക്ക് പ്രതിജ്ഞയെടുക്കാം. പവിത്രോദ്ദേശ്യം പഞ്ചായത്തിൻെറ ഭാവിഭാഗധേയമാകാൻ പോകുന്ന ഈ വികസന രേഖയുടെ സാക്ഷാത്ക്കാരത്തിനായി നാം സ്വയം സമർപ്പിക്കുന്നു.

★

"ശരിയായ ജനാധിപത്യം
സമൂഹത്തിൻെറ സമ്പൂർണ്ണ നന്മക്കായുള്ള
എല്ലാവരുടെയും ഇഷ്ടം സ്വരൂപിക്കലാണ്."

—ജെ. ജെ. റൂസ്സോ—





2

പഞ്ചായത്ത്


പൊതുവിവരം

പഞ്ചായത്ത്: .....പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്: .....പുത്തൂർ, പവിത്രേശ്വരം
ബ്ലോക്ക് പഞ്ചായത്ത്.....വെട്ടിക്കവല
താലൂക്ക്: .....കൊട്ടാരക്കര
അസംബ്ലി മണ്ഡലം : ..... നെടുവത്തൂർ
വിസ്തീർണ്ണം:.....23.62. ചതുരശ്ര കി. മീ.

അതിരുകൾ :.....വടക്ക്: കല്ലടയാറ്
പടിഞ്ഞാറ്: കല്ലടയാറ്, ഈസ്റ്റ്-
കല്ലട, കുണ്ടറ ഗ്രാമപഞ്ചായത്തുകൾ
തെക്ക്: എഴുകോൺ, കുണ്ടറ
ഗ്രാമപഞ്ചായത്തുകൾ
കിഴക്ക്: കുളക്കട, നെടുവത്തൂർ ഗ്രാമപഞ്ചായത്തുകൾ

ജനസംഖ്യ : 29124
പുരുഷൻ : 14073
സ്ത്രീകൾ 15051
ജനസാന്ദ്രത : 1233
സാക്ഷരർ : .....23979 [82.3%]
പുരുഷൻ:— 11878 [84.4%]
സ്ത്രീ:— 12101 [80.4%]

പ്രസിഡൻറ്: ..... കെ. രാധാമണി
വൈസ് പ്രസിഡൻറ്: ..... ജെ. രാമാനുജൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ: ..... പുത്തൂർ സോമരാജൻ
സെക്രട്ടറി : ..... ആർ. ബാബു



3

സാമൂഹിക സാംസ്കാരിക ചരിത്രം

കേരള ചരിത്രത്തിൽ കാവുകളും നിർണ്ണായക സ്വാധീനം ചെലുത്തുന്നു എന്നു രേഖകളും സൂചിപ്പിക്കുന്നു. ഗോത്രവർഗ്ഗത്തിന്റെ പ്രതീകമായ നാഗങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷ നേടുവാനായി സഖ്യം ചെയ്തതിന്റെ പ്രതീകമായി തെക്കുപടിഞ്ഞാറെ ദിക്കിൽ കാവുകൾ സ്ഥാപിച്ച് ആരാധന നടത്തിയിരുന്നതായി അനുമാനിക്കുന്നു. ഈ നിഗമനം പവിത്രേശ്വരം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്നു. സമീപ പ്രദേശങ്ങളിലുള്ള പഞ്ചായത്തുകളെ അപേക്ഷിച്ച് പവിത്രേശ്വരം പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ കാവുകൾ നിലനിൽക്കുന്നത്. ഗോത്രവർഗ്ഗ സമൂഹങ്ങളുടെ സാന്നിദ്ധ്യം വിളിച്ചോതുന്ന ചില ചരിത്ര അവശിഷ്ടങ്ങളും പല വാർഡുകളിൽ നിന്നും കണ്ടെത്താൻ കഴിയുന്നുണ്ട്.

പവിത്രേശ്വരം എന്ന പേരിനെ സംബന്ധിച്ചിടത്തോളം വ്യത്യസ്ഥങ്ങളായ വാദമുഖങ്ങൾ നിലനിൽക്കുന്നു. ഹിന്ദു പുരാണങ്ങളുമായി ബന്ധപ്പെട്ട ചില ഐതീഹ്യങ്ങൾ സൂചിപ്പിക്കുന്നത് കുരുക്ഷേത്ര യുദ്ധത്തിനുശേഷം പാർത്ഥൻ (അർജുനൻ) കിരീടം ഊരിവച്ച സ്ഥലമായതുകൊണ്ട് പാർത്ഥേശ്വരം എന്ന പേരിൽ അറിയപ്പെട്ടിരുന്നെന്നും, പിന്നീടത് പവിത്രേശ്വരമായി മാറുകയാണുണ്ടായതെന്നും ചിലർ അഭിപ്രായപ്പെടുമ്പോൾ കുരുക്ഷേത്ര യുദ്ധത്തിന് വഴി തെളിച്ചഅധികാരതർക്കത്തിൽ കൗരവരും പാണ്ഡവരും പകുത്തുപിരിഞ്ഞ പ്രദേശമായതിനാലാണ് പവിത്രേശ്വരം എന്ന് പേര് കിട്ടിയതെന്ന് മറ്റ് ചിലർ വാദിക്കുന്നു. ഇത്തരം ഐതീഹ്യങ്ങൾക്ക് ഉപോൽ ബലകമായി പവിത്രമായ പാമ്പോട് ചിറയും, കക്കാട്ടുകുന്നും, അതോടൊപ്പം പഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളായ ആറുവാശ്ശേരി എന്ന നൂറുവാശ്ശേരിയും, ഐവർകാല എന്ന അഞ്ച് പേരുടെ നാടും, കീചകപ്പള്ളി എന്ന കീച്ചപ്പള്ളിയും, ദുര്യോധന ക്ഷേത്രമായ പെരുവിരുത്തി മലനടയും, ദുശ്ശാസന ക്ഷേത്രമായ എണ്ണശ്ശേരി മലനടയും നമ്മുടെ പഞ്ചായത്തിലെ തന്നെ ശകുനിക്ഷേത്രമായ മായക്കോട്ട് മലനടയും ഈ ഐതീഹ്യങ്ങൾക്ക് ദൃഷ്ടാന്തമായി വർത്തിക്കുന്നു.

മതങ്ങളുടെ കാലഘട്ടത്തിനുശേഷം ഉണർന്നു വന്ന മതനവീകരണ പ്രസ്ഥാനമായിരുന്ന ബുദ്ധമതത്തിനും നിർണ്ണായകമായ സ്വാധീനമുള്ള ഒരു പ്രദേശമായിരുന്നു ഇത്. കുന്നത്തൂർ താലൂക്കിന്റെ കിഴക്കൻ മേഖലകളിലും, കൊട്ടാരക്കര താലൂക്കിന്റെ പടിഞ്ഞാറൻ മേഖലകളിലും, ബുദ്ധമതത്തിന് അങ്ങേയറ്റം സ്വാധീനമുള്ള പ്രദേശങ്ങളാ

യിരുന്നു എന്ന് പല ചരിത്രരേഖകളും സൂചിപ്പിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ ഒരു ബുദ്ധ പ്രതിമ തന്നെ ചൂണ്ടിക്കാണിക്കാൻ കഴിയും.

തിരുവിതാംകൂർ ചരിത്രവുമായി ബന്ധപ്പെട്ട് മാർത്താണ്ഡവർമ്മയുടെ പലായനത്തെ കുറിച്ച് ചില സൂചനകളും നിലവിലുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവ് എട്ടുവീട്ടിൽ പിള്ളമാരേയും, തമ്പിമാരേയും, യേന്ന് ഓടിയിരുന്ന കാലത്ത് ഒരിക്കൽ കുഴിക്കൽ മാടമ്പിമാരുടെ കൊട്ടാരത്തിൽ അഭയം തേടി. അവർ രാജാവിന് അഭയം നൽകി സംരക്ഷിച്ചു. ഒടുവിൽ അദ്ദേഹത്തെ കുന്നത്തൂർ കടവിലൂടെ കല്ലടയാറിന് പടിഞ്ഞാറെ കരയിലാക്കുകയും, നദിക്ക് കുറുകെ ഉണ്ടായിരുന്ന കല്ലുപാലം തള്ളിക്കളയുകയും ചെയ്തു. ഈ പാലത്തിന്റെ കിഴക്കേകരയിലുള്ള കൽത്തൂണുകളിൽ ചിലത് ഇപ്പോഴും കാണാം.

തമ്പിമാരെയും, പിള്ളമാരെയും തോൽപ്പിച്ച മാർത്താണ്ഡവർമ്മ നാട്ടുരാജ്യങ്ങളെ ഓരോന്നായി പടവെട്ടിപിടിച്ച് തിരുവിതാംകൂറിന്റെ അധിപനായി. രാജ്യം ശ്രീപത്മനാഭസ്വാമി തൃപ്പാദങ്ങളിൽ സമർപ്പിച്ച അദ്ദേഹം ശ്രീപത്മനാഭദാസനായി ഭരണം ആരംഭിച്ചു. താമസിയാതെ, തന്നെ സംരക്ഷിച്ച കുഴിക്കൽ മാടമ്പിമാരെ അദ്ദേഹം കൊട്ടാരത്തിൽ വിളിപ്പിച്ച് കാരിക്കൽ, താഴം, കരിമ്പിൻപുഴ, തെക്കുംചേരി, ചെറുമങ്ങാട്, ചെറുപൊയ്ക എന്നീ ആറുകരകളും ഉൾകൊള്ളുന്ന സ്ഥലം കുഴിക്കലിടവക എന്ന പേരിൽ കരമൊഴിവായി നൽകി.

സാധാരണ ക്രൈസ്തവ ഇടവകകളും ഉള്ള ഈ രാജ്യത്ത് കുഴിക്കലിടവക വ്യത്യസ്ത രൂപത്തിൽ നിലനിൽക്കുന്നു. കുഴിക്കലിടവക കരമൊഴിവായി നൽകിയപ്പോഴും ചെറുമങ്ങാട് കരയിലുള്ള വെള്ളിയാട്ട് വീട്ടിലെയും, പുത്തൻ വീട്ടിലെയും, താഴം കരയിലുള്ള ഊരുമഠത്തിലെയും, മാടമ്പിമാരിൽ ഏറ്റവും പ്രായം കൂടിയ ആളിനെ വലിയത്താനായി വാഴിക്കുന്നതിനും രാജാവിനുള്ള അധികാരം ഉപയോഗിച്ച് ഭരിക്കുന്നതിനും, മഹാരാജാവ് അധികാരപ്പെടുത്തിയിരുന്നു. പിന്നീടുള്ള കാലങ്ങളിൽ ഭൂമിയുടെ നല്ലൊരു ഭാഗവും ഈ കുടുംബങ്ങളിൽ എത്തിച്ചേർന്നു. സ്വാതന്ത്ര്യലബ്ധിക്കു മുൻപ് ഇവിടെ ജന്മികുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം രാഷ്ട്രീയ പാർട്ടികളുടെ സംഘടനയിൽപ്പെട്ട ആളുകളും തൊഴിലാളി സംഘടനകളുമായി യോജിച്ച് പല കർഷക സമരങ്ങളും നയിച്ചിരുന്നു. മിക്ക കർഷക സമരങ്ങൾക്കും നേതൃത്വം വഹിച്ചത് അവികേന്ത കമ്മ്യൂണിസ്റ്റ്പാർട്ടിയായിരുന്നു.

ഇക്കാലത്ത് ഇവിടുത്തെ ഭൂരിപക്ഷം ഈഴവ വീടുകളിലും നെയ്ത്ത് ഉണ്ടായിരുന്നു. ഈ പ്രദേശത്ത് ഏതാണ്ട് 1500 ഓളം തറികൾ പ്രവർത്തിച്ചിരുന്നു. നെയ്ത്ത്, നൂൽവ്യാപാരം, കൊപ്രാകച്ചവടം, കൃഷി, വൈദ്യം ഇവയൊക്കെയായിരുന്നു പ്രധാന തൊഴിലുകൾ. തെങ്ങ്, കമുക്, കുരുമുളക്, മരച്ചീനി, വാഴ, ചേന, ഇഞ്ചി, കിഴങ്ങ് വർഗ്ഗങ്ങൾ, വെറ്റില, കൂവരക്, പയറ് വർഗ്ഗങ്ങൾ നെല്ല് ഇവ പ്രധാന കൃഷികളുടെ പട്ടികയിൽപ്പെടുന്നു. കൃഷിഭൂമിയിൽപട്ടയങ്ങളും പാട്ടങ്ങളും നിലനിന്നിരുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കുഴിക്കലിടവകയിലെ ഭൂമി ഇടവക സങ്കേതത്തിൽ ഉൾപ്പെട്ടതായതിനാൽ ആർക്കും പട്ടയം കിട്ടിയിരുന്നില്ല. മുൻഭരണാധികാരികൾ ഭൂനിയമം അനുസരിച്ച് ആവശ്യമായ കണക്ക് സർക്കാരിലേക്ക് നൽകാതിരുന്നതിനാലാണ് പട്ടയം ലഭിക്കാതിരുന്നത്. മറ്റ് സ്ഥലങ്ങളിൽ സർക്കാർ ഭൂമിയുള്ളതുപോലെ ഇവിടുത്തെ ഭരണാധികാരികൾ ആയ ജന്മിമാർ വസ്തു ഉടമസ്ഥർക്ക് പട്ടയം കൊടുക്കുന്നതിനും ഭൂമി സംബന്ധമായ കാര്യങ്ങൾ മനസിലാക്കിക്കുന്നതിനും പ്രാപ്തരായിരുന്നില്ല.

സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് എടുത്ത് പറയത്തക്ക സംഭവങ്ങൾ ഒന്നും തന്നെ ഇല്ല. എന്നാൽ സ്വാതന്ത്ര്യസമരത്തിന്റെ അലകൾ പവിത്രേശ്വരം പഞ്ചായത്തിലും ഉണ്ടായിരുന്നു. പരേതനായ ശ്രീ. എൻ. കേശവൻ വൈദ്യർ, ശ്രീ. നാണു, ശ്രീ. വട്ടവിള ദാമോദരൻ തുടങ്ങിയവർ ഉപ്പ് സത്യാഗ്രഹം, നിസഹകരണം തുടങ്ങിയ സമരങ്ങളിൽ പങ്കെടുത്തിരുന്നു. ഇവർക്ക് താമ്രപത്രവും സ്വാതന്ത്ര്യസമര പെൻഷനും ലഭിച്ചിരുന്നു.

കേരള രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിൽ തിളക്കമാർന്ന ചുരുക്കം ചില വ്യക്തികളിൽ ഒരാളായിരുന്നു മുൻമുഖ്യമന്ത്രി ശ്രീ. ആർ. ശങ്കർ. അദ്ദേഹം ജനിച്ചത് 1909 ൽ

പവിത്രേശ്വരം പഞ്ചായത്തിലെ ഒന്നാം വാർഡായ താഴം-കരിമ്പിൻപുഴ വാർഡിൽ വിളയിൽ വീട്ടിലായിരുന്നു. (പഞ്ചായത്താഫീസിനു് സമീപം) രാഷ്ട്രീയ നേതാവു്, പത്രാധിപർ, തിരുവിതാംകൂർ റെപ്രസെന്റേറ്റീവ് ബോഡി അംഗം. തിരുകൊച്ചി നിയമസഭാംഗം, പേകമ്മീഷൻ അംഗം, ഇന്ത്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി അംഗം കെ. പി. സി. സി. പ്രസിഡന്റ്, കേരള ഉപമുഖ്യമന്ത്രി, മുഖ്യമന്ത്രി എന്നീ നിലകളിൽ നിസ്തുലമായ സേവനം കാഴ്ച വച്ചിട്ടുണ്ടു്. 1952 ൽ രൂപീകൃതമായ എസ്. എൻ. ട്രസ്റ്റിന്റെ ശിൽപ്പിയും സ്ഥാപക സെക്രട്ടറിയും ശ്രീ. ആർ. ശങ്കർ ആയിരുന്നു.

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളായ എസ്. എൻ. ഡി. പി., എൻ. എസ്. എസ്. അയ്യൻകാളിയുടെ സംഘടനകൾ തുടങ്ങിയവ സജീവമായി പ്രവർത്തിച്ചിരുന്നു.

ഭൂപരിഷ്കരണ നിയമം കൊണ്ടു് ജന്മിമാരുടെ ഭൂമി അദ്ധ്വാനിച്ചും, കൃഷി ചെയ്തും കൈവശം വച്ചിരുന്ന കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും കൈവശ ഭൂമി സ്വന്തമാക്കുവാൻ കഴിഞ്ഞു. മിച്ചഭൂമി ഉണ്ടായിരുന്നവ കണ്ടെത്താനും, അതു് ഭൂമിയില്ലാത്തവർക്കു് വീതിച്ചു കൊടുക്കുന്നതിനും കഴിഞ്ഞു.

1942-43 കാലയളവിൽ പ്രദേശത്തു് ഗ്രാമോദ്ധാരണ സമിതി രൂപം കൊണ്ടിരുന്നു. ഇതിന്റെ കേന്ദ്രം പാങ്ങോടായിരുന്നു. അതിനു് കുഴിക്കൽ സ്ഥാനങ്ങളിൽ നിന്നും കെട്ടിടം പണിയുന്നതിനു് സ്ഥലം നൽകിയിരുന്നു.

ഈ സമിതിയുടെ പരിണാമ ഘട്ടത്തിലാണു് പഞ്ചായത്തു് സമിതിയുടെ രൂപീകരണം എന്നു പറയാം. പവിത്രേശ്വരം പഞ്ചായത്തിന്റെ ആസ്ഥാനം പാങ്ങോട്ടാകാൻ ഇതൊരു കാരണമായി. ഈ കാലഘട്ടത്തിൽ പഞ്ചായത്തു് പ്രദേശത്തെ കലാ-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകൾക്കു് മറ്റു് പ്രദേശങ്ങളെ അപേക്ഷിച്ചു് വളരെ അധികം പുരോഗതി ഉണ്ടായിരുന്നു. പഞ്ചായത്തിലെ ആദ്യ എൽ. പി. സ്കൂൾ 1917 ൽ മാറനാടു് വാർഡിൽ പെൺ പള്ളിക്കൂടമായും. 1925 ൽ സംസ്കൃത അപ്പർ പ്രൈമറി സ്കൂളും 1948 ൽ പാങ്ങോടു് ഹൈസ്കൂളും സ്ഥാപിച്ചു. വിദ്യാഭ്യാസ രംഗത്തു് വളരെ ഉന്നത നിലവാരം പുലർത്തിയിരുന്ന ഒരു പ്രദേശമായിരുന്നു പവിത്രേശ്വരം. 1906 ൽ പഞ്ചായത്തിലെ ചെറുപൊയ്ക വാർഡിൽ നിന്നും ശ്രീ. എം. വി. നീലകണ്ഠഭട്ടതിരിയുടെ നിയന്ത്രണത്തിൽ 'സാഹിത്യ കൗമുദി' എന്ന മാസിക പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിലെ പ്രമുഖരായ എല്ലാ സാഹിത്യ നായകന്മാരും ഇതിൽ അണിനിരന്നിരുന്നു. ഈ പ്രസിദ്ധീകരണത്തിലെ പ്രതിവാദ്യ വിഷയങ്ങളും വളരെ പഠനാർഹങ്ങളായിരുന്നു. ചെറുപൊയ്ക പ്രദേശത്തിനു തന്നെ വളരെ പ്രധാനപ്പെട്ട മറ്റൊരു പ്രത്യേകതയുമുണ്ടു്. കേരളത്തിലാദ്യമായി കൂത്തമ്പലത്തിനു് പുറത്തു് വച്ചു് കൂത്തു് നടന്നതു് ചെറുപൊയ്ക മഠത്തിൽ വച്ചായിരുന്നു. 1949 ൽ ആയിരുന്നു ഈ സംഭവം. (റഫ: മാതൃഭൂമി 87 മാർച്ചു് 15)

തിരുകൊച്ചി ആക്ടു് പ്രകാരം 20-8-53 ൽ E L 541/53 കത്തു് പ്രകാരം രൂപംകൊണ്ട പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റു് ശ്രീ. എൻ. ഗോപാലനുണ്ണിത്താനായിരുന്നു. താഴം, കാരിക്കൽ, ചെറുമങ്ങാടു്, എസ്. എൻ പുരം, പവിത്രേശ്വരം കൈതക്കോടു്, ഇടവട്ടം, മാറനാടു് എന്നീ വാർഡുകളാണു് അന്നത്തെ പഞ്ചായത്തിൽ ഉൾക്കൊണ്ടിരുന്നതു്.

1960 ലെ കേരള പഞ്ചായത്തു് ആക്ടു് പ്രകാരം 21-12-1961 171/191 D. D. നമ്പർ ഉത്തരവു് പ്രകാരം പഞ്ചായത്തു് നിലവിൽ വന്നു. തുടർന്നുള്ള കമ്മിറ്റികളുടെ പ്രസിഡന്റുമാർ ശ്രീ. കെ. കെ. ജോർജ്ജു്, ശ്രീ. കെ. ഗോവിന്ദൻ, ശ്രീ. പുത്തൂർ സോമരാജൻ, ശ്രീ. ആർ. വിശ്വനാഥൻ, മിസ്. കെ. രാധാമണി എന്നിവരാണു്.

53-മാണ്ടു് മുതലുള്ള കമ്മിറ്റിയിൽ ഉണ്ടായിരുന്നവർ സർവ്വശ്രീ. ആർ. നീലകണ്ഠപിള്ള, ജി. വേലായുധൻ, ആർ പരമുനായർ, ജി. ബാലകൃഷ്ണപിള്ള, എൻ. ഗോപാലനുണ്ണിത്താൻ, കുഞ്ഞുതര്യൻ ഇവർ മെമ്പറന്മാരും, പി. നാണു വൈസ് പ്രസിഡന്റും ആയിരുന്നു. 63 മുതൽ കെ. ഗോവിന്ദൻ, എൻ. ഗോപാലനുണ്ണിത്താൻ, കെ. കെ. ജോർജ്ജു്, കെ. രാഘവൻ, കെ. മനോഹരൻ വൈദ്യൻ, ജി. രാമൻപിള്ള, എൻ. പരമേശ്വരൻപിള്ള, ആർ. പരമുനായർ, കെ. ശ്രീധരൻപിള്ള സരോജിനീദേവി ഇവർ മെമ്പറന്മാരും, ശ്രീ. പുത്തൂർ സോമരാജൻ വൈസ് പ്രസിഡന്റുമായിരുന്നു. 79 മുതൽ സർവ്വശ്രീ കേശവപിള്ള, ആർ. ഭാനു, പരമുപിള്ള, അയ്യപ്പൻപിള്ള, കെ കെ. മുരളീധരൻ, വിജയൻപിള്ള, പുത്തൂർസോമരാജൻ,


മാധവൻ നായർ, ജനാർദ്ദനൻപിള്ള, രാജമ്മ ജനാർദ്ദനൻപിള്ള, ആർ. വിശ്വനാഥൻ. 88 മുതൽ സർവ്വശ്രീ. ആർ. മാധവൻപിള്ള. കോശിഫിലിപ്പ്. ഗൗരിയമ്മ, കെ. കുഞ്ഞൻകാളി, കെ. ശോഭന കുമാരിഅമ്മ, ജി. ചന്ദ്രശേഖരൻപിള്ള, ജി. മാധവൻ നായർ. ആർ. ജനാർദ്ദനൻപിള്ള. എം. പൊന്നപ്പൻപിള്ള, ആർ. വിശ്വനാഥൻ.

1995 ഒക്ടോബർ 2ന് കെ. രാധാമണി പ്രസിഡൻറായുള്ള പുതിയ കമ്മിറ്റി രൂപം കൊണ്ടു. സർവ്വശ്രീ. കെ. ബാലകൃഷ്ണപിള്ള ജെ. രാമാനുജൻ, എം. ബാലൻ, വി. എൻ. ഭട്ടതിരി കെ. പ്രസാദ്, പുത്തൂർ സോമരാജൻ, ലീലാമ്മ ജോയി, കെ. രത്നകുകാരി, വി. രഘുനാഥ്. ബി. രാധാമണിയമ്മ. ആർ. വിശ്വനാഥൻ തുടങ്ങിയവർ മെമ്പറന്മാരാണ്.

പഞ്ചായത്താഫീസ് ഇന്നും, ഒന്നാം വാർഡിൽ ഉൾപ്പെട്ട പാങ്ങോട്ട് സ്ഥിതി ചെയ്യുന്നു.

പഴയ ഓഫീസ് കെട്ടിടത്തിന് പുറമേ ഇരു പതിന പരിപാടിയിൽ ഉൾപ്പെടുത്തി പുതിയ ഓഫീസ്കെട്ടിടം 1991 ൽ നിർമ്മിച്ചു.

★



4

ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി

പ്രകൃതി രമണീയമായ ഭൂരൂപങ്ങളും ഉൾക്കൊള്ളുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഭൂവിവേങ്ങളെപ്പറ്റി പരിശോധിക്കേണ്ടിയിരിക്കുന്നു. കൊച്ചു കൊച്ചു മലകളും, തോടുകളും, കാവുകളും, നീരുറവകളും കൊണ്ട് സമ്പന്നമായ ഈ ഗ്രാമത്തിലെ ഭൂവിവേങ്ങളും പഞ്ചായത്തിന്റെ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് അനുകൂലമായ ഭൂപ്രകൃതിയാണോ നമ്മുടേത് എന്ന പരിശോധനയാണ് ഇവിടെ.

വെട്ടിക്കവല ബ്ലോക്കിന്റെയും, കൊട്ടാരക്കര താലൂക്കിന്റെ പടിഞ്ഞാറെ അതൃത്തിൽ നിലകൊള്ളുന്ന പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് അക്ഷാംശം 9°0' നും 9°4 N നും രേഖാംശം 76° 45' നും 76° 49'Eനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 2362 ഹെക്ടർ ആണ്.


പഞ്ചായത്തിന്റെ അതിരുകൾ:—

വടക്ക്	—	കല്ലടയാറ്
പടിഞ്ഞാറ്	—	കല്ലടയാറ്, ഈസ്റ്റ്കല്ലട ഗ്രാമപഞ്ചായത്തുകൾ
തെക്ക്	—	എഴുകോൺ-കുണ്ടറ ഗ്രാമപഞ്ചായത്തുകൾ
കിഴക്ക്	—	കുളക്കട, നെടുവത്തൂർ ഗ്രാമപഞ്ചായത്തുകൾ

കുളത്തൂപ്പുഴ, ചെന്തുരുണി എന്നീ സ്ഥലങ്ങളിൽ നിന്നും ഉൽഭവിക്കുന്ന കല്ലടയാർ കുന്നത്തൂർ പഞ്ചായത്തിനെയും, പവിത്രേശ്വരം പഞ്ചായത്തിനെയും വേർതിരിച്ചുകൊണ്ട് വടക്ക് പടിഞ്ഞാറ് വശം തൊട്ടുരുമി ഒഴുകുന്നു.

ഭൂ പ്രകൃതിയനുസരിച്ച് കേരളത്തെ മലനാട് ഇടനാട്, തീരപ്രദേശം എന്നിങ്ങനെ 3 ആയി തരം തിരിച്ചിരിക്കുന്നു. ഇതിൽ ഇടനാട്ടിലാണ് പവിത്രേശ്വരം പഞ്ചായത്ത് ഉൾക്കൊണ്ടിരിക്കുന്നത്.

നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ 20 മീറ്ററിൽ താഴെ, 20-40 മീറ്റർ, 40-60 മീറ്റർ, 60 മീറ്ററിനു മുകളിൽ എന്നീ 4 മേഖലകളായി തരംതിരിക്കുന്നു. പഞ്ചായത്തിലെ ഏറ്റവും വലിയകുന്ന് 9-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പ്ലാക്കാട് കുന്നാണ്. (നിമ്നോന്നതി മാപ്പ് 1 . 1 കാണുക.)



നിമ്നോന്നതി. മാപ്പ് 1.1

പട്ടിക 1.1

	നിന്മോന്നത മേഖലകം	വിസ്തൃതി (ഹെക്ടറിൽ)	ശത മാനം
1.	20 മീററിൽ താഴെ	1308.88	55.41
2.	20-40 മീററർ	703.13	29.77
3.	40-60 മീററർ	292.18	12.37
4.	60 മീററിനു മുകളിൽ	57.81	2.45
	ആകെ	2362.00	100.00

അവലംബം-PRM-Program,CESS

ഭൂപ്രകൃതിയെ അടിസ്ഥാനപ്പെടുത്തി ഈ പഞ്ചായത്തിനെ 6 ഭൂരൂപങ്ങളായി തരം തിരിക്കാം.

1. ഉയർന്ന സമതലം
2. കുന്നിൻപുറം
3. മിതമായ ചെരിവുകളം
4. വലിയ ചെരിവുകളം
5. താഴ്വര
6. നദിത്തിട്ട

(ഭൂരൂപങ്ങളം മാപ്പ് 1.2 കാണുക)

ഓരോന്നിന്റേയും വിസ്തൃതി ചുവടെ ചേർക്കുന്നു.

പട്ടിക 1,2

	ഭൂരൂപങ്ങളം	വിസ്താരം (ഹെക്ടറിൽ	ശത മാനം
1.	ഉയർന്ന സമതലം	189	8
2.	കുന്നിൻപുറം	18	0.76
3.	മിതമായ ചെരിവുകളം	1253	53.04
4.	വലിയചെരിവുകളം	69	2.9
5.	താഴ്വര	458	19.39
6.	നദിത്തിട്ട	375	15.88

മണ്ണ്

പൊതുവെ മൂന്ന് ത മണ്ണുകളാണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നത്. കുന്നിൻമുകളിലും ചരിവുകളിലും ചെങ്കൽമണ്ണും താഴ്വരകളിൽ പശിമരാശി എക്കൽ മണ്ണുമാണ് പരക്കെ കാണപ്പെടുന്നത്.

കല്ലടയാറിനോട് ചേർന്നുകിടക്കുന്ന നദീതടങ്ങളിൽ മണൽകലർന്ന പശിമരാശി മണ്ണാണുള്ളത്. മാറനാട്, കൈതക്കോട് എന്നീ വാർഡുകളിൽ സുലഭമായും താഴം, കാരിക്കൽ, S, N. പുരം, പവിത്രേശ്വരം എന്നീ വാർഡുകളിൽ ഭാഗികമായും പാറ കാണപ്പെടുന്നു.

(ഉപരിതല മൺതരങ്ങം മാപ്പ് 1.3 കാണുക)

ഉപരിതല മൺതരങ്ങം

പട്ടിക 1.3


മൺതരം	വിസ്തീർണ്ണം (ഹെക്ടറിൽ)	ശത മാനം
ചെങ്കൽ മണ്ണ്	1529	64.73
പശിമരാശി എക്കൽ മണ്ണ്	458	19.39
മണൽ കലർന്ന പശിമരാശി എക്കൽ മണ്ണ്	375	15.81

പഞ്ചായത്തിലെ ഭൂരൂപങ്ങളുടെ വിവരണം ചുവടെ ചേർക്കുന്നു.


ഉയർന്ന സമതലം-കുന്നിൻപുറം

വിസ്തൃതിയിൽ ഏററവും കുറവുള്ള ഈ പ്രദേശങ്ങളാണ് പഞ്ചായത്തിലെ ഉയരം കൂടിയ സ്ഥലങ്ങം, സമുദ്രനിരപ്പിൽ നിന്നും 60 മീററർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ പ്രദേശങ്ങം ചരിവുകളാൽ ചുററപ്പെട്ട് കിടക്കുന്നു. കുന്നിൻമുകളം ഏറെക്കുറെ ഒററപ്പെട്ടവയും വിസ്തൃതി കുറഞ്ഞവയുമാണ്. എന്നാൽ സമതലങ്ങം പൊതുവേ വിസ്താരമേറിയവയാണ്. ചെങ്കൽ മണ്ണ് നിറഞ്ഞ ഈ പ്രദേശങ്ങളിൽ മണ്ണിന്റെ ഘനം കുറവായിരിക്കും.

ചെരിവ് കുറവായതിനാൽ മണ്ണൊലിപ്പിനുള്ള സാദ്ധ്യത വിരളമാണ്. റബർ കൃഷിയാണ് ഈ പ്രദേശങ്ങളിൽ മുഖ്യമായി നിലവിലുള്ളതെങ്കിലും തെങ്ങും മററും ചേർന്ന മിശ്ര കൃഷി



ഭൂരൂപങ്ങൾ മാപ്പ് 1.2



ഉപരിതലമൺതരങ്ങൾ മാപ്പ് 1.3

യാണ്‌ പരക്കെ കാണപ്പെടുന്നത്‌. ഈ മേഖലയിൽ പ്പെടുന്ന പ്രദേശങ്ങളാണ്‌ മാറനാട്‌, നെല്ലിയാർ മുകളം, കല്ലുവിളഭാഗം, പകുതിപ്പാറ, കൈതക്കോട്‌ എന്നിവയാണ്‌. ഇവയിൽ മാറനാട്‌, പകുതിപ്പാറ ഭാഗങ്ങളിൽ പാറകളം സുലഭമാണ്‌.

ചെരിവുകൾ

സമതലങ്ങൾക്കും കുന്നിൻ പുറങ്ങൾക്കും ചുറ്റുമായി സ്ഥിതിചെയ്യുന്നതും താഴ്വാരങ്ങളിൽ അവസാനിക്കുന്നതുമാണ്‌ ഈ ഭാഗങ്ങൾ. സമുദ്ര നിരപ്പിൽനിന്നും 20 മീറ്റർ ഉയരത്തിൽ 80 മീറ്റർ താഴെയായിട്ടാണ്‌ ഇത്‌ കിടക്കുന്നത്‌. ശാസ്ത്രീയ വിധേ ഭൂപടങ്ങളുടെ അഭാവത്താൽ ചരിവുകളെ രണ്ടായി മാത്രമേ തരം തിരിച്ചിട്ടുള്ളൂ. മൊത്തം വിസ്തൃതിയിൽ 53% ത്തോളം മിതമായ ചരിവുകളാണ്‌. ഇവ പൊതുവേ താഴ്വരകളോട്‌ ചേർന്നു കിടക്കുന്നതും ചരിവു കുറഞ്ഞതുമായ പ്രദേശങ്ങളാണ്‌. എന്നാൽ സമതലത്തോടും കുന്നിൻ മുകളിനോടും ചേർന്നു കിടക്കുന്ന വലിയ ചരിവ്‌ കൂടിയ വിസ്തൃതിയിൽ കുറവാണെങ്കിലും (3%) മണ്ണൊലിപ്പിന്‌ സാദ്ധ്യത ഏറിയവയാണ്‌, ഇവിടെ മിക്കവാറും മിശ്രിത കൃഷിയും റബ്ബർ കൃഷിയുമാണ്‌ കണ്ടുവരുന്നത്‌.

താഴ്വരകൾ

മൊത്ത വിസ്തൃതിയിൽ 20%ത്തോളം വരുന്ന ഈ പ്രദേശങ്ങളാണ്‌ പഞ്ചായത്തിലെ ഏറ്റവും താഴ്ന്ന ഭാഗങ്ങളാണ്‌. സമുദ്ര നിരപ്പിൽ നിന്നും 20 മീറ്ററിൽ താഴെ മാത്രം ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശങ്ങളിൽ സമീപത്തുള്ള കുന്നിൽ നിന്നും ചരിവുകളിൽ നിന്നും മണ്ണും ജലവും ഒലിച്ചിറങ്ങുന്നു. ഇങ്ങനെ ഒലിച്ചിറങ്ങുന്ന മണ്ണ്‌ ശേഖരിക്കപ്പെടുന്നതിനാൽ ഈ ഭാഗങ്ങളിൽ കാണപ്പെടുന്നത്‌. 'അലുവിയം' അഥവാ പശിമരാശിഎക്കൽ മണ്ണാണ്‌. മഴവെള്ളത്തിലൂടെ ഒഴുകിവരുന്ന എക്കൽ മണ്ണ്‌ അടിയുന്നതിനാൽ ഈ ഭൂവിഭാഗങ്ങളും പൊതുവേ ഫലഭൂയിഷ്ടമാണ്‌.

ഇതിന്റെ മിക്ക ഭാഗങ്ങളും വയലേലകളാണ്‌. എന്നാൽ സമീപകാലങ്ങളിൽ ഇവ നികത്തി മറ്റ്‌ കൃഷികൾക്ക്‌ ഉപയോഗിക്കുകയും വെള്ളിയെടുപ്പിനും വേണ്ടി കുഴിക്കുകയും ചെയ്യുന്ന പ്രവണത മറ്റ്സ്ഥലങ്ങളിലെന്നപോലെ ഇവിടെയും കണ്ടുവരുന്നു. പോളച്ചിറ ഏലാ, കക്കുടഏലാ തുടങ്ങിയ സ്ഥലങ്ങൾ ഈ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു.

നദിത്തിട്ട

കല്ലടയാറിന്റെ തീരത്തായി സ്ഥിതിചെയ്യുന്ന, താഴ്വരകളിൽ നിന്നും വ്യത്യസ്തമായ ഈ ഭൂവിഭാഗം മൊത്തം വിസ്തൃതിയുടെ 16%ത്തോളം വരുന്നു. മണൽകലർന്നപശിമരാശി എക്കൽ മണ്ണാണ്‌ ഇവിടങ്ങളിൽ കാണപ്പെടുന്നത്‌ ഈഭാഗങ്ങളിൽ വ്യാപകമായി വെള്ളിയെടുപ്പ്‌ നടക്കുന്നുണ്ട്‌. നദിതിട്ടയ്ക്കും നദിയ്ക്കും മദ്ധ്യേ വയലിനേക്കാൾ ഉയർന്ന് ആറ്റ്മട്ടൽ അഥവാ 'ലെവിയും' ഈ ഭാഗങ്ങളിൽ കാണപ്പെടുന്നു.

കാലാവസ്ഥ

കേരളത്തിന്റെ കാർഷിക മേഖല പൂർണ്ണമായും മഴയെ ആശ്രയിച്ചാണ്‌ നിലനില്ക്കുന്നത്‌. കേരളത്തിൽ മുഖ്യമായും മഴ ലഭിക്കുന്നത്‌ രണ്ട്‌ തവണകളിലായാണ്‌.

(1) ജൂൺ മുതൽ ആഗസ്റ്റ്‌ വരെ—തെക്ക്‌ പടിഞ്ഞാറൻ കാലവർഷം

(2) സെപ്റ്റംബർ മുതൽ നവംബർ വരെ—വടക്ക്‌ കിഴക്കൻ കാലവർഷം


സംസ്ഥാനത്ത്‌ വർഷത്തിൽ ലഭിക്കുന്ന ശരാശരി മഴ 3063 മി. മീറ്റർ ആണ്‌. കൊല്ലം ജില്ലയിൽ ലഭിക്കുന്ന മഴ സംസ്ഥാനത്തെ ശരാശരിയേക്കാൾ തുലോം കുറവാണ്‌. ജില്ലയിൽ തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും ലഭിക്കുന്ന ശരാശരി മഴ 1188 മി. മീറ്റർ ആണെങ്കിൽ വടക്ക്‌ കിഴക്കൻ കാലവർഷത്തിൽ നിന്നും ലഭിക്കുന്ന ശരാശരി മഴ 778 മി. മീറ്റർ ആണ്‌.

(ഗ്രാഫ്‌ 1.1 കാണുക)


പൊതുവേ മഴ ദുർബലമായ അവസ്ഥയാണ്‌ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴുള്ളത്‌. ചൂട്‌ താരതമ്യേന കൂടുതലുമാണ്‌. ജില്ലയിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കൂടിയ താപനില 37.1°C ആണെങ്കിൽ കുറഞ്ഞ താപനില 22,5°C ആണ്‌.

(ഗ്രാഫ്‌ 1.2 കാണുക)

കേരളത്തെ വിവിധ കാർഷിക കാലാവസ്ഥാ മേഖലകളായി തരംതിരിച്ചിട്ടുള്ളതിൽ ദക്ഷിണ മദ്ധ്യമേഖലയിലാണ്‌ ഈ പഞ്ചായത്ത്‌ ഉൾപ്പെടുന്നത്‌.



മഴയുടെ ഗ്രാഫ് 1.1




താപനിലയുടെ ഗ്രാഫ് 1.2

ജലപ്രകൃതി

മഴയുടെ ലഭ്യതയെ ആശ്രയിച്ചാണ് ഇവിടുത്തെ കാർഷിക സ്ഥിതി നിലനിൽക്കുന്നത്. ഈ പ്രദേശത്ത് ജൂൺ-ജൂലൈ മാസങ്ങളിലും ഒക്ടോബർ മാസത്തിലുമാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറേ അതിർത്തിയിലൂടെ കല്ലടയാറ് ഒഴുകുന്നു. നദീതിരത്തിന്റെ നീളം ഏതാണ്ട് 9½ കി. മീ. ആണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളും വല്ലഭൻകരതോട്, പുത്തൻവീട്ടിൽ വെട്ടിമൂട്ടിൽ കൈതക്കോട് തോട്, ഏട്ടറതോട് എന്നിവയാണ്. മൊത്തത്തിൽ ഏകദേശം 17.5. കി.മീ നീളത്തിൽ ഈ പഞ്ചായത്തിലൂടെ തോടുകൾ കടന്നുപോകുന്നു. ഏതാനും കുളങ്ങളാണ് പഞ്ചായത്തിലെ മറ്റൊരു ജലസ്രോതസ്. പഞ്ചായത്തിലെ വടക്കേ അറ്റമായ ഒന്നാം വാർഡിലെ ഇലവണ്ണാംകുഴിയിൽ ഒരു വറ്റാത്ത നീരുറവ ഉണ്ട്.



ആപേക്ഷിക ആർദ്രത ഗ്രാഫ് 1.3

കുളങ്ങളുടെ വിവരം, പട്ടിക 1·4

വാർഡ്	കുളങ്ങളുടെ പേര്	വിസ്തീർണ്ണം മീറ്റർ	പൊതുകുളം ഇറിഗേഷൻ
I	തെങ്ങിലഴികത്ത് പുരയിടക്കുളം	7x5	pr
	കക്കുട ഏലാതലക്കുളം	10x5	
II	പാങ്ങോട് ചിറ	220x60	p
III	മൂന്നാം ചിറ	140x48	p
	പഴയചിറതലക്കുളം	—	p
	ചേരിയിൽ ക്ഷേത്രക്കുളം	—	p
	തെങ്ങുവിള ക്ഷേത്രക്കുളം (പയ്യമ്പള്ളി)	—	p
IV	ഐരൂർക്കുഴി തലക്കുളം	11.95x6	—
	അമ്പലക്കുളം	7.92x6	—
	മുട്ടുകോണം ഏലാക്കുളം		
V	തകഴിച്ചിറ ഏലാക്കുളം		p
	ചെറുപൊയ്ക ക്ഷേത്രത്തിന് സമീപമുള്ള കുളം		pr
	നാല്പറത്തറ പാറക്കുഴിക്കുളം		pr
VII	ആലാശ്ശേരി ഏട്ടറക്കുളം		p
	മഹാദേവ ക്ഷേത്രക്കുളം		p
VIII	മുളയറക്കോണം പൊതുക്കുളം	15.60x13.35	p
	വേലം പൊയ്കകുളം	15.86x12.90	p
IX	കൈതക്കോട് ചിറ	17.28x12.90	Pr
	കൈതക്കോട് ക്ഷേത്രക്കുളം	14.10x13.35	p
X	പുത്തൻവീട്ടിൽ ചിറ	7.4x7	p
	കുറക്കോട്ടുവിളക്കുളം	3.65X3.65	p
	മണ്ണത്ത്ക്കുളം (മേവറാം കുളം)	9.85 × 7	p
	ഇടവട്ടം ചിറ	10.90 × 90	
	കൈപ്പുള്ളിച്ചിറ	24.97 × 15.20	P
IX	കടലായിമഠം ചിറ	50.93 × 38.46	P
	പോസ്റ്റാഫീസ് ജംഗ്ഷൻ ചിറ	3.30 × 3.30	P
	തൂമ്പടിക്കുളം	15.65 × 15.10	I
	തേങ്ങോട്ടുകുഴി	4.10x4.10	P
	തോട്ടത്തിൽ പുരയിടം കുളം	9.45X8.45	—
	പുലമൺകാവ് ക്ഷേത്രക്കുളം	21X13.20	I
	മുല്ലവേലിൽക്കുളം	16.90X12.20	I
XII	വിശ്വവിലാസം കുളം	6.80X6.30	—

പഞ്ചായത്തിന്റെ വിഭവ ഭൂപട നിർമ്മാണത്തിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ ആകെയുള്ള 3263 കിണറുകളിൽ 2474 എണ്ണം വറ്റാത്തവയും 789 എണ്ണം വറ്റുന്നവയുമാണ്. കുന്നിൻമുകളിൽ കിണറുകളുടെ ശരാശരി ആഴം 22 മീറ്റർ ആണെങ്കിൽ ചരിവുകളിൽ 17 മീറ്റർ ആണ്. താഴ്വാരങ്ങളിലാകട്ടെ ഇവയുടെ ശരാശരി ആഴം 8 മീറ്റർ ആണ്. ജല ലഭ്യതയനുസരിച്ച് പഞ്ചായത്തിനെ മൂന്നു മേഖലകളായി തരം തിരിച്ചിരിക്കുന്നു. അവയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

(ജലലഭ്യത മാപ്പ് 1.4 കാണുക)

പട്ടിക 1.4

ജലലഭ്യത	വിസ്തീർണ്ണം (ഹെക്ടർ)	ശതമാനം
താരതമ്യേന കൂടുതൽ	833	35.26
മിതം	1253	53.05
പൊതുവേ കുറവ്	276	11.69

★ ★

നീർമറി പ്രദേശങ്ങൾ

ഒരു പ്രദേശത്തിന്റെ സന്തുലിതമായ വികസനത്തിന് ഏറ്റവും പറ്റിയ യൂണിറ്റാണ് നീർമറി പ്രദേശങ്ങൾ.

കുന്നുകളാൽ ചുറ്റപ്പെട്ടു കിടക്കുന്നതും ജല നിർഗ്ഗമനത്തിന് ഏക മാർഗ്ഗം മാത്രമുള്ളതുമായ ഒരു ഭൂവിഭാഗത്തെയാണ് നീർമറി പ്രദേശം എന്ന് വിശേഷിപ്പിക്കുന്നത്. ഒരു ജല തടത്തിലെ ഭൂരൂപങ്ങളുടെ പ്രത്യേകത, അവയിലെ തോടുകളുടെ ആകെ നീളം, മറ്റ് പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ കണക്കിലെടുത്തു വേണം ആ പ്രദേശത്തെ വികസനം വിഭാവനം ചെയ്യാൻ.

നമ്മുടെ പഞ്ചായത്തിലെ ഭൂപ്രദേശത്തെ മുഖ്യമായി അഞ്ച് ജലതടങ്ങളായി വേർതിരിക്കാവുന്നതാണ്. അവയോരോന്നിന്റെയും വിശകലനം ചുവടെ ചേർക്കുന്നു.


(നീർമറി പ്രദേശങ്ങൾ മാപ്പ് 1_5 കാണുക)

(നീർമറിപ്രദേശങ്ങൾ)


പട്ടിക 1.5

ജലതടം	T1	T2	S1	S2	V1	V2	ആകെ	തോടിന്റെ നീളം
A1	48.04	8	236.77	9.15	178.43	—	480.04	4 കി. മീ
A2	31.16	10.39	237.74	—	173.12	—	452.41	4 കി.മീ
A3	62.67	—	243.12	50.79	209.62	244.2	810.4	9.5 കി. മീ.
A4	32.91	6.58	105.30	9.21	47.38	50.01	251.39	—
B.	50.26	—	83.77	16.75	—	216.61	367.4	8.5 കി. മീ.

അവലംബം - വിഭവഭൂപടം CESS.



ജലലഭ്യത–മാപ്പ് 1.4



നീർമറി പ്രദേശങ്ങൾ 1.5

ജലതടം A1

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നതും പൂർണ്ണമായി ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നതുമായ പ്രസ്തുത ജലതടത്തിന്റെ (A1) ആകെ വിസ്തീർണ്ണം 480.4 ഹെക്ടർ ആണ്. ഈ തടത്തിലൂടെ 4 കി. മീറ്റർ നീളത്തിൽ തോടുകൾ ഒഴുകുന്നു. ഭൂരൂപങ്ങളിൽ ഏറ്റവും കൂടുതൽ വിസ്തൃതി 49% ത്തോളം വരുന്ന ചെറിയ ചരിവുകൾക്കാണ്. തോടുകൾ വടക്കുകിഴക്കും പടിഞ്ഞാറുമായി ഒഴുകി കല്ലടയാറ്റിൽ പതിക്കുന്നു. സമതലങ്ങളിലും കുന്നിൻ ചരിവുകളിലും ചെങ്കൽമണ്ണും താഴ്വാരങ്ങളിൽ പശിമരാശിഎക്കൽ മണ്ണുമാണ് കാണപ്പെടുന്നത്.

ജലതടം A2

പഞ്ചായത്തിന്റെ തെക്ക്ഭാഗം ഉൾപ്പെടുന്ന ജലതടം ഭാഗീകമായി മാത്രമേ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നുള്ളു. ഈ നദീതടത്തിലൂടെ കടന്നു പോകുന്നതും തെക്ക് പടിഞ്ഞാറ് ഭാഗത്തേക്ക് ഒഴുകുന്നതുമായ തോടിന്റെ നീളം ഏകദേശം 4 കി. മീറ്റർ ആണ്. നദീതടത്തിന്റെ ആകെ വിസ്തീർണ്ണമായ 452.41 ഹെക്ടറിൽ 237.74 ഹെക്ടർ (അതായത് 52%) ചെറിയ ചരിവുകളാണ്. വലിയചരിവുകൾ ഈ പ്രദേശത്ത് വിരളമാകയാൽ മണ്ണൊലിപ്പ് സാദ്ധ്യത കുറവാണ്. കുന്നുകളിൽ ചെങ്കൽ മണ്ണിന് പുറമേ പാറകളും താഴ്വാരങ്ങളിൽ പശിമരാശി എക്കൽ മണ്ണും കാണപ്പെടുന്നു.

ജലതടം A3

വിസ്തൃതിയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന (810.4 ഹെക്ടർ) ഈ ജലതടം ഭാഗീകമായി മാത്രമേ നമ്മുടെ പ്രദേശത്ത് ഉൾപ്പെടുന്നുള്ളു. കുന്നിൻപുറങ്ങൾ തീരെ ഇല്ലാത്ത ഈ തടത്തിൽ ഏറ്റവും വിസ്താരമേറിയവ നദിതിട്ടകളാണ്. അവയുടെ വിസ്തീർണ്ണം 244.2 ഹെക്ടറാണ്. ഇത് ആകെ വിസ്തീർണ്ണത്തിന്റെ 30%ത്തോളം വരുന്നു. ഈ തടത്തിൽ കൂടി ഏതാണ്ട് 9.5 കി. മീറ്റർ നീളത്തിൽ തോട് ഒഴുകുന്നുണ്ട്.

ചെറിയ ചരിവുകളും നദിതിട്ടകൾക്കൊപ്പം തന്നെ വിസ്താരമുള്ളവയാണ്. വലിയ ചരിവുകൾ താരതമ്യേന കൂടിയ ഈ ഭൂപ്രദേശം മണ്ണൊലിപ്പിന് കൂടുതൽ സാദ്ധ്യതയുള്ളതാണ്. കൂടാതെ നദിതിട്ടകളിൽ നിന്നും ചെളിയെടുപ്പ് നടക്കുന്നതിനാൽ പരിസ്ഥിതി പ്രശ്നങ്ങളും ഈ തടത്തിൽ നിലവിലുണ്ട്.

ജലതടം–A4

താരതമ്യേന വിസ്തൃതി കുറവായ ഈ തടത്തിൽ എല്ലാ ഭൂരൂപങ്ങളും ഉൾപ്പെടുന്നു. 251.39 ഹെക്ടർ ആണ് ഈ തടത്തിന്റെ ആകെ വിസ്തൃതി. ഇതിൽ 105.30 ഹെക്ടർ പ്രദേശം മിതമായ ചരിവുകളാണ്. താഴ്വാരങ്ങളും നദിത്തിട്ടകളും മറ്റു ഭൂരൂപങ്ങളെക്കാളും വിസ്താരമേറിയതാണ്. ഈ പ്രദേശത്തെ വയലേലകളും ചെളി ഖനനം മൂലം കായൽ പോലെ ആയി തീർന്നിരിക്കുന്നു.

ജലതടം B


കല്ലടയാറിനോട് ചേർന്നു കിടക്കുന്നതും ഭാഗീകമായി മാത്രം നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്നതുമായ ഈ ജല തടത്തിന്റെ വിസ്തീർണ്ണം 367.40 ഹെക്ടർ ആണ്. ആകെ വിസ്തീർണ്ണത്തിന്റെ 60% ത്തോളം നദിത്തിട്ടയാണ്. മണൽ കലർന്ന പശിമരാശി എക്കൽ മണ്ണുള്ള ഈ മൺതിട്ടകളിൽ സമീപകാലങ്ങളിലായി വ്യാപകമായ തോതിൽ ചെളിയെടുപ്പുനടക്കുന്നു. ഈ പ്രദേശത്തെ ഏറ്റവും വലിയ പാരിസ്ഥിതിക പ്രശ്നം ഇതുതന്നെയാണ്. ചരിവുകളിലും ഉയർന്ന സമതലങ്ങളിലും ചെങ്കൽമണ്ണാണ് കാണപ്പെടുന്നത് ഈ ഭൂപ്രദേശങ്ങളിൽ കുന്നിൻ മുകൾ, താഴ്വര എന്നിവ തീരെയില്ല.

പരിസ്ഥിതി അവലോകനം

പവിത്രേശ്വരം പഞ്ചായത്ത് ഇന്ന് നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രകൃതിയെ മറന്ന്കൊണ്ട് ആധുനിക മനുഷ്യൻ നടത്തുന്ന വെട്ടിപ്പിടിക്കലുകൾ ഇവിടെയും കാണാം. ഈ പഞ്ചായത്തിലെ ചിലപ്രധാന പാരിസ്ഥിതിക പ്രശ്നങ്ങൾ താഴെ വിശദീകരിക്കുന്നു.

പഞ്ചായത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന സ്ഥാനങ്ങൾ മാപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(പരിസ്ഥിതി അവലോകനം മാപ്പ് 1_6 കാണുക)


76° 41'
76° 43'
പരിസ്ഥിതി അവലോകനം
1 km
9° 3'
9° 1'
സൂചിക
T കുന്ന്
S ചെരിവ്
V താഴ്വര
കളിമൺസമതലം
മണ്ണൊലിപ്പ്
വെള്ളപ്പൊക്കം
നെൽവയൽ
Source PDM Programme CESS
76° 41'
76° 43'

ചെളിയെടുപ്പ്

പവിത്രേശ്വരം പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമാണ് ചെളിയെടുപ്പ്. നദിത്തിട്ടകളിലും താഴ്വരകളിലുമാണ് ഇത് വ്യാപകമായി നടക്കുന്നത്. ഇഷ്ടിക നിർമ്മാണത്തിനായി നടക്കുന്ന ഈ പ്രവർത്തി മൂലം വയലുകളും വ്യാപകമായി കുഴികളാക്കപ്പെടുകയും തദ്വാരാ കായൽപോലെ വെള്ളം കെട്ടികിടക്കുകയും ചെയ്യുന്നു. ഇതുമൂലം സമീപ കണ്ടങ്ങളിലെ വെള്ളം കീഴ്പ്പോട്ട് വലിയപ്പെടുകയും അവ വരണ്ടുപോവുകയും സമീപസ്ഥലങ്ങളായ കിണറുകളും വരണ്ടു പോവുകയും ചെയ്യുന്നു. മാത്രമല്ല ഈ വെള്ളക്കെട്ടുകളിൽ ആഫ്രിക്കൻ പായൽ വ്യാപിക്കുവാനും തുടങ്ങിയിട്ടുണ്ട്.

(ഇഷ്ടിക നിർമ്മാണത്തിനായി ചെളിയെടുക്കപ്പെടുന്ന സ്ഥലങ്ങളുടെ വിവരം പട്ടിക രൂപത്തിൽ.)

പട്ടിക 1.6

വാർഡ്	ഉൾപ്പെടുന്ന സ്ഥലങ്ങൾ
I	താഴം, കരിമ്പിൻപുഴ
II	വളവിൽഭാഗം, കക്കുടഭാഗം
III	തെക്കുംചേരി, ഞാങ്കടവ്
IV	പൂവുണ്ണും വിളഏല, കാരിക്കുഴിഏല
V	ചെറുപൊയ്ക ഏല
VI	കളയാടി പുഞ്ച
VIII	ചിറ്റുമല പുഞ്ച

അവലംബം-വിവേ ഭൂപടം CESS

വെള്ളക്കെട്ടുകളായി കിടക്കുന്ന ഈ സ്ഥലങ്ങൾ മൽസ്യ കൃഷിക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. കരകൃഷിയ്ക്കുവേണ്ടി ജലശേഖരങ്ങളായും ഇത് ഉപയോഗിക്കാം.

മണ്ണൊലിപ്പ്

ചരിവു കൂടിയ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന പ്രശ്നമാണ് മണ്ണൊലിപ്പ്. ചരിവുകളിൽ തട്ടുകൾ, കയ്യാലകൾ തുടങ്ങിയവ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ഈ പ്രദേശങ്ങളെ സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

ആശാസ്യമായ കൃഷിരീതികൾ ഈ പ്രദേശങ്ങളിൽ നടപ്പിൽ വരുത്തേണ്ടതാണ്. മരച്ചീനി തുടങ്ങിയ കൃഷികൾ ഈ പ്രദേശങ്ങളിൽ പരമാവധി ഒഴുവാക്കിയില്ലെങ്കിൽ വളക്കൂറുള്ള മേൽമണ്ണ് വൻതോതിൽ ഒലിച്ചുപോകും.

ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മണ്ണൊലിപ്പ് ഉണ്ടാകുന്നുണ്ട്. വൻ തോതിലുണ്ടാകുന്ന സ്ഥലങ്ങളിൽ ചിലത് താഴെ പട്ടികയിൽ വ്യക്തമാക്കുന്നു.

പട്ടിക 1.7

വാർഡ്	മണ്ണൊലിപ്പ് വൻതോതിലുണ്ടാകുന്ന പ്രദേശങ്ങൾ
I	കണ്ടോലിക്കുന്ന്. കണ്ണംകാകുന്ന് ഇവയുടെ വടക്കേ പാർശ്വം, etc
II	കക്കുടകുന്നിന്റെ തെക്ക് പടിഞ്ഞാറ് ഭാഗം
IV	കക്കാട്ട് കുന്നിന്റെ തെക്കേ ഭാഗംകുന്നിൻപുറം പാലവിള ഏലാഭാഗം വളവിൽ കടവിന് മുകൾ ഭാഗം etc.
VII	പവിത്രേശ്വരം
VIII	പാറപ്പള്ളിൽ കോണം മുളയക്കോണം etc.
IX	പുറ്റുമൺകരഭാഗം കാരോട്ട്ഭാഗം,മരുതൂർഭാ etc
X	പ്ലാക്കാട് വടക്ക്, മണ്ണത്ത് ഭാഗം, കോടാലിവിളഭാഗം, etc
XI	മാറനാട്, മുല്ലവേലിൽ
XII	വാർഡിന്റെ കിഴക്ക്ഭാഗം

അവലംബം വിവേ ഭൂപടം CESS

വെള്ളപ്പൊക്കം

കല്ലടയാറിനോട് ചേർന്ന് കിടക്കുന്നതും പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുമുള്ള വാർഡുകളിലാണ് ഈ പ്രശ്നം രൂക്ഷമായി അനുഭവപ്പെടുന്നത്. കൂടാതെ ഏലാകളുമായി ബന്ധപ്പെട്ടു കിടക്കുന്ന തോടുകളിലേക്കും ഇത് വ്യാപിക്കുന്നു. ഇതുമൂലം അതിരൂക്ഷമായ കൃഷിനാശമാണ് വർഷം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്നത് സാധാരണയായി കാലവർഷത്തിലും തുലാവർഷത്തിലുമാണ്. വെള്ളപൊക്കമുണ്ടാകുന്നത്.

നെൽകൃഷി കൂടാതെ വാഴ, ചേന, ഇഞ്ചി, മരച്ചീനി, കുരുമുളക്, തുടങ്ങിയ കൃഷികളേയും വെള്ളപൊക്കം പ്രതികൂലമായി ബാധിക്കുന്നു.

മണൽ വാരൽ

കല്ലടയാറ്റിൽ വ്യാപകമായും ചില തോടുകളിൽ ഭാഗികമായും നടന്നു വരുന്ന മണൽ വാരൽ വേറൊരു രൂക്ഷമായപരിസ്ഥിതി പ്രശ്നമായി ഇന്ന് മാറിയിട്ടുണ്ട്. ഇത് മൂലം സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജല നിരപ്പ് ഗണ്യമായി താഴുന്നതായി കാണപ്പെടുന്നു.

വേനൽ കാലങ്ങളിൽ കല്ലടയാറിനോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ പല കിണറുകളും നിശ്ശേഷം വറ്റി പോകുന്നു. എന്നത് വിരോധാഭാസമായി തോന്നാമെങ്കിലും യാഥാർത്ഥ്യമാണ്. വയലുകൾ കുഴിക്കുന്നതും ഇതിന് കാരണമാണ്.

ഇതു കൂടാതെ മണൽവാരൽ മൂലം കല്ലടയാറിലേയും തോടുകളിലേയും ഇരുകരകളും ഇടിഞ്ഞു തള്ളിക്കൊണ്ടേയിരിക്കുന്നു. ക്രമരഹിതമായ ഈ മണൽ വാരൽ നിയന്ത്രിക്കാൻ സർക്കാർ ഉചിതമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

കുടിവെള്ള ക്ഷാമത്തെപ്പറ്റി പ്രസ്തുത അദ്ധ്യായത്തിൽ പ്രതിബാദിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ പരക്കെ നിലവിലുള്ള ഇഷ്ടിക ചൂളകളിൽ നിന്നും പുകക്കുഴലുകളുടെ അഭാവം മൂലം ഉയരുന്ന വിഷലിപ്തമായ പുക അന്തരീക്ഷ മലിനീകരണത്തിനും ശ്വാസകോശ സംബന്ധമായ ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നു.

ശരിയായ ഓട സംവിധാനത്തിന്റെ അഭാവം മൂലം വെള്ളം കെട്ടിനിൽക്കുകയും റോഡുകളുടെ നശീകരണത്തിനും കൊതുകുകളുടെ വ്യാപനത്തിനും ഇത് ഇടയാക്കുകയും ചെയ്യുന്നു. മിക്ക ചെമ്മൺ പാതകളിലും ഈ പ്രശ്നം കാണാൻ കഴിയും.

ഓടകൾക്ക് വീതിയും ആഴവും കൂട്ടി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.



ഭൂരൂപങ്ങൾ	വിസ്തൃതി	ഉപരിതല മണ്ണിന്റെ തരം	ജലലഭ്യത	മണ്ണൊലിപ്പ്	ഭൂവിനിയോഗം	അശാസ്ത്രീയമായ ഭൂവിനിയോഗ രീതികൾ	പാരിസ്ഥിതിക പ്രശ്നങ്ങൾ	നിർദ്ദേശങ്ങൾ
ഉയർന്ന സമതലം	189	ചെങ്കൽ മണ്ണ് പാറകൾ	പൊതുവെ കുറവ്	കുറവ്	റബ്ബർ, തെങ്ങ് കശുമാവ് മിശ്രിതകൃഷി	മരച്ചീനി വാഴ ഇവ ഒഴിവാക്കുക ദീർഘ കാല വിളകൾ തുടരാവുന്നതാണ്	കുടിവെള്ള ക്ഷാമം	മഴവെള്ളം സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
കുന്നിൻ മുകൾ	18	ചെങ്കൽ മണ്ണ് പാറകൾ	പൊതുവെ കുറവ്	താരതമ്യേന കുറവ്	റബ്ബർ, തെങ്ങ് മിശ്രിത കൃഷി മിശ്രിത മരങ്ങൾ	മരങ്ങൾ തുടരുന്നതിനോടൊപ്പം മരച്ചീനി വാഴ എന്നിവ ഒഴിവാക്കേണ്ടതാണ്	കുടിവെള്ള ക്ഷാമം	മഴവെള്ളം സംഭരിക്കുവാൻ നടപടി സ്വീകരിക്കുക
മിതമായ ചരിവുകൾ	1253	ചെങ്കൽ മണ്ണ്	മിതം	മിതം	മിശ്രിത കൃഷി റബ്ബർ, തെങ്ങ് കുരുമുളക്	വേരുറപ്പുള്ള മരങ്ങൾ വച്ച് പിടിപ്പിക്കുക	കിണറുകളിൽ ജലനിരപ്പ് താഴുന്നു	കല്ലടയാറിൽ നിന്നും മറ്റ് തോടുകളിൽ നിന്നും മണൽ വാരൽ നിയന്ത്രിക്കുക
വലിയ ചരിവുകൾ	69	ചെങ്കൽ മണ്ണ്	താരതമ്യേന കുറവ്	കൂടുതൽ	മിശ്രിതകൃഷി റബ്ബർ മരച്ചീനി	മരച്ചീനി, വാഴ മുതലായവയും വീടുകൾ നിർമ്മിക്കുന്നതും നിയന്ത്രിക്കണം റബ്ബർ കൃഷി തുടരാം	മണ്ണൊലിപ്പ് കുടിവെള്ള ക്ഷാമം	മണ്ണ് സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കുക തിട്ടകൾ നിർമ്മിച്ച് മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം ജലലഭ്യത ഉയർത്താവുന്നതാണ്
താഴ്വരകൾ	458	പശിമരാശി എക്കൽ മണ്ണ്	താരതമ്യേന കൂടുതൽ	കുറവ്	നെൽകൃഷി തെങ്ങ്, വാഴ മരച്ചീനി കളിമൺ ഘനനം	നെൽകൃഷി വ്യാപകമാക്കുക, കൂടാതെ പയർ മുതലായവയും മൂന്നാം വിളയായി കൃഷി ചെയ്യുക	കളിമൺ ഘനനം നെൽപാടങ്ങൾ നികത്തപ്പെടുന്നു	കളിമണ്ണ് ഘനനം തടയാൻ നടപടികൾ സ്വീകരിക്കുക
നദീതീരം	375	മണൽ കലർന്ന എക്കൽ മണ്ണ്	പൊതുവേ കൂടുതൽ	കുറവ്	കളിമൺ ഘനനം നെൽകൃഷി	നെൽകൃഷി വ്യാപകമാക്കണം	കളിമണ്ണ് ഘനനം മൂലം കരയിടിച്ചിൽ മൂലം നദിയുടെഗതി മാറാൻ സാദ്ധ്യത	കളിമണ്ണ് ഘനനം തടയാൻ നടപടികൾ സ്വീകരിക്കാം

ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം പറവിത്രേശ്വരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 29124 ആയിരുന്നു. ഇതിൽ 14073 (48.32%) പുരുഷന്മാരും 15051 (51.68%) സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 978 സ്ത്രീകൾ കൂടുതലാണ്. ഈ പഞ്ചായത്തിലെ 9-ാം വാർഡായ കൈതക്കോടാണ് ഏറ്റവും കൂടുതൽ ജനസംഖ്യയും (2865) ഏറ്റവും കൂടുതൽ പുരുഷന്മാരും (1384) ഏറ്റവും കൂടുതൽ സ്ത്രീകളും (1481) ഉള്ളത്. ആറ് വയസിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3239 ആണ്. ഇതിൽ ആൺകുട്ടികളുടെ എണ്ണം 1661 ഉം പെൺ കുട്ടികളുടെ എണ്ണം 1578 ഉം ആണ്.

ഈ പഞ്ചായത്തിലെ മൊത്തം പട്ടിക ജാതിക്കാരുടെ എണ്ണം 6765 ആണ്. ഇതിൽ 3333 പേർ പുരുഷന്മാരും 3432 പേർ സ്ത്രീകളുമാണ്. അതായത് പുരുഷന്മാരെക്കാൾ 99 പട്ടിക ജാതി സ്ത്രീകൾ കൂടുതലുണ്ട്. ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ താമസിക്കുന്നത് 9-ാം വാർഡിലാണ്. 1185 പേർ, ഇതിൽ 572 പുരുഷന്മാരും 613 സ്ത്രീകളുമാണ്.

ആകെ വീടുകൾ 6308 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 4.61 ആളുകൾ വീതമുണ്ട്. ഏറ്റവും കൂടുതൽ വീടുകളുള്ളത് 9-ാം വാർഡിലാണ്. 620 വീടുകൾ. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1233 ആയിരുന്നു.

ആകെ ജനങ്ങളിൽ 23979 പേർ സാക്ഷരരാണ്. ഇതിൽ 11878 പേർപുരുഷന്മാരും 12101 പേർ സ്ത്രീകളുമാണ്

ഈ പഞ്ചായത്തിൽ മൊത്തം 4119 ഹിന്ദു കുടുംബങ്ങളും 1295 ക്രിസ്ത്യൻ കുടുംബങ്ങളും 1721 പട്ടികജാതി കുടുംബങ്ങളുമുണ്ട്. ഏറ്റവും കൂടുതൽ ഹിന്ദുകുടുംബങ്ങളുള്ളത് 1-ാം വാർഡിലാണ്. ക്രിസ്ത്യൻ കുടുംബങ്ങൾ ഏറ്റവും കൂടുതലുള്ളത്. 4-ാം വാർഡിലാണെങ്കിൽ 9-ാം വാർഡിലാണ് ഏറ്റവും കൂടുതൽ പട്ടികജാതി കുടുംബങ്ങളുള്ളത്.

വാർഡ് തലത്തിലെ ജനസംഖ്യാ വിവരങ്ങളും മറ്റ് വിശദീകരണങ്ങളും പട്ടിക 1.10 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസത്തിൽ നമ്മുടെ പഞ്ചായത്ത് മുന്നോക്കമാണ്. 1917 ൽ സ്ഥാപിതമായ G. L. P. S. മാറനാട് ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്ക്കൂൾ, ആദ്യത്തെ ഹൈസ്ക്കൂൾ 1948 ൽ കുഴിക്കലിടവക ഹൈസ്ക്കൂൾ എന്ന പേരിൽ പാങ്ങോട്ട് ആരംഭിച്ചു. ഇന്ന് ഈ പഞ്ചായത്തിൽ മൊത്തം 15 സ്ക്കൂളുകളും രണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളുമുണ്ട്.

വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ വർഷം തോറും വർദ്ധനവ് ഉണ്ടാകുന്നുണ്ട്. പഠന നിലവാരം താരതമ്യേന മെച്ചപ്പെട്ടതാണ്. സാമ്പത്തിക-സാമൂഹിക കാരണങ്ങളാൽ വളരെ ചെറിയ ശതമാനം കൊഴിഞ്ഞു പോക്ക് സംഭവിക്കുന്നുണ്ട്.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും തൊഴിലധിഷ്ടിത-വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുകയും ചെയ്യേണ്ടതു വളരെ അത്യാവശ്യമാണ്.


ജനങ്ങളുടെ പ്രധാന വരുമാനം കൃഷിയെ ആശ്രയിച്ചുള്ളതാണ്. എന്നാൽ ഇന്ന് കൃഷി ആദായകരമല്ലാതായതോടെ മറ്റ് തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിട്ടുണ്ട്. പ്രധാനമായും ഇഷ്ടിക ഫാക്ടറികളിലേക്കും കശുവണ്ടി ഫാക്ടറികളിലേക്കുമാണ് കടന്നുകയറ്റം നടക്കുന്നത്.

പരമ്പരാഗത തൊഴിൽ മേഖലയായ ഈറ്റ തൊഴിൽ രംഗത്ത് തൊഴിലവസരങ്ങൾ കുറഞ്ഞ് വരികയാണ്. ഈറ്റ തുടങ്ങി അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം ഒരു പ്രധാന കാരണമാണ്. അഭ്യസ്ത വിദ്യരിൽ രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്നത് സ്ത്രീകളിലാണ്.

ഈ പഞ്ചായത്തിലെ മൊത്തം പ്രധാന തൊഴിലാളികൾ 7896 പേരാണ്. ഇതിൽ 6001 പുരുഷൻമാരും 1895 സ്ത്രീകളും ഉൾപ്പെടുന്നു. കൃഷി തൊഴിലാക്കിയവരുടെ ആകെ എണ്ണം 1991 ആണ്. 1580 പുരുഷൻമാരും 411 സ്ത്രീകളുമടങ്ങുന്നതാണിത്.

വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വിവരങ്ങൾ പട്ടികയായി വിശദീകരിക്കുന്നു.

ജനസംഖ്യ വാർഡുതലത്തിൽ




തൊഴിൽ മേഖലകൾ

പട്ടിക 1.10

തൊഴിൽ മേഖല	പ്രധാന തൊഴിലാളികരം	കൃഷി	കർഷക തൊഴിലാളി	മൃഗസംരക്ഷണം മൽസ്യ ബന്ധനം നഴ്സറി തുടങ്ങിയ	ഖനനം	കുടിൽ വ്യവസായം	ഗൃഹേതരകുടിൽ വ്യവസായം	നിർമ്മാണ പ്രവർത്തനം	വ്യാപാരം വ്യവസായം	വാർത്താവിനിമയം ശേഖരണം etc	മറ്റ് മേഖലകരം	മാഗീകമായി തൊഴിൽ ചെയ്യുന്നവർ	തൊഴിൽ രഹിതർ
പുരുഷൻ	6001	2094	1580	141	121	31	518	127	468	227	694	1108	6964
സ്ത്രീ	1895	90	411	8	52	11	344	11	50	10	408	1456	11700
മൊത്തം	7896	2184	1991	149	173	42	1362	138	518	237	1102	2564	18664

ഭൂവിനിയോഗം




പവിത്രേശ്വരം പഞ്ചായത്തിലെ ജനസംഖ്യാ വിവര പട്ടിക (വാർഡ്തലം)


പഞ്ചായത്ത് ഏരിയ—23.62 ചതുരശ്ര കി. മീറ്റർ. പട്ടിക 1.10

വാർഡ്	ആകെ	പുരുഷൻ	സ്ത്രീ	പട്ടിക ജാതി ആകെ	പുരുഷൻ	സ്ത്രീ	ഹിന്ദു കുടുംബം	ക്രിസ്ത്യൻ കുടുംബം	പട്ടിക ജാതി കുടുംബം	കുട്ടികൾ 6 വയസിൽ താഴെ (മൊത്തം)	പുരുഷൻ	സ്ത്രീ	വീടുകൾ മൊത്തം
I	2459	1188	1271	365	179	186	710	29	86	273	140	133	532
II	2210	1068	1142	373	177	196	376	134	82	276	126	120	478
III	2644	1278	1366	398	191	207	346	167	89	294	151	143	572
IV	2565	1240	1326	701	407	394	245	230	203	285	146	139	555
V	1952	943	1009	402	193	199	158	134	119	217	111	106	422
VI	2279	1001	1178	572	299	273	240	160	110	253	130	123	493
VII	2322	1122	1200	508	256	252	464	102	99	258	132	126	502
VIII	2731	1320	1411	646	319	327	85	157	246	303	155	148	591
IX	2865	1384	1481	1185	572	613	266	83	299	318	163	155	620
X	2854	1379	1475	525	253	272	540	64	95	317	164	153	618
XI	2203	1064	1139	257	124	133	385	53	52	244	125	119	476
XII	2198	986	1053	743	363	380	304	42	241	231	118	113	449



പ്രധാന തൊഴിലാളികളുടെ വിവരങ്ങൾ
ആകെ 2184
പുരുഷൻ
സ്ത്രീകൾ
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്
1991
149
173
1404
138
755
1102


76° 41'
76° 43'
9° 3'
9° 1'
1 Km
സൂചിക.
റോഡ്.


Source: PRSI Programme, CWRS



സാമൂഹ്യ സാമ്പത്തിക മേഖലകൾ



5.1

കൃഷിയും ജലസേചനവും

ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം വൈവിദ്ധ്യമാർന്ന വിളകളാണ് പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലുടനീളം കാണുന്നത്. ഫലഭൂയിഷ്ടമായ പുഴയോരവും, സമതലങ്ങളും, താരതമ്യേനവളക്കുറവുമുള്ള കുന്നിൻപുറങ്ങളും, ചരിവു പ്രദേശങ്ങളും നിലനിൽക്കുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക ഘടകങ്ങളെ കൃഷി പ്രധാനമായും സ്വാധീനിക്കുന്നു. കല്ലടയാറിന്റെ സാമീപ്യം കാർഷികമേഖലയ്ക്ക് അനുകൂലമെങ്കിലും, തുടർച്ചയായ മണ്ണിടിച്ചിൽ കൃഷിക്ക് ഭീഷണി ആകുന്നു.

പ്രകൃതിദത്ത ജലസ്രോതസുകളായ ഉറവകൾ, നീർച്ചാലുകൾ, തോടുകൾ, കുളങ്ങൾ, ഇവ ധാരാളമുണ്ടെങ്കിലും, ജലസേചനത്തിന് ഉപയുക്തമായിട്ടുള്ളവ നാമമാത്രമാണ്. കല്ലട പദ്ധതിയുടെ കനാലുകൾ മാറനാട്, പവിത്രേശ്വരം, കൈതക്കോട് ഭാഗങ്ങളിലൂടെ കടന്നു പോകുന്നുണ്ടെങ്കിലും ജലവിതരണം നടക്കുന്നില്ല.

പഞ്ചായത്തിൽ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ, കൈതക്കോട് വാർഡിലെ വെള്ളാവിള, കിഴക്കേ മാറനാട് എന്നിവയാണ്. ഉയർന്ന പ്രദേശങ്ങളിൽ പ്രധാനമായും കശുമാവ്, റബ്ബർ, കുരുമുളക് ഇവ ധാരാളമായി കൃഷി ചെയ്യുന്നു. താഴ്ന്ന പ്രദേശങ്ങളിൽ തെങ്ങ്, നെല്ല്, പയർവർഗങ്ങൾ, വാഴ, മരച്ചീനി മറ്റ് കിഴങ്ങ് വർഗങ്ങൾ പച്ചക്കറികൾ തുടങ്ങിയവയും കൃഷി ചെയ്യുന്നു. കർഷകരിൽ ഭൂരിഭാഗവും ചെറുകിടനാമമാത്ര കർഷകരാണ്.

ഭൂപരിധി

പട്ടിക 5.1 [1]

ഭൂപരിധി (സെൻറ്)	ഉടമസ്ഥരുടെ എണ്ണം
1—10	7940
10—25	6271
25—50	2660
50—100	902
1—2	120
2—5	40

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിലേത് 0.08 ആണ്.

തന്മൂലം, നവീനകൃഷി രീതികളും അവലംബിക്കുന്നതിന് വളരെ പിന്നോക്കം നിൽക്കുന്നു. കൃഷി മുഖ്യവരുമാന മാർഗ്ഗമെങ്കിലും, പൂർണ്ണമായും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവർ 10% ൽ താഴെയാണ്. മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതിനാൽ യഥാസമയം കൃഷി ഇറക്കുവാൻ കഴിയാത്ത സ്ഥിതിയാണ്.

ചരിത്രം

അതിപുരാതന കാലം മുതൽക്കേ കൃഷിയെ ആശ്രയിച്ചുള്ള ജീവിതരീതിയാണ് ഉണ്ടായിരുന്നത്. ജനസംഖ്യയിൽ 90%വും, കൃഷിയെ ആശ്രയിച്ച് ജീവിച്ചിരുന്നു. പരമ്പരാഗത കൃഷിരീതികളും ആണ്അവലംബിച്ചിരുന്നത്. തെങ്ങ്, നെല്ല്. വാഴ, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങളും ഇവയായിരുന്നു മുഖ്യ വിളകളും.

കൃഷി ഭൂമിയുടെ മുഴുവൻ ഉടമസ്ഥാവകാശം ചുരുക്കം ചില ജന്മികൾക്കായിരുന്നു. കുടിയായ്മയും, പാട്ടവ്യവസ്ഥയും, നിലനിന്നിരുന്നു. കർഷകതൊഴിലാളികൾക്ക് കൃഷിഭൂമിയിൽ ഉടമസ്ഥാവകാശം ഇല്ലാതിരുന്നതിനാൽ കാർഷികമേഖലയിൽ ഉൽപാദനക്കുറവ് നിലനിന്നിരുന്നു. ഭൂപരിഷ്കരണനിയമം നടപ്പിൽ വന്നതോടെ ഈ സ്ഥിതിക്ക് ഏറെ മാറ്റം വന്നു.

പൂർണ്ണമായും, മഴയെ ആശ്രയിച്ച് കൃഷി ചെയ്തു വന്ന ആദ്യകാലത്തും, തോടുകളിൽ ചിറകെട്ടി കൃഷി ഇടങ്ങളിലേക്ക് വെള്ളം തിരിച്ച് ജലസേചനം നടത്തിയിരുന്നു. കൂടാതെ പഴയ കാലത്ത് ചുരുക്കം ചില ഏലാകളിൽ ചക്രം ചവുട്ടിയും, തേവു പാള ഉപയോഗിച്ചും വെള്ളം കൃഷി ഭൂമിയിലേക്ക് എത്തിച്ചിരുന്നു. പ്രധാനപ്പെട്ട തോടുകൾ ആയ വല്ലഭൻകര കല്ലടയാറിലേക്കും പുത്തൻ വീട്ടിൽ കൈതക്കോട് തോട് ചിറ്റാറുമല ചിറയിലേക്കും, ആണ് ഒഴുകുന്നത്. ഈ തോടുകളിൽ 6 മാസക്കാലം മാത്രമേ വെള്ളം ലഭിക്കു.

പഴയ കാലത്ത് കർഷകർ കൂടുതൽ ശ്രദ്ധ നൽകിയിരുന്നത് നെൽ കൃഷിക്കാണ്. ആകെ ഭൂമിയുടെ 14% നെൽ വയലുകൾ ആയിരുന്നു. ചേറാടി, അതിക്കരാഴി, മുണ്ടകൻ, കറുത്തമുണ്ടകൻ, തവളക്കണ്ണൻ, എന്നീ ഇനങ്ങളിൽപ്പെട്ട വിത്തുകളാണ് മുഖ്യമായും ഉപയോഗിച്ചിരുന്നത്. 1970 കളിൽ രാസവളത്തിന്റെ ഉപയോഗം വർദ്ധിക്കുകയും, പുതിയ തരം വിത്തുകൾ കർഷകൻ ഉപയോഗിച്ചുതുടങ്ങി എങ്കിലും, ജലസേചനസൗകര്യത്തിന്റെ അഭാവംമൂലം ഉൽപാദനം കാര്യമായി വർദ്ധിച്ചില്ല.

പാടങ്ങളിൽ വേനൽക്കാലത്ത് വാഴ, പയറു വർഗ്ഗങ്ങൾ, മരച്ചീനി. ചേന, ചേമ്പ്, ഇഞ്ചി തുടങ്ങിയ കിഴങ്ങ്വർഗ്ഗങ്ങൾ വേനൽക്കാല പച്ചക്കറികൾ എന്നിവ വ്യാപകമായി കൃഷിചെയ്തിരുന്നു. കീടനിയന്ത്രണത്തിന് നാടൻ രീതികളാണ് ഉപയോഗിച്ചിരുന്നത്.

ജനസംഖ്യയിലുണ്ടായ വർദ്ധനവിനെ തുടർന്ന് ഭൂമിയുടെ തുണ്ടുവൽക്കരണം വ്യാപകമാവുകയും, പാർപ്പിടസൗകര്യത്തിന് വേണ്ടി കൃഷി ഭൂമികൾ ഉപയോഗിച്ച് വരികയും ചെയ്തതിന്റെ ഫലമായി കാർഷികഉൽപാദനം ക്രമേണ കുറഞ്ഞു വരികയാണുണ്ടായത്.

ചെറിയ ചെറിയ തുണ്ടുകളായി കൃഷിഭൂമികൾ വീതംവച്ച് വരുമ്പോൾ ഭൂരിപക്ഷം കർഷക കുടുംബങ്ങൾക്കും തങ്ങളുടെ ജീവിതം കൃഷിയെ മാത്രം ആശ്രയിച്ച് നടത്തുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കർഷകതൊഴിലാളികളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടും കർഷകരിൽ കൃഷിയോടുള്ള താൽപര്യം കുറച്ചു.

പഞ്ചായത്തിൽ അകെ ഉണ്ടായിരുന്ന പാടശേഖത്തിന്റെ 15%ത്തോളം ചെളിഎടുത്ത് വെള്ളം കെട്ടി കിടക്കുകയാണ്. വയൽനികത്തി വീടു വയ്ക്കുന്നതും നെൽപാടങ്ങളുടെ വിസ്തീർണ്ണം അനുദിനം കുറഞ്ഞുവരാൻ കാരണമായി. പ്രതിസന്ധിനേരിടുന്ന മറ്റ് രണ്ട് വിളകളാണ് തെങ്ങ് മരച്ചീനി ഗുരുതരമായ കാറ്റ്വീഴ്ചയും, എലി ശല്യവുമാണ് ഇതിന് കാരണം.

ആധുനിക ഉപഭോഗ സംസ്കാരത്തിന്റെ ആധിപത്യം കേഷണക്രമത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളും, കൃഷിയോടുള്ള കർഷകന്റെ സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

ഭൂവിനിയോഗം

പവിത്രേശ്വരം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2547 ഹെക്ടർ ആണ്. ഇതിൽ 14%(356.41 ഹെക്ടർ) നെൽ വയലുകളാണ്. ഉള്ളത്. ഇതിൽ 258 ഹെക്ടറിൽ മാത്രമാണ് ഇന്ന് നെൽകൃഷി നടക്കുന്നത്. 77.5% പുരയിടമാണ്. പുരയിടങ്ങൾ പാർപ്പിടം, കച്ചവടസ്ഥാപനങ്ങൾ സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ ഇവയ്ക്കും ഉപയോഗിക്കുന്നു. ബാക്കി 192 ഹെക്ടർ സ്ഥലം പുറമ്പോക്ക് ആണ്.

പട്ടിക 5.1 [2]

പുറംബന്ധം സംബന്ധിച്ച വിവരങ്ങൾ (ഹെക്ടറിൽ)

വില്ലേജ്	റോഡ്	തോട്	കുളം	പുഴ	K .I .P	ആകെ
പവിത്രേശ്വരം	82.3284	18.0426	1.5235	43.3585	18.5725	163.8255
പുത്തൂർ	09.0995	2.5990	1.3660	—	0.900	13.1545
ആകെ	91.4279	21 6416	2.8895	3.3585	18.6625	176.9800

അവലംബം-വില്ലേജ് ഓഫീസ് രേഖ

(ശേഷിക്കുന്ന 15.4179 ഹെക്ടർ സ്ഥലം കാവുകൾ, ക്ഷേത്രങ്ങൾ, സ്ഥാപനങ്ങൾ ഇവയോട് പേർന്ന് കിടക്കുന്നു)

നെൽകൃഷി

ഒരു പാരമ്പര്യ കൃഷി എന്നതിൽ കവിഞ്ഞ് ലാഭകേരമായ ഒരു വരുമാന മാർഗ്ഗമായി കർഷകർ ഇന്ന് നെൽ കൃഷിയെ കാണുന്നില്ല. പവിത്രേശ്വരം പഞ്ചായത്തിൽ പരമാവധി രണ്ട് പൂ കൃഷി മാത്രമേ നടക്കുന്നുള്ളൂ. പലേടത്തും ഒരുപൂ കൃഷി മാത്രം ചെയ്യുന്ന കർഷകരും ഉണ്ട്.

പട്ടിക 5-1 (3) കാണുക)

നെല്ലിന്റെ ഉൽപാദന ക്ഷമത നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1850 കി. ഗ്രാം ഉം സങ്കരയിനം വിത്തുകൾക്ക് ഹെക്ടറിന് ശരാശരി 3050 കി. ഗ്രാം ഉം ആണ്. സങ്കരയിനം വിത്തിനങ്ങളോടാണ് കർഷകർ താല്പര്യം കാണിക്കാറുള്ളത്. എന്നാൽ രണ്ടാംവിളയ്ക്ക് മൂപ്പുകൂടിയ നാടൻ ഇനമായ ചേറാടി ആണ് ഉപയോഗിക്കുന്നത്. കൃഷിഭവനിലൂടെ വിതരണം ചെയ്ത വിത്തിനങ്ങൾ മുഖ്യമായും, ജ്യോതി, കാഞ്ചന, ധന്യ, കൈരളി, എന്നിവയാണ്.

നെൽകൃഷിക്കു ശേഷം ഭൂരിപക്ഷം കർഷകരും വയലുകൾ തരിശിടുകയാണ് പതിവ് ചുരുക്കം ചില കർഷകർ മാത്രം വയലുകളിൽ വേനൽ കാല കൃഷിയായി വെള്ളരി,പാവൽ.പടവലം തുടങ്ങിയ പച്ചക്കറികളും. പയറുവർഗങ്ങളും. എള്ളും കൃഷി ചെയ്യുന്നത്.

പട്ടിക 5.1 (3)

വിസ്തീർണ്ണവും ഉല്പാദനവും

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തം ഉൽപ്പാദനം മില്യൺ ടൺ	ഉൽപാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാംവിള)	258	509.55	1950 kg
നെല്ല് (രണ്ടാംവിള)	245	459.37	1875 ,,
നെല്ല് മൂന്നാംവിള	—	—	—
പയർ	26	30	1.1 mt
എള്ള്	0.5	75	0.6 ,,
പച്ചക്കറികൾ	27	5.5	0.23 ,,
തെങ്ങ്	470	2.18	4650 ,,
വാഴ	40	145	3.625 ,,
മരച്ചീനി	60	719	11.98 ,,
കുരുമുളക്	27	7.29	0.270 ,,
പ്ലാവ്	8650 nos	—	— mt
കശുമാവ്	18	10.476	720 mt
മാവ്	--	—	—
റബ്ബർ	310	269.7	0.870 nos
കവുങ്ങ്	4.2	2.91m	70,000 nos
ഇഞ്ചി	4.7	25	5.3
വെറ്റില	3.5	—	--

അവലംബം-കൃഷിഭവൻ അടിസ്ഥാന വിവര രജി.

തെങ്ങ്

ഏകദേശം 470 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തു വരുന്നു. ഇവിടുത്തെ മുഖ്യ നാണ്യവിളയായ തെങ്ങ്കൃഷിഇന്ന് പ്രതിസന്ധി നേരിടുകയാണ്. മാരകമായ രോഗങ്ങളും കാരണം തെങ്ങ്കൃഷി ഉപേക്ഷിച്ച് കർഷകൻ റബർ കൃഷിയിലേക്ക് തിരിയുന്നുണ്ട്. തെങ്ങിന്റെ വാർഷിക ഉൽപാദനക്ഷമത സംസ്ഥാന ശരാശരി 38 ആണെങ്കിൽ ഈ പഞ്ചായത്തിലെ ശരാശരി ഉൽപാദന ക്ഷമത കേവലം 28 ആണ്. വരും വർഷങ്ങളിൽ വീണ്ടും കുറയുവാനാണ് സാദ്ധ്യത. താഴം കരിമ്പിൻപുഴ, തെക്കും ചേരി, ചെറുപൊയ്ക, തുടങ്ങി കല്ലടയാറിനോട് ചേർന്നു കിടക്കുന്ന സ്ഥലങ്ങളിലും S. N. പുരം, പവിത്രേശ്വരം എന്നിവിടങ്ങളിലും ആണ് കൂടുതൽ തെങ്ങ് കൃഷി ഉള്ളത്. തോട്ടങ്ങളിൽ തെങ്ങുകളുടെ ശരാശരി എണ്ണം 110 ഉം അല്ലാത്ത കൃഷിയിടങ്ങളിൽ 35 ഉം ആണ്.

(തെങ്ങുകൃഷി വിവരങ്ങൾ പട്ടിക 5.1 (3)കാണുക)

ഇടവിളകൾ

പഞ്ചായത്തിൽ മുഖ്യമായും വാഴ മരച്ചീനി, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ കുരുമുളക് എന്നിവയാണ് ഇടവിളയായി കൃഷിചെയ്തുവരുന്നത്. അനുയോജ്യമായ ഇടവിളകൾ തിരഞ്ഞെടുത്ത് കൃഷി ഇറക്കുന്നതിലൂടെ തോട്ടങ്ങളിൽ വിളസാന്ദ്രത വർദ്ധിപ്പിക്കുവാനും കൃഷിക്കാരുടെ അറ്റാദായം വർദ്ധിപ്പിക്കുവാനും സാധിക്കും. പ്രത്യേകിച്ച് പച്ചക്കറികൃഷിയിലൂടെ പച്ചക്കറി ഉൽപാദനത്തിൽ പഞ്ചായത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ഔഷധ സാധങ്ങളായ കച്ചോലം, കറ്റാർവാഴ, സുഗന്ധവിളകളായ ഗ്രാമ്പു, ജാതി എന്നിവയും ഏറെ വ്യവസായ സാദ്ധ്യതയുള്ള ഇഞ്ചി, മഞ്ഞൾ കൂവ തുടങ്ങിയ പരമ്പരാഗത കിഴങ്ങ് വർഗ്ഗവിളകളും വ്യാപകമായി കൃഷിചെയ്യാവുന്ന പരിതസ്ഥിതിയാണ് പഞ്ചായത്തിലുള്ളത്.

വാഴ മറ്റൊരു പരമ്പരാഗത ഇടവിളയാണ്. ഇടവിള എന്നതിലുപരി നിരവധി കർഷകർ വൻതോതിൽ വാഴകൃഷി നടത്തുന്നുണ്ട്. പൂവൻ, പാളയൻകോടൻ, കർപ്പവാഴ, ഞാലിപ്പൂവൻ, കണ്ണൻ മൊന്തൻ തുങ്ങിയവ ഇടവിളയായും നേന്ത്രൻ തനി വിളയായിപാടങ്ങളിലും പറമ്പിലും കൃഷിചെയ്തു വരുന്നു. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇനിയും ഏറെ സാദ്ധ്യതയുള്ള ഒരു മേഖലയാണ് വാഴ കൃഷി.

ഗ്രീഷ്മകാല ഇടവിളകളിൽ പ്രാധാന്യം കുരുമുളകിനും, കവുങ്ങിനും ആണ്. അത്യുൽപാദനശേഷിയുള്ള പന്നിയൂർ, മംഗളത്തുടങ്ങിയ ഇനങ്ങളും ഇനിയും വ്യാപകമായിട്ടില്ല.

മറ്റു വൃക്ഷ വിളകൾ

കശുമാവ്, മാവ്, പ്ലാവ്, പുളി തുടങ്ങിയ വൃക്ഷ വിളകളും പഞ്ചായത്തിൽ വ്യാപകമായി ഉണ്ട്. കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം ഏറെ വ്യാവസായിക പ്രാമുഖ്യമുള്ള കശുവണ്ടി വ്യവസായത്തിന്റെ അസംസ്കൃത വസ്തുവായ കശുവണ്ടിയുടെ ഉൽപാദനം വളരെ കുറവാണ്. വളക്കൂറും ജലസേചന സൗകര്യവും ഇല്ലാതെ തരിശു കിടക്കുന്ന കുന്നിൻ പുറങ്ങളിൽ പോലും കനത്ത വിളവ് ലഭ്യമാകുന്ന ഒന്നാണ് കശുമാവ്. കൈതക്കോട്, മാറനാട്, S. N. പുരം, കാരിക്കൽ എന്നീ ഭാഗങ്ങളിലെ കുന്നിൻ പുറങ്ങളിൽ കശുമാവ്കൃഷി ഇനിയും വ്യാപിപ്പിക്കാവുന്നതാണ്.

വളപ്രയോഗം

പഞ്ചായത്തിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഡിപ്പോ ഉൾപ്പടെ ഒൻപത് വളം ഡിപ്പോകളും ഉണ്ട്. ഭൂരിഭാഗം കർഷകരും രാസവളം ആണ് ഉപയോഗിക്കുന്നത്. ജൈവ വളത്തിന്റെ ദൗർലഭ്യം അതിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്തുന്ന കർഷകർ വിരളമാണ്. അശാസ്ത്രീയമായ വള പ്രയോഗത്തിലൂടെ മണ്ണിന്റെ ഘടനയിൽ മാറ്റം വരുകയും അത് ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

പ്രോൽസാഹിപ്പിക്കപ്പെടേണ്ടവ

1. കൃഷി ഇടങ്ങളിലെ കമ്പോസ്റ്റ് നിർമ്മാണം
2. മണ്ണിര കമ്പോസ്റ്റ് നിർമ്മാണം
3. ജീവാണു വള പ്രയോഗം

പട്ടിക 5.1 (4)

വളത്തിന്റെ ഉപയോഗം

വർഷം	ആകെ	നൈട്രജൻ (N)	ഫോസ്ഫറസ് (P)	പൊട്ടാഷ് (K)
1993-94	165.9mt	28.6mt	15.8mt	30mt
1994-95	241.5mt	43.34mt	21.14mt	30.63mt
1995-96	605.1 mt	98.10 mt	73 mt	61.49 mt

കുമിൾ/കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴഎന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിച്ചു വരുന്നത്. തരിരൂപത്തിലുള്ളതും, തളിക്കുന്നതുമായരണ്ടുതരത്തിലുള്ള കീടനാശിനികൾ പ്രചാരത്തിലുണ്ട്. കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതികളോ പരിഗണിക്കാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്. പാർശ്വഫലങ്ങൾ ഇല്ലാത്ത ജൈവകീടനാശിനികളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കപ്പെടേണ്ടതാണ്.

പട്ടിക 5 1 (5)

കീടനാശിനി ഉപയോഗം

വർഷം	ദ്രവം	ഖരം
1993 94	582 Lit	731 kg
1994. 95	480 Lit	739 kg
1995-96	430 Lit	838 kg

ഉൽപാദനോപാധികൾ

പഞ്ചായത്തിലെ പാടശേഖരസമതികൾക്കായി കൃഷിഭവൻ നൽകിയ 2 ട്രാക്ടറുകൾ, 4 പവർ ടില്ലറുകൾ, രണ്ട് റോക്കർ സ്പ്രേയറുകൾ, 22 നാപ്സാക്ക് സ്പ്രെയറുകൾ എന്നിവയും പവിത്രേശ്വരം പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘത്തിന് നൽകിയിട്ടുള്ള ഒരു ട്രില്ലർ കിഴക്കേമാറനാട് അംബേദ്കർ കോളനിയിലുള്ള ആഗ്രോ സർവ്വീസ് സെൻററിന് വിതരണം ചെയ്തിട്ടുള്ള ഒരുട്രാക്ടർ, ഒരുമെതിയന്ത്രം 4 നാപ്സാക് സ്പ്രെയർ, 2 റോക്കർ സ്പ്രെയറുകൾ എന്നീ ആധുനിക യന്ത്രോപകരണങ്ങൾ ആണ് പഞ്ചായത്തിൽ ഉള്ളത്. ഇത് തികച്ചും അപര്യാപ്തമാണ്. നിലം ഉഴുന്നതിന് മുൻ കാലങ്ങളിൽ ഉഴുവുമൃഗങ്ങളെ വ്യാപകമായി ഉപയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ നാമമാത്രമായേ നിലവിലുള്ളു.

പട്ടിക 5-1 (5) രോഗകീടബാധ വിവരങ്ങൾ

നമ്പർ	വിള	രോഗം	കീടം
1	നെല്ല്	പോളരോഗം ഇലപ്പുള്ളി,	തണ്ടുതുരപ്പൻ, മുഞ്ഞ, ചാഴി
2	തെങ്ങ്	കാറ്റുവീഴ്ച, മണ്ടചീയൽ	കൊമ്പൻചെല്ലി, പൂങ്കുലച്ചാഴി, നിമാവിര
3	കമുക്	മഹാളി.	
4	കുരുമുളക്	ദ്രുതവാട്ടം, പൊള്ളുരോഗം	പൊള്ളുവണ്ട്, ഇലപ്പേൻ
5	വാഴ	കുറുനാമ്പ് രോഗം, ഇലപ്പുള്ളി	
6	മാവ്	ശാഖാഉണക്കം, പൊടിക്കുമിൾ	മാണപ്പുഴു, നിമാവിരകൾ
7	ഇഞ്ചി	മൂടുചീയൽ, ഇലമഞ്ഞളിപ്പ്	ജാസിഡുകൾ
8	കശുമാവ്		
9	മരച്ചീനി	ഇലപ്പുള്ളി രോഗം	തേയിലകൊതുക്
10	പച്ചക്കറികൾ	ഇലപ്പുള്ളി, മൂടുചീയൽ പൊടിക്കുമിൾ	ശൽക്കകീടം, എലി തണ്ടുതുരപ്പൻ, കായ്തുരപ്പൻ നിമാവിര
11	റബ്ബർ	പൊടിക്കുമിൾ, പട്ടമരപ്പ്	ശൽക്കകീടങ്ങൾ, ചിതൽ, വേരുപുഴു

കൂലിനിരക്ക്

പഞ്ചായത്തിൽ കാർഷിക ജോലികൾക്ക് തൊഴിലാളികളെ ലഭിക്കുക എന്നത് വളരെ ബുദ്ധിമുട്ട് ആയിട്ടുണ്ട്. പരമ്പരാഗതമായി കാർഷിക ജോലികൾ ചെയ്തു വന്ന കുടുംബങ്ങളിലെ പുതിയ തലമുറ ഏറെ ബുദ്ധിമുട്ടുള്ള കാർഷിക ജോലികളോട് താൽപര്യം കാണിക്കുന്നില്ല എന്നതാണ് വസ്തുത. കൂടാതെ കർഷക തൊഴിലാളികൾക്ക് ഈ ജോലികളെ മാത്രം ആശ്രയിച്ച് ജീവിതം മുന്നോട്ട് കൊണ്ടു പോകുവാൻ കഴിയാത്ത സ്ഥിതിയും ഉണ്ടായി. അതിന്റെ ഫലമായി താരതമ്യേന മെച്ചപ്പെട്ട വേതനവും, സ്ഥിര തൊഴിലുള്ളതുമായ ഇഷ്ടിക, കശുവണ്ടി, കെട്ടിട നിർമ്മാണം തുടങ്ങിയ മേഖലകളിലെ തൊഴിലുകൾ തേടി കർഷക തൊഴിലാളികൾ പോവുകയാണുണ്ടായത്. ഇത് കാർഷിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ രംഗത്ത് പണിയെടുക്കുന്ന പുരുഷ തൊഴിലാളിക്ക് 80 മുതൽ 100 രൂപ വരെയും സ്ത്രീ തൊഴിലാളിക്ക് 60-75 രൂപ വരെയും ആണ് വേതനം ലഭിക്കുന്നത്.

പട്ടിക 5-1 (6) കാണുക

പട്ടിക 5.1 (6)

നമ്പർ	ഇനം	പുരുഷൻ	സ്ത്രീ
1	ഭൂമി കിളച്ച് ഒരുക്കുന്നതിന്	80	—
2	വരമ്പുവെട്ട്/വളം പ്രയോഗം	80	—
3	നടീൽ	—	70
4	കള എടുപ്പ്	—	75
5	കറവചുമട്	120	80
6	കൊയ്ത്ത്, കറമെതിപ്പ്	6 ന് 1	6 ന് 1
7	മറ്റ് പണികൾ	80	65

വിപണനസൗകര്യം

കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പവിത്രേശ്വരം പഞ്ചായത്തിൽ മാർക്കറ്റുകൾ ഒന്നും തന്നെയില്ല. അടുത്ത പഞ്ചായത്തുകളിലെ മാർക്കറ്റുകളായ പുത്തൂർ, കിഴക്കേ കല്ലട, കടമ്പനാട് എിവിടങ്ങളിലാണ്. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നത്. മാർക്കറ്റുകളിൽ വൻകിട മുതലാളിമാരും, ഇടനിലക്കാരും കർഷകരെ ചൂഷണംചെയ്യുന്ന സ്ഥിതിയുണ്ട്. കാർഷിക ഉൽപന്നങ്ങൾക്ക് അധ്വാനത്തിന് ആനുപാതികമായ വില ലഭിക്കാറില്ല എന്നതാണ് യാഥാർത്ഥ്യം

പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ 8 പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സമിതികൾ കൊണ്ട് കർഷകർക്ക് കാര്യമായ പ്രയോജനം ഒന്നും തന്നെ ലഭിക്കാറില്ല. നെൽ കൃഷിയെ സംബന്ധിച്ചിടത്തോളം ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പാടശേഖര സമിതികൾക്ക് വളരെ നിർണായകമായ പങ്ക് വഹിക്കുവാൻ കഴിയും.

ഞാറടി മുതൽ വിളവെടുപ്പ് വരെയുള്ള വിവിധ ഘട്ടങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ ഇന്നത്തെ സാഹചര്യത്തിൽ കൂട്ടായ്മയിലൂടെ മാത്രമേ കഴിയൂ.

കൃഷിഭവൻ

1987 സെപ്റ്റംബർ 1 ന് കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചു. കല്പടപദ്ധതി പ്രകാരമുള്ള വൃക്ഷവിള വികസന പദ്ധതി നടപ്പിലാക്കുന്ന കൃഷിഭവനുകളിൽ ഒന്നാണ് ഈ ഓഫീസ്. വളരെ പ്രതീക്ഷയോടെ കർഷകർ ഉറ്റുനോക്കിയ കൃഷിഭവനിൽ നിന്നും പരിമിതമായ സാമ്പത്തിക

സഹായങ്ങളും ലഭിക്കുന്നുണ്ടെങ്കിലും സാങ്കേതിക ഉപദേശങ്ങളോ നിർദ്ദേശങ്ങളോ കർഷകർക്ക് ലഭിക്കുന്നില്ല. ഒരു കൃഷി ഓഫീസർ, രണ്ട് കൃഷി അസിസ്റ്റന്റ്മാർ, ഒരു ക്ലാർക്ക് എന്നിവർ ഇവിടെ ജോലിനോക്കുന്നു. ഭാവിയിൽ ഈ ഓഫീസിന്റെ പ്രവർത്തനം വളരെ നിർണ്ണായകമായ പങ്കു വഹിക്കേണ്ട ഒന്നാണ്.

കൃഷിഭവൻ വിതരണം

പട്ടിക 5_1 (7)

ഇനം	എണ്ണം		
	1993_94	1994_95	1995_96
തെങ്ങ്	2450 Nos	3150	4270
കശുമാവ്	720	675	850
കുരുമുളക്	3150	2760	3400
കവുങ്ങ്	310	260	285
ജാതി	35	40	200
ഗ്രാമ്പു	—	—	200

കാർഷിക വായ്പ

രണ്ട് ദേശസാൽകൃതബാങ്കുകളും രണ്ട് സർവീസ് സഹകരണ ബാങ്കുകളും അടക്കം നാല് ബാങ്കുകളും ആണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. കൂടാതെ കൊട്ടാരക്കര കാർഷിക വികസന ബാങ്കിന്റെ പരിധിയിൽ പവിത്രേശ്വരം പഞ്ചായത്തും ഉൾകൊള്ളുന്നു. ഈ ബാങ്കുകളിൽ നിന്നും പഞ്ചായത്തിലെ കർഷകർക്ക് കാർഷിക-വായ്പകളും ലഭിക്കാറുണ്ട്. കാർഷികവായ്പകളും എടുക്കുന്ന കർഷകരിൽ ഭൂരിപക്ഷവും ഈ തുക കൃഷി ആവശ്യത്തിന് ഉപയോഗിച്ച് കാണുന്നില്ല.

★

പഞ്ചായത്ത് മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷം വിവിധ ബാങ്കുകളും വിതരണം ചെയ്ത കാർഷിക വായ്പയുടെ വിവരം പട്ടിക 5_1 (8) ചേർക്കുന്നു

കാർഷിക വികസന ബാങ്കിൽ നിന്നും 1.13ലക്ഷം രൂപയും പെരുപൊയ്ക സർവ്വീസ് സഹകരണ ബാങ്കിൽനിന്നും 1.40 ലക്ഷം രൂപായും വായ്പകളും നൽകി

പട്ടിക 5_1 (8)

വർഷം	ഇൻഡ്യൻ ബാങ്ക് പവിത്രേശ്വരം	ഇൻഡ്യൻ ബാങ്ക് കൈതക്കോട്	പവിത്രേശ്വരം സർവീസ് സഹകരണ ബാങ്ക്
1991_92	24.02	24.82	4.7
1992_93	26.36	26.80	2 42
1993_94	20.16	16.61	70.01
1994 95	20.19	33.12	2.18
1995_96	19.86	39.64	12 06
Total	111.04	140.99	38.42

ജലസേചനം

മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടക്കുന്നത്. വർഷത്തിൽ രണ്ട് ഘട്ടത്തിലായിട്ടാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക്-പടിഞ്ഞാറൻ മൺസൂൺ (ശരാശരി 1188 മി. മീ.) സെപ്തംബർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷവും (വടക്ക് കിഴക്ക് മൺസൂൺ) ശരാശരി 778 മി.മീ. ലഭിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 5.1 (9)

മഴയുടെ അളവ്

വർഷം	തെക്കുപടിഞ്ഞാറൻ മൺസൂൺ	വടക്കുകിഴക്കൻ മൺസൂൺ
1990	814	585
1991	1879	704
1992	1435	1418
1993	1363	1008
1994	1913	1051
1995	1188	778

തോടുകൾ

മഴമൂലം ലഭിക്കുന്ന വെള്ളം പഞ്ചായത്തിലെ പ്രധാന തോടുകളായ വല്ലവൻകര, പുത്തൻവീട്ടിൽ കൈതക്കോട് തോടുകളിലൂടെ ഒഴുകുന്നു. പഞ്ചായത്തിൽ ആകെയുള്ള തോടുകളുടെ നീളം 17. 5 കി: മീ ആണ്. വല്ലവൻകരമുതൽ പെരുപൊയ്ക വരെ ഒഴുകുന്ന തോട്ടിൽ നാല് ക്രോസ്ബാറുകൾ ഉപയോഗിച്ച് വിവിധ ഏലാകളിലേക്ക് വെള്ളം തിരിക്കുന്നുണ്ട്. വല്ലവൻകര തോട്ടിലെ വല്ലവൻകര (താളിക്കുഴി) കോലിയക്കോട് വളളാംതുണ്ടിൽ പുലക്കാവ് എന്നിവിടങ്ങളിൽ ക്രോസുബാറുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ പുലക്കാവ് ക്ഷേത്രത്തിന് സമീപം ഉള്ള ക്രോസ്ബാറിൽ മാത്രമാണ് ആവശ്യമായ നിലയിൽ പലകകൾ ഉള്ളത്. കോലിയക്കോട്, വളളാംതുണ്ടിൽ, വല്ലവൻകര (താളിക്കുഴി) എന്നിവിടങ്ങളിൽ പലകകൾ ഇല്ല.

ഇടവട്ടം വാർഡിൽ മണ്ണത്ത് ക്ഷേത്രത്തിന് സമീപം മുതൽ പുത്തൻവീട്ടിൽ വഴി ചിറ്റുമല ച്ചിറയിൽ ഒഴുകി എത്തുന്ന തോട്ടിൽ കൈതക്കോട് ഇണ്ടിളയപ്പൻ ക്ഷേത്രത്തിന് സമീപം, വെട്ടിമൂട്ടിൽ-മുട്ടക്കൽ ഭാഗം, പുറ്റുമൺകര എന്നിവിടങ്ങളിലായി മൂന്ന് ക്രോസ്ബാറുകൾ ഉണ്ട്. പൂർണ്ണമായും ഉപയോഗ പ്രദമല്ലാത്ത നിലയിലാണ്. ഇവയിൽ പുറ്റുമൺ കരയിലെ ക്രോസ്ബാർ മറ്റ് രണ്ട് ക്രോസ്ബാറിലും പലകകൾ ഇല്ല.

കൈതക്കോട് ഹെൽത്ത് സെൻ്ററിന് സമീപത്ത് നിന്ന് ഉത്ഭവിച്ച് പെരുപൊയ്ക നെടുഞ്ചാലിൽ പുഞ്ചയിൽ വന്നുചേരുന്ന ആലാശ്ശേരി തോട്ടിൽ ആലാശ്ശേരിഭാഗത്ത് ഒരു ക്രോസ് ബാർ ഉപയോഗിച്ച് ആലാശ്ശേരി ഏലായിൽ ജലസേചനം നടത്തുന്നു.

മുഖ്യമായുള്ള രണ്ട് തോടുകളെ കൂടാതെ ചെറിയ ഇട തോടുകൾ പല ഏലാകളിലേക്കും പരിമിധമായി ജലസേചന സൗകര്യം നൽകുന്നു. ഇതു കൂടാതെ പഞ്ചായത്തിൻ്റെ വടക്ക്-പടിഞ്ഞാറെ അതിർത്തി വഴി 9.5 കി. മീറ്റർ ദൂരത്തിൽ ഒഴുകുന്ന കല്ലട ആറും ജലസേചനത്തിന് ഒരു പരിധിവരെ ഉപകരിക്കുന്നു. എന്നാൽ ആഴത്തിലുള്ള മണൽ വാരൽ മൂലം ഇപ്പോൾ നമ്മുടെ പഞ്ചായത്ത് മേഖലയിൽ ആറിന് ആഴം വളരെ കൂടുതലാണ്. തന്മൂലം വ്യാപകമായ തോതിൽ കരയിടിച്ചിലും, വേനൽ കാലങ്ങളിൽ വേലിയേറ്റ സമയത്ത് ഉപ്പുവെള്ളത്തിൻ്റെ തള്ളിക്കയറ്റവും ഉണ്ടാകുന്നു. ഇത് കാർഷിക വിളകൾക്ക് വലിയ ഭീഷണിയായിത്തീർന്നിട്ടുണ്ട്.

പട്ടിക 5.1 (10)
ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

നമ്പർ	ആസ്തികൾ	വിസ്തീർണ്ണം km/എണ്ണം
1.	കല്ലട ആറ്	9.5 km
2.	തോട്	17.5 km
3.	കുളം	14 എണ്ണം
4.	ജലസംഭരണി	2
5.	കുഴൽകിണർ	7
6.	പൊതുകിണറുകൾ	49

കുളങ്ങൾ

പഞ്ചായത്തിൽ ചെറുതും വലുതും ആയി 14 കുളങ്ങൾ ഉണ്ട്. ഇവയിൽ ഐരൂർക്കുഴി ഏലായിലെ തലക്കുളം ഉപയോഗിച്ച് ഐരൂർക്കുഴി ഏലായിലും പഴയചിറ തലക്കുളം ഉപയോഗിച്ച് മുളളംകോട് ഏലായിലും കൈതക്കോട് കൈപ്പളളിക്കുളം ഉപയോഗിച്ച് കൈതക്കോട് ഏലായിലും ഭാഗികമായി ജലസേചനം നടത്തുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ഏലാകളോട് ചേർന്ന് കിടക്കുന്ന മുഴുവൻ കുളങ്ങളും തലക്കുളം എന്ന നിലയിൽ സംരക്ഷിച്ച് ഉപയോഗിച്ചാൽ ജലസേചനത്തിൻ്റെ കാര്യത്തിൽ ഏറെ പുരോഗതി കൈവരിക്കുവാൻ സാധിക്കും.

മണ്ണ് ജലസംരക്ഷണം

മുൻ കാലങ്ങളിൽ മണ്ണ് ജലസംരക്ഷണത്തിന് അതിർത്തികളിൽ മരങ്ങൾ വച്ചുപിടിപ്പിച്ചും പറമ്പുകളിൽ വരമ്പുകൾ സൃഷ്ടിച്ചും ജലം തടഞ്ഞ് നിർത്തി മണ്ണ് ഒലിപ്പ് തടഞ്ഞിരുന്നു. ആധുനിക യുഗത്തിൽ പറമ്പുകളിലെ വൃക്ഷങ്ങളുടെ എണ്ണം വ്യാപകമായി കുറഞ്ഞതിൻ്റെ ഫലമായി മണ്ണ് ഒലിപ്പ് വ്യാപകമാണ്. തോടുകളുടെ ഇരുകരകളിലും മുൻപ് യഥേഷ്ടം കണ്ടിരുന്ന കൈതകൾ, ചൂരൽ, ഇഞ്ച എന്നിവ ഏതാണ്ട് പൂർണ്ണ

മായും അപ്രത്യക്ഷമായിരിക്കുകയാണ്. ഇത്തരത്തിലുള്ള സസ്യങ്ങളാണ് തോടുകളുടെ കരകളെ സംരക്ഷിച്ചു നിർത്തിയിരുന്നത്. കരപ്പുരയിടങ്ങളും, നിലങ്ങളും വേർതിരിക്കുന്ന അതിർത്തികളിലും മുൻപ് വ്യാപകമായി ഇത്തരം സസ്യങ്ങളെ വച്ച് പിടിപ്പിച്ച് മണ്ണ് ഒലിപ്പ് തടഞ്ഞിരുന്നു. കാലക്രമേണ കൈതകളും മറ്റ് സസ്യങ്ങളും വെട്ടി നശിപ്പിക്കപ്പെട്ടതിനെ തുടർന്ന് പഞ്ചായത്തിൽ മിക്ക ഏലാകളോടും ചേർന്നുള്ള ഭാഗങ്ങളിൽ മണ്ണ് ഒലിപ്പ് വ്യാപകമായിട്ടുണ്ട്. മണ്ണ് ഒലിപ്പ് തടയുന്നതിന് ആവശ്യമായ ആധുനിക മാർഗ്ഗങ്ങളെ സ്വീകരിക്കുന്നതോടൊപ്പം പ്രാചീന രീതികളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

വെള്ളക്കെട്ട്

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നെൽപാടങ്ങളിൽ നിന്നും വ്യാപകമായി ചെളിയെടുത്തതിനെ തുടർന്ന് വളരെ ആഴത്തിലും പരപ്പിലും വെള്ളം കെട്ടികിടക്കുന്ന സ്ഥിതിയുണ്ട്, ഇത് ഏകദേശം 200 ഏക്കറോളം സ്ഥലം വരും. ഈ വെള്ളക്കെട്ടുകളിൽ ഭൂരിപക്ഷവും വേനൽ കാലത്ത് പോലും വറ്റുന്നവയല്ല. അതിനാൽ തന്നെ ഇത്തരം വെള്ളക്കെട്ടുകളിൽ ശാസ്ത്രീയമായ മത്സ്യ കൃഷിക്ക് ഏറെ സാദ്ധ്യതയുണ്ട്. സാങ്കേതിക വിദഗ്ധരുമായി ആലോചിച്ച് മത്സ്യ കൃഷിക്ക് ആവശ്യമായ നടപടികൾക്ക് പഞ്ചായത്ത് ശ്രദ്ധിക്കണം

മത്സ്യ കൃഷിക്ക് സാദ്ധ്യതയുള്ള
സ്ഥലവും വിസ്തീർണ്ണവും
പട്ടിക 5.1 (11)

നമ്പർ	വാർഡ്	സ്ഥലം	വിസ്തീർണ്ണം (ഏക്കറിൽ)
1.	കരിമ്പിൻപുഴ_		
	താഴം	വേലം മൂഴിഭാഗം	10
2.	താഴം	കാവാരത്ത്ഭാഗം	10
3.	ചെറുമങ്ങാട്_		
	തെക്കുംചേരി	ഞാങ്കടവ്ഭാഗം	10
4.	S, N, പുരം	കാരിക്കുഴി ഏലാ	20
5.		പൂവണ്ണുംവിളഏല	
6.		പുതുച്ചിറ ഏല	
7.	ചെറുപൊയ്ക	നെടുഞ്ചാലിപുഞ്ച	70
8.		പുലക്കാവ് ഭാഗം	
9.		പാലത്തിനിരുവശവും	
10.	..	മേച്ചിറഭാഗം	
11.	കൈതക്കോട്	പള്ളിയറ റോഡിന് പടിഞ്ഞാറ് വശം	50
12.	കൈതക്കോട്	ചാലിൽ പുഞ്ച	10
13.	കൈതക്കോട്	ചിറമുകൾച്ചിറയുടെ മുകൾ ഭാഗം	20

ഇവകൂടാതെ പഞ്ചായത്തിന്റെ പലഭാഗത്തും രണ്ടും മൂന്നും ഏക്കർ വിസ്തീർണ്ണം വരുന്ന പല വെള്ളക്കെട്ടുകളും ഉണ്ട്.

കൈതക്കോട്ട് (ഇപ്പോഴും പാറ ഉടപ്പ് ഇല്ലാത്ത) വെള്ളം കെട്ടിക്കിടക്കുന്ന അതിവിശാലമായ നാല് പാറമടകളും ഏതു തരത്തിൽ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

★

നടപ്പു പദ്ധതികൾ വിശകലനം

1. ഉൽപാദക ബോണസായി ഹെക്ടർ ഒന്നിന് വർഷത്തിൽ 500 രൂപ വച്ച് 691 കർഷകർക്കായി 62500/രൂപ കഴിഞ്ഞ സീസണിൽ കൃഷി ഭവൻവഴി വിതരണം ചെയ്തു.

* ധാരാളം കർഷകർക്ക് ഇന്ന് ഈ പദ്ധതിയെക്കുറിച്ച് അറിയുകപോലുമില്ല.

2. പാടശേഖര സമിതികൾക്ക് 50% സബ്സിഡി നിരക്കിൽ യന്ത്രോപകരണങ്ങളും വിതരണം ചെയ്തു.

* സമിതികളുടെ പ്രവർത്തന വൈകല്യം മൂലം ഭൂരിപക്ഷം കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

3. തെങ്ങു കൃഷിക്കാർക്ക് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിണറുകൾ കുഴിക്കുന്നതിനും, പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനും 2500/രൂപ വീതം സബ്സിഡി

നൽകിവരുന്നു.

* ഈ പദ്ധതിപ്രകാരമുള്ളസൗജന്യം സാധാരണ കർഷകർക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

4. ബയോഗ്യാസ് പ്ലാന്റുകളും നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്നുണ്ട്

സാങ്കേതിക കാരണങ്ങളും മൂലവും, ചാണകത്തിന്റെ ലഭ്യതക്കുറവും, പ്ലാന്റുകളിൽ കർഷകർ താൽപര്യം കാണിക്കുന്നില്ല.

5. കശുമാവ് കർഷകർക്ക് സൗജന്യമായി രാസവളംഗ്രാഫ്റ്റുകളും വിതരണം ചെയ്യുന്നുണ്ട്

* ആശയ വിനിമയങ്ങളുടെ അഭാവവും, പ്രവർത്തന വൈകല്യവും നിമിത്തം സാധാരണ കർഷകരിൽ എത്തിയിട്ടില്ല.

6. ഇടവിളകൃഷിക്കാവശ്യമായ രാസവളം കീടനാശിനികൾ ഇവകൾ സൗജന്യമായി വിതരണം ചെയ്യുന്നു.

* അപൂർവ്വം കർഷകർക്ക് മാത്രമേ ഈ സൗജന്യം ലഭിക്കാറുള്ളൂ.

7. അത്യുൽപാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നു.

* കൃത്യ സമയങ്ങളിൽ തൈകൾ ലഭിക്കാത്തതു മൂലം കർഷകർ തൈകൾ പുറത്തുനിന്നും വാങ്ങേണ്ടിവരുന്നു.

★

പ്രശ്നങ്ങൾ

നെൽകൃഷി

1. നെൽവയലുകളുടെ വിസ്തൃതി കുറയുന്നു. നെൽപാടങ്ങളിൽ നിന്നും വ്യാപകമായി ഇഷ്ടിക നിർമ്മാണത്തിനായി മെളി എടുക്കുന്നതുമൂലവും, പാടംനികത്തി ,കെട്ടിടങ്ങൾ നിർമ്മിക്കുകയും മറ്റ് നാണ്യവിളകൾ കൃഷി ചെയ്യുന്നതുമൂലവും അനുദിനം ഏലകളുടെ വിസ്തൃതി കുറഞ്ഞുവരുന്നു. കൂടാതെ ഈ പ്രശ്നങ്ങൾ കൃഷി ചെയ്യാൻ താല്പര്യമുള്ള മറ്റ് കർഷകരുടെ പാടങ്ങളേയും കൃഷിയേയും സാരമായി ബാധിക്കുന്നു.

2. പാടശേഖരങ്ങളിലെ ജലസേചനം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്.

3. പാടശേഖര സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വെറും കടലാസ് സമിതികളായതിനാൽ സർക്കാർ ആനുകൂല്യങ്ങൾ ചില വ്യക്തികളിൽ മാത്രം ഒതുങ്ങുന്നു.

4. അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളുടെ ലഭ്യതക്കുറവും അശാസ്ത്രീയമായ സസ്യസംരക്ഷണ പ്രവർത്തനവും.

5. തൊഴിലാളികളുടെ ലഭ്യതക്കുറവ് കൂലിയുടെ വർദ്ധനവ് എന്നിവയാണ് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ള പ്രശ്നങ്ങൾ

6. കൃഷിഭവൻ ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

7. കല്ലടയാറിലെ മണൽ വാരൽ മൂലം ആഴം വർദ്ധിക്കുന്നതിൽ സൈഡ് ഇടിയുന്നതിനാൽ കൃഷി ഭൂമി പുഴയായി മാറി കൊണ്ടിരിക്കുന്നു.

8. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കല്ലട പദ്ധതിയുടെ കനാലുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇതേവരെ വെള്ളം എത്തിയിട്ടില്ല.

9 ആധുനിക ഇഷ്ടിക നിർമ്മാണ യൂണിറ്റുകളുടെ ആവിർഭാവത്തോടെ നെൽപാടങ്ങളിൽ നിന്നും വ്യാപകമായ തോതിൽ മെളിയെടുപ്പു തുടങ്ങിയതിനാൽ 15%ത്തോളം നെൽവയലുകൾ നഷ്ടപ്പെട്ടിട്ടുണ്ട്.

10. ഗ്രാമത്തിലെ മുഖ്യാഹാരമായിരുന്ന മരച്ചീനി കൃഷി ഇന്ന് തുച്ഛമായിരിക്കുന്നു. റബ്ബറിന്റെ വരവും, ഏലിശല്യവുമാണിതിന് കാരണം.

11 തരിശുഭൂമികൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

12. ചെറുകിട കർഷകർക്ക് കാർഷിക വായ്പയിൽ അനുവദിച്ചിരുന്ന 5% പലിശ സബ്സിഡിപുനസ്ഥാപിക്കണം.

13. മാറനാട്, S. N. പുരം, കൈതക്കോട് എന്നിവിടങ്ങളിൽ കശുമാവ് കൃഷിക്ക് ഏറെ സാദ്ധ്യതകൾ നിലനിൽക്കുന്നു.

തെങ്ങുകൃഷി

1. തെങ്ങുകൃഷിക്ക് വ്യാപകമായി കണ്ടുവരുന്ന രോഗങ്ങളും കാറ്റുവീഴ്ച മണ്ടചീയൽ ഇവയാണ്.
2. ഗുണമേന്മയുള്ള തൈകളുടെ ലഭ്യതക്കുറവ്
3. അശാസ്ത്രീയമായ വളപ്രയോഗം.
4. ജലസേചന സൗകര്യത്തിലെ അപര്യാപ്തത.

ഇടവിളകൾ

അനുയോജ്യമായ ഇടവിളകൃഷികളും തിരഞ്ഞെടുക്കുന്നതിൽ കർഷകർക്കുണ്ടാകുന്ന അറിവില്ലായ്മ ഇടവിളകൃഷിയെ സാരമായി ബാധിക്കുന്നു.

പൊതുപ്രശ്നങ്ങൾ

1. മണ്ണ് പരിശോധനയോ കാലാവസ്ഥാ നിരീക്ഷണമോ നടത്താറില്ല.
2. നവീന കൃഷിരീതികളും കർഷകർക്ക് അറിയില്ല
3. കാർഷികോല്പന്നങ്ങളുടെ വിപണനത്തിലുള്ള സൗകര്യക്കുറവും ഇടത്തട്ടുകാരുടെ ചൂഷണവും കൃഷി ലാഭകരമല്ലാതാക്കുന്നു.
4. പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷിനാശം എന്നിവ പൊതുവിൽ കാർഷികമേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

★

പരിഹാരങ്ങൾ

നെൽകൃഷി

I. നെൽപാടങ്ങളും കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് കർശനമായി തടയുക.
2. പാടശേഖരങ്ങളിലെ ജലസേചനം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
3. പഞ്ചായത്തിലെ മുഴുവൻ മേഖയിലേയും ഭൂമി ശാസ്ത്രപരമായ കിടപ്പനുസരിച്ച് പാടശേഖര സമിതികളും പുനഃസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട നടപടികളും കൃഷിഭവനും ഗ്രാമപഞ്ചായത്തും സ്വീകരിക്കണം.
4. കൃഷിഭവനിൽ കൂടി ആവശ്യാനുസരണം അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും ജൈവ-രാസവളങ്ങളും കീടനാശിനികളും മറ്റ് സാങ്കേതിക വൈദഗ്ദ്ധ്യവും ലഭ്യമാക്കണം.
5. ഗ്രൂപ്പ് അടിസ്ഥാനത്തിൽ സസ്യസംരക്ഷണ പ്രവർത്തനങ്ങളും, ഞാറടി തയ്യാറാക്കൽ, യന്ത്രവൽക്കരണം ഇവ നടപ്പിലാക്കാൻ കഴിയും.
6. നെല്ലുൽപാദകബോണസ് ഒരുപൂവിൽ ഹെക്ടർ ഒന്നിന് 250 രൂപാ എന്നത് 1000 രൂപയാക്കി വർദ്ധിപ്പിക്കണം.

തെങ്ങ്

1 കേരവികസന സമിതിയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുകയും ഗ്രൂപ്പടിസ്ഥാനത്തിലുള്ള ജലസേചന സൗകര്യങ്ങളും ആരംഭിക്കുകയും ചെയ്യുക.

2 ഗുരുതരമായി കാറ്റു വീഴ്ച രോഗം ബാധിച്ച തെങ്ങുകൾ പൂർണ്ണമായും വെട്ടിമാറ്റി പുതിയ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക.

3 തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾക്ക് പരിഹാരം കാണുന്നതിന് നാടൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കപ്പെടണം.

4 ശാസ്ത്രീയ തെങ്ങ് സംരക്ഷണ രീതികളെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.

5 നാളീകേരത്തിന്റെയും കൊപ്രയുടെയും വിലയിടിവ് നേരിടുന്നതിന് സഹകരണാടിസ്ഥാനത്തിൽ സംഭരണ കേന്ദ്രങ്ങളും കൊപ്ര സംസ്കരണ യൂണിറ്റുകളും ആരംഭിക്കുക.

ഇടവിളകൾ

അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്യുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കണം.

(അനുയോജ്യമായ ഇടവിളകൾ കുരുമുളക്, ജാതി, ഗ്രാമ്പൂ)

പൊതുനിർദ്ദേശങ്ങൾ

1 കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗം നിർദ്ദേശിക്കണം

2 ഹ്രസ്വകാല വിളകളായ പച്ചക്കറി, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൂവ, എള്ള് ഇവ ചെറിയ കാലയളവിൽ വരുമാനം ലഭ്യമാകുന്നതിനാൽ കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണ്.

3 പരമ്പരാഗത വ്യവസായമായ കശുവണ്ടിവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കശുമാവ് കൃഷി വ്യാപകമാക്കുക

4 പഞ്ചായത്തിലെ ഏറെ സാദ്ധ്യതയുള്ള വെറ്റില കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായസഹായങ്ങൾ നൽകുക.

5 പ്രകൃതിക്ഷോഭത്തിൽ കൃഷി നഷ്ടപ്പെടുന്നവർക്ക് തത്തുല്യമായ നഷ്ടപരിഹാരം ലഭ്യമാക്കുക.

6 കൃഷിഭവന്റെ പ്രവർത്തനങ്ങളിലെ സുതാര്യത ഇല്ലായ്മ മൂലം അർഹരായ കർഷകർക്ക് സർക്കാർ സഹായം ലഭിക്കുവാൻ കഴിയാത്ത സ്ഥിതി സൃഷ്ടിക്കുന്നത് പരിഹരിക്കണം.

7 നവീനകൃഷി സമ്പ്രദായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക

8 കൃഷിഭവൻ സ്വന്തം കെട്ടിടം നിർമ്മിച്ച് സ്ഥിരത വരുത്തുക.

9 റോഡുകളുടെ വശങ്ങളിലും പുറമ്പോക്കുകളിലും ഫലവൃക്ഷങ്ങൾ (മാവ്, പ്ലാവ്, പുളി) വച്ചുപിടിപ്പിക്കുക.

10 കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിലുള്ള ഇടത്തട്ടുകാരുടെ ചൂഷണം ഒഴുവാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഉല്പന്നങ്ങളുടെ സംഭരണ-വിപണന-വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

11 കൃഷിയുമായി ബന്ധമുള്ളതും ഏറെ വ്യവസായ സാധ്യതകൾ ഉള്ളതുമായ കൂൺകൃഷി തേനീച്ച വർളർത്തൽ യൂണിറ്റുകൾക്ക് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

12 കൃഷിക്ക് ഉപയുക്തമല്ലാത്ത വെള്ളക്കെട്ടുകളിൽ മൽസ്യ കൃഷിനടത്തുവാൻ വേണ്ട സാങ്കേതിക വിദ്യകൾ കണ്ടെത്തിയാൽ പഞ്ചായത്തിൽ മൽസ്യകൃഷിക്ക് ഏറെ സാധ്യതകൾ ഉണ്ട്,

13 മരച്ചീനി അടക്കമുള്ള കിഴങ്ങു വർഗങ്ങൾക്ക് ഭീക്ഷണിയായുള്ള എലിശല്യങ്ങൾക്ക് പരിഹാരം കാണുക.

14 പഞ്ചായത്തിൽ നിലവിലുള്ള പുറമ്പോക്കുകൾ കണ്ടെത്തി മുള, ഈറ, കൈത തുടങ്ങിയവ വച്ചു പിടിപ്പിച്ചാൽ ആറുകൾതീരത്തേയും തോടുകളേയും സംരക്ഷിക്കാനും പരമ്പരാഗത വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ കണ്ടെത്താനും കഴിയും.

15 ഔഷധച്ചെടികളുടെ കൃഷി പ്രോൽസാഹിപ്പിക്കുകയും വിപണന സൗകര്യം മെച്ചപ്പെടുത്തുകയും വേണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

I പഞ്ചായത്തിൽ നെല്ലുല്പാദന രംഗത്ത് ഏറ്റവും പ്രതിബന്ധമായി നിൽക്കുന്നത് ജലസേചനത്തിന്റെ അപര്യാപ്തത ആകയാൽജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

a കാവാരം ഏലായിൽ നിന്നും കല്ലടആറിലേക്കുള്ള തോട് സംരക്ഷിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക

b കാരിക്കൽ ഏലായുടെ ഉൽഭവസ്ഥാനമായ പാങ്ങോട് കിഴക്കുവശത്ത് "എരപ്പ്" സ്ഥിതി ചെയ്യുന്ന ഭാഗത്ത് ഒരു തലക്കുളം നിർമ്മിച്ച് ഏലായിലേക്ക് ലീഡിംഗ് ചാനലുകളും തടയണകളും നിർമ്മിച്ചാൽ ഇപ്പോഴും രണ്ട് പൂ കൃഷി ചെയ്തുവരുന്ന നിലങ്ങളിൽ മൂന്ന് പൂകൃഷി ഇറക്കുവാൻ കഴിയും.

c വെളളിയോട്, വഴുതാനത്ത് എന്നീ ഏലാകളുടെ മുകളറ്റത്ത് തലക്കുളം നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

d പേരയിൽ തലക്കുളം അറ്റകുറ്റപ്പണികൾ നടത്തി ലിഫ്ട് ഇറിഗേഷനിൽ ഉൾപ്പെടുത്തി വെള്ളം കൊള്ളി ഏലായിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

e മൂന്നാം ചിറയുടെ സൈഡ് കെട്ടി ലിഫ്ട് ഇറിഗേഷനിൽ ഉൾപ്പെടുത്തിയാൽ തൊട്ടടുത്ത പഞ്ചായത്തായ കുളക്കടയുടെ പരിധിയിൽ കൂടി വരുന്ന അതി വിസ്തൃതമായ ആറുവാശ്ശേരി ഏലായിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുവാൻ കഴിയും.

f പഴയചിറ കുളം സംരക്ഷിച്ച് മുള്ളംകോട്, നെടുവം വയൽ എന്നീ ഏലകളിൽ ജലസേചനം വർദ്ധിപ്പിക്കുവാൻ കഴിയണം.

g ചാറുവാലിൽ ഏലയിലൂടെ കടന്നുപോകുന്ന ഇടത്തോടിന് വീതിയും ആഴവും കൂട്ടി സംരക്ഷിക്കപ്പെടണം.

h വല്ലഭൻകര തോട്ടിൽ നിലവിലുള്ള 4 ക്രോസ് ബാറുകളിലും പുതിയ പലകകളും സ്ഥാപിച്ച് പലക സൂക്ഷിക്കുവാനുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കിയാൽ പാലക്കോട്, മുള്ളംകോട്, കാരിക്കൽ, പോളച്ചിറ, പുതുച്ചിറ എന്നീ ഏലകളിലേക്ക് ജലസേചനം കാര്യക്ഷമമാക്കാൻ സാധിക്കും.

i ഐരുക്കുഴി ഏലായുടെ തലക്കുളം സൈഡ് കെട്ടി ബലപ്പെടുത്തി ഏലാകളിലേക്ക് ജലസേചന സൗകര്യം ലഭ്യമാക്കാൻ കഴിയണം

j പുന്തലക്കോട് ഏലായുടെ മുകൾ ഭാഗത്ത് ഒരു തലക്കുളം നിർമ്മിച്ച് ഏലായിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

k കളയാടി, കരിക്കത്തിൽ, മേച്ചിറ എന്നിവിടങ്ങളിൽ ഓരോ തലക്കുളം നിർമ്മിച്ച് ഏലകളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

l ആലാശ്ശേരി ഏലായുടെ മദ്ധ്യഭാഗത്ത് കൂടിയുള്ള തോടിന്റെ ആഴം കൂട്ടി ജലസേചന സൗകര്യം ഉള്ളതാക്കണം.

m നിലവിലുള്ള ഏട്ടറക്കുളം ലിഫ്ട് ഇറിഗേഷനിൽ ഉൾപ്പെടുത്തി ഏലായിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തണം

n മുളയംകോട് ഏലായിലെ കുളം അറകുറപ്പണികൾ നടത്തി ജലസേചന. യോഗ്യമാക്കണം

o വേലം പൊയ്കക്കുളം, ഊറാംകുന്നുകുളം എന്നിവ പുനരുദ്ധരിച്ച് ജലസേചന യോഗ്യമാക്കണം.

p മുളയം കോണം, പോച്ചവയൽ, വേലംപൊയ്ക എന്നീ തോടുകൾക്ക് ആഴം കൂട്ടി സൈഡ് കെട്ടി സംരക്ഷിച്ച് ജലസേചനത്തിന് യോഗ്യമാക്കണം.

q കൈപ്പള്ളിൽ കുളവും കൈതക്കോട് ഇണ്ടിളയപ്പൻ ക്ഷേത്രത്തിന് സമീപമുള്ള പൊതുക്കുളവും സൈഡ് കെട്ടി ബലപ്പെടുത്തി ലിഫ്റ്റിറിഗേഷനിൽ ഉൾപ്പെടുത്തി ഇവിടെയുള്ള ഏലാകളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

r പുത്തൻ വീട്ടിൽ കൈതക്കോട് തോട്ടിൽ നിലവിലുള്ള ക്രോസ് ബാറുകളും അറകുറപ്പണികളും നടത്തി ജലസേചന സൗകര്യം കാര്യക്ഷമമാക്കണം

s മേപ്പറത്ത് നിലവിലുള്ള കുളം ലിഫ്ട് ഇറിഗേഷനിൽപ്പെടുത്തി അറകുറപ്പണികളും നടത്തി ഇടവട്ടം ഏലായിൽ ജലസേചനസൗകര്യം ഏർപ്പെടുത്തണം.

t വലിയകുഴി ഭാഗം, കടയിൽഭാഗം, നെടുംമ്പുറം ഭാഗം, പണയിൽ ഭാഗം കടയറമുകൾ ഭാഗം, കാവും പോട്ട് ഭാഗം എന്നിവിടങ്ങളിൽ ക്രോസ് ബാർ പണിഞ്ഞ് ജലസേചന സൗകര്യം വർദ്ധിപ്പിക്കണം.

u കാവുംകോട് ഭാഗം, ആവിയോടുഭാഗം, പണയിൽ ഭാഗം എന്നിവിടങ്ങളിൽ തലക്കുളം നിർമ്മിച്ച് ലിഫ്ട് ഇറിഗേഷൻ സ്കീമിൽ ഉൾപ്പെടുത്തണം

v പുലക്കാവ് ഭാഗത്ത് തോട്ടിൽ തടയണ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

II ജലസേചനത്തെപ്പോലെ തന്നെ കൃഷിയുടെ വികസനത്തിന് വളരെ ആവശ്യമായ ഒരു ഘടകമാണ് കൃഷിയിടങ്ങളിലെ ഗതാഗതസൗകര്യം നമ്മുടെ പഞ്ചായത്തിലെ പല ഏലാകളിലും വിത്തും വളവും കൊണ്ടു ചെന്നെത്തിക്കുവാനും, വിളവെടുത്ത് കൊണ്ടു പോകുവാനും ആവശ്യമായ സൗകര്യമുണ്ടാക്കണം.

a 110 ഹെക്ടർ വരുന്ന കാരിക്കൽ ഏലായിലെ ട്രാക്ടർ ഇറക്കുന്നതിനും കാർഷികാവശ്യത്തിന് വാഹനങ്ങളും വരുത്തുന്നതിൽ ഏറ്റവും കൂടുതലായി ആശ്രയിക്കുന്ന തടത്തിമുക്ക് പോളച്ചിറ-ഫാം റോഡിന്റെ പണിപൂർത്തിയാക്കി ഗതാഗത യോഗ്യമാക്കണം.

b ചാറുവാലിൽ, ചരുവിൽ ഭാഗത്തേക്ക് ഓരോ ട്രാക്ടർ പാസേജുകളും നിർമ്മിക്കണം.

c പുതുച്ചിറ, ഐരുക്കുഴി ഏലായുടെ വടക്കുവശത്തുകൂടി പുതുച്ചിറ നിന്നും കിഴക്കോട്ട് വട്ടവിള ഐരുക്കുഴി ഏലാ റോഡിലേക്ക് ഒരു ഫാം റോഡ് നിർമ്മിച്ച് ഏലായിലെ കാർഷിക സൗകര്യം വർദ്ധിപ്പിക്കണം.

d പാലക്കോട് ഏലായുടെ തെക്കുവശത്ത് ഒരു ഫാം റോഡ് നിർമ്മിച്ച് "സത്യവാൻ മുക്ക്, വല്ലഭൻകര റോഡുമായി വലിയ വിള ഭാഗത്ത് ബന്ധിപ്പിക്കണം.

e വല്ലഭൻകര പാലത്തിന് തെക്കുവശത്തു നിന്നും തോട് പുറമ്പോക്കിലൂടെ താഴോട്ട് പാലക്കോട് ഏലാവരെയും, പുന്തലക്കോട് ഏലായുടെ ഇടത്തോടിന്റെ വശത്തുകൂടി വല്ലഭൻകര, സത്യവാൻമുക്ക് റോഡുമായി ബന്ധിപ്പിച്ച് ഓരോ ഫാം റോഡുകളും നിർമ്മിക്കണം.

f ആലാശ്ശേരി, പായിക്കോണം ഏലാകളിൽ ഓരോ ഫാം റോഡുകളും വീതം നിർമ്മിക്കണം.

g ആലാശ്ശേരിൽ തോട്ടിൽ കൂടി ട്രാക്ടറുകളും അക്കരെയിക്കരെ കടക്കുവാൻ ചപ്പാത്ത് നിർമ്മിക്കണം.

h ഇടവട്ടം ഏലായിൽ ഫാം റോഡ് നിർമ്മിക്കണം കളിത്തട്ട് മുക്ക് മുതൽ കടയറ ഭാഗം (മാനാട് ഈസ്റ്റ്) വരെ തോടിന്റെ വരമ്പുകെട്ടി ഒരു ഫാം റോഡ് നിർമ്മിക്കണം.

j അരിയോട്ട് വാഴുവേലിപ്പറമ്പിൽ ഏലായിലേക്ക് ഒരു ചപ്പാത്ത് നിർമ്മിക്കണം.

III പഞ്ചായത്തിലെ ഏലാകളിൽനെൽകൃഷി നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട ഭീഷണിയാണ് മണ്ണൊലിപ്പ്. ഏലായുടെ ഇരുവശങ്ങളിലും ചരിവുള്ളതോ കുന്നിൻ പ്രദേശങ്ങളോ ഉള്ള സ്ഥലങ്ങളിലാണ് കൂടുതലായി മണ്ണൊലിപ്പ് കണ്ടുവരുന്നത്. ഉയരമുള്ള പ്രദേശങ്ങളിൽ നിന്നും മഴക്കാലത്ത് മണ്ണിടിഞ്ഞ് ഏലാകളിലേക്ക് ഒഴുകി ഇറങ്ങുന്നത് തടയേണ്ടതാണ്.

a കാരിക്കൽ ഏലായിൽ ചാറുവാലികലങ്കുമുതൽ ചരുവിൽ ഭാഗം വരെ ഏലായിലേക്കുള്ള മണ്ണൊലിപ്പ് തടയുന്നതിന് ഏലായുടെ പടിഞ്ഞാറേ അരുകിൽ സൈഡ് ഡ്രെയ്ൻ നിർമ്മിച്ച് ബണ്ടു

b ണ്ടാക്കണം. ചേരിയിൽ കലുങ്ക് മുതൽ വെട്ടിക്കുഴി തോട് വരെയുള്ള നടുത്തോട്, കൈത്തോട് സൈഡ് കെട്ടിഏലായിയേക്കുള്ള മണ്ണ് മറിച്ചിൽ തടയുക

c ഇടവട്ടം ഏലായുടെ ഇരുവശങ്ങളിൽ നിന്നു. വ്യാപകമായി മണ്ണൊലിപ്പ് കണ്ടുവരുന്നും അവിടങ്ങളിൽ സൈഡ് ഡ്രയ്ൻ നിർമ്മിച്ച് ഇതിന് പരിഹാരം കാണുവാൻ കഴിയും.

d കാരിക്കൽ ഏലായിലെ വളളാം തുണ്ടിൽ തോടിന്റെ വരമ്പു മുറിഞ്ഞതു മൂലമുള്ള വെള്ള ശല്യം ഒഴിവാക്കുവാൻ കൊല്ലാ ആടയ്ക്കുകയും തോടിന്റെ വരമ്പു കെട്ടുകയും ചെയ്ത് 40 ഹെക്ടർ വരുന്ന ഏലായിലെ നെൽകൃഷി പുനരാരംഭിക്കുവാൻ കഴിയും.

e കടുക്കറ വല്ലഭൻകര റോഡിന്റെ സൈഡിലൂടെ ഓട നിർമ്മിക്കുക.

f പാലക്കോട്ട് ഏലായുടെ തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ നിന്നുംഏലായിലേക്ക് മണ്ണൊലിപ്പ് തടയുന്നതിന് ഏലായുടെ തെക്കും പടിഞ്ഞാറും വശങ്ങളിൽ സൈഡ് ഡ്രെയ്ൻ ആവശ്യമാണ്.

g പുന്തലക്കോട്ട് ഏലായുടെ കിഴക്കും പടിഞ്ഞാറും അതിരുകളിൽ സൈഡ്ഡ്രെയ്ൻ നിർമ്മിച്ച് ഏലായിലേക്കുള്ള മണ്ണൊലിപ്പ് തടയണം.

h കളയാടി ഏലായുടെ മുകളറ്റത്തുള്ള വരമ്പ് നശിച്ച് ഏലായിലേക്ക് കരമണ്ണ് ഒലിച്ചിറങ്ങുകയാണ്. ഇത് കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. വരമ്പ് ബലപ്പെടുത്തി ഏലായിലെ കൃഷിയെ സംരക്ഷിക്കണം.

i പ്ലാക്കുഴി ഏലായുടെ പടിഞ്ഞാറു വശത്ത് സൈഡ് ഡ്രെയ്ൻ നിർമ്മിക്കുക.

j അരിയോട്, കൈതക്കോട് ഏലാകളിൽ മണ്ണ് ഒലിപ്പ് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുക.


k മുളയം കോണത്ത് ഏലായുടെ കിഴക്ക് അരികിലും കൈപ്പള്ളിൽ ഏലായിലൂടെ കിഴക്കും പടിഞ്ഞാറും വശങ്ങളിലും സൈഡ്ഡ്രെയ്നും ബണ്ടും നിർമ്മിക്കുക.

v കാവുംകോട് ഏലായുടേയും പടിഞ്ഞാറേ മാറനാട് ഏലായുടേയും ഇരുവശങ്ങളിലും മണ്ണൊലിപ്പ് തടയുക

iv കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ സബ്കനാലുകളും കടന്നുപോകുന്ന പ്രദേശങ്ങളിൽ ലിഫ്ട് ഇറിഗേഷൻ സമ്പ്രദായം നടപ്പിലാക്കുക വഴി കാർഷിക വിളകളും മെച്ചപ്പെടുത്തുവാൻ കഴിയും.

b വേനൽക്കാലത്ത് കല്ലട ഇറിഗേഷൻ പ്രോജക്ടിലെ ജലം വല്ലഭൻകര തോടുവഴി ഒഴുക്കിവിടുന്നത് വിവിധ ഏലാകളിലെ നെൽകൃഷിക്കും പച്ചക്കറികൃഷിക്കും ജലസേചന സൗകര്യം ലഭ്യമാകും.

★



5.2
മൃഗസംരക്ഷണം മത്സ്യബന്ധനം

പവിത്രേശ്വരം പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. കൃഷിയുടെ ഒരവിഭാജ്യ ഘടകമെന്ന നിലയിലും അടുത്ത വരുമാന മാർഗ്ഗമായും പരമ്പരാഗതമായി കന്നുകാലി വളർത്തലും ഉണ്ടായിരുന്നു. കാർഷിക വിളകളുടെ ഉത്പാദനത്തിന് വളമായും നിലം ഉഴുന്നതിനും കാലികളുടെ സേവനം ഉപയോഗപ്പെടുത്തുകയും അവയ്ക്ക് ആഹാരമായി കാർഷിക വിളാവശിഷ്ടങ്ങളും ഉപോല്പന്നങ്ങളും നൽകി പരസ്പര പൂരകങ്ങളായി കൃഷിയേയും കന്നുകാലി വളർത്തലിനേയും നിലനിർത്തിയിരുന്നു.

ഭൂപരിഷ്കരണം നടപ്പിലായതും ജനപ്പെരുപ്പം ഉണ്ടായതും കാരണം ഓരോ കുടുംബത്തിനും ലഭ്യമായ കൃഷി ഭൂമിയുടെ വലിപ്പം കുറഞ്ഞു. എഴുപതുകളിൽ ഉണ്ടായ കൃഷി വികസനം മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതാക്കി. വിളരീതിയിൽ മാറ്റം ഉണ്ടായതിനാൽ വയ്ക്കോൽ ഉദ്പാദനം കുറഞ്ഞു. ഇക്കാരണങ്ങളാൽ പണി ഉരുക്കളെ വളർത്തുന്നത് ചെലവ് കൂടിയതും പ്രയാസകരവുമായിത്തീർന്നു അങ്ങനെ പണി ഉരുക്കൾ കുറഞ്ഞു എന്നു മാത്രമല്ല മറ്റ് രംഗങ്ങളിൽ എന്നപോലെ ഈ രംഗത്തും ഗ്രാമീണത്തനിമ നഷ്ടപ്പെട്ടു തുടങ്ങി.

അറുപതുകളുടെ ആരംഭം വരെ വീടുകളിൽ നാടൻ പശുക്കളെ പ്രധാനമായും അതാതു വീട്ടിലെ പാലിന്റെ ആവശ്യത്തിനു മാത്രമായി വളർത്തിയിരുന്നു. നാടൻ പശുക്കളുടെ ശരാശരി ഉത്പാദനശേഷി ഒരു ലിറ്റർ ആയിരുന്നു. പ്രാദേശിക വിഭവങ്ങളായ കാർഷിക വിളാവശിഷ്ടങ്ങളും ഉപോല്പന്നങ്ങളും ആയിരുന്നു അവയുടെ ആഹാരം. തീറ്റച്ചെലവ് അന്ന് ഒരു പ്രശ്നമേ അല്ലായിരുന്നു.തുടർന്ന് ഉള്ള കാലയളവിൽ പാലിന്റെ ആവശ്യം കൂടി കന്നുകാലി പ്രജനനം, ക്ഷീരോല്പാദനം എന്നീ മേഖലകളിൽ ഗവൺമെന്റ് തലത്തിൽ വിപ്ലവകരമായ ചില പ്രവർത്തനങ്ങളും വന്നു. ഇക്കാരണങ്ങളാൽ ക്ഷീരോല്പാദനം കൂടുതൽ ലാഭകരമായിമുന്നേറി വന്നു. എഴുപതുകളുടെ അവസാനത്തോടെ അമ്പത് ശതമാനത്തോളം പശുക്കളെ സങ്കരവർഗ്ഗമാക്കി ശരാശരി പാലുല്പാദനം 3 ലിറ്റർ കവിഞ്ഞു. ശാസ്ത്ര സാങ്കേതിക മാർഗ്ഗങ്ങളുടെ ശരിയായ വിനിയോഗം കൊണ്ടാണ് ഈ നേട്ടം ഉണ്ടാക്കാൻ സാധിച്ചത്.

എന്നാൽ ഇന്ന് പ്രാദേശിക വിഭവങ്ങളുടെ ലഭ്യത കുറഞ്ഞതും ലഭ്യമായവയെത്തന്നെ തീറ്റയിൽ നിന്നും ഒഴിവാക്കിയതും കാരണം വയ്ക്കോൽ ഉൾപ്പെടെ കാലിത്തീറ്റയുടെ എൺപതുശതമാനത്തിലധികവും സമീപ സംസ്ഥാനങ്ങളിൽ ഇറക്കുമതി ചെയ്യേണ്ട സ്ഥിതിയിലെത്തിയിരിക്കുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനവും ക്ഷീരസഹകരണ

സംഘങ്ങളുടെ പ്രവർത്തനവും ഇന്ന് കുറെയൊക്കെ നേട്ടങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും പ്രതിസന്ധി ഏറിവരികയാണ്.

ആട്, കോഴി എന്നിവയെ പണ്ടു മുതലേ ഈ പഞ്ചായത്തിലെ ജനങ്ങൾ വളർത്തുന്നുണ്ട്. ചെറുകിട പരിമിത കർഷകരാണ് ആടിനെ വളർത്തുന്നത്. ഏതാണ്ട് 90 ശതമാനം വീടുകളിലും മുട്ടയ്ക്കുവേണ്ടി കോഴികളെ വളർത്തിവരുന്നു. ആടിനെ വളർത്തുന്നത് എന്നും ആദായകരമായിരുന്നു. വീട്ടാവശ്യത്തിനുള്ള പാൽ ലഭിക്കുന്നതിനു പുറമേ ആടിന്റെ മാംസത്തിന് ആവശ്യം കൂടികൊണ്ടിരിക്കുന്നു. ആടുവളർത്തൽ, കോഴിവളർത്തൽ എന്നിവയുടെ വികസനത്തിന് ആസൂത്രിതമായ ഒരു പദ്ധതി ഇതുവരെ ഉണ്ടായിട്ടില്ല.

പഞ്ചായത്തിലെ വിവിധ വളർത്തു മൃഗങ്ങളുടെ എണ്ണം ചുവടെ വിവരിക്കുന്നു.

1	പശുക്കൾ	5400
2	കന്നുകുട്ടികളും കിടാരികളും	1200
3	കാള	112
4	എരുമ	30
5	പോത്ത്	10
6	ആട്	2200
7	പട്ടി	2500
8	ആന	1
9	കോഴി	20081
10	താറാവ്	275

ക്ഷീരോല്പാദനം, മൃഗസംരക്ഷണം, ആട് വളർത്തൽ, കോഴിവളർത്തൽ എന്നീ മേഖലകളുടെ നിലവിലുള്ള സ്ഥിതിയുടെ വിവരണം, നടപ്പ് പദ്ധതികളും വിലയിരുത്തലും പ്രധാനമായി ശ്രദ്ധിക്കേണ്ട വിഷയങ്ങളും പ്രശ്നങ്ങളും ഭാവിനയങ്ങളേയും പരിപാടികളേയും സംബന്ധിച്ച ശുപാർശകൾ എന്നിവ തുടർന്ന് പ്രതിപാദിക്കപ്പെടുന്നു.

ക്ഷീരോൽപാദന മേഖല

കാലിത്തീറ്റ

ഉൽപാദനവും ഉൽപാദനക്ഷമതയും ഉയർത്തി ഈ മേഖല ലാഭകരമായി നില നിർത്തണമെങ്കിൽ പാലിന്റെ വിപണി വികസിപ്പിക്കുകയും, തീറ്റ, ഫോഡർ, എന്നിവ ലാഭകരമായ വിലയ്ക്ക് എപ്പോഴും ലഭ്യമാകുകയും വേണം. നിലവിൽ തീറ്റച്ചിലവിന്റെ 70%വും സാന്ദ്രിത ആഹാരത്തിനാണ് ചിലവാക്കിക്കൊണ്ടിരിക്കുന്നത്. സാന്ദ്രിത ആഹാരം ഏതാണ്ട് പൂർണ്ണമായും സമീപ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. അതിനാൽ ഈ മേഖലയിൽ മേൽപ്പറഞ്ഞ മാർഗ്ഗത്തിലൂടെ കൈവരിക്കാൻ സാധിച്ചിട്ടുള്ള ഗുണഫലത്തിന്റെ ഒരു പ്രധാന ഭാഗം സംസ്ഥാനത്തിന്റെ പുറത്തേക്കു പോകുകയാണ്. അതോടൊപ്പം, മദ്ധ്യവർത്തികളുടെ ചൂഷണവും, തീറ്റയുടെ ഗുണക്കുറവും. ആണ് മറ്റൊരു പ്രശ്നം തീറ്റവില വർദ്ധിക്കുന്നതിനാൽ ജനിതക ഗുണമുള്ള കറവ മാടുകളെ വളർത്തുന്നതിൽ നിന്നും ചെറുകിടകർഷകർ പുറകോട്ടുമാറുന്നു തീറ്റയുടെയും, ഫോഡറിന്റെയും, കടുത്ത ദൗർലഭ്യം നേരിട്ടുകൊണ്ട്, ക്ഷീരോല്പാദനം നടത്തുന്ന ആയിരക്കണക്കിന് ചെറുകിട നാമമാത്ര കർഷകരെ മുന്നിൽ കണ്ടുവേണം ഈ രംഗത്ത് പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ.

ഉല്പന്ന വിപണന വ്യവസ്ഥ

വർദ്ധിച്ച വിപണന സാദ്ധ്യത ഉണ്ടെങ്കിൽ മാത്രമെ കൂടുതൽ പാൽ ഉൽപാദിപ്പിക്കുവാനുള്ള സാഹചര്യം നിലനിർത്താൻ സാധിക്കുകയുള്ളു.

പട്ടിക 5.2 (1)

ക്ഷീര സഹകരണ സംഘങ്ങൾ	പ്രവർത്തന പരിധി (പഴയ വാർഡുകൾ)	പ്രതിദിന പാൽ സംഭരണം	ലോക്കൽ വിൽപ്പന	ഡയറി	ഉൽപ്പാദകരുടെഎണ്ണം
1 പാങ്ങോട്	1, 2, 4	240	125	115	60
2 ചെറുമങ്ങാട്	3	160	50	110	45
3 ചെറുപൊയ്ക	5	110	30	80	50
4 പവിത്രേശ്വരം	6, 9	375	150	225	100
5 കൈതക്കോട്	7, 8	270	50	220	85
6 മാറനാട്	10, 11	260	40	220	85
ആകെ		1415	445	970	425

പഞ്ചായത്തിൽ ക്ഷീരോൽപാദകരുടെതായ ആറ് സഹകരണ സംഘങ്ങൾ ഉണ്ട് ഈ സംഘങ്ങളിലൂടെ 1415 ലിറ്റർ പാൽ ഒരു ദിവസം സംഭരിക്കുന്നു. ഇതിൽ 445 ലിറ്റർ പ്രാദേശികമായി വിൽക്കുകയും, 970 ലിറ്റർ മിൽമക്ക് നൽകുകയും

ചെയ്യുന്നുണ്ട്. മിൽമയിൽ നിന്നും, ഒരു ലിറ്റർ പാലിന് സംഘത്തിൽ ലഭിക്കുന്ന ശരാശരി വില ഏകദേശം 8.25 ആണ്. ഏതാണ്ട് ഇതിന് തുല്യമായ വിലസംഘങ്ങൾ ഉദ്പാദകനു നൽകുന്നുണ്ട്. നിലവിൽ 11 രൂപയ്ക്കാണ് സംഘങ്ങൾ പ്രാദേശികമായി പാൽ വിൽക്കുന്നത്. ഈ ലാഭം കൊണ്ടാണ് സംഘങ്ങളുടെ പ്രവർത്തനച്ചെലവുകൾ നടക്കുന്നത്. സംഘങ്ങൾ സംഭരിക്കുന്നതിന്റെ ഇരട്ടിയിലധികം പാൽ പഞ്ചായത്തിൽ വിപണനംചെയ്യപ്പെടുന്നുണ്ട്. സംഘങ്ങളുടെ മൊത്തം ഉദ്പാദകരുടെ എണ്ണം 425 ആണ്. അതായത് മുഴുവൻ ഉദ്പാദകരെയും സംഘങ്ങളുടെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടില്ല.

പാലുല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന് സർക്കാരിൽ നിന്ന് പരിശീലനവും സഹായവും ലഭിച്ചിട്ടുള്ള 4 വനിതകളും വീതമുള്ള 2 യൂണിറ്റുകളും പഞ്ചായത്തിൽ ഉണ്ട്.

ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ

മൃഗസംരക്ഷണ വകുപ്പ്

മൃഗ ചികിത്സാപരിപാടി, സങ്കരവർഗ്ഗോല്പാദന പരിപാടി, വിജ്ഞാന വ്യാപനം, രോഗപ്രതിരോധ കുത്തിവയ്പ്, ആട് കോഴിവളർത്തൽ പദ്ധതികളുടെ പ്രോത്സാഹനം എന്നിവയാണ് ഈ വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്നത്. ഈവട്ടം വാർഡിൽ ഒരു മൃഗാശുപത്രിയും കിഴക്കേ മാറനാട്, കാരിക്കൽ, ചെറുപൊയ്ക എന്നിവിടങ്ങളിൽ 3 സബ് സെൻറുകളുമാണ് ഈ വകുപ്പിന്റെ സ്ഥാപനങ്ങൾ. മൃഗാശുപത്രിയിൽ ഒരു വെറ്ററിനറി സർജനും 3 സബ് സെൻററുകളിലും ഓരോ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരും സേവനം ചെയ്യുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ വേണ്ടത്ര ജീവനക്കാരോ സാങ്കേതിക സൗകര്യങ്ങളോ ഇല്ല.

ക്ഷീരവികസന വകുപ്പ്

തീറ്റപ്പുല്ല് കൃഷിവികസനം, ക്ഷീരസഹകരണ സംഘങ്ങളുടെ രേണനിയന്ത്രണം, പാൽഉദ്പാദന ഉപഭോഗ പദ്ധതികളുടെ നടത്തിപ്പ് എന്നിവയാണ് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങൾ. ബ്ലോക്ക് തലത്തിൽ വെട്ടിക്കവലയിൽ സ്ഥിതി ചെയ്യുന്ന ക്ഷീരവികസന യൂണിറ്റാണ് ഈ പഞ്ചായത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രസ്തുത യൂണിറ്റിൽ ഒരു ഡയറിഎക്സ്റ്റൻഷൻ ഓഫീസും രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർമാരും മാത്രമാണ് ആകെയുള്ളത്.

ആട് വളർത്തൽ

ആടിനെ പാവപ്പെട്ടവന്റെ പശു എന്നു വിശേഷിപ്പിക്കുന്നു. പഞ്ചായത്തിലെ മൊത്തം പാലുല്പാദനത്തിന്റെ അഞ്ചു ശതമാനത്തിലധികം ആടുകളിൽ നിന്നാണ്. ആടുകൾ ഉത്പാദിപ്പിക്കുന്ന പാൽ അതിനെ വളർത്തുന്ന താഴ്ന്ന വരുമാനക്കാരൻ തന്നെ ഉപയോഗിക്കുന്നു. ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നത് പരിമിത കർഷകരുടേയും ദുർബലവിഭാഗങ്ങളുടേയും പുരോഗതിക്ക് സഹായകമാവും.

കോഴിവളർത്തൽ–താറാവ് വളർത്തൽ

നമ്മുടെ പഞ്ചായത്തിലെ മിക്കവാറും എല്ലാ വീടുകളിലും മുട്ട, ഇറച്ചി എന്നീ ആവശ്യങ്ങൾക്കായി കോഴി വളർത്തൽ ഉണ്ടായിരുന്നു. ഇവ നാടൻ കോഴികളായിരുന്നതിനാൽ മുട്ടയുടേയും ഇറച്ചിയുടേയും ലഭ്യത പരിമിതമായിരുന്നു. വീടുകളുടെ പരിസരത്തും പറമ്പിലും ഉള്ള തീറ്റകളാണ് ഇവയ്ക്ക് ലഭിച്ചിരുന്നത്. ഇന്നും 90% വീടുകളിലും ഇപ്രകാരം കോഴി വളർത്തൽ ഉണ്ട്. കിഴക്കേ മാറനാട്, ചെറുപൊയ്ക, S. N. പുരം, ചെറുമങ്ങാട് എന്നിവിടങ്ങളിൽ ഓരോ ഇറച്ചിക്കോഴി യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇറച്ചിയുടെയും മുട്ടയുടെയും കാര്യത്തിൽ പഞ്ചായത്ത് ഇനിയും സ്വയം പര്യാപ്തയിലെത്തിയിട്ടില്ല.

വളരെ പരിമിതമായ താറാവ് കൃഷിയെ ഇപ്പോഴുള്ളൂ. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ അഞ്ചിൽ താഴെ എണ്ണം താറാവുകളെ വളർത്തുന്ന രീതിയെ നിലവിലുള്ളൂ.

മത്സ്യകൃഷിവികസനം

നമ്മുടെ പഞ്ചായത്തിൽ നിലവിൽ മത്സ്യകൃഷി ഇല്ല. മറ്റു പ്രദേശങ്ങളിൽ മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന അമ്പതോളം മത്സ്യത്തൊഴിലാളികൾ കൈതക്കോട് വാർഡിൽ ഇണ്ട്. പഞ്ചായത്തിലെ 95%

ത്തിലധികം ആളുകളും മത്സ്യം ഉപയോഗിക്കുന്നവരാണ്.

നടപ്പുപദ്ധതികൾ വിലയിരുത്തൽ

തീറ്റപ്പുല്ല് വികസനപരിപാടി

തീറ്റപ്പുല്ല് കൃഷി വ്യാപിക്കുക എന്ന ലക്ഷ്യത്തോടെ പുല്ല്, പയർ എന്നിവയുടെ വിത്തുകളും പുൽക്കടകളും സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും രാസവളം സൗജന്യമായി നൽകുകയും ചെയ്യുന്ന പദ്ധതികൾ 25 വർഷമായി നടപ്പിലാക്കി വരുന്നു, എന്നാൽ ഇതിന്റെ പ്രാധാന്യം വെളിവാകത്തക്ക വിധത്തിൽ ഈ പദ്ധതി പ്രാവർത്തികമായിട്ടില്ല. വാണിജ്യ അടിസ്ഥാനത്തിൽ ഒരു ഹെക്ടർ, അഞ്ചു ഹെക്ടർ സ്ഥലങ്ങളിൽ പുല്ല് വളർത്തുന്ന പദ്ധതികളുടെയും സ്ഥിതി മറ്റൊന്നല്ല.

മിൽമാ കാലിത്തീറ്റ വിതരണ പരിപാടി

പഞ്ചായത്തിലെ 6 അപ്പ്കോസ് സംഘങ്ങൾ വഴി മിൽമാ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ഇത് ആവശ്യമായ അളവിൽ എല്ലാ കാലയളവിലും ലഭിക്കാറില്ല. സംഘങ്ങളിൽ പാൽ നൽകാത്ത കർഷകർക്ക് ഇത് ലഭിക്കുകയില്ല.

കാഫ് ഫീഡ് സബ്സിഡി സ്കീം

കന്നുകുട്ടികളെ ശാസ്ത്രീയ മായ രീതിയിൽ വളർത്തുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിപ്രകാരം കന്നു കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ തീറ്റ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും സൗജന്യ വൈദ്യ സഹായവും നൽകുന്നതിനും പുറമേ അവയെ ഇൻഷ്വർ ചെയ്യുകയും ചെയ്യുന്നു. കാലിത്തീറ്റയുടെ വില വർദ്ധനവിനനുസരിച്ച് സബ്സിഡി കൂടുന്നതിന് സംവിധാനം വേണം. സംഘങ്ങളുമായി ബന്ധപ്പെട്ട്നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രയോജനം കുറച്ചു പേർക്കുമാത്രമേ ലഭിക്കുന്നുള്ളൂ.

മാതൃകാ കന്നുകാലി തൊഴുത്ത് നിർമ്മാണ പദ്ധതിയും മാതൃകാ ഡയറി ഫാം യൂണിറ്റും

ശാസ്ത്രീയമായ രീതിയിൽ കന്നുകാലിത്തൊഴുത്തു നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയാണ് ആദ്യത്തേത്. ലാഭകരമായും ശാസ്ത്രീയമായും ക്ഷീരോല്പാദനം നടത്തുന്നത് പ്രോത്സാഹിപ്പിക്കാനുള്ളതാണ്. രണ്ടാമത്തേത് ഇതിൽ രണ്ടുകറവ പശുക്കളെ വാങ്ങുന്നതിനും ശാസ്ത്രീയമായ തൊഴുത്ത് നിർമ്മിക്കുന്നതിനും 30 സെന്റ് സ്ഥലത്തെങ്കിലും പുൽകൃഷി ചെയ്യുന്നതിനും മൊത്തത്തിൽ സഹായധനം അനുവദിക്കുന്നു.

മേൽപറഞ്ഞ രണ്ട് പദ്ധതികളിലും പരിമിതമായ എണ്ണം മാത്രമേ നടപ്പിലാക്കാറുള്ളൂ. സാധാരണ കർഷകന് സാമ്പത്തിക പരിമിധിമൂലം രണ്ടാമത്തെ പദ്ധതിയുടെ പ്രയോജനം ലഭിക്കാറില്ല.

ഗോരക്ഷാക്യാമ്പ്, വന്ധ്യതാ-പരിശോധനാക്യാമ്പ്, കാലിരോഗ പ്രതിരോധ ക്യാമ്പ്.

പാഥമിക പരിശോധന നടത്തുന്നതിനും വന്ധ്യത പരിശോധിക്കുന്നതിനും പകർച്ചരോഗങ്ങളെ ചെറുക്കുന്നതിനും ഉള്ള പ്രസ്തുത ക്യാമ്പുകൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സഹായം അപര്യാപ്തമാണ്.

വയ്ക്കോൽസംപുഷ്ടീകരണ പദ്ധതി

പോഷകഗുണമില്ലാത്ത വയ്ക്കോലിൽ യൂറിയാ ലായനി തളിച്ച് പോഷകഗുണം മെച്ചപ്പെടുത്തുന്ന പദ്ധതിയാണ്. വയ്ക്കോലിന്റെ ലഭ്യതക്കുറവ് മൂലം കർഷകർ സ്ഥിരമായി ഈ പദ്ധതിചെയ്യാറില്ല.

തീറ്റപ്പുൽ സംസ്കരണ പദ്ധതി

തീറ്റപ്പുല്ല് സംസ്കരിച്ചു സൂക്ഷിക്കുന്നതിന് ഹേ, സൈലേജ് എന്നിവ ഉണ്ടാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളാണ്.

ലവണമിശ്രിതം, വിറ്റാമിൻ ഓയിലുകളുടെ വിതരണ പദ്ധതി

കന്നുകാലികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ലവണങ്ങളും വിറ്റാമിനുകളും പ്രത്യേകമായി നല്കുന്ന പദ്ധതിയാണിത്. പരിമിതമായ തോതിൽ കുറച്ചു പേർക്കു മാത്രം ഇതു ലഭിക്കുന്നുള്ളൂ.

പ്രത്യേക ഘടക പദ്ധതി

പ്രധാനമായും കോളനികളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് വേണ്ടി പശു, ആട്, കോഴി തുടങ്ങിയ ജീവനോപാധികളും വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

നിലവാരം കുറഞ്ഞവയെ വാങ്ങിക്കുകയും, അശാസ്ത്രീയമായി പരിചരിക്കുകയും, വിൽക്കാനുള്ള പ്രവണതയുള്ളതായും കണ്ടുവരാറുണ്ട്.

മാസ്സിവ് ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ പ്രോഗ്രാം

മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദന വർദ്ധനവ് ലക്ഷ്യമാക്കി സബ്സിഡി നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെയും പന്നിക്കുഞ്ഞുങ്ങളെയും വിതരണം ചെയ്യുന്ന പദ്ധതിയാണിത്. കോഴിക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് ലഭ്യമല്ല.

ക്ഷീരസഹകരണസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ

ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും, ഫോഡർ ബാങ്ക് നിർമ്മിക്കുന്നതിനും, ക്യാനുകളും, പാൽ പരിശോധനാ ഉപകരണങ്ങളും വാങ്ങുന്നതിനും, ഫർണിച്ചറുകളും വാങ്ങുന്നതിനും സഹായധനം നൽകിവരുന്നു. കൂടാതെ സംഘം ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ മാനേജീരിയൽ ഗ്രാന്റും സംഘം പ്രവർത്തനങ്ങൾക്ക് വർക്കിങ്ങ് കാപ്പിറലും നൽകുന്നുണ്ട്.

ക്ഷീരോല്പന്ന യൂണിറ്റ്

പാൽ ഉപഭോഗം വർദ്ധിപ്പിക്കുക, അഭ്യസ്തവിദ്യരായ ഗ്രാമീണ യുവതികൾക്ക് തൊഴിൽ നൽകുക എന്നീ ഉദ്ദേശ്യത്തോടെ പാൽ ഉൽപ്പന്ന നിർമ്മാണ വിപണന യൂണിറ്റുകളും നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുകയും യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു.

പ്രാദേശികമായി നിർമ്മിക്കപ്പെടുന്ന ഇത്തരം ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ട്.

വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ഈ രംഗത്തു നിലനിൽക്കുന്ന അറിവില്ലായ്മ ദൂരീകരിക്കാനും, ഗവേഷണഫലങ്ങൾ കർഷകരിൽ എത്തിക്കാനും പ്രായോഗികാനുഭവങ്ങൾ പങ്കുവയ്ക്കാനും ഉദ്ദേശിച്ച് ക്ഷീരകർഷക സമ്പർക്ക പരിപാടിയും കന്നുകാലിപ്രദർശനങ്ങളും സെമിനാറുകളും പാലുല്പന്ന നിർമ്മാണ പരിശീലനവും നടത്തിവരുന്നു. ഈ മേഖലയിലെ വിവിധ ഏജൻസികൾ പ്രത്യേകമായി സംഘടിപ്പിക്കുന്ന ഇത്തരം വിജ്ഞാന വ്യാപന പരിപാടികൾ സമന്വയിക്കപ്പെടണം.

പേവിഷ നിർമ്മാർജ്ജന പദ്ധതി

പേവിഷ നിർമ്മാർജ്ജനത്തിന് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്ന പദ്ധതിയാണിത്. ഇതിനുള്ള വാക്സിൻ ആവശ്യത്തിന് ലഭിക്കാറില്ല.

ശുദ്ധമായ പാലുല്പാദന കിറ്റ് വിതരണം ചെയ്യുന്ന പദ്ധതി

ശുദ്ധമായ പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ്, ലോഷനും, പശുവിനെ തുടയ്ക്കാനുള്ള ബ്രഷും അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

ശുപാർശകൾ

കന്നുകാലികൾക്ക് തീറ്റ നൽകൽ

1. തെങ്ങിൻ തോപ്പുകളിലും പുറമ്പോക്കു സ്ഥലങ്ങളിലും പുല്ല്, പയർ വർഗ്ഗ സമ്മിശ്ര കൃഷി സ്വന്തം ഉപയോഗത്തിനോ വാണിജ്യാടിസ്ഥാനത്തിലൊ ചെയ്യിക്കുന്നതിന് സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുക. ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ ഇക്കാര്യത്തിൽ മുൻകൈയെടുപ്പിക്കുക.

2. നെൽപാടങ്ങളിൽ ചോളം, പയർ എന്നീ വിളകൾ സ്വന്തം ആവശ്യത്തിനോ, വാണിജ്യാടി-

സ്ഥാനത്തിലോ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.

3. ഇടവഴികൾക്കരികിലും വേലിയായും ഫോഡർ മരങ്ങൾ നടുന്നത് പ്രോത്സാഹിപ്പിക്കുക.
4. കൃഷി വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ തീറ്റപ്പുല്ല് കൃഷി കർഷകന്റെ വിള സമ്പ്രദായത്തിൽ പൂർണ്ണമായി സംയോജിപ്പിക്കണം.
5. വയ്ക്കോലിൽ യൂറിയ പ്രയോഗിച്ച് സംപുഷ്ടമാക്കുന്ന സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുക.
6. കമ്പോളത്തിൽ ഗുണനിലവാരമുള്ള കാലിത്തീറ്റ മിശ്രിതം ലഭ്യമാക്കുകയും, അവയുടെ ഗുണപരിശോധനയ്ക്കും ഗുണനിയന്ത്രണത്തിനും നടപടികൾ കൈക്കൊള്ളുക.
7. ക്ഷീരസഹകരണ സംഘങ്ങളിൽ ലഭിക്കുന്ന മിൽമ കാലിത്തീറ്റയുടെ ലഭ്യതയും ഉപയോഗവും വർദ്ധിപ്പിക്കണം.
8. പ്രാദേശിക വിഭവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുകയും അങ്ങനെയുള്ള അസംസ്കൃത സാധനങ്ങൾ ചേർത്ത് കാലിത്തീറ്റ മിശ്രിതം ഉണ്ടാക്കുന്നതിന് ബ്ലോക്കടിസ്ഥാനത്തിലെങ്കിലും ഒരു മിനി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുക.
9. അന്യസംസ്ഥാനങ്ങളിൽ നിന്ന് വിളവെടുപ്പ് കാലയളവിൽ തന്നെ വയ്ക്കോൽ സംഭരിച്ച് കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കാനുള്ള പരിപാടി നടപ്പിലാക്കുക.
10. പച്ചപ്പുല്ല് ഹേ ആക്കി സൂക്ഷിക്കുന്ന സമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

ഉൽപന്ന വിപണന വ്യവസ്ഥ

11. ഗ്രാമപ്രദേശങ്ങളിൽ പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുക്കുക. ക്ഷീരസംഘങ്ങളുടെ പ്രാദേശിക വിലനയുടെ അളവ് ഉയർത്തണം.
12. പാലുല്പന്ന നിർമ്മാണ വിപണനം പ്രോത്സാഹിപ്പിക്കുക.
13. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രൈമറി സ്ക്കൂൾ കുട്ടികൾക്ക് പാലുല്പന്നങ്ങൾ സൗജന്യമായി നൽകാൻ പരിപാടി ആസൂത്രണം ചെയ്യുക.
14. ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവയുടെ സഹകരണത്തോടെ വിശദമായ ഒരു പഠനം നടത്തി മുഴുവൻ ഉത്പാദകർക്കും പ്രയോജനപ്പെടുന്ന വിധത്തിലും കന്നുകാലി വളർത്തലിന് ആവശ്യമായ വിഭവങ്ങൾ ലാഭകരമായി വിതരണം ചെയ്യാൻ കഴിയുന്ന വിധത്തിലും അവയുടെ പ്രവർത്തനങ്ങളെ വിപുലപ്പെടുത്തണം.

പ്രജനന സമ്പ്രദായങ്ങൾ

15. 750 പശുക്കൾക്ക് ഒരു കൃത്രിമ ബീജധാന കേന്ദ്രം എന്ന നിലയിൽ സ്ഥാപിക്കപ്പെടണം. വീട്ടുപടിക്കൽ കൃത്രിമ ബീജധാന സൗകര്യം ലഭ്യമാക്കുക എന്നതായിരിക്കണം അന്തിമ ലക്ഷ്യം. പ്രോവൺ ബുൾ സെമന്റെ ഉപയോഗം. EMBRYO TRANSFER TECHNOLOGY- വ്യാപകമാക്കൽ തുടങ്ങിയ കാര്യങ്ങളിൽ സത്വര ശ്രദ്ധ പതിയ്ക്കേണ്ടിയിരിക്കുന്നു.
16. കാളയെ ചേർക്കുന്ന പദ്ധതി ഒരു പൂരക നടപടി ആയി വേണം എടുക്കാൻ. എന്നാൽ അത്തരം കാളകൾ പ്രജനന നിലവാരമുള്ളതും ഗുഹ്യരോഗങ്ങൾ ഇല്ലാത്തതും ആണെന്ന് ഉറപ്പ് വരുത്തണം.
17. കന്നുകുട്ടി പരിപാലനത്തിനും വറ്റുകാലത്തീറ്റയും വേണ്ടത്ര സഹായ ധനവും വായ്പയും ലഭ്യമാക്കണം.

ബന്ധപ്പെട്ട വകുപ്പുകൾ

18. സർക്കാർ മൃഗ ചികിത്സാ സേവനം കർഷകന്റെ വീട്ടുപടിക്കൽ ന്യായമായ ചെലവിൽ വിളിച്ചാലുടൻ എത്തണം ഇതിന് മൃഗാശുപത്രിയിൽ ഫോൺ സൗകര്യവും വാഹന സൗകര്യവും ഏർപ്പെടുത്തുക.
19. വിരയ്ക്കെതിരായ മരുന്നുകളും മറ്റു ചെലവേറിയ മരുന്നുകളും സൗജന്യ നിരക്കിൽ ലഭ്യമാക്കണം. മൃഗാശുപത്രികളിലും സബ് സെൻറുകളിലും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കണം. ജനകീയ വെറ്ററിനറി മെഡിസിൻ ബാങ്ക് വെറ്ററിനറി ഡിസ്പൻസറിയോട് ചേർന്ന് പ്രവർത്തിക്കുന്ന മൃഗസംരക്ഷണ സമിതിയുടെ മേൽനോട്ടത്തിൽ രൂപീകരിക്കണം.

20. കന്നുകാലികൾ മരണമടയുകയോ സ്ഥിരമായ അവശതയ്ക്കിടവരുകയോ, കറവ നിൽക്കുകയോ ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടം നികത്താനായി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കൂടുതൽ ഊർജ്ജിതപ്പെടുത്തുക.

21. ക്ഷീരവികസന വകുപ്പ് പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധയും പ്രവർത്തനവും ആവശ്യമാകയാൽ പഞ്ചായത്തുതലത്തിൽ ക്ഷീരവികസന യൂണിറ്റ് സ്ഥാപിക്കപ്പെടണം.

22. മൃഗാശുപത്രിയിലും സബ്സെൻറുകളിലും ജീവനക്കാരുടെ അപര്യാപ്തതയും. സ്വന്തമായ കെട്ടിടം, കിണർ, ട്രാവിസ്റ്റർ മറ്റടിസ്ഥാന സൗകര്യങ്ങളും ഇവ ഇല്ലാത്തതും പരിഹരിക്കപ്പെടണം.

23. മേഖലകളിൽ തിരിച്ച് വന്ധ്യതാനിവാരണ ക്യാമ്പ്, ഗോരക്ഷാക്യാമ്പ്, കാലിപ്രതിരോധ കുത്തിവയ്പ് ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക. ഇത്തരം ക്യാമ്പുകളിൽ സാങ്കേതിക വിദഗ്ധരെ പങ്കെടുപ്പിക്കുകയും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയും ചെയ്യുക.

സഹായ വ്യവസ്ഥ

24. ചെറുകിട കർഷകർക്ക് കറവമാടിനെ വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും മാതൃകാ ഡയറി യൂണിറ്റ് സ്ഥാകിക്കുന്നതിനും വായ്പയും സബ്സിഡിയും ലഭ്യമാക്കുക.

25. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുമ്പോൾ, ചെറുകിട കർഷകർക്ക് പ്രീമിയം സബ്സിഡി നൽകി സഹായിക്കണം.

26. പശുപരിപാലനത്തിൽ തുല്യത കൈവരുത്തുന്നതിന് പാവപ്പെട്ടവർക്ക് കാലിത്തീറ്റ, ഫോഡർ എന്നിവയ്ക്ക് സബ്സിഡി ഏർപ്പെടുത്തുക.

സ്ത്രീകളുടെ പങ്കാളിത്തം

27. കന്നുകാലി വളർത്തലിൽ സ്ത്രീകളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ് അതിനാൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടികൾ ഉണ്ടാവണം.

ഉദാ:- ക്ഷീര സഹകരണസംഘങ്ങളുടെ ഭരണ സമിതിയിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുക, മഹിളാസമാജങ്ങൾ വഴി പരിശീലന വ്യാപന പ്രവർത്തനങ്ങൾ നടത്തുക.

28. സ്ത്രീകൾക്ക് പാലുല്പന്ന നിർമ്മാണ പരിശീലനം നൽകുകയും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പയും സബ്സിഡിയും ലഭ്യമാക്കുകയും ചെയ്യുക.

വിജ്ഞാന വ്യാപന പരിപാടി

29. എല്ലാ തലത്തിലും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ തമ്മിൽ പരസ്പര സഹകരണവും ആശയ വിനിമയം നടത്തുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തണം കന്നുകാലി ക്ഷീരവികസന സംബന്ധമായ കാര്യങ്ങളിൽ സംയുക്ത ശില്പ ശാലകളും സെമിനാറുകളും നടത്തുക. ഈ മേഖലകളുമായി ബന്ധപ്പെട്ട പരിശീലന കേന്ദ്രങ്ങളിലേക്ക് കർഷകരെ എത്തിക്കുന്നതിനും ഈ കേന്ദ്രങ്ങളിൽ നിന്നും വിദഗ്ധരെ കൃഷിക്കാരുടെ ഇടയിലേക്ക് കൊണ്ടുവരുന്നതിനും പരിപാടികൾ ഉണ്ടാവണം. വിജ്ഞാന വ്യാപന മാർഗ്ഗങ്ങളുടെ ആധുനീക വത്കരണം അനിവാര്യമാണ്.

30. ബയോഗ്യാസ് ഉപയോഗപ്പെടുത്തുന്നതിന് ബോധവത്കരണവും ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനവും നൽകുക.

31. ശാസ്ത്രീയ കറവ പരിശീലന പരിപാടി നടപ്പിലാക്കികൊണ്ട് ഒരു വാർഡിൽ നാലുപേർക്ക് ഭോഗിക തൊഴിൽ നൽകുന്നതിന് പദ്ധതി രൂപീകരിക്കണം. സ്ത്രീകൾക്ക് ഈ രംഗത്ത് മുൻഗണ നൽകാവുന്നതാണ്.

ആടുവളർത്തൽ

1. ശാസ്ത്രീയമായി ആടുവളർത്തുന്നതിനുള്ള പരിശീലന പരിപാടി വ്യാപിപ്പിക്കുക,
2. ഗുണമേന്മയുള്ള ആടുകളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.
3. വാർഡുതലത്തിൽ മുട്ടനാട് യൂണിറ്റ് സ്ഥാപിച്ച് പ്രജനനം നടപ്പിലാക്കുക.
4. രോഗ പ്രതിരോധ നിവാരണ മാർഗ്ഗങ്ങൾ ശക്തമാക്കുക.
5. ആട്ടിറച്ചി വിപണന സൗകര്യം മെച്ചപ്പെടുത്തുക.

കോഴിവളർത്തൽ

1. തൊഴിൽ രഹിതരായ ആളുകൾക്ക് 250 ബ്രോയിലർ കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക.
2. അടുക്കളമുറ്റത്തെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.
3. കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉദ്പാദനം വിപണനത്തിൽ കൂടുതൽ നേട്ടം ഉണ്ടാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.
4. ബ്രോയിലർ ഫാം ഉടമകൾ, തൊഴിൽ രഹിതരായ യുവതികൾ എന്നിവർക്ക് രോഗപ്രതിരോധ നിവാരണ കാര്യങ്ങളിൽ പരിശീലനം കൊടുത്തുകൊണ്ട് സാധാരണ രോഗങ്ങളെ തടയുന്നതിനുള്ള പരിപാടി ഉണ്ടാവണം.
5. മെച്ചമേറിയ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് ബ്ലോക്കു തലത്തിൽ ഹാച്ചറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
6. പഞ്ചായത്ത്തലത്തിൽ ഒരു എഗ്ഗർ നഴ്സറി സ്ഥാപിക്കപ്പെടണം.
7. വിരയിളക്കുന്നതിനുള്ള മരുന്ന്, വാക്സിനുകൾ എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യപ്പെടണം.
8. കോഴിയിറച്ചി, മുട്ട എന്നിവയുടെ വിപണി വികസിപ്പിക്കുന്നതിന് പ്രാദേശികമായി പദ്ധതി ആസൂത്രണം ചെയ്യുകയും മെച്ചപ്പെട്ട വിപണന സൗകര്യത്തിന് സംസ്ഥാന തലത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുക.
8. കല്ലടയാറിന്റെ തീരപ്രദേശങ്ങളിലും ഇഷ്ടിക കമ്പനിക്ക് ചെളിയെടുത്തുണ്ടായ കുളങ്ങളുള്ള പ്രദേശങ്ങളിലും താറാവു വളർത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

അനുബന്ധ പദ്ധതികൾ

മാംസോദ്പാദനം

1. ആട്, കാളക്കുട്ടി, മുയൽ, പന്നി എന്നിവയെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ശുദ്ധവും മേന്മയേറിയതുമായ മാംസം ലഭ്യമാക്കുന്നതിനും ഉതകുമാറ് ഒരു ശാസ്ത്രീയ അറവുശാലയും എല്ല്, തുകൽ എന്നിവ സംസ്കരിക്കുന്നതിന് പ്രത്യേകം യൂണിറ്റുകളും സ്ഥാപിക്കാവുന്നതാണ്.
2. അനധികൃത അറവുശാലകൾ പൂർണ്ണമായും നിർത്തലാക്കുക.
3. മുൻപിൻ മാംസ പരിശോധന നിർബന്ധമാക്കുക.
4. ജില്ലാതലത്തിൽ ആധുനിക പാർപിലാത്ത സ്ഥലത്ത് എല്ല്, തുകൽ എന്നിവ സംസ്കരിക്കുന്നതിന് പദ്ധതി രൂപപ്പെടുത്തുക.

പേവിഷ നിർമ്മാർജ്ജന പരിപാടി


1. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള സ്ഥിരം പരിപാടി.
2. നിർബന്ധിത ലൈസൻസിങ്ങ് ഏർപ്പെടുത്തുക.
3. പ്രതിരോധ കുത്തിവയ്പു മരുന്നുകൾ സബ്സിഡി നിരക്കിൽ മൃഗാശുപത്രി വഴി വിതരണം ചെയ്യുക.
4. നായകടി ഏൽക്കുന്ന ആളിന് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് പരിപാടി ഉണ്ടാക്കുക.
5. ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

മത്സ്യകൃഷിവികസനം

1. ഇഷ്ടിക കമ്പനിക്ക് ചെളിയെടുത്തത് മൂലം ചെറുപൊയ്ക, താഴ്ന്ന ഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള വിശാലവും, എല്ലാക്കാലത്തും ജലം ലഭിക്കുന്നതുമായ കുളങ്ങളെ മൽസ്യകൃഷിക്ക് ഉപയോഗപ്പെടുത്തുന്നതിനും അതിനോടനുബന്ധിച്ച് ഇറച്ചിക്കോഴികളെയോ താറാവിനെയോ വളർത്തുന്നതിനും പദ്ധതിയുണ്ടാകേണ്ടതാണ്.

കർഷകർക്ക് അംഗീകാരം

പഞ്ചായത്ത് തലത്തിൽ ഓരോ മേഖലയിലും പ്രവർത്തിക്കുന്ന മികച്ച കർഷകരെ തെരഞ്ഞെടുത്ത് അംഗീകരിക്കുന്നതിനും ആദരിക്കുന്നതിനും പരിപാടികൾ ഉണ്ടാവുന്നത് അതാതു മേഖലകളുടെ പ്രോത്സാഹനത്തിനുപകരിക്കുന്നതാണ്.



5.3 വ്യവസായം

ഗ്രാമത്തിന്റെ വ്യവസായ പുരോഗതി വിലയിരുത്തുന്നത് ആ പ്രദേശത്തെ കാർഷിക വ്യാവസായിക പുരോഗതിയെ വിലയിരുത്തുന്നതിലൂടെയാണ്. ഉയർന്ന ജനസാന്ദ്രതയും, കാർഷിക മേഖലയിലെ തൊഴിൽ സാദ്ധ്യതയുടെ പരിമിതിയും, പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും, വ്യവസായ വത്കരണത്തിന് പ്രാധാന്യം നൽകുന്നു. പഞ്ചായത്തിലെ ആദ്യവ്യവസായങ്ങളെ എന്ന രീതിയിൽ പരിഗണിക്കാവുന്ന പരമ്പരാഗത വ്യവസായങ്ങളും കൈത്തറിയുമാണ്. 'കൈത്തറി നെയ്ത്ത്' മുൻ കാലത്ത് ഒരു സമുദായത്തിന്റെ തൊഴിൽ എന്ന രീതിയിൽ നടന്നു വന്നിരുന്നു. മിക്ക വീടുകളിലും, കുഴിത്തറിയും മേൽത്തറിയും ഉണ്ടായിരുന്നു.

കശുവണ്ടി വ്യവസായത്തിന്റെ വരവോടെ പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായ യൂണിറ്റുകളായി കശുവണ്ടി മാറിയിരിക്കുന്നു. കശുവണ്ടി വ്യവസായം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലാളികളെ പ്രവർത്തിക്കുന്നത് ഇഷ്ടിക വ്യവസായത്തിലാണ്. കൂടാതെ ഖാദി, ഈർച്ചമിൽ, ബീഡി, കൊപ്ര സംസ്കരണം, എഞ്ചിനീയറിംഗ്, ഫർണിച്ചർ, ഗാർമെൻസ് പാറ പൊട്ടിക്കൽ തുടങ്ങി ചെറുവ്യവസായങ്ങളും നിലനിൽക്കുന്നു. ആധുനിക വ്യവസായങ്ങളായ കേഷ്യ സംസ്കരണം, കൂൺ. തുകൽ മുതലായവ പഞ്ചായത്തിൽ കൂടുതൽ പ്രചാരം നേടിയിട്ടില്ല.

പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയുടെ പ്രധാന കാരണങ്ങളും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ് പ്പാസ്റ്റിക്കിന്റെ കടന്നു കയറ്റം കുത്തകകളുടെ വിപണിയിലെ ഇടപെടൽ ഉല്പന്നങ്ങളുടെ വിലയിടിവ് പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് ഇവയൊക്കെയാണ്. പ്രത്യേകതകളും പരിശോധിക്കുകയാണെങ്കിൽ ഏറെസാദ്ധ്യതകളും ഈ വ്യവസായത്തിന് ഇവിടെ ഉണ്ട്.

കൈത്തറി

പഞ്ചായത്തിൽ വളരെ പ്രാമുഖ്യമുണ്ടായിരുന്ന കൈത്തറി വ്യവസായം ഇന്ന് പൂർണ്ണമായും തകർന്ന നിലയിലാണ്. കൈത്തറി വ്യവസായത്തിന്റെ സഹകരണ വത്കരണത്തോടുകൂടി കണ്ണൂർ-തിരുവനന്തപുരം ജില്ലകളിൽ പുരോഗതി ഉണ്ടായപ്പോഴും വീടുകളിൽ തറി പ്രവർത്തിപ്പിച്ച് നിലനിന്നിരുന്ന പഞ്ചായത്തിലെ ഉൽപാദകർക്ക് പ്രോത്സാഹനമോ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയോ ഉറപ്പുവരുത്തിയിരുന്നില്ല. പവിത്രേശ്വരം പഞ്ചായത്തിൽ 2 കൈത്തറി സഹകരണ സംഘങ്ങളും മാത്രമാണ് ഉണ്ടായത്. ആരംഭിച്ച സൊസൈറ്റികളിലും ഉൽപാദനം കേന്ദ്രീകരി

ക്കപ്പെടുകയാണുണ്ടായത്. സംഘം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ചിലവുകൾ ഉൽപന്നങ്ങളുടെ ഗുണമേന്മയില്ലായ്മ പ്രാദേശിക വിപണന സൗകര്യമില്ലായ്മ ഇവയൊക്കെ പഞ്ചായത്തിലെ കൈത്തറി വ്യവസായത്തിന് പ്രതിസന്ധിയായി.

കശുവണ്ടി

കശുവണ്ടി വ്യവസായമാണ് പവിത്രേശ്വരം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇന്ന് നിലനിൽക്കുന്ന പ്രധാന വ്യവസായം കശുവണ്ടി വ്യവസായത്തെ പരമ്പരാഗത വ്യവസായമായാണ് പലരും ചിത്രീകരിച്ചിട്ടുള്ളത്. പക്ഷേ ഈ വ്യവസായത്തിന്റെ ചരിത്രം പരിശോധിച്ചാൽ അറിയുവാൻ കഴിയുന്നത് ഇതിൽ പരമ്പരാഗതമായി ഒന്നുമില്ല എന്നാണ്. കൊളോണിയൻ ഭരണകാലത്ത് വിദേശ-തീരദേശ കച്ചവട കമ്പനികളുടെ വളർച്ചയുടെ ഭാഗമായാണ് ഈ വ്യവസായം വളർന്നത്. പോർച്ചുഗീസുകാരാണ് ഇന്ത്യയിൽ കശുമാവ് ആദ്യമായി കൊണ്ടുവന്നത്. പിയേഴ്സ്, ലെസ്ലിപോലുള്ള വിദേശ. തീരദേശ കച്ചവട കമ്പനികളാണ് വൻതോതിലുള്ള കച്ചവട സംസ്കരണത്തിന് തുടക്കമിട്ടത്. 1925 ന് മുൻപുവരെ തൊഴിലാളികളുടെ വീടുകളിൽ സംസ്കരിച്ചെടുത്ത പരിപ്പ് വാങ്ങി അയയ്ക്കുകയായിരുന്നു പതിവ്. 1925 നുശേഷം അമേരിക്കൻ മാർക്കറ്റിൽ കശുവണ്ടി പരിപ്പിന് വിപണി ലഭിച്ചതോടുകൂടി ഇവർ ഒരു ഫാക്ടറി സ്ഥാപിച്ചു. മുപ്പതുകളുടെ തുടക്കത്തിൽ ഡ്രം റോസ്റ്റിംഗ് നിലവിൽ വരുകയും കുറേക്കൂടി വിപുലമായ ഫാക്ടറികൾ ഉണ്ടാവുകയും ചെയ്തു. ഈ ഫാക്ടറികളിൽ മിക്കവയും കേന്ദ്രീകരിച്ചത് കൊല്ലത്തായിരുന്നു. എന്തുകൊണ്ട് കൊല്ലത്തുമാത്രമായി ഈ വ്യവസായം കേന്ദ്രീകൃതമായത്? തോട്ടണ്ടി ഉല്പാദനം കൂടുതലും മലബാർ പ്രദേശത്താണ് എന്നു കാണുമ്പോൾ വിദേശ വിപണിയെക്കുറിച്ചുള്ള അറിവും, വിദേശ കച്ചവട കമ്പനികളുമായുള്ള ബന്ധവും ഉണ്ടായിരുന്നതാകാം, ഏജൻറുമാർ കൊല്ലത്തായിരുന്നതിനു കാരണം. കൊല്ലം കേന്ദ്രീകരിച്ച് വളർന്ന ഈ വ്യവസായം, ഇന്ത്യയിലെ എന്നല്ല ലോകത്തിലെ തന്നെ കശുവണ്ടി കയറ്റുമതിയുടെ 90% കൈയടക്കിയിരുന്നു. ഇന്ത്യയിലിപ്പോഴും കൊല്ലത്തും, കന്യാകുമാരിയിലുമാണ് ഈ വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത്. കൊല്ലത്തുനിന്നുള്ളമുതലാളിമാർ തന്നെയാണ് കന്യാകുമാരിയിലെ മിക്ക ഫാക്ടറികളുടെയും ഉടമകളും.

കൊല്ലംജില്ല പരിശോധിക്കുമ്പോൾ ഫാക്ടറികളുടെ എണ്ണത്തിന്റെ കാര്യത്തിൽ കിളികൊല്ലൂർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികളും പ്രവർത്തിക്കുന്നത് പുത്തൂർ മേഖലയിലാണ്. കായിക ശേഷിയേക്കാളും ഉപരി സൂക്ഷ്മതയും കൈ വേഗതയുമുള്ള തൊഴിലാളികളെ സംസ്കരണ പ്രക്രിയയ്ക്ക് ആവശ്യമാണ്. കുറഞ്ഞ കൂലി കൊടുത്താൽ മതിയാകുന്ന സ്ത്രീകളാണ് ഇന്ന് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്.

ഇന്ന് കശുവണ്ടി വ്യവസായം വൻ പ്രതിസന്ധി നേരിടുകയാണ്. ഇതിന്റെ പ്രധാന കാരണം ആവശ്യത്തിന് തോട്ടണ്ടി ലഭ്യമല്ല എന്നതാണ് കൂടാതെ ഈ രംഗത്ത് തൊഴിൽ ദിനങ്ങളും കുറഞ്ഞുകൊണ്ടിരിക്കുന്നു. മിനിമം വേതനവും, മറ്റാനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കാറില്ല. കേരളത്തിൽ സംസ്കരിക്കേണ്ട തോട്ടണ്ടിയുടെ പകുതിയോളം അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നു. കശുവണ്ടി സംസ്കരണ വ്യവസായം മറ്റ് പല പരമ്പരാഗത വ്യവസായങ്ങളേക്കാളും ലാഭകരമായിട്ടും, വ്യവസായ വൽക്കരണത്തിനു മുൻകൈ എടുക്കാത്തത് കച്ചവട മുതലാളിത്ത മനോഭാവമാണ്.

പുരുഷൻമാർക്ക് ദിവസക്കൂലിയും, മാസക്കൂലിയും കിട്ടുമ്പോൾ ഭൂരിഭാഗം വരുന്ന സ്ത്രീ തൊഴിലാളികൾക്ക് പീസ് റേറ്റ് ആണ് ഇന്നും നിലനിൽക്കുന്നത്. സ്വകാര്യ മുതലാളിമാരുടെ ഈ രംഗത്തുള്ള ചൂഷണം വളരെ വലുതാണ്. വളരെ കയറ്റുമതി സാധ്യതകൾ നിലനിൽക്കുന്ന വ്യവസായ രംഗങ്ങളിൽ ഒരു പക്ഷേ കശുവണ്ടിമേഖലയിലെതൊഴിലാളികൾമാത്രമായിരിക്കും, ഇത്രയും ചൂഷണം അനുഭവിക്കുന്നത്. കേരളത്തിൽ കശുവണ്ടി വ്യവസായം പിടിച്ചു നിർത്തുവാൻ കഴിഞ്ഞില്ലെങ്കിൽ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കേണ്ടി വരുന്ന ഒരു പഞ്ചായത്തായിരിക്കും പവിത്രേശ്വരം.

ഇഷ്ടിക-ഓട്

പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വ്യവസായങ്ങളിൽ രണ്ടാം സ്ഥാനം നൽകാൻ കഴിയുന്ന ഇഷ്ടിക-ഓട് വ്യവസായം ഇന്ന് കുറേ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ആധുനിക സമൂഹത്തിന് അവശ്യഘടകമായി

രിക്കുന്ന ഇഷ്ടികയുടെ ഉല്പാദനവും വരും കാലങ്ങളിൽ പ്രതിസന്ധിയിലേക്ക് നീങ്ങുവാനാണ് സാധ്യത ഈ വ്യവസായത്തിനാവശ്യമായ മെളിയുടെ ലഭ്യത കുറഞ്ഞുവരുന്നതാണ് ഇതിനു കാരണം. അനിയന്ത്രിതമായ മെളി എടുപ്പ് കർഷകരിൽ അസംതൃപ്തി ഉളവാക്കിക്കൊണ്ടിരിക്കുന്നു പഞ്ചായത്തിലെ 37 ഫാക്ടറികളിലായി 1100_ ഓളം പേർ പണിയെടുക്കുന്നു. ഈ മേഖല, നടപ്പു പരിപാടികളിലും, സാങ്കേതിക വിദ്യയിലും ചില മാറ്റങ്ങളും വരുത്തുകയാണെങ്കിൽ വളരെ സാധ്യത ഉള്ളതാണ്.

മറ്റ് ചെറുകിട വ്യവസായങ്ങൾ

പവിത്രേശ്വരം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം, ചെറുകിടവ്യവസായ രംഗത്ത് യാതൊരു പുരോഗമനവും ഇതുവരെ ഉണ്ടായിട്ടില്ല. ചെറുകിട വ്യവസായ രംഗത്ത് ഒന്നു രണ്ട് യൂണിറ്റുകളൊഴിച്ചാൽ കാര്യമായി പ്രവർത്തിക്കുന്ന യൂണിറ്റുകളും ഒന്നും തന്നെ ഇല്ലായെന്നതാണ് വാസ്തവം. ധാരാളം സാധ്യതകളുള്ള ചെറുകിട വ്യവസായ രംഗത്തേക്ക് പഞ്ചായത്തിലെ ചെറുപ്പക്കാരെ ആകർഷിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ ഓരോ രംഗത്തുള്ള തൊഴിലാളികളുടെ എണ്ണം പട്ടിക 1_ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5_3 (1)

ചെറുകിട വ്യവസായ യൂണിറ്റുകളും സംബന്ധിച്ച വിവരം

വ്യവസായത്തിന്റെ തരം	തൊഴിലാളികളുടെ എണ്ണം			മൊത്തം യൂണിറ്റുകളും	മൊത്തം തൊഴിലാളികളും
	20 ൽ കുറവ്	20-50	50 നു മേൽ		
സാമിൽ	3	—	—	3	12
കേഷ്യവസ്തു സംസ്കരണം	5	—	—	5	14
എഞ്ചിനീയറിംഗ്	3	—	—	3	9
ഗാർമെന്റ്സ്	3	—	—	3	27
ഖാദി	2	—	—	2	9
ഫർണീച്ചർ	2	—	—	2	8
അച്ചടി	4	—	—	2	4
പർപ്പടകം		26	—	6	26
ആകെ	22			26	109

ഖാദിമേഖല

വെട്ടിക്കവല ഖാദി സൊസൈറ്റിയുടെ ഭാഗമായി പവിത്രേശ്വരം പഞ്ചായത്തിൽ ചെറുമങ്ങാട്ടും, പവിത്രേശ്വരത്തും ഓരോ ഖാദി സെന്ററുകളും 1958 മുതൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനം വേണ്ടത്ര പുരോഗതി ഇല്ലായിരുന്നു. സ്വന്തമായി സ്ഥലവും 70 തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള ഷർക്കയും, തറിയും, മറ്റുപകരണങ്ങളും മേൽപറഞ്ഞ രണ്ടുകേന്ദ്രങ്ങളിലായിന്നുണ്ട്. ഈ രണ്ട് കേന്ദ്രങ്ങളും ഇന്ന് നാമമാത്രമായി നടന്നു വരുന്നു. ഇന്നിവിടെ 9 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഈ സ്ഥാപനംപുന:രുദ്ധരിച്ച് 7 0 തൊഴിലാളികൾക്ക് തൊഴിൽ സാധ്യതയുണ്ടാക്കാൻ കഴിയുന്നതാണ്.

പട്ടിക 5_3 (2)

വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരം

വിഭാഗം	തൊഴിലാളികളുടെ എണ്ണം	ശതമാനം
കശുവണ്ടി	4233	
കൈത്തറി	22	
ഇഷ്ടിക. ഓട്	1100	
ബീഡി	113	
തടി	63	
റിപ്പയർ ഷോപ്പുകളും	84	
തുണി	140	
മറ്റ് പരമ്പരാഗതവ്യവസായങ്ങളും	309	
നാളികേരം (കൊപ്രസംസ്കരണം)	48	
ആകെ	5112	

പട്ടിക 5_3 (3)

കശുവണ്ടി തൊഴിലാളികളുടെ വിവരം

ഫാക്ടറിയുടെ പേര്	ആകെ തൊഴിലാളികളും	മറ്റ് സ്ത്രീകളും
1. സെൻറ്ജോർജ്കാഷ്യൂ ഫാക്ടറി കരിമ്പിൻപുഴ	788	26
2. ബിസ്മില്ല ക്യാഷ്യൂ ഫാക്ടറി മാറനാട്	603	25
3. രാജൻ ക്യാഷ്യൂഫാക്ടറി മാറനാട്	374	21
4. മുംതാസ് ,, പഴയചിറ	263	5
5. M. V. R. ക്യാഷ്യൂഇൻഡസ്ട്രിസ് ആലയ്ക്കൽ	1210	21
6. ഗ്യാലക്സ്ക്യാഷ്യൂഫാക്ടറി എസ്. എൻ. പുരം	211	5
7. K. S. C. D. C. പാങ്ങോട്	400	25
8. മഹാവിഷ്ണുക്യാഷ്യൂഫാക്ടറി ഇടവട്ടം	250	6
ആകെ ഫാക്ടറികളും	4099	134

പട്ടിക 5_3 (4) മറ്റ് വ്യവസായ മേഖലകളിൽ പണി എടുക്കുന്നവർ

	ഖനനം	കുടിൽ വ്യവസായം	ഗൃഹേതര കുടിൽ വ്യവസായം	നിർമ്മാണ തൊഴിലാളികൾ	മറ്റ്മേഖലകളും	ഭാഗികമായി തൊഴിൽ ചെയ്യുന്നവർ
പുരുഷൻ	121	31	518	127	694	1108
സ്ത്രീ	52	11	344	11	408	1456
ആകെ	173	42	862	138	1102	2564

കണക്കുകൾ സൂചിപ്പിക്കുന്നത് പഞ്ചായത്തിൽ പ്രധാന വ്യവസായ രംഗങ്ങളിൽ 5112 ഉം ചെറുകിട വ്യവസായ രംഗങ്ങളിൽ 109 ഉം തൊഴിലാളികൾ ജോലിയെടുക്കുന്നു. 2564 പേർ ഭാഗികമായി തൊഴിൽ ചെയ്യുന്നവരും 18,664 പേർ തൊഴിൽ രഹിതരുമാണ്.

പ്രശ്നങ്ങൾ

1. കൈത്തറി, ഖാദി, ഇഷ്ടിക നിർമ്മാണം തുടങ്ങിയ മേഖലകളിൽ തൊഴിലാളികൾക്ക് വളരെ കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്.
2. സഹകരണ മേഖലയിലെ നെയ്ത്ത് വ്യവസായം ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നൂലിന്റെ ലഭ്യതക്കുറവ്, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയില്ലായ്മ, മാനേജ്മെന്റിന്റെ പിടിപ്പു കേട്, ആധുനിക വിപണന തന്ത്രങ്ങളുപയോഗിച്ചുള്ള വിപണന സംവിധാനത്തിന്റെ അപര്യാപ്തത, പുതിയ തരം ഡിസൈനുകൾ നൽകുന്നതിനാവശ്യമായ പ്രഗത്ഭരുടെ അപര്യാപ്തത ഇവയൊക്കെയാണ് ഈ വ്യവസായം നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന് കാരണം.
3. പരമ്പരാഗത വ്യവസായ രംഗത്ത് പുതിയ ഉൽപ്പാദന രീതികൾ അവലംബിക്കാത്തതാണ് പ്രധാന പ്രശ്നം. പുതിയ തരം കരകൗശല വസ്തുക്കൾ നിർമ്മിക്കുക, പഴയ ഉത്പന്നങ്ങൾക്ക് പുതിയ ഡിസൈനുകൾ നൽകുക തുടങ്ങിയ മേഖലകളിൽ പരിശീലനം നേടിയ തൊഴിലാളികളുടെ അപര്യാപ്തത തുടങ്ങിയ പ്രശ്നങ്ങളും നിലനിൽക്കുന്നു.
4. തോട്ടണ്ടിയുടെ ലഭ്യതയില്ലായ്മ മൂലം പല ഫാക്ടറികളും ഇന്ന് അടഞ്ഞുകിടക്കുകയാണ്.
5. ധാരാളം പുതിയ ഫാക്ടറികൾ അനുവദിക്കുന്നതു മൂലം പഴയ ഫാക്ടറികളുടെ പ്രവർത്തനം നിലച്ചിരിക്കുന്നു. ഇതുമൂലം ഏറ്റവും കൂടുതൽ ചൂഷണം അനുഭവിക്കുന്നത് തൊഴിലാളികളാണ്. ഉദാരവത്കരണത്തിന്റെഭാഗമായി ധാരാളം പുതിയ ഫാക്ടറികൾക്ക് ലൈസൻസ് നൽകുന്നു. പുതിയ ഫാക്ടറികൾ തൊഴിലാളികൾക്ക് പ്രോവിഡൻറ് ഫണ്ട് ആനുകൂല്യം 5 വർഷത്തേക്ക് നൽകേണ്ടതില്ല. നിയമാനുസൃത കൂലി, ക്ഷേമനിധി, E S I ഒഴിവു ശമ്പളം ഇവയൊന്നുംതന്നെ നൽകാറില്ല തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ ചൂഷണമാണ്. കൂടാതെ 8 മണിമുതൽ 5 മണിവരെ ജോലി ചെയ്യിക്കുന്നതിനു പകരം രാവിലെ 7 മണി മുതൽ വൈകിട്ട് 6 മണിവരെ ജോലിചെയ്യിക്കുന്നു. മുഴുവൻ തൊഴിൽ നിയമങ്ങളെയും ലംഘിച്ചുകൊണ്ടാണ് ഇത് നടക്കുന്നത്. ആനുകൂല്യങ്ങൾ നൽകി പ്രവർത്തിച്ചുവരുന്ന ഫാക്ടറികൾ തകർച്ചയിലേക്കും നീങ്ങുന്നു.
6. കാഷ്യൂ ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ വർഷത്തിൽ വളരെ കുറഞ്ഞ ദിവസങ്ങളിൽ മാത്രമാണ് ജോലിയുള്ളത്. ഈ ഫാക്ടറികളുടെ തകർച്ചയ്ക്ക് മാനേജ്മെൻറിന്റെ പിടിപ്പുകേട് ഒരു പ്രധാന കാരണമാണ്. 1000 പേർ ജോലി ചെയ്യേണ്ട ഫാക്ടറികളിൽ 350 പേരുണ്ട് ഇന്ന് ജോലി ചെയ്യുന്നത്. 1000 തൊഴിലാളികളുടേയും, 350 തൊഴിലാളികളുടേയും, ഫാക്ടറിയുടെ പ്രവർത്തനചെലവ് ഒന്നാണ്. ഈ പ്രശ്നം ഫാക്ടറി നഷ്ടത്തിലാകാൻ കാരണമാകുന്നു.
7. തോട്ടണ്ടിയുടെ ശേഖരണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിന് പുതിയ സംവിധാനങ്ങൾ ആലോചിക്കേണ്ടതുണ്ട്.

8. തൊഴിലാളികളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മയാണ് ഈ രംഗത്ത് ചൂഷണം വർദ്ധിക്കുന്നതിന് കാരണം. ട്രേഡ് യൂണിയനുകൾക്ക് ഒരു പരിധി വരെ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയും. ആസ്മ, ക്ഷയം തുടങ്ങിയ രോഗങ്ങൾ തൊഴിലാളികളുടെ ഇടയിൽ വ്യാപകമായി കാണുന്നു ഇത് തടയുന്നതിനാവശ്യമായ നടപടികൾ മാനേജ്മെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകാറില്ല. യൂണിഫോം നൽകുന്നതിനോ, വൃത്തിയായി പ്രോസസിംഗ് നടത്തുന്നതിനുള്ള സംവിധാനങ്ങളോ ഇല്ല.

9. ഇഷ്ടിക തൊഴിലാളികളുടെ രംഗത്തും വൻ ചൂഷണമാണ് നിലനിൽക്കുന്നത്, ഏകീകൃതമായ വേതന വ്യവസ്ഥ ഇന്നില്ല.

10. ചെളിയുടേയും. വിറകിന്റെയും അപര്യാപ്തതയും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളും ഈ വ്യവസായത്തിന് ഭീഷണിയാകുന്നു.

11. പല ചെറുകിട വ്യവസായങ്ങൾക്കും ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും പഞ്ചായത്തിൽ ധാരാളമായുണ്ടെങ്കിലും ചെറുപ്പക്കാരിൽ താൽപര്യമുളവാക്കി ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ കഴിയുന്നില്ല.

12. ചെറുകിട വ്യവസായങ്ങളുടെ രംഗത്ത് ചെറുപ്പക്കാരുടെ കൂട്ടായ്മ വളരെ കുറവാണ്.

13. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുവാനുള്ള സാധ്യതക്കുറവ്.

14. ഫർണിച്ചർ നിർമ്മാണ രംഗത്ത് വിദഗ്ധരായ തൊഴിലാളികളെ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

15. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

16. കാർഷികോല്പന്നങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

17. സ്വകാര്യ വ്യവസായരംഗത്ത് പണം മുടക്കാനുള്ള ആളുകളുടെ താല്പര്യമില്ലായ്മ.

18. ബാങ്കുകളുടെ സമീപനത്തിലുള്ള സുതാര്യതയില്ലായ്മ.

19. മാർക്കറ്റിംഗ് സൗകര്യത്തെക്കുറിച്ചുള്ള ബോധമില്ലായ്മ.

20. വനിതാ വ്യവസായ യൂണിറ്റുകളും വളരെ കുറവാണ്.

21. ഇലക്ട്രോണിക്സ് രംഗത്ത് ധാരാളം സാദ്ധ്യതകളുണ്ടായിട്ടും ചെറുപ്പക്കാർ മുന്നോട്ട് വരുന്നില്ല.

22. വൈദ്യുതിയുടെ അപര്യാപ്തത നിലവിലുള്ള വ്യവസായങ്ങൾക്കുപോലും പ്രതിസന്ധി സൃഷ്ടിക്കുന്നു.

23. മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾക്ക് സാധ്യത ഉണ്ടെങ്കിലും ഇതുവരെ തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടില്ല.

പൊതു പരിഹാര നിർദ്ദേശങ്ങൾ

1. ഖാദി, കൈത്തറി, മറ്റ് പരമ്പരാഗത വ്യവസായ രംഗങ്ങളിൽ ഏകീകൃത കൂലി സമ്പ്രദായം നടപ്പിലാക്കണം.

2. ബീഡി, കൈത്തറി, ഈറ, നെയ്ത്ത് തുടങ്ങിയ വ്യവസായങ്ങളെ പൂർണ്ണമായും സഹകരണാടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കുക.

3. കൈത്തറി, പരമ്പരാഗത വ്യവസായം. തുടങ്ങിയ രംഗങ്ങളിൽ, ആധുനിക സാങ്കേതിക വിദ്യ പരിചയപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം.

4. കുത്തക സംഭരണത്തിലൂടെയും, കശുമാവ് കൃഷി വികസനത്തിലൂടെയും കശുവണ്ടിയുടെ ശേഖരം വർദ്ധിപ്പിക്കുവാനുള്ള പരിപാടികൾ ആവിഷ്കരിക്കണം.

5. തോട്ടണ്ടിയ്ക്ക്, കശുവണ്ടിപ്പരിപ്പിന്റെ വില വർദ്ധനവിന് ആനുപാതികമായെങ്കിലും വില കിട്ടുവാനുള്ള സാഹചര്യമുണ്ടാക്കുക.

6. മുക്കിനും, മൂലയിലും കശുവണ്ടി ഫാക്ടറികൾ വളർന്നു വരുന്നതിനു പകരം, ഈ വ്യവസായത്തിന്റെ കപ്പാസിറ്റി നിശ്ചയിച്ച് നിലവിലുള്ള ഫാക്ടറികളുടെ പ്രവർത്തന ശൈലിയും, ഉൽപ്പാദന ക്ഷമതയും, പരിപ്പിന്റെ ഗുണ നിലവാരവും നിലനിർത്തുക.

7. കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ഭദ്രതയും അർഹമായ വേതനവും, മറ്റാനുല്യകൂങ്ങളും ഉറപ്പുവരുത്താൻ കഴിയണം.

8. ഇഷ്ടിക നിർമ്മാണരംഗത്ത് ഏകീകൃത വേതന രീതികൾ നടപ്പിലാക്കുവാൻ കഴിയണം.

9. ഒരു ഇഷ്ടികയ്ക്ക് ഇപ്പോൾ ഉപയോഗിക്കുന്ന ചെളിയുടെ അളവു കുറച്ച് മറ്റ് ഉപയോ

ശൂന്യ വസ്തുക്കളോ, മറ്റോ ഉപയോഗിച്ച് പുതിയ സാങ്കേതിക വിദ്യ അവലംബിക്കുന്നതോടെ, വെളിയുടെ ഉപഭോഗം കുറയ്ക്കുവാൻ കഴിയും.

10. വനിതകൾക്കാവശ്യമായ സാങ്കേതിക പരിശീലനം നൽകുക.

11. കാർഷിക ഉല്പന്നങ്ങളുപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾക്ക് പഞ്ചായത്തിലെ സാധ്യതകളെ പറ്റി പഠിക്കുക.

12 സിമൻറ് കൊണ്ട് വാതിൽ, കട്ടിള, ജന്നൽ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള വ്യവസായങ്ങൾക്ക്വളരെ സാധ്യതയുള്ളതിനാൽ പ്രോൽസാഹനം നൽകുക.

13. വനിതകൾക്കായി ഇലക്ട്രോണിക്സ്, ഗാർമെൻറ്സ്, ബുക്ക് ബയൻറിംഗ്, അച്ചാർ, പാലുല്പന്നങ്ങൾ, വസ്ത്ര നിർമ്മാണം തുടങ്ങിയവ സംയോജിപ്പിച്ച് വനിതാ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

14. പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്തുവാൻ പുറമ്പോക്കിലും, തോടുകളുടെ അരുകിലും, കൈത ഈറ കൃഷികൾ പ്രോത്സാഹിപ്പിക്കുകയും ഏകീകൃതമായ വിപണിക്കുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുക.

15. പഞ്ചായത്തിൽ ഇഷ്ടിക നിർമ്മാണത്തിന് വെളി എടുത്തതിൻെറ ഭാഗമായി 200 റോളം ഏക്കർ സ്ഥലം കുഴിഞ്ഞ് വെള്ളക്കെട്ടായി കിടപ്പുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യ കൃഷിക്ക് സാദ്ധ്യതയുള്ളതിനാൽ ഇത് പ്രയോജനപ്പെടുത്തുവാൻ തയ്യാറായാൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

16. പഞ്ചായത്ത് പ്രദേശത്ത് കൈതക്കോട്, കിഴക്കേ മാറനാട്, ഭാഗങ്ങളിൽ വളരെയധികം അളവിൽ പാറ ഉള്ളതിനാൽ, പാറയെ കേന്ദ്രീകരിച്ച് പല വ്യവസായങ്ങൾക്കും സാധ്യത ഉണ്ട്. ധാരാളം പേർ ഈ രംഗത്ത് ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

17. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾക്കും ഏറെ സാധ്യതയുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 തൊഴിലാളികൾക്ക് സാങ്കേതിക പരിശീലനം ലഭ്യമാക്കുക.

2 നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുക.

3 റെഡീമെയ്ഡ് വ്യവസായം പ്രോത്സാഹിപ്പിക്കുക.

4 വ്യവസായമേഖലകളിൽ ആവശ്യമായ വൈദ്യുതി ലൈനുകൾ എത്തിക്കുക.

5 വ്യവസായസംരംഭകർക്ക് പരിശീലനം നൽകുന്നതിനായി ജില്ലാതല പരിശീലന കേന്ദ്രം ആരംഭിക്കുക.

6 വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ നിരക്കിലും, ലഘുജാമ്യ വ്യവസ്ഥയിലും വായ്പ ലഭ്യമാക്കുക.

7 ഗൾഫ് മലയാളികളുടെ പണം വ്യവസായ രംഗത്തേക്ക് കൊണ്ടുവരുവാൻ കഴിയണം.

8 വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.


9 ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിച്ച് വൈദ്യുതി ക്ഷാമം പരിഹരിക്കുക.

10 വ്യവസായ സംരംഭകർക്കുണ്ടാകുന്ന സാങ്കേതിക തടസങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുക.

പഞ്ചായത്തിൽ സാദ്ധ്യതയുള്ള വ്യവസായസംരംഭങ്ങൾ

1 നേന്ത്രക്കാ സംസ്കരണം
2 കോക്കനാട്ട് പ്രോസസിംഗ്
3 നാളികേരപ്പൊടി
4 കുരുമുളക്പൊടി
5 ഇറച്ചിസംസ്ക്കരണം
6 കശുവണ്ടി എണ്ണ
7 അവിൽ, പർപ്പിടക നിർമ്മാണം
8 കൂൺ കൃഷി
9 മുളക്-മല്ലിപ്പൊടി
10 റബ്ബർ വ്യവസായം
11 സോപ്പ് നിർമ്മാണം
12 തീപ്പെട്ടി-കർപ്പൂരം, മെഴുകുതിരി നിർമ്മാണം
13 ബുക്ക് നിർമ്മാണം
14 ഇലക്ട്രിക്കൽ ഉപകരണ നിർമ്മാണം
15 കരകൗശല വസ്തുക്കളുടെ നിർമ്മാണം

★



5.4 ഊർജ്ജം

1 സ്രോതസുകൾ, അന്തിമഉപയോഗം

ജനജീവിതത്തിന്റെ സമസ്ത മേഖലകളുമായി ഊർജ്ജം ബന്ധപ്പെട്ടിരിക്കുന്നു. കൽക്കരി, എണ്ണ, പ്രകൃതിവാതകം തുടങ്ങിയ വാണിജ്യ ഇന്ധനങ്ങളെ അപേക്ഷിച്ച് വിറക്, തെങ്ങുൽ പന്നങ്ങം കശുവണ്ടിത്തോട് തുടങ്ങിയ ജൈവദ്രവ്യങ്ങളാണ് വ്യാപകമായി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസുകം. ഗാർഹിക മേഖലയിൽ വെളിച്ചത്തിനും പമ്പിങ്ങിനും പ്രധാനമായി വൈദ്യുതിയെ ആണ് ആശ്രയിക്കുന്നത്. വെളിച്ചത്തിനുവേണ്ടി ചുരുക്കം ചില വീടുകളിൽ മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. പാചകാവശ്യങ്ങൾക്ക് വിറകാണ് പ്രധാനമായ ഇന്ധനം. പാചകവാതകം ഈ ഗ്രാമത്തിൽ ലഭ്യമാവാൻ തുടങ്ങിയത് എൺപതുകളുടെ ആദ്യപകുതിയോടെയാണ്. ഇപ്പോം 300 വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണയാണ് മറെറാരു ഗാർഹിക ഊർജ്ജ സ്രോതസ്. പുകയില്ലാത്ത പരിഷത്ത് അടുപ്പുകം 120 ഓളം കുടുംബങ്ങളിൽ ഉപയോഗിക്കുന്നുണ്ട്.

1957 ൽ നെടുംചാലിൽ പുഞ്ചയുടെ വികസനവുമായി (ലിഫ്റ്റ് ഇറിഗേഷൻ) ബന്ധപ്പെട്ടാണ് ഗ്രാമത്തിലാദ്യമായി വൈദ്യുതി കടന്നുവന്നത്. എന്നിട്ടും കൃഷിക്കാർ പരമ്പരാഗത ജലസേചന മാർഗ്ഗങ്ങം സ്വീകരിക്കുന്നത് കൊണ്ട് കാർഷിക മേഖലയിലെ ഊർജ്ജ ഉപയോഗം തീരെ കുറവാണ്. കാർഷിക വികസന റിപ്പോർട്ടിൽ പറയുന്ന ജലസേചന പദ്ധതികം നടപ്പിലാക്കിയാൽ ഈ രംഗത്തുള്ള ഊർജ്ജ ഉപയോഗവും തൻമൂലം ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സാധിക്കും.

നിലവിലുള്ള ലഭ്യമായ കണക്കുകം കാണിക്കുന്നത് ആകെയുള്ള 6173 വൈദ്യുതി ഉപഭോക്താക്കളിൽ 46 പേർ മാത്രമേ കാർഷികാവശ്യത്തിനുവേണ്ടി വൈദ്യുതി ഉപയോഗിക്കുന്നുള്ളു. എന്നാണ്. പട്ടിക 1 കാണുക.

ഗ്രാമത്തിന്റെ വികസനം കാർഷിക വ്യാവസായിക വികസനവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ഏതാണ്ട് കാലഹരണപ്പെട്ട പാരമ്പര്യ വ്യവസായങ്ങം കഴിഞ്ഞാൽ പുതുതായി ഉണ്ടായ വ്യവസായം ഇഷ്ടിക വ്യവസായമാണ്. ഇവയുടെ പ്രധാന ഊർജ്ജസ്രോതസ് വൈദ്യുതിയാണ്. ആകെയുള്ള ഉപഭോക്താക്കളുടെ എണ്ണത്തിന്റെ 1.3% (81 എണ്ണം) മാത്രമാണ് വ്യവസായ ആവശ്യത്തിനുള്ളത്. പട്ടിക 1 കാണുക. വാണിജ്യ മേഖലയിൽ പ്രധാനമായും ചെറുകിട ചില്ലറ വില്പനക്കാരുടേയും ഊർജ്ജസ്രോതസ് വൈദ്യുതിയാണ്. ചെറുകിട ഹോട്ടലുകളാണ് ഗ്രാമത്തിലെ വ്യാപാര സ്ഥാപനങ്ങളിൽ മറെറാരു വിഭാ

ഗം. പാചകത്തിന് പ്രധാനമായും വിറകിനെയാണ് ഇവർ ആശ്രയിക്കാറുള്ളത്. ബയോഗ്യാസ് പ്ലാൻറുകളും വളരെക്കുറച്ച് കുടുംബങ്ങളിൽ മാത്രമേ പാചകത്തിനായി ഉപയോഗിക്കുന്നുള്ളൂ.

2 ഊർജ്ജ സ്രോതസുകളുടെ ലഭ്യത

ഗാർഹികാവശ്യത്തിന് ഗ്രാമത്തിൽ പൊതുവെ ഉപയോഗിക്കുന്ന വിറക് അധികവും സ്വന്തം പുരയിടത്തിൽ നിന്നും കൃഷിയിടത്തിൽ നിന്നും ശേഖരിക്കുന്നതാണ്. പോരാത്തവിറക് ഈർച്ചമില്ലുകളിൽ നിന്നും വിലകൊടുത്ത് വാങ്ങുന്നു. പാചക വാതകത്തിന്റെയും മണ്ണെണ്ണയുടെയും ഉപയോഗം വർദ്ധിച്ചുവരുന്നുണ്ട്.

വൈദ്യുതിയാണ് ഗ്രാമത്തിലെ പ്രധാന ഊർജ്ജസ്രോതസ്. കൊട്ടാരക്കര, കുണ്ടറ, ശാസ്താംകോട്ട എന്നീ സബ്സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ ഗ്രാമത്തിലെ വിതരണത്തിന്റെ ചുമതല, വൈദ്യുതി ബോർഡിന്റെ മൂന്ന് ഓഫീസുകൾക്കാണ്. ഇതിൽ ഏറ്റവും പങ്കും വഹിക്കുന്നത് പുത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസാണ് (80%) ബാക്കി 20% എഴുകോൺ സബ്സ്റ്റേഷനും കല്ലട സെക്ഷനും നിർവ്വഹിക്കുന്നു പട്ടിക 1 കാണുക.

3 ഊർജ്ജസ്രോതസുകളുടെ ചേരുവയിലുള്ള മാറ്റങ്ങൾ

ഗ്രാമസഭകളിലെ ചർച്ചയിൽ ഊർജ്ജസ്രോതസുകളുടെ ചേരുവയിലെ വ്യതിയാനങ്ങളും പരാമർശിക്കുകയുണ്ടായി. വൈദ്യുതിയുടെ വരവോടുകൂടി വെളിച്ചത്തിന് മണ്ണെണ്ണയുടെ ഉപയോഗം വളരെ കുറഞ്ഞു.

ഒരു കാലത്ത് പൂർണ്ണമായും പാചകത്തിന് ഉപയോഗിച്ചുകൊണ്ടിരുന്ന വിറകും, ജൈവസ്രോതസും സമ്പന്നരുടെയും നല്ലൊരു ശതമാനം ഇടത്തട്ടുകാരുടെയും വീടുകളിൽ നിന്നും പതുക്കെ അപ്രത്യക്ഷമായിരിക്കുകയാണ്. വ്യാവസായികമേഖലകളിൽ ഉപയോഗിച്ചിരുന്ന വൈദ്യുതിയുടെ ഡൗർലഭ്യം (പവർക്കട്ട്, ലോഡ് ഷെഡിംഗ്) വ്യവസായികളെ മറെറാരു വഴിക്ക് തിരിയാൻ പ്രേരിപ്പിച്ചു. ഇപ്പോൾ അധികം ഇഷ്ടിക കമ്പനികളിലും തടിമില്ലുകളിലും ഡീസൽ എൻജിനുകളാണ് ഉപയോഗിക്കുന്നത്.

4 പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ ഊർജ്ജ സംരക്ഷണം

സൗരോർജ്ജവും ബയോഗ്യാസ് പ്ലാൻറിൽ നിന്നും കിട്ടാവുന്ന ഊർജ്ജമാണ് ഗ്രാമത്തിൽ സാധ്യതയുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസുകൾ. കന്നുകാലിവളർത്തൽ ഇത്രയേറെ നടക്കുന്ന ഗ്രാമത്തിൽ വിരലിലെണ്ണാവുന്ന ബയോഗ്യാസ് പ്ലാൻറുകൾ മാത്രമേ ഉള്ളൂ എന്നത് ശ്രദ്ധേയമാണ്. പഞ്ചായത്തും സന്നദ്ധസേവകരും മുൻകൈയെടുത്ത് ഇതിനുള്ള പ്രചരണവും മറ്റ് സഹായങ്ങളും നൽകാവുന്നതാണ്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനം കൊണ്ട് നമ്മുടെ നാട്ടിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ള പുകയില്ലാത്ത അടുപ്പുകൾ വളരെ കുറച്ചുമാത്രമാണ്. ഇവയുടെ പ്രചരണവും പ്രചാരവും വർദ്ധിപ്പിക്കാവുന്നതാണ്. വിറകിന്റെ ഉപയോഗം കുറയ്ക്കുക വഴി നല്ലൊരു ഊർജ്ജ സംരക്ഷണ മാർഗമാണിത്. ദുർലഭമായ വൈദ്യുതോർജ്ജം സംരക്ഷിക്കേണ്ടതും വളരെ അത്യാവശ്യമായ ഇക്കാലത്ത് ഈ മാർഗത്തിന് പ്രാധാന്യമർഹിക്കുന്നു.

കോമ്പാക്ട് ഫ്ളൂറസൻറ് ലാമ്പുകൾ ഇലക്ട്രോണിക്സ് ചോക്കുകൾ എന്നിവയെക്കുറിച്ച് ഗ്രാമവാസികൾ അധികവും അറിവില്ലാത്തവരാണ്. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ഇവയുടെ ഉപയോഗം വർദ്ധിപ്പിക്കാനുള്ള മാർഗങ്ങൾ അവലംബിക്കണം. പ്രസരണ നഷ്ടം വളരെയധികം ഉണ്ടാകുന്നു. മരച്ചില്ലകളും മറ്റും ലയനുകളിൽ തട്ടുകവഴി നല്ലൊരുഭാഗം വൈദ്യുതി നഷ്ടപ്പെടുന്നു. പൊതുജന പങ്കാളിത്തത്തോടുകൂടി ഇതു കുറയ്ക്കാം. വഴിവിളക്കുകൾ ആവശ്യസമയങ്ങളിൽ മാത്രം പ്രവർത്തിപ്പിച്ചാൽ ഊർജ്ജ നഷ്ടം കുറയ്ക്കാവുന്നതാണ്.

5 ഊർജ്ജ രംഗത്തെ മുഖ്യ പ്രശ്നങ്ങൾ

ഊർജ്ജ രംഗത്തെ പ്രശ്നങ്ങളിൽ ഏറിയ പങ്കും വൈദ്യുതി മേഖലയുടെ വികസനത്തിലെയും വിതരണത്തിലെയും പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതായാണ് വിവിധ ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നും മനസിലാക്കാൻ സാധിക്കുന്നത്. മുഖ്യപ്രശ്നങ്ങളെ രണ്ടുരീതിയിൽ തിരിക്കാവുന്നതാണ്. ഒന്ന്, ഭരണപരമെന്നും, രണ്ട് സാങ്കേതികപരമെന്നും.

1 ഭരണപരമായ പ്രശ്നങ്ങൾ

ആകെയുള്ള 9304 വീടുകളിൽ 5870 വീടുകളും മാത്രമാണ് വൈദ്യുതീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഒരു വാർഡിന്റെയും മുഴുവൻ ഭാഗങ്ങളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല.

2 ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങളോടുള്ള വിമുഖത, അഴിമതി എന്നിവ അടിയന്തിര ശ്രദ്ധ ആവശ്യമുള്ള പ്രശ്നങ്ങളാണ്.

3 മൂന്ന് വൈദ്യുതി ഓഫീസുകളുടെ അധികാര പരിധിയിലായി വ്യാപിച്ചു കിടക്കുന്നതുകൊണ്ട് ഉപഭോക്താക്കൾക്കും സാമൂഹിക പ്രവർത്തകർക്കും സർവ്വോപരി ജനപ്രതിനിധികൾക്കും പ്രശ്നപരിഹാരത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

4 നിലവാരമുള്ള സാമഗ്രികളുടെ ഉപയോഗവും ശരിയായ അറ്റകുറ്റപ്പണികളുടെ അഭാവവും അശാസ്ത്രീയമായ ആസൂത്രണവും വഴിവിളക്കുകളുടെ ഉപയോഗ ക്ഷമത കുറയ്ക്കുന്നു.
പട്ടിക 2 കാണുക.

2 സങ്കേതികപരമായ പ്രശ്നങ്ങൾ

1 ഗ്രാമത്തിലെ ഹരിജൻ കോളനി വൈദ്യുതീകരണം ഇനിയും അപൂർണ്ണമാണ്. (പട്ടിക3 കാണുക)

2 നിലവിലുള്ള ട്രാൻസ്ഫോർമറുകൾ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ പര്യാപ്തമായ രീതിയിലല്ല വിന്യസിച്ചിരിക്കുന്നത്. എണ്ണവും അപര്യാപ്തമാണ്. വൈദ്യുതിയുടെ വ്യാവസായിക ഉപയോഗം കൂടുതലുള്ള താഴെ വേലൻമൂഴിഭാഗത്ത് 11 KV ലൈൻ എത്തിയിട്ടില്ല ചിത്രം 1 കാണുക. ഗ്രാമത്തിന്റെ തെക്കൻ ഭാഗത്ത് (7, 8, 10, 12 വാർഡുകൾ) 11 KV ലൈനിന്റെ ശൃംഖലയുടെ വികസനം തീർത്തും അപര്യാപ്തമാണ്. പഞ്ചായത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന വൈദ്യുതി ബോർഡ് ഓഫീസുകളുടെ നിയന്ത്രണത്തിലാണീ പ്രദേശങ്ങളെന്നത് ശ്രദ്ധേയമാണ്.

3 സിംഗിൾഫെയിസ് ഉപഭോക്താക്കളുടെ അശാസ്ത്രീയമായ വിഭജനം ലൈനുകളിൽ വോൾട്ടേജ് വ്യത്യാസം കൂടുതലുണ്ടാക്കുന്നു

4 സമ്പന്നരുടെ സ്റ്റെപ്പ്അപ്പ് എന്ന ഉപകരണത്തിന്റെ ഉപയോഗം പൊതുവിൽ പ്രശ്നമുണ്ടാക്കുന്നു.

5 വൈദ്യുതി ബോർഡിന്റെ പ്രേഷണവിതരണ രംഗത്തെ ശ്രദ്ധക്കുറവ്, പ്രത്യേകിച്ച് മരച്ചില്ലകൾ മുറിച്ചുമാറ്റുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു.

3 സാധ്യതകൾ

ഊർജ്ജ മേഖലയുടെ പുരോഗതിക്കുവേണ്ടിയുള്ള പല സാധ്യതകളും ഗ്രാമസഭകളിൽ കണ്ടെത്തുകയുണ്ടായി.

1 സന്നദ്ധ പ്രവർത്തനങ്ങളും താഴെപ്പറയുന്ന കാര്യങ്ങൾക്ക്

ദക്ഷത കൂടുതലുള്ള അടുപ്പുകൾ, ലൈറ്റുകൾ പാചക ഉപകരണങ്ങൾ തുടങ്ങിയവയുടെ പ്രചരണം

സൗരോർജ്ജം ഉപയോഗിച്ചുള്ള ഉപകരണങ്ങൾ

വൈദ്യുതികമ്പികളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചു മാറ്റുന്നതിനുള്ള പ്രവർത്തനം

വഴിവിളക്കുകളുടെ പ്രവർത്തനത്തിലും അറ്റകുറ്റപ്പണികളിലും പൊതുജനപങ്കാളിത്തം (സന്നദ്ധ പ്രവർത്തനം വഴി)

വികസനത്തിനാവശ്യമുള്ള വൈദ്യുതി ലൈനുകളുടെ പണിക്ക് സന്നദ്ധ സേവകരുടെ പ്രവർത്തനം ഉപയോഗപ്പെടുത്തൽ

2 ഗ്രാമത്തിൽ വടക്ക്പടിഞ്ഞാറ് ഭാഗത്തു കൂടിയാണ് കല്ലടയാറ് കടന്നുപോകുന്നത് അടുത്തകാലത്ത് വൈദ്യുതി ബോർഡ് മീൻമുട്ടി (പാലോടുനടുത്ത്) യിൽ സ്ഥാപിച്ചു വരുന്നതുപോലുള്ള പദ്ധതിയുടെ സാദ്ധ്യത പരിശോധിക്കുക. 30 മീറ്റർ വീതിയിൽ വർഷത്തിൽ എല്ലാ സമയത്തും നിറഞ്ഞൊഴുകുന്ന ഈ ജലസമ്പത്ത് സാധ്യതകളും ഏറെയുള്ളതാണ്. വർഷത്തിൽ 11 ശതമാനത്തിൽ കൂടുതൽ വളർച്ചാനിരക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പൈനയിലെ ജലവൈദ്യുത വിഹിതത്തിന്റെ നല്ലൊരു ശതമാനം പ്രകൃതിക്ക് ഹാനി വരുത്താത്തതും ഭൂമി നഷ്ടപ്പെടുത്താത്തതുമായ ഇത്തരം പദ്ധതികളിൽ നിന്നാണെന്നുള്ള അറിവ് ഈ സാദ്ധ്യതയ്ക്കൊരടിക്കുറിപ്പാണ്.

2 ഗ്രാമത്തിന്റെ കിഴക്കൻ അതിർത്തിയിൽ തുടങ്ങി മധ്യഭാഗത്തുകൂടി പടിഞ്ഞാറോട്ടൊഴുകുന്ന തോട് കാർഷികാവശ്യത്തിനോടൊപ്പം വൈദ്യുതിക്കും ഉപയോഗിക്കാൻ കഴിയും.

പട്ടിക 5-4 (1)

ഉപഭോക്താക്കൾ	പുത്തൂർ	എഴുകോൺ	കിഴക്കേ കല്ലട	ആകെ
ഗാർഹികം	4750	573	547	5870
വ്യാപാരം	76	20	80	176
വ്യാവസായികം	65	8	8	81
കാർഷികം	24	7	15	46
ആകെ	4915	608	650	6173
	(79.6%)	(9.8%)	(10.5%)	

(അവലംബം KSEB)

കൊല്ലം ജില്ലയിലെ കല്ലട ഇറിഗേഷൻ പ്രോജക്ട് പോലെ ഇതിനെയും ഒരു പെറിയ വിവിദോദ്ദേശ പദ്ധതിയാക്കുവാൻ കഴിയും.

4 ശാസ്താംകോട്ട 110 Kv സബ്സ്റ്റേഷൻ, കുണ്ടറ 110 Kv സബ്സ്റ്റേഷൻ കൊട്ടാരക്കര 66 Kv സബ്സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും തുല്യദൂരത്തിൽ (ഏകദേശം മധ്യഭാഗത്ത്) സ്ഥിതിചെയ്യുന്ന നമ്മുടെഗ്രാമത്തിലേക്ക് ഈ മൂന്ന് സബ്സ്റ്റേഷനുകളിൽ നിന്നും ഓരോ 11Kv ലൈനുകളാണുള്ളത്. ഇതിൽ കുണ്ടറ 220 Kv ആക്കി വികസിക്കപ്പിനുള്ള പദ്ധതികരം ബോരഡു നടപ്പാക്കിത്തുടങ്ങി. ശാസ്താംകോട്ടയിലും വികസന പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. പവിത്രേശ്വരം പഞ്ചായത്തിൽ നിന്നും ഏകദേശം 30 Km മാത്രം അകലത്തിൽ നടപ്പാക്കിവരുന്ന പദ്ധതി ആണ് കായംകുളം താപനിലയം പദ്ധതി.

ഇവയെല്ലാം വികസനത്തിനാവശ്യമായ ഏറ്റവും പ്രധാനപ്പെട്ട നമ്മുടെ സാദ്ധ്യതകളാണ് പട്ടിക 5.4(3) കാണുക.

5 പട്ടിക 3 ൽ കാണുന്നതുപോലെ ശേഷിയുടെ നാലിൽ ഒന്നുമാത്രം ഉപയോഗിക്കുന്നതിനാൽ പകൽ മാത്രം പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ വികസനത്തിന് ഏറെ സാദ്ധ്യതകളും ഉള്ളതായി കാണാം.

6 അഴിമതി നിർമ്മാർജ്ജനവുമായി ഏറെ ബന്ധപ്പെടുത്തി പറയുന്ന ഒന്നാണല്ലോ സോഷ്യൽ ഓഡിറ്റ്, വൈദ്യുതി മേഖലയിലെ രേണപരമായ മിക്ക പ്രശ്നങ്ങളും ഇല്ലാതാക്കാനുള്ള സാധ്യത എന്ന നിലയിൽ പഞ്ചായത്തിനു പുറത്തുള്ള ഓഫീസുകളിൽ നിന്നും നിയന്ത്രണം മാറി പഞ്ചായത്തിൽ ഉള്ള ഓഫീസിൽ വൈദ്യുതി പ്രവർത്തനം ഏകീകരിക്കാവുന്നതാണ്. മിക്ക ഗ്രാമസഭകളുടെ അഭിപ്രായവും പഞ്ചായത്തിൽ ആകെയുള്ള ഉപഭോക്താക്കളുടെ എണ്ണവും നോക്കിയാൽ ഇത് വളരെ അത്യാവശ്യമാണെന്നു കാണാം.

പട്ടിക ഒന്നും ചിത്രം രണ്ടും കാണുക

പട്ടിക 5-4 (3)

No	11KV Feeder കളുടെ പേര്	S/Sന്റെ പേര്	ശേഷി ആമ്പിയർ	ഉപയോഗം	
				പകൽ ആമ്പിയർ	വൈകിട്ട് 6pm -9pm ആമ്പിയർ
1	പുത്തൂർ	കൊട്ടാരക്കര (66 KV S/S	200	50	110
2	കുന്നത്തൂർ	ശാസ്താംകോട്ട (110 KV S/S)	200	50	110
3	കല്ലട	കുണ്ടറ (110 KV S/S)	200	50	150

7 പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകൾക്കും മൊത്തമായി പ്രത്യേക ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്ന കറന്റ് ചാർജ്ജിന് മാത്രം വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിനും ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും മാറ്റി സ്ഥാപിക്കുന്നതിനും നടപടിയുണ്ടാകണം.

നമ്പർ	കപ്പാസിറ്റി	പേര്	പരിധിയിൽ വരുന്ന സെക്ഷൻഓഫീസ്
പട്ടിക 5 4 (2)			
1	100 KVA	പന്നിക്കുഴി	കിഴക്കേ കല്ലട
2	100 KVA	ചെറുപൊയ്ക	
3	10 KVA	കൈതക്കോട്	
4	100 KVA	വാറൂർ	,,
5	100 KVA	മാറനാട് 1	എഴുകോൺ
6	100 KVA	മാറനാട് 2	,,
7	100 KVA	പ്ലാക്കോട് 1	,,
8	100 KVA	പ്ലാക്കാട് 2	,,
9	63 KVA	ഇടവട്ടം	,,
10	250 KVA	പുത്തൂർ	പുത്തൂർ
11	100 KVA	പാങ്ങോട്	,,
12	63 KVA	കരിമ്പിൻപുഴ	,,
13	100 KVA	കാരിക്കൽ	,,
14	100 KVA	ചെറുപൊയ്ക	,,
15	160 KVA	S. N. പുരം 1	,,
16	100 KVA	S. N. പുരം 2	
17	160 KVA	പവിത്രേശ്വരം 1	
18	100 KVA	പവിത്രേശ്വരം 2	
	100 KVA	ഇടവട്ടം	
	100 KVA	വല്ലടൻകര	
	63	പായിക്കോണം	
	160	മലനട	

പുതിയതായി സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ്	സ്ഥാപിക്കേണ്ട സ്ഥലങ്ങൾ	ഏത് തരം
1		
	ഉരണിക്കാവിന് വടക്കുവശം ആശ്രമംറോഡുവരെ	B
	പാലമുക്ക്മുതൽ സുബ്രഹ്മണ്യ ജംഗ്ഷൻ വരെ	B
	ചാങ്ങേത്ത് ജംഗ്ഷൻ—തമ്പുരാൻ ബ്രിക്സ് വരെ	B
	മുളളംപാതുക്കൽ ജംഗ്ഷൻ	Mv
2		
	പളളിമുക്ക് ലക്ഷം വീട് കോളനി	Mv
	പാങ്ങോട് ക്ഷേത്രം മുതൽ പളളിമുക്ക്ലക്ഷം വീട് കോളനി	B
	തോണ്ടലിൽ മുക്ക്, കൊയ്ത്തുകുഴി തെക്കേമുക്ക് വരെ	B
	കുഴിക്കൽ ക്ഷേത്രം- ഗുരുനാഥസ്വാമിക്ഷേത്രം	B
	മാമൂട് ജംഗ്ഷൻ	T.L
	കാരിക്കൽ ലക്ഷംവീട് കോമ്പൗണ്ട്	T.L
	ഓട്കമ്പനി ജംഗ്ഷൻ	T.L
	മുക്കിൽ ജംഗ്ഷൻ	T L
	കാരിക്കൽ സബ്സെൻറർ	T L
	ചരുവിള ജംഗ്ഷൻ	T.L
	തന്നിക്കവിള ജംഗ്ഷൻ	T.L
3		
	ആലയ്ക്കൽമുക്ക്. -കോഴിപാലം	
	വളളിയാട്ടു ജംഗ്ഷൻ-പറങ്കിമാംവിള	B
	ആറ്റൂർമുക്ക്-മൂന്നാംചിറ	B
	കടുക്കറമുക്ക്-ഏലാവരെ	B
	ഞാങ്കടവ്-മങ്കാട്	B
	E. S . I ജംഗ്ഷൻ-പനമ്പിമാംവിള	B
	ചേരിയിൽ കല്യാംഗ്-കുളംവരെ	B
	ഞാങ്കടവ്-ആലുംകടവ്	B
	S. K. V. L . P. S-കൊച്ചുകാരിക്കൽ	B
	പഴയചിറ-അച്ചൻവിള	B
4		
	മുകളുവിള ഭാഗം—ലക്ഷംവീട് ഭാഗം	B
	കാവുംപാട്ട്മുക്ക്—ഐരക്കുഴി ഏല	B
	ക്ഷേത്രം-വല്ലൻകര ഭാഗം	B
	മഞ്ചേരിമഠം-പുളിവിളഭാഗം	B
	ഗുരുമന്ദിരം-ചേകോട്ട്ഭാഗം	B
	വെട്ടിക്കുഴി-കോമളത്ത്ജംഗ്ഷൻ	B
	ഇടയാടി-കോഴിപാലം	B
5		
	സൊസൈറ്റി ജംഗ്ഷൻ	T·B
	സ്കൂളിന് സമീപം	T.B
	അംഗൻവാടിയുടെ സമീപം	T.B
	തോടയത്ത്ഭാഗം	T.B
	മഞ്ചേരിവിളഭാഗം	T.B
	മണമേൽഭാഗം	T.B
	വലിയവിളഭാഗം	T.B
	കരുവിളഭാഗം	T.B
	പാലത്തിന് സമീപം	T.B
	ചാലയത്ത്ഭാഗം	T.B
	വളവിൽഭാഗം	T.B
6		
	ചെറുപൊയ്ക—ഉപ്പുട്വരെ	B
	പന്നിക്കുഴി — കാരിക്കുഴി	B
	കോട്ടപ്പുറം — ശീതംകര	B
	ചരുവിൽഭാഗം	B
7		
	മലനട — പായിക്കോണം	B
	പായിക്കോണം — മുളമൂട്ടിൽ	B
	പായിക്കോണം- സെറിൽമെൻറ് കോളനി	B
	മുട്ടുക്കോണം - പായിക്കോണം	B
	മുട്ടുക്കോണം പായിക്കോണം കോളനി	B
	മലനട പാലവിള റോഡ്	B
	തോപ്പിൽമുക്ക് പായിക്കോണം	B
8		
	കൊല്ലം വിളാകം	TB
	റീത്തുപളളി	TB
	പോരുവഴിമുക്ക്	T.B
	കൊച്ചറൽ ജംഗ്ഷൻ	T.B
	കാര്യോട്ട്കോളനി—മുട്ടത്തറഏല	B
	പയറ്റുപണയൂർ—മുളയംകോണംഏല	B
	മുകളുവിളമുക്ക്—തോണിക്കടവ്	B
9		
	ഇൻഡ്യൻ ബാങ്ക്മുതൽ ക്ഷേത്രം വരെ	T B
	പാറയിൽമുക്ക്—വെട്ടിമൂട്ടിൽഭാഗം	T.B
	P H. സെൻറർ—പളളിയുടെ സമീപം	T.B
	നെല്ലിമുക്ക്—കൈതക്കോട് കോളനി	B
10		
	ക്ഷാന്ദ്രാവിൽ—അമ്പഴവേലിൽക്കോണം	B
	തുരുത്തേൽമുക്ക്—പ്ലാക്കാട്കോളനി	B
	മൃഗാശുപത്രി—കോടാലിവിളഭാഗം	B
	കല്ലംമ്പുറംമുക്ക്—ഏലാഭാഗം	B
	ക്ഷേത്രം മുതൽ—പടിഞ്ഞാറേഏല	B
	പൊരീക്കൽ മണ്ണൂർക്കാവ് റോഡ്	B
11		
	ആശാൻമുക്ക്—മേവറം ഏലാ	B
	ഉന്നൻകല്ലിൻ—പുലമൺക്കാവ് വരെ	B
	കലയത്ത് കിഴക്കതിൽ—മുണ്ടക്കൽഭാഗം	B
	ആശാൻമുക്ക്—കാഞ്ഞിരവിള	B
12		
	റേഷൻകടജംഗ്ഷൻ—സ്കൂൾജംഗ്ഷൻ	B
	പുത്തൻവിള—പാലവിളറോഡ്	B
	പാലകുഴി—പകുതിപാറ	B
	ചെറുവിളാകം കോളനി	B
	തെക്കേവിള—പുത്തൻവിള ഭാഗംവരെ	B

വൈദ്യുതി എത്താത്ത പ്രദേശങ്ങൾ

വാർഡ് 1 താഴം—കരിമ്പിൻപുഴ

1. സുബ്രഹ്മണ്യം ജംഗ്:—കക്കുട ഏലാ
2. പ്രധാനിവിള—പേക്കൽ കടവ്
3. ഇരട്ടറോഡ്—ഒറ്റ പ്ലാവിള വരെ
4. തമ്പുരാൻ ബ്രിക്സ്—പാങ്ങോത്ത് വരെ
5. തുണ്ടിൽ ജംഗ്:—കാക്കിച്ചാൽ ഏലാ

വാർഡ് 2 കാരിക്കൽ

1. മാമൂട്—പറവൂർ ജംഗ്ഷൻ
2. വലിയവിള—നെടിയമുകം—കക്കുട ഏലാ
3. താന്നിക്കവിള—കക്കുട ജംഗ്ഷൻ

വാർഡ് 3 ചെറുമങ്ങാട് തെക്കുംഭേരി

ചെറുമങ്ങാട് ഇളം തുണ്ടിൽഭാഗം

വാർഡ് 4 S. N. പുരം

1. വട്ടവിള—ഐരൂർക്കുഴി ഏലാഭാഗം
2. ചാത്തിരത്തിൽ ഭാഗം
3. പുളിവിള ഭാഗം

വാർഡ് 5 ചെറുപൊയ്ക

1. ചാലായത്ത് കടവ് തടത്തിൽ ജംഗ്: ഭാഗം
2. ചനാറവിള—വള്ളക്കടവ് ഭാഗം
3. കാത്തലിക് പള്ളിയുടെ വടക്കുഭാഗം
4. തേങ്ങേക്കുഴി ഭാഗം
5. കുന്നുംപുറം—പേഴംകുന്ന് വയൽ ഭാഗം

വാർഡ് 6 ചെറുപൊയ്ക തെക്ക്

1. കോട്ടവിള—മടതല ഭാഗം
2. വെള്ളാരംതിട്ട ഭാഗം

വാർഡ് 7 പവിത്രേശ്വരം

1. മലനട—പായിക്കോണം ഭാഗം
2. പായിക്കോണം—മുളമൂട്ടിൽ
3. തേരുപ്പിൽ—പായിക്കോണം
   വലിയവിള ജംഗ്ഷൻ—തടത്തിൽ ഭാഗം

വാർഡ് 8 കൈതക്കോട് വടക്ക്

1. കല്ലുംമൂട്—പറപ്പള്ളികോണം
2. കാര്യോട്ട് കോളനി—മുട്ടത്തറ ഏലാ
3. കുതിരത്തടം—പുഞ്ചവരെ
4. കൊലംവിള ജംഗ്ഷൻ മുതൽ കനാൽ വഴി കല്ലുംമൂട് ഭാഗം
5. മുകളുവിള—തോണിക്കടവ്

വാർഡ് 9 കൈതക്കോട് തെക്ക്

1. ഇൻഡ്യൻ ബാങ്ക് മുതൽ ക്ഷേത്രം വരെ
2. പുറമൺകര ഭാഗം
3. പുത്തൻപുര ജംഗ് കൈതക്കോട് ആലിന്റെ അടുത്തുവരെ

വാർഡ് 10 ഇടവട്ടം

1. കല്ലുമ്പുറംമുക്ക്—മേവറം ഏലാ
2. മൃഗാശുപത്രി—കോടാലിവിള ഭാഗം

വാർഡ് 11 മാറനാട് പടിഞ്ഞാറ്

1. പൊരീക്കൽ കശുവണ്ടി ഫാക്ടറിക്ക് വടക്ക് ഭാഗം
2. വാറൂർ കിഴക്കേക്കര ഭാഗം
3. മുല്ലവേലിൽ അമ്പലത്തിന് സമീപം

വാർഡ് 12 മാറനാട് കിഴക്ക്

1. കവുങ്ങും കോട്—ഏലാമുഖം
2. കോട്ടക്കാട് ജംഗ്ഷൻ—ചാമത്തുണ്ടിൽ

വൈദ്യുതീകരിക്കാത്ത കോളനികൾ

വാർഡ് 1

1. കണ്ണങ്കരകുന്നത്ത് കോളനി
2. ഭൂരഹിത ഭവനരഹിത കോളനി
3. ഇടവഴിതുണ്ടിൽ കോളനി

വാർഡ് 2

1. കുഴിയിൽ—കുരുമ്പേലി കോളനി

വാർഡ് 3

1. തെക്കുംഭേരി കോളനി
2. നെടുവൻവയൽ കോളനി
3. പുതുച്ചിറ കോളനി

വാർഡ് 4

1. മിച്ചഭൂമി
2. കാരുകുഴി ലക്ഷംവീട് കോളനി

വാർഡ് 5

1. പാങ്ങോട്ടുശേരി വാണിവിള കോളനി

വാർഡ് 6

1. കോട്ടപ്പുറം ലക്ഷംവീട്

വാർഡ് 7

1. പായിക്കോണം കോളനി
2. ജേനമഠം കോളനി
3. പവിത്രേശ്വരം കോളനി

വാർഡ് 8

1. മിച്ചഭൂമി

വാർഡ് 9

പ്ലാലകം ലക്ഷം വീട് കോളനി

വാർഡ് 11

1. കാഞ്ഞിരംവിള കോളനി
2. അരിയിൻ കോളനി
3. തെങ്ങഴികത്ത് കോളനി
4. കടുവക്കോണം

ഭാഗികമായി വൈദ്യുതീകരിച്ച കോളനികൾ

വാർഡ് 6

1. വാണിവിള കോളനി
2. മേച്ചിറ കോളനി
3. കോട്ടപ്പുറം ലക്ഷംവീട്

വാർഡ് 8

1. എരുതനം കാട് കോളനി
2. വാറുർ കോളനി
3. കാര്യോട്ട് കോളനി
4. പറപ്പള്ളിക്കോണം

വാർഡ് 9


1, പ്ലാക്കാട്
2, പുറുമൺകര
3. I. H. D. P കരോട്ട്
4. കരിക്കത്തിൽ കോളശ്ശേരിൽ
5. വെള്ളാവിളാകം ലക്ഷംവീട്

വാർഡ് 10


1. പൊരീക്കൽ ജയന്തി കോളനി
2. കൈക്കുഴിക്കൽ കോളനി


വാർഡ് 11

അംബേദ്കർ ഗ്രാമം




അനു- 54-(I)


11KV NETWORK
KUNNATHOOR
11KV FEEDER.
FROM
SABTHAMCOTTAH
110 KVS/S
1 km
76° 41'
76° 43'
9° 3'
9° 1'
PUTHOOR
KALLADA
11KV FEEDER
FROM
KUNDARA
11KVS/S.
KUNDARA
KOTTARAKKARA
11KV FEEDER
FROM
110KV S/S
KUNDARA
സൂചിക



സേവനങ്ങളും ക്ഷേമ-പ്രവർത്തനങ്ങളും



5.5
ഗതാഗതം

ഗതാഗത സൗകര്യങ്ങൾ കൂടി കണക്കിലെടുത്താണ് നാടിന്റെ വികസനത്തെ വിലയിരുത്തിയിരുന്നത്. കാർഷിക വ്യവസായിക വികസനവുമായും ജനങ്ങളുടെ ദൈനംദിന ജീവിതവുമായും ഗതാഗതം ബന്ധപ്പെട്ടിരിക്കുന്നു. റോഡ് നിർമ്മാണമാണ് വികസനത്തിന് ഏറ്റവും പ്രധാന ആവശ്യം എന്ന തെറ്റായ കഴ്ചപ്പാട് മൂലം പൊതു ഫണ്ടിൽ ഭൂരി ഭാഗവും ഇത്തരം പണികൾക്കു വേണ്ടിയാണ് വിനിയോഗിക്കുന്നത് എന്ന് കാണാം. റോഡ് ഗതാഗത സൗകര്യമല്ലാതെ മറ്റു ഗതാഗത സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല.

പഞ്ചായത്തിൽ 23.37 കി.മീ. PWD റോഡും, 114.960 കി.മീ.പഞ്ചായത്ത് റോഡുമാണ് ഉള്ളത്. PWD റോഡ് ഉൾപ്പെടെ 29.22 കി.മീ. റോഡ് ടാർ/കോൺക്രീറ്റ് ചെയ്തതും, 4.75 കി.മീ. മെറ്റൽ റോഡും, 104.36 ൽ കി.മീ. മൺ റോഡുമാണ്. പഞ്ചായത്ത് റോഡുകളിൽ ചില വാഹനങ്ങൾ കടന്നു പോകുന്നതിനു പോലും കഴിയാത്ത നിലയിൽ വളരെ കുത്തനെ സ്ഥിതി ചെയ്യുന്നവയാണ്. ഇത്തരത്തിലുള്ള റോഡുകൾ അധികമുള്ളത് കൈതക്കോട് തെക്ക്, മാറനാട് കിഴക്ക് വാർഡുകളിലാണ്. വാഹന ഗതാഗത യോഗ്യ മായ 109.83 കി.മീ. റോഡാണ് പഞ്ചായത്തിലുള്ളത്. ഒരു ചതുരശ്ര കി.മീ. വിസ്തീർണ്ണത്തിന് ശരാശരി 4.65 കി.മീ. റോഡ് ഉണ്ട്. സംസ്ഥാന ശരാശരിയായ 3.2 കി.മീ./ച.കി.മീ. എന്നതിനെക്കാൾ കൂടുതലാണെങ്കിലും യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത ഈ നേട്ടത്തെ വളരെ പിന്നോക്കം തള്ളുന്നു.

പഞ്ചായത്തിൽ ഇപ്പോഴുള്ള ടാർ/കോൺക്രീറ്റ് റോഡുകളുടെ ഉടമസ്ഥതാ ദൈർഘ്യം യാത്രാ സൗകര്യങ്ങൾ എന്നിവ പട്ടിക 1-ൽ കാണിച്ചിരിക്കുന്നു.

റോഡുകളുടെ ശൃംഖല ഭേദപ്പെട്ടതെങ്കിലും റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. റോഡുകളുടെ പുനരുദ്ധാരണ പണി പൂർത്തീകരിക്കാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം കഴിയാറില്ല. 1995-96 ൽ റോഡിന്റെ പുനരുദ്ധാരണ പണികൾക്കായി 59590/രൂപാ സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ഇത് 1984-85 ൽ ലഭിച്ച തുകയായ 112500/രൂപായേക്കാൾ വളരെ കുറവാണ്. വീതിയുള്ള റോഡുകളിൽ പോലും വേണ്ട ഭാഗങ്ങളിൽ ഓടകളോ, കലുങ്കുകളോ നിർമ്മിക്കുവാൻ കഴിയാത്തതിനാൽ വർഷകാലങ്ങളിൽ മിക്ക റോഡുകളും ഗതാഗതത്തിനു പറ്റാത്ത സ്ഥിതിയിലാകുന്നു. റോഡിനോട് ചേർന്നുള്ള ഭാഗങ്ങളിൽ താമസിക്കുന്നവർ നിലവിലുള്ള ഓടകൾ നികത്തുന്നത് കൊണ്ടും, ശുദ്ധജല വിതരണ പദ്ധതിക്കും, ടെലിഫോൺ, വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്നതിനുമായി റോഡുകൾ കുഴിക്കുന്നത് മൂലവും റോഡുകൾ തകരുവാൻ കാരണമാകുന്നുണ്ട്.

പഞ്ചായത്തിന്റെ എല്ലാ വാർഡുകളുമായി ബന്ധപ്പെടുത്തി ബസ് യാത്രാസൗകര്യം ഉണ്ടെങ്കിലും കൈതക്കോട്,മാറനാട് ഭാഗങ്ങളിൽ ഉള്ളവർക്ക് യാത്രാക്ലേശം ഉണ്ടാകുന്നുണ്ട്. പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന ശ്രീനാരായണപുരം ജംഗ്ഷനിലും വാഹന സൗകര്യം ഇല്ലാത്തതു മൂലം പൊതു ജനങ്ങൾക്കും രോഗികൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നു. പഞ്ചായത്ത് പ്രദേശത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യമോ, ബസ് സ്റ്റാൻഡോ ഇല്ല. പുത്തൂർ

ജംഗ്ഷനോടനുബന്ധിച്ച് ബസ് സ്റ്റാൻഡ് സ്ഥാപിക്കുന്നത് വരുമാനം വർദ്ധിപ്പിക്കുന്നതിനും പുത്തൂർ ജംഗ്ഷനിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും കഴിയുന്നതാണ്.

II. റോഡ് നിർമ്മാണം

1. ടാർ റോഡുകളുടെ പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 5.85 കി.മീറ്റർ ടാർ/കോൺക്രീറ്റ് റോഡാണ് പഞ്ചായത്തിലുള്ളത്. ടി റോഡുകൾ വിവിധ പദ്ധതികളിലായി സർക്കാർ ചെയ്യിച്ചിട്ടുള്ളതാണ്. ടാർ ചെയ്തിട്ട് വളരെ വർഷങ്ങൾ കഴിഞ്ഞ് പൊട്ടിപൊളിഞ്ഞ് കിടക്കുകയാണെങ്കിലും യാത്രാസൗകര്യത്തിന് അനുയോജ്യമായ നിലയിൽ പുനരുദ്ധരിക്കുവാൻ കഴിയുന്നില്ല.

3. മൺ റോഡുകൾ

പഞ്ചായത്തിലുള്ള മൺ റോഡുകളിൽ മിക്കവയും തകർന്ന് വാഹന ഗതാഗതത്തിന് കഴിയാത്ത ശോച്യാവസ്ഥയിലാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പുനരുദ്ധാരണ പണികൾ ഏറ്റെടുക്കുവാൻ കഴിയാതിരിക്കുന്നത്. റോഡ് കൈയേറുന്നത് തടയപ്പെടേണ്ടതാണ്. വല്ലഭൻകര തോട്ടിനു കുറുകെ പാലം നിർമ്മിച്ചാൽ കാരിക്കൽ പാങ്ങോട് ഭാഗത്തേക്ക് പോകുന്നതിന് 2 കിലോമീറ്റർ ദൂരം കുറയും. പുതുച്ചിറ റോഡുമായി സംയോജിപ്പിച്ചാൽ പുത്തൂർ ഭാഗത്തേക്ക് വരുന്നത് 2 കി.മീറ്റർ ദൂരം കുറയ്ക്കാൻ കഴിയും. റോഡിന്റെ നിർമ്മാണ ത്തിന് പാലം നിർമ്മിക്കാൻ പണി ആരംഭിച്ചെങ്കിലും

പട്ടിക 5.5 (1) പഞ്ചായത്തിലെ ടാർ / കോൺക്രീറ്റ് റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	നീളം (കി.മീറ്റർ)	വീതി (മീറ്റർ)	ഓട് / മറ്റു സൗകര്യം
1	പുത്തൂർ – കുന്നത്തൂർ	PWD	3.00	8	
2	പഴയചിറ – ചെറുപൊയ്ക – ഓതിരമുകൾ	PWD	7.4	8	ഉണ്ട്
3	പൊരീക്കൽ - കൈതക്കോട് – പടപുഴ	PWD	5.00		ഉണ്ട്
4	പുത്തൂർ – കൊഴിക്കോടൻ മുക്ക്	PWD	3.00	8	ഉണ്ട്
5	കൈതക്കാട് – മുളവന	PWD	1.07	8	ഉണ്ട്
6	ചീരൻകാവ് – മാറനാട്	PWD	2.00	8	ഉണ്ട്
7	മാറനാട് പൊരീക്കൽ	PWD	0.9	8	ഉണ്ട്
8	പുത്തൂർ ഞാങ്കടവ്	PWD	1.00	8	ഇല്ല
9	ആലയ്ക്കൽ ഇടയാടി	പഞ്ചായത്ത്	1.3		ഇല്ല
10	പവിത്രേശ്വരം കളിത്തട്ട് – ഭജനമഠം	പഞ്ചായത്ത്	1.9	8	ഉണ്ട്
11	പ്ലാക്കാട് – P.H. ജംഗ്. – ചാമുണ്ടിപാലം	പഞ്ചായത്ത്	1.00	8	ഇല്ല
12	വലിയവിള ജം. – നിരപ്പിൽ	പഞ്ചായത്ത്	0.2	6	ഇല്ല
13	മരുതൂർ ജം. – നിരപ്പിൽ	പഞ്ചായത്ത്	0.2	6	ഇല്ല
14	മരുതൂർ കുറ്റിവിള ജംഗ് – പള്ളിമുക്ക്	പഞ്ചായത്ത്	0.15	5	ഇല്ല
15	പെരുമാവിൽ ജം. – പാലക്കഴിയ	പഞ്ചായത്ത്	1.1	6.50	ഇല്ല
			29.22		

റോഡിന്റെ വീതിക്കുറവ്, ഓടയില്ലായ്മ ഇവ പരിഗണിക്കേണ്ടതുണ്ട്.

2. മെറ്റൽ റോഡ്

4.75. കി.മീ. മെറ്റൽ റോഡ് ഉള്ളതിൽ 2.053 കി.മീറ്റർ റോഡ് കല്ലട ഇറിഗേഷൻ പദ്ധതിയുടെ ബന്ധപ്പെടത്തി നിർമ്മിച്ചവയും 2.697 കി.മീ. റോഡ് പഞ്ചായത്തിൽ നിന്നും സർക്കാർ സഹായത്തോടും ചെയ്തിട്ടുള്ളതാണ്. മെറ്റൽ ഇളകി യാത്രക്ക് അസൗകര്യമായി കിടക്കുന്ന റോഡുകൾ പുനരുദ്ധരിക്കുവാൻ നടപടിയുണ്ടാകണമെന്നത് പ്രധാന ആവശ്യമാണ്. മെറ്റൽ റോഡുകളുടെ വിവരം പട്ടിക 2 ൽ കാണിച്ചിരിക്കുന്നു.

പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ടി കാര്യങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്.

4. റോഡ് വ്യാപനം ഉയർത്തുന്ന പ്രശ്നങ്ങൾ

റോഡിന്റെ നിർമ്മാണം നാടിന്റെ വികസനത്തിന് വേഗത കൂട്ടിയെങ്കിലും പല പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്നത് ചെറിയ നടപ്പാതകൾ വീതി കൂട്ടേണ്ടതാണ്. സാധാരണ ഗതിയിൽ 3 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾ മാത്രം റോഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയുള്ളൂ. അതുമൂലം നടപ്പാതയുടെ ഇരു വശങ്ങളിലും നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിന് ഇടയാകുന്നു. ഇത്

റോഡിന്റെ വശങ്ങളിൽ നിന്നും മണ്ണൊലിപ്പ് ഉണ്ടാകുവാൻ കാരണമാകുന്നു. സമതല പ്രദേശങ്ങളിലും റോഡ് നിർമ്മിക്കുന്നത് മൂലം നീരൊഴുക്ക് തടയപ്പെടുന്നു. ഇത് കൃഷിക്ക് നാശവും ഉണ്ടാകുന്നു.

5. ഫെറി സർവ്വീസ്

പഞ്ചായത്തിൽ ചാരുംകടവ് ചിറ്റുമല കടവിൽ പൊതുമാരാമത്തു വകുപ്പിൽ നിന്നും കൈമാറ്റം ചെയ്ത ഒരു ഫെറി സർവ്വീസ് ഉണ്ട്. എല്ലാ വർഷവും മേയ് മാസം 1 മുതൽ ഡിസംബർ വരെയാണ് ഫെറി സർവ്വീസ് നടത്തുന്നത്. രാവിലെ 6 മുതൽ വൈകുന്നേരം 6 വരെയാണ് കടത്തിറക്ക് നടത്തുന്നത്. പൊതുമാരാമത്ത് വകുപ്പിൽ നിന്നും മാറി വന്ന കടത്തുകാരൻ മരണപ്പെട്ടതിനെത്തുടർന്ന് കുട്ടേഷൻ വ്യവസ്ഥയിൽ ഫെറി സർവ്വീസ് നടത്തി വരികയാണ്. ഫെറിമാന് നൽകുന്ന ശമ്പളം ഗവൺമെന്റിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിരുന്നു. കുട്ടേഷൻ വ്യവസ്ഥയിൽ ശമ്പളം നൽകുന്ന തുക ലഭിക്കാറില്ല. അതിനാൽ സ്ഥിരമായി ഒരു ഫെറിമാനെ നിയമിക്കേണ്ടതുണ്ട്.

റോഡ് നിർമ്മാണം.

1. മെറ്റൽ ചെയ്തു ടാർ ചെയ്യേണ്ട റോഡുകൾ

പഞ്ചായത്തിൽ 6 മീറ്ററിൽ കൂടുതൽ വീതിയുള്ള 19 റോഡുകൾ ഉണ്ട്. ഗ്രാമസഭായോഗങ്ങളിൽ നിലവിലുള്ള ഈ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനു നടപടിയുണ്ടാകണമെന്നും മെറ്റൽ ചെയ്തു ടാർ ചെയ്യേണ്ടതാണെന്നും ആവശ്യം ഉയരുകയുണ്ടായി. ബസ് സർവ്വീസിനുള്ള ചില റോഡുകൾ മഴക്കാലത്ത് തകർന്നു പോകുന്നതിനാൽ വാഹനഗതാഗതത്തിനുപോലും കഴിയാത്ത അവസ്ഥയാണ്. ഇത്തരം റോഡുകളുടെ വിവരം പട്ടിക 3 ൽ കാണിച്ചിരിക്കുന്നു.

2. പുതിയ മൺ റോഡുകൾ

സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ റോഡ് ഉണ്ടെങ്കിലും പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം പലഭാഗങ്ങളിലും ആവശ്യത്തിന് റോഡുകൾ ഉണ്ടായിട്ടില്ല. പുതിയ റോഡുകൾ ഉണ്ടാകേണ്ടത് കാർഷിക വ്യവസായിക വികസനത്തിനും പൊതു ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ആവശ്യമാണ്.

നിലവിലുള്ള റോഡുകളുടെ വിവരം അനുബന്ധം A യിലും പുതിയതായി നിർമ്മിക്കേണ്ട റോഡുകളുടെ വിവരം അനുബന്ധം B യിലും കാണിച്ചിരിക്കുന്നു.

മണ്ണൊലിപ്പ് തടയുന്നതിന് റോഡിന്റെ സൈഡ് കെട്ടി സംരക്ഷണത്തിന് സർക്കാർ തലത്തിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് തുക നാമമാത്രമായതിനാലും പഞ്ചായത്തിന്റെ സാമ്പത്തിക നില പരിമിതമായതിനാലും സന്നദ്ധ സേവകരുടെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. റോഡിന്റെ പണി അതാതു പ്രദേശത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെ കൂടി ചെയ്യുന്നത് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഗുണമേന്മ നിലനിർത്തുന്നതിനും ഉപകരിക്കും.

പൊതു മാർക്കറ്റ്

പഞ്ചായത്തിൽ 2 മാർക്കറ്റുകളാണ് ഉള്ളത്.

പട്ടിക – 5.5 (2)

വാർഡ് നമ്പർ	കോഡ് നമ്പർ	മെറ്റൽ റോഡ്	നീളം (മീറ്റർ)	വീതി (മീറ്റർ)
I	0121	മുറിയാമഠം – വേലാ മുഴി	1407	8.00
II	0212	ഉണ്ടയാന്റെ മുക്ക് – തോണ്ടലിൽ മുക്ക്	330	4.50
IV	0412	ഇടയാടി – റേഷൻകടമുക്ക്	960	7.00
XII	1205	മൂലംകണ്ടം – കീഴാണി	622	6.00
XII	1210	മാറനാട് – കരിത്തട്ട് ജംഗ് – ആവിയോട്ട് ജംഗ്	300	4.00
XII	1219	ചെമ്പകശ്ശേരി ജംഗ് – മാറനാട് കാഷ്യൂ ഫാക്ടറി	665	6.00
XII	1221	മാറനാട് – കാഷ്യൂ ഫാക്ടറി – മണ്ണൂർ കാവ്	466	5.00
		ആകെ	4,750	

പൊരീക്കൽ ജംഗ്ഷനിലുള്ള പഞ്ചായത്ത് വക പബ്ലിക് മാക്കറ്റും, കൈതക്കോട് ഒരു സ്വകാര്യ മാർക്കറ്റും ഉണ്ട്. രണ്ട് ചന്തകളും അന്തിചന്തകളാണ്. ഗേറ്റ് ഫീസിനത്തിൽ 1995–96 ൽ 5000/രൂപായും ഇറച്ചി വ്യപാരം ചെയ്യുന്നതിനുള്ള അവകാശം 14500/ രൂപയുമാണ്. ലേലം കൊണ്ടിട്ടുള്ളത്. ആഴ്ച ചന്ത ഇല്ലത്തതുമൂലം കാർഷിക വിളകൾ ചെയ്യുന്നതിന് ജനങ്ങൾക്ക് പുത്തൂർ ചന്തയെ ആശ്രയിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ബസ് സൗകര്യം ഇല്ലാത്തതുകൊണ്ട് കാർഷിക വിളകൾ യഥാസമയം കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയും ഉണ്ട്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് കാർഷിക മേഖലയായ മാറനാട് കിഴക്ക് , പ്ലാക്കാട്, ഭജനമഠം, പാലമുക്ക്, കാരിക്കൽ, പള്ളിമുക്ക്, ചെറുപൊയ്ക, WLPS ജംഗ്: എന്നീ ഭാഗങ്ങളിലുള്ള ജനങ്ങളെയാണ്. പൊരീക്കൽ പബ്ലിക്ക് മാർക്കറ്റ് ആഴ്ചചന്തയായി ഉയർത്തുകയും ജെ.അൻ.വൈ പദ്ധതിയിൽ 1990–91 ൽ നിർമ്മിച്ച സ്റ്റാളുകൾ പിന്നീട് പ്രവർത്തനക്ഷമമാക്കി. ലേലം ചെയ്തു നൽകിയാൽ പഞ്ചായത്തിന്റെ വരുമാനം ഉയർത്താവുന്നതാണ്.

അനുബന്ധം – B

പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകൾ

വാർഡ്	നിർദ്ദേശിക്കുന്ന പേര്	കോഡ്	തുക (ലക്ഷത്തിൽ)
1	ചരുവിൽ ഏലാ റോഡ് – കണ്ണങ്കര കുന്നത്ത് കോളനി-ഇലവണ്ണാംകുഴി റോഡ്	0123	0.4
	ചാറുവാലിൽ കലുങ്ക് - വാഴോട്ടഴികം ലക്ഷം വീട് റോഡ്	0219	0.5
2	ചാറുവാലിൽ കലുങ്ക് – പരിപ്പാറ്റ് ഏലാ ചരുവിൽ ഭാഗം വഴി ഓലമുക്ക് ഭാഗം വരെ	0220	0.7
	പാങ്ങോട് ഫാക്ടറി ജംഗ് – കാരിക്കൽ കക്കാട്ട് കുന്ന്	0221	0.3
	വള്ളിയാട്ട് മുതൽ – നെടുവിൻ വയൽ	0319	0.8
3	അച്ചൻവിള /ആലക്കൽ കുക്കറവല്ലഭൻകര് വരെ	0320	0.6
4	വെട്ടിക്കുഴി – കോലിയക്കോട്	0421	0.3
	മുട്ടുകോളം – പൂച്ചെട്ടിവിള	0422	0.5
	എസ്.എൻ.പുരം സത്യവാൻ ജംഗ്. – വല്ലവൻകര	0423	0.6
	എസ്.എൻപുരം കാഷ്യൂ ഫാക്ടറിജംഗ്. -ചേവോട്ട് ജംഗ്	0424	0.4
	അമ്പുവിള – പാലക്കോട്	0425	0.6
	ചേവോട്ട് – പൂച്ചെടിവിള വരെ	0426	0.3
5	വേളൂർ കരോട് – തഴച്ചിറവരെ	0517	0.5
	കരിക്കത്തിൽ ഭാഗം – വാളകത്ത്	0518	0.3
	പുലിയിടത്ത് – കിടങ്ങിനഴികത്ത്	0519	0.7
	കാത്തലിക് ചർച്ച് – പേഴം കുന്ന്	0520	0.4
6	കോട്ടപ്പുറം കോളനി – ഉപ്പൂട് വരമ്പ്	0610	0.5
	ഓതിരാമുകൾ – മേച്ചിറ ഏലാ-ചെറുപൊയ്ക	0611	2.500
	ചാരുവിളഭാഗം – വെള്ളചാംതിട്ട ഏലാ – കളയാടി ഏലാ	0612	10.00
	കോട്ടപ്പുറം ചരുവിൽ – ഉപ്പൂട് വരമ്പ്	0613	10.00
	പന്നിക്കുഴി – കുളമുടി ഏലാ – കോരായിക്കോട്	0614	10.00
	വാണിവിളചർച്ച് – കോരായിക്കോട്	0615	0.5
	നെടിയവിള – കളയാടി ഏലാ	0616	0.4
7	കാട്ടുംപുറം മുരുപ്പിൽ റോഡ്	0729	0.6
	പായിക്കോണം – മുളമുട്ടിൽകുളം	0730	0.4
	തോപ്പിൽമുക്ക് – പായിക്കോണം	0731	0.5
8	പോരിഴി – എട്ടറ റോഡ്	0820	0.6
	ആർ.എസ്. ആർ നഗർ – കരിക്കത്തിരം പൂ[illegible]	0821	0.4
	കുതിരത്തടം ജംഗ് – പുഞ്ചവരെ	0822	0.7
	തകരേത്ത് ജംഗ് – മുളയക്കോണം ഏലാ	0823	0.5
	കാര്യോട്ട് കോളനി – മുട്ടത്തറ ഏലാ	0824	0.3
	പയറ്റും പണയ്ക്കൽ – ചമ്പക്കോണാ ഏലാ	0825	0.6
	ചമ്പക്കോണം – പറങ്കാമുട്	0826	0.5
	തകരേത്ത് ജംഗ് – കൾച്ചറൽ ജംഗ്.	0827	0.7
	ചാമുണ്ടിമൂല – പുറ്റുമൺകര	0925	0.8
9	പൊരീക്കൽ മരങ്ങാട് – മലനട	1019	0.6
10	പാലൂർ ഭാഗാ – കൈപ്പള്ളി കുളാ	1020	0.5
	കാഞ്ഞിരാവിള-ഏലാ റോഡ്	1021	0.4
	ഫാക്ടറി ജംഗ് – കോടാലിവിള ജംഗ്	1022	0.3
	കൈക്കുഴിയിക്കൽ പാലാ – ഫാക്ടറി	1023	40.00
	കാട്ടൂർ തറ – മാറനാട് കളത്തട്ട്	1126	0.3
11	ആലുമുക്ക് – മുല്ലപ്പള്ളിയിൽ	1127	0.4
	കനാൽകരയിൽ കൂടി ലക്ഷാവീട് – അംഗൻവാടിയിലേക്ക്	1128	0.4
	ആശാൻമുക്ക് – പുത്തൻവിട്ടിൽപാലാ	1129	0.5
	കുറ്റിയിൽ ജംഗ് – പോസ്റ്റോഫിസ്	1130	0.4
	പേങ്ങോട് വയൽ – തേന്നല്ലൂർ വയൽ വരെ	1131	0.4
	മുല്ലവയൽ ക്ഷേത്രം – വടക്കോട്ട് വയൽ വരെ	1132	0.6
	പുളിമുട് മുക്ക് – പണയിൽ റോഡ്	1133	0.7
	പൊരിക്കൽ കാഷ്യൂഫാക്ടറി – പുലമൺകാവ്	1134	0.3
	വാഴപ്പള്ളിൽ – കാട്ടുത്തറ	1135	0.7
	സാംസ്കാരിക നിലയം – കിഴാണി	1227	0.4
12	പണയാ കോണാ – നെല്ലിയാർ മുകൾ	1228	0.8
	പെരുമാവിൽ – ചരുവിള റോഡ്	1229	0.2

പട്ടിക 5.5 (3) മെറ്റൽ ചെയ്ത ടാർ ചെയ്യേണ്ട റോഡുകൾ

നമ്പർ	കോഡ്	വാർഡ്	റോഡിന്റെ പേര്	ദൂരം (മീറ്റർ)	വീതി (മീറ്റർ)
1	0103	1	റേഷൻകട ജം - മുള്ളൻവാതുക്കൽ	515	5.80
2	0109		ഞാങ്കടവ് - ആലുങ്കടവ്	3580	8.00
3	0208	2	പുളിക്കക്കുഴി - പള്ളിമുക്ക് ജംഗ്.	815	6.00
4	0209		പാങ്ങോട് ജംഗ്. - ക്ഷേത്രം വഴി മുക്കുന്നിൽ	5669	6.00
5	0306	3	പഴയചിറ - അച്ചൻവിള	11546	6.50
6	0401	4	ചെറുപോയ്കസ്കൂൾ - സത്യവാൻമുക്ക്	16281	7.00
7	0402		ഇടയാടി - പുതുച്ചിറ	1432	7.00
8	0409		SKLVPS കൊച്ചുകാരിക്കൽ	760	6.00
9	0413		ഐരുക്കുഴി - ഇടയാടി റോഡ്	1432	7.00
10	0504	5	ബസ് സ്റ്റാന്റ് - കരിവിള വഴി ചുരക്കോട്	1050	4.50
11	0512		തടത്തിൽ - ചാലായത്ത് കടവ്	480	7.00
12	0513		ചുമട് താങ്ങി - വളവിൽ കടവ്	581	6.00
13	0605	6	ചെറുപൊയ്ക - ഉപ്പൂട് റോഡ്	852	3.70
14	0607		പടുപുഴ - കോട്ടപ്പുറം	265	7.00
15	0608		കോട്ടപ്പുറം ജംഗ്. - ലക്ഷം വീട് കോളനി ചരുവിൽ ഏര	643	4.00
16	0703	7	തടത്തിൽ മുക്ക് - LPS ജംഗ്.	1620	8.00
17	0718		കോടാലി മുക്ക് - റബ്ബർ തോട്ടം	1073	6.00
18	0720		മലനട - പാലവിള റോഡ്	1440	8.00
19	0801	8	ഇൻഡ്യൻ ബാങ്ക് - കൾച്ചറൽ റോഡ്	1403	8.00
20	0814		കൈതക്കോട് സ്കൂൾ - വള്ളക്കടവ്	1335	8.00
21	0901	9	പ്ലാക്കാട് PHC - ചാവണി മുല	1060	8.00
22	0911		നെല്ലിയിൽ മുക്ക് - പണിയിൽ പ്ലാക്കാട് കോളനി	634	5.00
[illegible]	0917		ഇൻഡ്യൻ ബാങ്ക് - കോഴിക്കോടൻമുക്ക്	1358	8.00
24	0924		പുത്തൻപുരമുക്ക് - അരീക്കൽ ഏലാ	600	4.80
25	1001	10	കോഴിക്കാടൻമുക്ക് - മണ്ണൂർക്കാവ്	414	5.80
26	1005		മുകളുവിള ജംഗ്. - തുരുത്തേൽ ജംഗ്.	605	8.00
27	1008		ഇടവട്ടം NSSLPS - തുരുത്തേൽ ജംഗ്.	1647	8.40
28	1101	11	നിലത്ത് മുക്ക് - തുമ്പടി ജംഗ്.	502	7.00
29	1103		ആശാൻമുക്ക് - തുമ്പടി	788	5.00
30	1109		നെല്ലിവിള ജംഗ്. - മാറനാച് P.O	290	6.50
31	1011		പവിത്രേശ്വരം വഞ്ചമുക്കു - മഹാദേവർ ക്ഷേത്രം	375	5.00
32	1013		മുല്ലശ്ശേരി - പൊരീക്കൽ ഭാഗം	390	4.00
33	1202	12	നെടുമ്പുറം - കാട്ടൂർ റോഡ്	1950	8.00
34	1206		കീഴാണി പുത്തൻവിള റോഡ്	1050	8.00
35	1213		പാലക്കുഴി - പരുത്തിപ്പാറ	467	6.50
36	1215		പാലക്കുഴി - ചെറ്റവാളകം	562	6.00
37	1225		പോസ്റ്റ് ഓഫീസ് ജംഗ്. - ചെമ്പകശ്ശേരി	706	7.50

വാർഡ്	കോഡ്	റോഡിന്റെ പേര്	നീളം മീറ്ററിൽ	വീതി മീറ്ററിൽ	ഒരു വർഷത്തിൽ ചെലവഴിച്ച പൊതു ഫണ്ട്	കോൺക്രീറ്റ് ചെയ്തത് മീ.		മെറ്റൽ		ഓട		കലുങ്ക്			ഒരുവർഷംശ്രദ്ധാനം		
								ചെയ്തത്	ചെയ്യാത്തത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	അറ്റകുറ്റപ്പണി	സംരക്ഷണ ചു.	ശ്രമദാനം ദിനം	ആകെ രൂപ
1	0101	പാങ്ങോട് - പാറയ്ക്കൽ ജംഗ്ഷൻ റോഡ്	622	5.80										✓			
	0102	കുഴിവിള - പേരൂർമുക്ക് റോഡ്	247	5.00							✓						
	0103	റേഷൻകട മുക്ക് - മുള്ളം വാതുക്കൽ റോഡ്	444	5.50	36000	44.50				✓				✓			36000
	0104	കാവിള ജംഗ്ഷൻ - ആദിശമംഗലം റോഡ്	375	3.00													
	0105	ആദിശമംഗലം - പുത്തൻ വീട്	125	3.00													
	0106	കുഴിവിള - തമ്പുരാൻ ബ്രിക്സ് റോഡ്	409	5.00										✓			
	0107	മാനാം പുറം - കാവാരത്ത് ഏലാ റോഡ്	244	3.50													
	0108	പള്ളിയിൽ - തൊമ്മന്റഴികം റോഡ്	91	3.30													
	0109	ആലുങ്കടവ് - ഞാങ്കടവ് റോഡ്	3580	8.00		4.00			✓		✓		✓	✓			
	0110	വേലംമുഴി - പടിഞ്ഞാറെമുഴിയിൽ റോഡ്	634	4.00													
	0111	നെടുചാലിൽ - ഏലാവാറൂർ റോഡ്	612	3.00													
	0112	മങ്ങാട്ടഴികം - സന്തോഷ് ഭവൻ റോഡ്	117	3.00													
	0113	പാങ്ങോട് ദേവീക്ഷേത്രം - കയണ്ടിവിള	330	4.00					✓					✓			
	0114	തെങ്ങുവിള ജംഗ്ഷൻ - നെടുംചാലിൽ ഏലാ റോഡ്	435	4.50													
	0115	ചരുവിൻ - തോണ്ടലിൽ വയൽ റോഡ്	218	4.00													
	0116	ആലുവിള - കൊച്ചു ചോറ്റാനിക്കര റോഡ്	180	4.00													
	0117	കരിമ്പിൻപുഴ ആശ്രമം - കൊടുക്കാവ് റോഡ്	603	4.50													
	0118	തേക്കുംചേരി - കരിമ്പിൻപുഴ ആശ്രമം റോഡ്	617	4.00													
	0119	കരോട്ട് - ചാങ്ങയിൽ റോഡ്	117	3.00													
	0120	ആലുംകടവ് - ഇരട്ടറോഡ്	510	7.00					✓		✓			✓			
	0121	ഇരട്ടറോഡ് - ഭരിക്കൽ റോഡ്	401	3.00									✓	✓			
	0122	പാലമുക്ക് - പ്രധാനവിള റോഡ്	485	4.00										✓			
	0123	മുറിയാമഠം - വേലംമുഴി റോഡ്	1407	6.80	37000	102.00		✓				✓					37000

II	0201	പാറവിള ജംഗ്ഷൻ - കക്കുട ഏലാ റോഡ്	5.80	4.00						✓							
	0202	സ്മാരകം ജംഗ്ഷൻ - പൊട്ടൽചിറ റോഡ്	163	4.00												637	1274
	0203	പാലമുക്ക് - സ്മാരകം റോഡ്	476	4.00													
	0204	കാരിക്കലൽ പള്ളിമുക്ക് - ലക്ഷം വീട് - കക്കുടറോഡ്	314	3.15													
	0205	പള്ളിമുക്ക് ചരുവിൽ റോഡ്	255	3.00	637												
	0206	കാരിക്കൽ ഗവ: L.P.S. - ഏലാറോഡ്	155	4.50		8.00											
	0207	തടത്തിൽ മുക്ക് - പോളച്ചിറ ഏലാ റോഡ്	474	3.00									✓				
	0208	പള്ളിമുക്ക് - കക്കുട ഏലാ റോഡ്	460	3.50									✓				
	0209	പുളിക്ക കുഴി - പള്ളിമുക്ക് റോഡ്	815	6.00						✓			✓				
	0210	പാങ്ങോട് ജം. - ശ്രീ കൃഷ്ണക്ഷേത്രം - മുക്കുന്നി റോഡ്	566	6.00									✓				
	0211	മുക്കുന്നിൽ മുക്ക് - ഏലാ റോഡ്	532	3.50									✓				
	0212	കറ്റകളീക്കൽ - കൊരണ്ടിക്കുഴി ഏലാറോഡ്	210	4.00													
	0213	ഉണ്ടയാന്റെ മുക്ക് - തോണ്ടലിൻമുക്ക് റോഡ്	330	4.50				✓									
	0214	ഉണ്ടയാന്റെ മുക്ക് - ഗുരുനാഥൻ നട ജം. റോഡ്	785	4.00									✓				
	0215	ഉണ്ടയാന്റെ മുക്ക് - പറവൂർ - തലച്ചിറ ഏലാ	420	3.20									✓				
	0216	പാങ്ങോട് കൃഷ്യൂ ഫാക്ടറി ജം. - കാവാരത്ത് ഏലാ	408	6.00													
	0217	പാങ്ങോട് കാഷ്യൂ ഫാക്ടറി ജം. - കാരിക്കൽ ഏലാ	200	4.50									✓				
	0218	ഉണ്ടയന്റെ മുക്ക് - മരുതനഴികത്ത് റോഡ്	135	4.00													
	0219	പഴയചിറ - ഉണ്ടയാന്റെ മുക്ക് റോഡ്	184	3.50													
III	0301	ആലയ്ക്കൽ - വള്ളിയാട്ട് ജം. റോഡ്	300	4.40							✓		✓				
	0302	പൂത്തൂർ ESI ജം. നെടുവൻ വയൽ റോഡ്	970	4.50									✓				
	0303	തെങ്ങുവിള കാവ് - വിളയിൽ ജം. റോഡ്	360	3.80									✓				
	0304	നെടുവൻവയൽ - ആറ്റൂർ റോഡ്	136	4.50													
	0305	മുന്നാംചിറ - കാരമത്ത് ജം. പടി.ഭാഗം റോഡ്	600	4.20					✓				✓				
	0306	പഴയചിറ - അച്ചൻവിള റോഡ്	1154	6.50													
	0307	കൂടത്തിൽ - കാവരത്ത് ഏലാ റോഡ്	120	4.00													
	0308	മാവേലഴികത്ത് - കാവാരത്ത് ഏലാ റോഡ്	120	4.40													
	0309	അച്ചൻവിള - മാറാട്ട് റോഡ്	207	4.00													
	0310	കല്ലറ ജം. - മുട്ടറ കൂടത്തിൽ റോഡ്	629	4.00									✓				
	0311	കിഴക്കതിൽ - ആറ്റൂർ റോഡ്	150	3.40													
	0312	കിഴക്കതിൽ - ആച്ചൻവിള റോഡ്	142	3.40													
	0313	ചേരിയിൽ ക്ഷേത്രം - ഏലാ റോഡ്	120	5.00						✓							
	0314	മീനത്ത് - ഉള്ളൂരുപ്പിൽ ക്ഷേത്രം റോഡ്	384	3.00													
	0315	വല്ലടൻകര - വെള്ളംകൊള്ളി റോഡ്	187	3.50													
	0316	കടുക്കറ - വെള്ളം കൊള്ളി ഏലാ റോഡ്	148	3.50													

	0317	ആലയ്ക്കൽ - ആശാന്റഴികം റോഡ്	213	4.00			TAR											
	0318	ആലയ്ക്കൽ ഇടയാടി റോഡ്	1278	8.00	65000	199.50	1023						✓	✓	✗		65000
IV	0401	ചെറുപൊയ്ക സ്കൂൾ - സത്യവാൻമുക്ക് റോഡ്	1628	7.00						✓			✓	✓		1198	1198
	0402	ഇടയാടി - പുതിച്ചിറ റോഡ്	1432	7.00						✓		✓		✓		1202	1202
	0403	പുത്തൻപുര ജം. - വള്ളാംതുതടിൽ റോഡ്	390	4.00													
	0404	വള്ളാംതുതടിൽ - കോലിയക്കോട് കോളനി റോഡ്	306	3.00										✓			
	0405	ഊന്നംങ്കല്ലിൽ - കോലിയക്കോട് റോഡ്	522	4.50													
	0406	ശ്രീനാരായണപുരം - കോളനി റോഡ്	320	3.00										✓			
	0407	സത്യവാൻമുക്ക് - മുട്ടുകോണം ഏലാ റോഡ്	450	3.50										✓			
	0408	കോമളത്ത് - കൊല്ലൂരഴികത്ത് ക്ഷേത്രം റോഡ്	556	3.20									✓				
	0409	കോമളത്ത് - S.K.V.L.P.S. ജം. റോഡ്	760	6.00								✓					
	0410	ഇടയാടി - റേഷൻകട മുക്ക് റോഡ്	960	7.00													10000
	0411	മഞ്ചേരി - പുളിവിള റോഡ്	289	3.50										✓			
	0412	വെട്ടുക്കുഴി ശ്മശാനം - ഏലാ റോഡ്	335	4.00													
	0413	ഐരൂർക്കുഴി മുക്ക് - ഇടടായി റോഡ്	313	8.00	120000												120000
	0414	ഐരൂർക്കുഴി കാഷ്യൂഫാക്ടറി - ചാന്തിരത്തിൽ ഏലാ	251	3.70													
	0415	സത്യവാൻമുക്ക് - പുന്തലക്കോട് ഏലാ റോഡ്	913	4.60													
	0416	ജോബിൻ ഭവൻ - ചോവോട്ട് ഏലാ റോഡ്	349	3.40									✓				
	0417	ഷിബു ഭവനം - ചാന്തിരത്തിൽ ഏലാ റോഡ്	300	4.20										✓			
	0418	കാഷ്യു ഫാ. ജം. - തെങ്ങുവിള ഏലാ റോഡ്	608	5.60										✓			
	0419	ഐരൂർക്കുഴി തട്ടത്തിൽ ജം. മറ്റത്ത് ജം. റോഡ്	403	3.60													
	0420	മണിമന്ദിരം ജംഗ്ഷൻ - ഐരൂക്കുഴി ഏലാ	210	4.00										✓			
V	0501	തോട്ടവിള ജം. - പുതുച്ചിറ റോഡ്	526	6.50							✓			✓			
	0502	വട്ടവിള - ആശാരിവിള റോഡ്	166	4.00										✓			
	0503	വട്ടവിള - ചൂരക്കോട് ഏലാ റോഡ്	769	6.50													
	0504	ബസ്റ്റ്റ്റാൻട് ജം. - കരിവിള റോഡ്	1050	4.50										✓			
	0505	സൊസൈറ്റി ജം. - തെങ്ങിലഴികം റോഡ്	1500	6.50				✓						✓			
	0506	നൊച്ചിയിൽ ജം. - തേമ്പുളിക്കൽ റോഡ്	60	4.00													
	0507	മേലതിൽ ജം - വാളകം ഏലാ - വേളൂർകുഴി	413	4.00													
	0508	വൈപ്പിൻ ജം. - കരിക്കത്തിൽ ഏലാ റോഡ്	315	4.50	638									✓	638		1276
	0509	പനാറുവിള - കാവിള കടവ് റോഡ്	450	4.00													
	0510	പണ്ടാരവിള - ചരുവിള ഏലാ റോഡ്	360	4.00													


	0511	ഓട്ടുകമ്പനി ജം. - പോളച്ചിറ ഏലാ റോഡ്	345	5.50									✓			
	0512	തടത്തിൽ ജം. - ചാലയത്ത് കടവ് റോഡ്	480	7.00					✓	✓			✓			
	0513	ചുമട് താങ്ങി മുക്ക് - വളവിൽ കടവ് മുക്ക്	581	6.00					✓				✓			
	0514	വളവിൽ ഭാഗം - താമരോൺ ഏലാ റോഡ്	180	3.60												
	0515	ഇലങ്കം വിള - തകഴിച്ചിറ ഏലാ റോഡ്	143	3.00												
	0516	രശ്മി ബ്രിക്സ് - കോട്ടുവിള ജംഗ്ഷൻ റോഡ്	480	3.60	2041									2041		4082
VI	0601	ചെറുപൊയ്ക തെക്ക് L.P.S. ജം. - ഇടക പള്ളി റോഡ്	230	4.00									✓			
	0602	ചെറുപൊയ്ക L.P.S. - പന്നിക്കുഴി റോഡ്	511	6.50					✓				✓			
	0603	അലാശ്ശേരി - താന്നിവിള റോഡ്	450	3.50									✓			
	0604	കോലായിക്കോട് - നെടുംചാലിൽ പുഞ്ച റോഡ്	155	3.20												
	0605	ചെറുപൊയ്ക - ഉപ്പൂട് റോഡ്	852	3.70									✓			
	0606	കോരായിക്കോട് - കല്ലുമ്പുറം റോഡ്	356	4.00												
	0607	പടപ്പുഴ - കോട്ടപ്പുറം റോഡ്	265	7.00									✓			
	0608	കോട്ടപ്പുറം - ലക്ഷംവീട് റോഡ്	643	4.00												
	0609	ഓതിരം മുകൾ - ലക്ഷംവീട് കോളനി	708	6.75									✓			
												✓	✓			
VII	0701	മുളമൂട്ടിൽ - പറയക്കുഴി ഏലാ റോഡ്	660	3.60												
	0702	തടത്തിൽ മുക്ക് - മുണ്ടവിള ഏലാ റോഡ്	118	3.50		43.50					✓		✓			
	0703	തടത്തിൽ മുക്ക് - L.P.S. ജംഗ്ഷൻ	1620	8.00	45000											45000
	0704	ഭജനമഠം - മുരുപ്പിൽ റോഡ്	280	3.50												
	0705	കല്ലുംമൂട് - മേച്ചിറ റോഡ്	383	3.10												
	0706	പവിത്രേശ്വരം കളിത്തട്ട് മുക്ക് - ഭജനമഠം	1929	8.00							✓					
	0707	കിഴക്കതിൽ - കള്ളിത്തല ഏലാ റോഡ്	260	5.00												
	0708	വിളയിൽ വടക്ക്തിൽ - ഊന്നംകല്ലിൽ	521	7.00									✓			
	0709	കിടങ്ങിൽ - ആലുവിള റോഡ്	300	6.50									✓			
	0710	പവിത്രേശ്വരം കളിത്തട്ട് ജം. - കല്ലുവിള	354	10.00		63.00							✓			
	0711	വിളയിൽ - മുണ്ടുവിള ഏലാ റോഡ്	80	4.00								✓				
	0712	കല്ലുവിള - കള്ളിത്തല ഏലാ റോഡ്	70	3.00												
	0713	ആലുവിള - കള്ളിത്തല റോഡ്	125	3.60												
	0714	കൊല്ലംവിളാകം - ആലുവിള റോഡ്	218	3.00												
	0715	വാര്യ ജം. - പവിത്രേശ്വരം ക്ഷേത്രം	343	4.80												
	0716	താഴേക്കാട - തച്ചരു വിളാകം റോഡ്	234	6.00									✓			
	0717	വില്ലേജ് ആഫീസ് ജംഗ്ഷൻ - കോവിൽ മുക്ക് റോഡ്	275	4.40												

	0718	കോടാലി മുക്ക് - റബ്ബർത്തോട്ടം റോഡ്	1073	6.00									✓				
	0719	റബ്ബർത്തോട്ടം - ചാലയ്ക്കൽ ഏലാ റോഡ്	270	3.00													
	0720	മലനട - പാലവിള റോഡ്	1440	8.00							✓		✓				
	0721	റബ്ബർത്തോട്ടം - നഴ്സറി സ്കൂൾ - മുട്ടറ ഏലാ	272	3.50													
	0722	ഭരണത്ത് ജം - ഏലാ റോഡ്	272	4.00													
	0723	മുകളിൽ ജം. - ആലാശേരി ഏലാ	192	4.50									✓				
	0724	കിടങ്ങിൽ ജം. - മാഗലത്ത് ഏലാ	90	4.00													
	0725	മലനട - പാഴിക്കോണം	450	3.60									✓				
	0726	മരങ്ങാട് ജം. - ഏലാ റോഡ്	131	4.40													
	0727	അമ്പലറവിള പവിത്രേശ്വരം - ടാങ്ക് റോഡ്	239	6.40													
	0728	പ്ലാവിള ജം എട്ടറകുളം റോഡ്	318	4.00													
VII	0801	ഇൻഡ്യൻ ബാങ്ക് ജം. - കൾചറൽ ജം. റോഡ്	1403	8.00					✓				✓				
	0802	തകരേത്ത് മുക്ക് - പയറ്റും പണക്കൽ മുക്ക്	654	3.00													
	0803	ചാലക്കൽ മുക്ക് - മുളയക്കോണം ഏലാ	65	3.00													
	0804	റീത്തപള്ളി ജം. - പറപ്പള്ളിക്കോണം ഏലാ	536	4.50									✓				
	0805	ചമ്പൻകോണത്ത് ജം. - ചമ്പൻകോണം ഏലാ	92	4.50									✓				
	0806	കരിക്കത്തിൻ മുക്ക് - മുടത്തറ ഏലാ റോഡ്	294	4.0													
	0807	എട്ടറപ്പള്ളി മുക്ക് - തുണ്ടുവിള ജം. റോഡ്	270	4.00													
	0808	കല്ലുമുട്ടിൽ ജം. - പറപ്പള്ളിക്കോണം ഏലാ	330	4.20									✓				
	0809	കൊല്ലന്റഴികം ജം. - പറപ്പള്ളിക്കോണം ഏലാ	366	4.20													
	0810	ഹെൽത്ത് സെന്റർ - എട്ടറത്തോട് റോഡ്	1024	5.00				✓									
	0811	ആലുവിള മുക്ക് - ചാന്ത്രവിൻ മുക്ക് റോഡ്	197	4.00													
	0812	വാറൂർ ഭാഗം - ചാരുംകടവ് റോഡ്	450	4.50									✓				
	0813	പെൽത്ത് സെന്റർ - പോരാടിമുക്ക്	702	4.50									✓				
	0814	കൈതക്കോട് സ്കൂൾ - വള്ളക്കടവ്	1355	8.00				✓			✓		✓				
	0815	ചരുവിള ജം. - വേലംപൊയ്ക	346	3.70									✓				
	0816	സദനവിലാസം - വീണറത്തടം റോഡ്	570	4.40									✓				
	0817	സദനവിലാസം - കാട്ടിൽ റോഡ്	96	3.00													
	0818	മുകളുവിള മുക്ക് - തോണിക്കടവ്	390	4.00									✓				
	0819	പാറക്കുട്ടം - ചരുവിള ജം.	343	3.00													
IX	0901	പ്ലാക്കാച് P.H.C. - ചാമുണ്ടിപാലം റോഡ്	1060	8.00		123.00	48.00		✓				✓				
	0902	മലവിള ജം. - നിരപ്പിൽ റോഡ്	202	4.00			202.00										

	0903	മരുതൂർ ജം. - നിരപ്പിൽ റോഡ്	177	6.00			177										
	0904	മരുതൂർ കുറ്റി വിള ജം. - പള്ളിമുക്ക് ജം.	125	5.00			125										
	0905	പ്ലാക്കോട് കോളനി ജം. - കൈതക്കോട് ക്ഷേത്രം	520	6.20	162000							✓		✓			62000
	0906	പ്ലാവിള ജം. - വെള്ളാവിള പണയിൽ റോഡ്	357	4.50													
	0907	വെള്ളാവിള - പണയിൽ തോട് റോഡ്	577	5.00										✓			
	0908	പീച്ചാംകോണം - പുറ്റുമൺ കര റോഡ്	386	3.80													
	0909	പേഴുംവിള ജം. - കൈതക്കോട് ഏലാ	492	4.20										✓			
	0910	പൊയ്കവിള ജം. - ചാരുംവിള മുക്ക്	115	3.50													
	0911	നെല്ലിയിൽ മുക്ക് - പണയിൽ റോഡ്	634	5.00										✓			
	0912	തെങ്ങുവിള ജം. - കൈതക്കോട് ക്ഷേത്രം റോഡ്	365	6.00									✓	✓			
	0913	ആലിലവിള ജം. - പാറയിൽ ജം. റോഡ്	230	6.00									✓				
	0914	കൈതക്കോട് P.O. - പഴവി ജം. റോഡ്	180	3.50													
	0915	വെട്ടിലിൽ ജം. - കളീക്കൽ ജം. റോഡ്	376	4.00													
	0916	കരിക്കത്തിൽ ജം. - വെട്ടിമൂട്ടിൽ തോട്	552	4.00					✓	✓				✓			
	0917	കൈതക്കോട് കര - തൂരുത്തേൽ ജം.	1358	8.00										✓			
	0918	അരിയോട്ട് ഏല - കൈതക്കോട് ക്ഷേത്രം റോഡ്	549	3.50										✓			
	0919	പാറയിൽ ജം. - പാറവിള ജം.	504	3.50										✓			
	0920	കല്ലുംപാലയ്ക്കൽ ജം. - പാറയിൽ ഭാഗം	309	5.00													
	0921	കല്ലുംപാലയ്ക്കൽ ജം. - മുളയക്കോണത്ത് ഏല	241	3.10													
	0922	തെങ്ങുവിള ജം. - കളീക്കൽ മുക്ക് - കോണത്ത് ഏലാ	284	3.50									✓				
	0923	ആലിന്റെ മുക്ക് - അരിയോട്ട് ഏലാ റോഡ്	416	3.60													
	0924	പുത്തൻപുര ജം. - അരീയ്ക്കൽ ഏലാ	600	4.80										✓			
X	1001	കോഴിക്കോടൻ മുക്ക് - മണ്ണൂർ കാവ്	414	5.80							✓			✓			
	1002	കതിരുവീട് ജം. - ഐക്കര വീട്	129	3.60													
	1003	മേലൂട്ട് ഭാഗം - കൊറക്കോട്ട്	360	4.00													
	1004	പള്ളിമുക്ക് ജം. - കൈക്കുഴിക്കൽ പാലം	630	5.00													
	1005	മുകളുിള ജം. - തുരുത്തേൽ ജം.	605	8.00					✓	✓							
	1006	പ്ലാക്കോട് ജം. - ഇടവേലിൽ	536	6.60										✓			
	1007	പ്ലാക്കോട് ജം. - ഭൂതപ്പാണ്ടി റോഡ്	308	3.50													
	1008	ഇടവട്ടം N.S.S. L.P.S. - തുരുത്തേൽ മുക്ക്	1647	8.40					✓	✓							
	1009	കാഞ്ഞിരവിള ജം. - നടുവിലേ വീട്ടിൽ	200	4.00													
	1010	പാലൂർ ജം. - വഴുതാനം റോഡ്	240	4.50													

	1011	പവിത്രേശ്വരം വഞ്ചിമുക്ക് - മഹാദേവർക്ഷേത്രം	375	5.00														
	1012	പൊരീക്കൽ ഭാഗം - മഹാദേവർ ക്ഷേത്രം	390	5.00														
	1013	മല്ലശ്ശേരിൽ ജം. - പൊരിക്കൽ ഭാഗം ഏലാ	390	4.00														
	1014	പൊരീക്കൽ ഭാഗം - മുരി അയ്യത്ത് ഏലാ	380	4.00														
	1015	ചാന്ത്രാവിൽ ജം. - അമ്പഴവേലിൽ ഏലാ	556	5.20														
	1016	ഉടയൻകാവ് - കൈപ്പുള്ളിക്കുളം റോഡ്	360	5.90														
	1017	ഇടവട്ടം സബ്സെന്റർ - കോടാലിലിള ഭാഗം	70	3.00														
	1018	പോരംപൊയ്ക - കൈപ്പുള്ളികുളം റോഡ്	180	3.00														
XI	1101	നീലത്തുമുക്ക് - തുമ്പടി ജം. റോഡ്	502	7.00														
	1102	പാറ്റൂർ വടക്കേ ജം. - മേവറ ഏലാ	410	3.50														
	1103	ആശാൻമുക്ക് - തുമ്പടി ജം.	788	5.00														
	1104	തുളസീമന്ദിരം ജം. - കടലായി മഠം	261	5.20														
	1105	പുളിമുട്ടിൽ ജം. - മേവറ ഏലാ	503	6.00														
	1106	പുലിപ്പുള്ളിക്കോണം - ഏലാ റോഡ്	164	4.40														
	1107	കാട്ടുത്തറ ജം. - വരയണ്ണൂർ ജം.	220	3.50														
	1108	നെല്ലിപ്പുള്ളി ജം. - പ്ലാവിള പുതുവീട്	240	5.20														
	1109	നെല്ലിവിള ജം. - മാറനാട് .P.O	290	6.50														
	1110	തെക്കേടത്ത് ജം. - പ്ലാവിള പുതുവീട്	375	4.50														
	1111	പൊരീക്കൽ കാഷ്യൂ ഫാ: - തേങ്ങോട്ട് മേലതിൽ	390	6.25	725.00												725	1450
	1112	പാലൂർ ജം. - പുലമൺകാവ് റോഡ്	898	5.30														
	1113	തേങ്ങോട്ട് ജം. - ങേങ്ങോട്ട് മേലതിൽ റോഡ്	283	3.00	425											425		
	1114	വരയന്നൂർ ജം. - തേങ്ങോട്ട് ഏലാ	154	4.80														
	1115	മേലേവടക്കതിൽ - മുല്ലവേലി ഏലാ റോഡ്	330	3.70														
	1116	കൂടലായി മഠം - പുലമൺ കാവ് ക്ഷേത്രം	644	3.70														
	1117	കുരോവിള ജം. - മഠത്തിൽ ജം. റോഡ്	223	3.50														
	1118	മുണ്ടുവിള ജം. - പുലയൺകാവ് ഏലാ	491	4.50														
	1119	മാറനാട് കളിത്തട്ട് ജം. - പുലമൺകാവ് ഏലാ	510	5.00														
	1120	കല്ലുവിള ജം. - നെടുമ്പുറത്ത് ഏലാ	232	3.50														
	1121	ചവരിക്കൽ ജം. - പുളിവിള ഏലാ	181	4.50														
	1122	ഊന്നംകല്ലിൽ ജം. - പുളിവിള ഏലാ	241	4.50														
	1123	പവിത്രേശ്വരം വഞ്ചിമുക്ക് - മുഴിയിൽ ഏലാ	449	5.00														
	1124	മുല്ലശ്ശേരി മുക്ക് - മേലേടത്ത് ജം.	516	5.00														
	1125	പൊരീക്കൽ കാഷ്യൂ ഫാ: - തോട്ടത്തിൽ റോഡ്	327	4.30	659.00											659		1318

XII	1201	നെടുമ്പുറം ജം. – പുലമൺ കാവ് ക്ഷേത്രം റോഡ്	375	5.00												
	1202	നെടുമ്പുറം ജം. – കാട്ടൂർ റോഡ്	1950	8.00		30.00		✓		✓		✓				
	1203	സൂര്യ മംഗലം ജം. – പറങ്കിമാം വിള റോഡ്	488	4.00								✓				
	1204	സൂര്യമംഗലം ജം. – മൂലക്കണ്ടം റോഡ്	382	4.70												
	1205	മൂലകണ്ടം ജം. – കീഴാണി റോഡ്	622	6.00			62	✓				✓				
	1206	കീഴാണി ജം. – പുത്തൻ വിള	1050	8.00								✓				
	1207	മംഗലത്ത് മുക്ക് – തെക്കേവിള	105	3.30												
	1208	സാംസ്ക്കാരിക നിലയം ജം, – പെരുമാവിൽ ഏലാ	276	4.00		30.00										
	1209	പെരുമാവിൽ ജം. – ചരുവിള റോഡ്	450	3.50												
	1210	മാറനാട് കളിത്തട്ട് ജം. – ആവിയോട് റോഡ്	300	4.00		20.00	280					✓				
	1211	ചെമ്പകശ്ശേരി – തെക്കേവിള	210	4.00												
	1212	പെരുമാവിൽ ജം. – ചാലക്കുഴി	1113	6.50			1113					✓				
	1213	പാലക്കുഴി – പകുതിപ്പാററോഡ്	467	6.50								✓				
	1214	പകുതിപ്പാറ – ചെറുവാളകം	182	3.70												
	1215	പാലക്കുഴി – ചെറുവാളകം	562	6.00								✓				
	1216	പാലക്കുഴി ജം. – വേടർ കോളനി	215	3.50												
	1217	കാവുംകോട് – ഏലാമുഖം റോഡ്	780	4.50								✓				
	1218	നെല്ലിയാർ മുകൾ – വലിയ കുഴി റോഡ്	463	4.30								✓				
	1219	ചെമ്പകശ്ശേരി ജം. – മാറനാട് കാഷ്യൂ ഫാ.	665	6.00		81	584					✓				
	1220	കാഷ്യൂ ഫാ. ജം – മണ്ണൂർക്കാവ് റോഡ്	466	5.0			466					✓				
	1221	കാഷ്യൂ ഫാ. ജം – തുണ്ടത്തിൽ ഏലാ	250	3.10												
	1222	കാഷ്യൂ ഫാ. ജം – സിറിയൻ ചർച്ച്	440	5.00								✓				
	1223	കാഷ്യൂ ഫാ. ജം – വലിയകുഴി	285	3.50												
	1224	പണയിൽ ജം. – തുണ്ടത്തിൽ റോഡ്	228	3.50												
	1225	മാറനാട് പി.ഒ. ജം. – ചെമ്പകശ്ശേരി റോഡ്	706	7.50				✓				✓				
	1226	ഇടവിള ജം. – സുജിന്ദ്ര ഭവനം റോഡ്	165	5.50		15										



5.6 പാർപ്പിടം

ജനങ്ങളുടെ ആരോഗ്യം നിലനിർത്തുന്നതിന് സൗകര്യപ്രദവും വൃത്തിയുള്ളതുമായ പാർപ്പിടങ്ങൾ ആവശ്യമാണ്. പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്, പവിത്രേശ്വരം വില്ലേജും, പുത്തൂർവില്ലേജിന്റെ കുറേ ഭാഗങ്ങളും കൂടിച്ചേർന്ന് പന്ത്രണ്ട് വാർഡുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരുപഞ്ചായത്താണ്.

കർഷകരും കർഷക തൊഴിലാളികളും കൂടുതലുള്ള ഈ പഞ്ചായത്തിൽ ഇടത്തരം പാർപ്പിടങ്ങളുള്ള കുടുംബങ്ങളാണ് ഭൂരിപക്ഷവും. 12 വാർഡുകളിലായി 9304 (ഒമ്പതിനായിരത്തി മുന്നൂറ്റി നാല്) വീടുകളാണ് ഉള്ളത്. ഇതിൽ 2181 (രണ്ടായിരത്തി ഒരുന്നൂറ്റി എൺപത്തി ഒന്ന്) കോൺക്രീറ്റ് വീടുകളും 5969 (അയ്യായിരത്തി തൊള്ളായിരത്തി അറുപത്തി ഒൻപത്) ഓടുമേഞ്ഞ വീടുകളും, 1038 (ആയിരത്തി മുപ്പത്തി എട്ട്) ഓലമേഞ്ഞ വീടുകളും, 56 (അൺപത്തി ആറ്) ഇരുനില കെട്ടിടങ്ങളും, 60 (അറുപത്) മറ്റ് ആസ്ബറ്റോസ് കെട്ടിടങ്ങളും ഈ പഞ്ചായത്തിലുണ്ട്.

വീടുകളുടെ തരം തിരിവ് പട്ടിക വാർഡ്തലത്തിൽ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ	ഓല മേഞ്ഞത്	ഓട് മേഞ്ഞത്	കോൺക്രീറ്റ്	മറ്റുള്ളവ
1	898	5	89	645	151	8
2	779	4	19	612	142	2
3	847	9	168	495	171	4
4	723	8	89	502	118	6
5	717	2	98	390	217	10
6	780	11	102	541	123	3
7	736	3	156	402	171	4
8	897	3	68	550	271	5
9	798	2	58	476	260	2
10	738	4	91	448	189	6
11	706	3	49	486	162	6
12	685	2	51	422	206	4
ആകെ	9304	56	1038	5969	2181	60

ഈ പഞ്ചായത്തിൽ വിവിധ പദ്ധതികളിലൂടെ ലഭിച്ച ഭവനലഭ്യത

J. R. Y. പദ്ധതി

അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം	ഭാഗികമായി നിൽക്കുന്നവയുടെ എണ്ണം
156	104	52

പദ്ധതി

IRDP സർവ്വേലിസ്റ്റ് പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	IAY/MWS അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം
1214	98	35

ഈ പഞ്ചായത്തിൽ 960 (തൊള്ളായിരത്തി അറുപത്) കുടുംബങ്ങൾക്ക് സ്ഥിരവും താമസയോഗ്യവുമായ വീട് ഇല്ല. നമ്മുടെ പഞ്ചായത്തിൽ ഭവനനിർമ്മാണ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന സർക്കാർ ഏജൻസികൾ വിരളമാണ്. പഞ്ചായത്തിന് പുറത്തുള്ള സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് വീടുകൾ നിർമ്മിച്ചിട്ടുള്ള ധാരാളം കുടുംബങ്ങളും ഇടത്തരം ജനവിഭാഗക്കാരും ഉണ്ട്. കാലാകാലങ്ങളിൽ വീട് പുതുക്കിപ്പണിയുന്നതിലും സംരക്ഷിക്കുന്നതിലും വരുന്ന പോരായ്മകൾ കാരണം നിലവിലുള്ള വീടുകൾ നശിച്ചുപോകുന്ന സ്ഥിതിയും ഉണ്ടാകുന്നു.

വിവിധ പദ്ധതികൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ (1992-95) വർഷത്തിൽ 254 വീടുകൾ ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസ് വഴി നിർമ്മിക്കുവാൻ അനുമതി ലഭിച്ചിരുന്നു. ഇതിൽ 139 വീടുകൾ നിർമ്മാണം പൂർത്തിയാക്കിയവയും 52 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിലവിലുണ്ടെന്നുമാണ് കണക്കുകൾ കാണിക്കുന്നത്. ഇതിൽ IAY/MWS പദ്ധതികൾ പ്രകാരം അനുവദിച്ച 98 വീടുകളും J R Y പദ്ധതി പ്രകാരം അനുവദിച്ച 156 വീടുകളും ഉൾപ്പെടും.

മനുഷ്യന് പാർക്കാൻ വീടുകൾ എന്ന കാഴ്ചപ്പാടിൽ നിന്ന് അകന്ന് ലക്ഷങ്ങൾ മുടക്കി വിശാലമായ വീടുകൾ കെട്ടി ഉയർത്തുന്ന അവസ്ഥയും വയൽ നികത്തി കെട്ടിടം പണിയുന്ന ദോഷകരമായ സ്ഥിതിയും പല വാർഡുകളിലും കണ്ടുവരുന്നു. കാർഷിക മേഖലയെ തകർക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ ബോധ പൂർവ്വം ഒഴിവാക്കപ്പെടേണ്ടതാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളായ ഇഷ്ടിക സിമൻറ്, കമ്പി, മണൽ, മെറ്റൽ, ഓട് തുടങ്ങിയവയുടെ കുതിച്ചുയരുന്ന വിലവർദ്ധനവും തൊഴിലാളികളുടെ ദൗർലഭ്യവും കൂലികൂടുതലും മറ്റ് വിധ ചിലവുകളുടെ വർദ്ധനവും മൂലം പലപ്പോഴും എ.സ്.റ്റി.മേറ്റ് തുക വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ആളുകൾക്ക് കഴിയാത്ത അവസ്ഥ സംജാതമാകുന്നു. ഈ മേഖലയിൽ പണിയെടുക്കുന്ന പുരുഷ തൊഴിലാളികളെക്കാൾ കുറഞ്ഞ വേതന നിരക്കിലാണ് സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്നത്.

ഭവന നിർമ്മാണത്തിന് സർക്കാർ വിവിധ വകുപ്പുകൾ മുഖേന വിവിധ പദ്ധതികളിലായി നൽകുന്ന സഹായങ്ങളും വായ്പകളും ഉപയോഗിച്ച് ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ചെലവ് കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്. I A Y, J R Y, M W S, എന്നീ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. വായ്പയ്ക്കുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ വേണ്ട നിയമപരവും കിയാചകവുമായ സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്താൽ പാർപ്പിട രംഗത്തെ ദുരവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താനാകും ഇപ്പോൾ വിവിധ പദ്ധതികൾ വഴി കെട്ടിടം നിർമ്മിക്കുന്നതിനായി നല്കുന്നവായ്പ തുക വളരെ പരിമിതമായതിനാൽ വർദ്ധിപ്പിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി കോളനി നിവാസികളുടെ വീടുകൾ, ലക്ഷംവീടുകൾ, മറ്റ് ദുർബല ജനവിഭാഗങ്ങൾ തിങ്ങിപാർക്കുന്ന മേഖലകളിലെ വീടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുന്നതിനും. ഈ വിഭാഗത്തിലുള്ളവർ വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ എത്തിക്കുന്നതിലും ഇവരുടെ പാർപ്പിട രംഗത്തെ പ്രശ്നങ്ങൾക്ക് അവസരോചിതമായ പരിഹാര

മാർഗ്ഗങ്ങളും കണ്ടെത്തുന്നതിനും കഴിയേണ്ടതായിട്ടുണ്ട്.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങളും, ലക്ഷം വീട് കോളനികളിലെ കുടുംബങ്ങളും എന്നിവർക്ക് അനുവദിച്ച് കിട്ടിയിട്ടുള്ള വീടുകളും നിർമ്മാണം പൂർത്തീകരിക്കുന്നതിലും പണിപൂർത്തീകരിച്ച വീടുകളും സംരക്ഷിക്കുന്നതിലും അറ്റകുറ്റപണികളും ചെയ്തു സംരക്ഷിക്കുന്നതിലും ഇവർ ജാഗ്രത കാണിക്കുന്നില്ല എന്നത് വസ്തുതയാണ്. ഈ വിഭാഗത്തിന്റെ ജീവിതനിലവാരം ഉയർത്തുന്നതിനും, പാർപ്പിട ശുചീകരണ, നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങളും സംഘടിപ്പിച്ച് നടപ്പാക്കണം.

പാർപ്പിട നിർമ്മാണരംഗത്തെ അനാവശ്യ ചിലവുകളും ഒഴിവാക്കുന്നതിനും, ഈ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള തൊഴിലാളികളുടെ ഒരു വിദഗ്ധ സംഘത്തെ പഞ്ചായത്ത്തലത്തിൽ പരിശീലിപ്പിച്ച് എടുക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിലൂടെ അനുവദിക്കുന്ന പാർപ്പിടങ്ങളുടെ നിർമ്മാണം ഇവരിലൂടെ നടത്തുകയും (ഇവർ നിർമ്മിക്കുന്ന വീടുകളുടെ നിലവാരം സംബന്ധിച്ച് പഞ്ചായത്തിലെ തന്നെ ഒരു വിദഗ്ധ സംഘം മൂല്യനിർണ്ണയം നടത്തുകയും ചെയ്യണം) ചെയ്താൽ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയുടെ വളരെ പെറിയ ഒരു ശതമാനം പരിഹരിക്കാനും കഴിയും, നമ്മുടെ പഞ്ചായത്തിലെ കെട്ടിട നിർമ്മാണരംഗത്ത് ഇന്ന് പണിയെടുത്തുകൊണ്ടിരിക്കുന്ന അന്യസംസ്ഥാനത്തെ തൊഴിലാളികളെയും മറ്റും ഒഴിവാക്കാനും, നമ്മുടെ പഞ്ചായത്തിലെ തന്നെ ആളുകൾക്ക് ഇതുമൂലം തൊഴിൽ ലഭ്യമാക്കാനും ഈ മാർഗ്ഗം പരിഹാരമാകും.

പാർപ്പിടരംഗത്തെ പ്രശ്നപരിഹാരത്തിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഒരു ഫാമിറെബിലിറ്റി സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തന മൂലധനം കണ്ടെത്തുകയും ഇതിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ഭവനവായ്പകൾ നല്കുകയും ചെയ്യുക.

2. ചെലവുകുറഞ്ഞവീട് നിർമ്മാണം വ്യാപകമാക്കുകയും പ്രചാരണ പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുക.

3. ഭവനനിർമ്മാണത്തിന് വിവിധ സർക്കാർ ഏജൻസികളും നല്കിവരുന്ന തുക വർദ്ധിപ്പിക്കുകയും, ഇതിന്റെ അപേക്ഷകൾ സ്വീകരിക്കുന്നതിനും, തുക വിതരണം ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം പഞ്ചായത്തിനെ ചുമതലപ്പെടുത്തുക.

4. കെട്ടിട നിർമ്മാണ സാമഗ്രികളും വിതരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു വിതരണ കേന്ദ്രം സ്ഥാപിക്കുകയും. കുറഞ്ഞ വിലയ്ക്ക് നിർമ്മാണ സാമഗ്രികളും വിതരണം നടത്തുകയും ചെയ്യുക.

5. പഞ്ചായത്ത് തലത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള ഒരു വിദഗ്ധ സമിതിയെക്കൊണ്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും നടത്തുകയും, ഈ സമിതി പഞ്ചായത്ത് സമിതിയുമായി കോ-ഓർഡിനേറ്റ് ചെയ്ത് പ്രവർത്തിക്കുകയും ചെയ്യുക.

6. a രണ്ടോ, അതിലധികമോ സെന്റുകളുള്ള ആർഭാടമേറിയ പാർപ്പിടങ്ങളും നിർമ്മിക്കുന്നവരിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ഭവന രഹിതർക്ക് വീടുനിർമ്മിച്ച് നല്കുന്നതിലേക്ക് ഒരു നിശ്ചിത തുക (10,000 മോ അതിൽ കൂടുതലോ) നിർബന്ധമായി ശേഖരിക്കുക.

b. ഇപ്രകാരം ശേഖരിക്കുന്ന തുക പ്രകൃതിക്ഷോഭം മൂലമോ മറ്റ് പ്രശ്നങ്ങളും കാരണമോ ഭവനരഹിതരാകുന്നവർക്ക് ഭവനം നിർമ്മിച്ച് നല്കുന്നതിലേക്ക് മാറ്റി വയ്ക്കാവുന്നതും അടിയന്തിരമായി വിതരണം നടത്താവുന്നതുമാണ്.

ഭവന നിർമ്മാണത്തിന് വേണ്ടി ഗവൺമെന്റും, മറ്റ് സാമ്പത്തിക ഏജൻസികളും വിവിധ പദ്ധതികളും വഴി I A Y, M W S, J R Y, നല്കുന്ന തുക നിശ്ചയിക്കപ്പെട്ടിട്ടുള്ള രീതിയിൽ പാർപ്പിടനിർമ്മാണ പൂർത്തീകരണത്തിന് അപര്യാപ്തമാണ്. ഇതു കാരണം നിർമ്മാണത്തിന്റെ ഒന്നോ രണ്ടോ ഘട്ടങ്ങളിൽ തന്നെ വീടുപണി പ്രതിസന്ധിയിലാവുകയും വർഷങ്ങളോളം ഈ നിലതുടരുകയും ഒടുവിൽ താല്ക്കാലിക ഭവനം തന്നെ നഷ്ടപ്പെടുകയും ചെയ്യുന്ന ദുരവസ്ഥ ഉണ്ടാകുന്നു ഇതു പരിഹരിക്കാൻ ഇത്തരം പദ്ധതികളിലൂടെ നല്കുന്ന സാമ്പത്തിക സഹായത്തിന്റെ തുക വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതുപോലെ തന്നെ ഈ സഹായം ലഭിക്കുന്നവർക്ക് പാർപ്പിടത്തിന്റെ ആവശ്യകതയും, ഉത്തരവാദിത്വബോധവും വർദ്ധിപ്പിക്കുന്നതിന്

വേണ്ട പ്രചാരണ പ്രവർത്തനങ്ങളും നടത്തണം.

1992-95 വർഷത്തിൽ വിവിധ പദ്ധതികളിലായി പാർപ്പിടം നിർമ്മിക്കുന്നതിന് അനുവദിച്ചുകൊടുക്കുകയും, നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ വരികയും ചെയ്ത 52 വീടുകളും നമ്മുടെ പഞ്ചായത്തിലുണ്ടെന്നത് കണക്കുകളും കാണിക്കുന്നു. ഇവർ ഭവനരഹിതരുടെ പട്ടികയിൽപ്പെടുന്നില്ല എങ്കിലും ഫലത്തിൽ ഭവനരഹിതരാണ്. ഒരിക്കൽ വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചു എന്ന കാരണത്താൽ തുടർന്നുള്ള ഭവന നിർമ്മാണ സഹായത്തിന് ഇത്തരക്കാർ അനർഹരാവുകയും ചെയ്യുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 90% അധികം ജനങ്ങളും ഒരു വിധം തൃപ്തികരമായ പാർപ്പിട സൗകര്യം ഉള്ളവരോ; അടിയന്തിര ആവശ്യങ്ങൾ നിറവേറ്റാൻ ഉപകരിക്കുന്നതോ ആയ വീടുകളിൽ താമസിക്കുന്നവരോ ആണ്. എന്നാൽ പൂർണ്ണമായും വാസയോഗ്യമായ പാർപ്പിടമുള്ള കുടുംബങ്ങളുള്ള ഒരു പഞ്ചായത്താക്കി മാറ്റണമെങ്കിൽ പാർപ്പിട നിർമ്മാണരംഗത്ത് ഇനിയും നാം ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

വിവിധ സർക്കാർ പദ്ധതികളിലൂടെ 1992-95 വർഷത്തിൽ 2.73 കുടുംബങ്ങൾക്ക് മാത്രമാണ് വീട് നിർമ്മിച്ച് നൽകാൻ കഴിഞ്ഞിട്ടുള്ളത് എന്നു പറഞ്ഞാൽ വിവിധ സർക്കാർ ഏജൻസികൾ വഴി ഭവന നിർമ്മാണത്തിന് നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ വളരെ പരിമിതമാണെന്ന് വ്യക്തമാണ്. ഈ ഇനത്തിൽ നൽകുന്ന സാമ്പത്തിക സഹായത്തിന്റെ അളവും, എണ്ണവും വർദ്ധിപ്പിച്ചാൽ കൂടുതൽ പേർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നൽകാൻ കഴിയും. ഇതിനുവേണ്ട സാമ്പത്തികമായ സഹായങ്ങൾ ഉണ്ടാകുകയും വേണം.


ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ലായെന്നുള്ളത് ഗൗരവപൂർവ്വം കാണണം. പുറത്തുള്ള ഏജൻസികളിൽ നിന്നും (കൊട്ടാരക്കര താലൂക്ക് ഹൗസിംഗ് സൊസൈറ്റി, ഭവന നിർമ്മാണ ബോർഡ്, പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി) നാമമാത്രമായ കുടുംബങ്ങൾ സഹായം സ്വീകരിച്ച് വീടുകൾ നിർമ്മിച്ചിട്ടുണ്ട്, ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണരംഗത്തെ വിദഗ്ധ തൊഴിലാളികളുടെ അഭാവം, അനുദിനം വർദ്ധിച്ചുവരുന്ന കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലനിലയും, കൂലികൂടുതലും, വിഭവങ്ങളുടെ ദൗർലഭ്യതയുമൊക്കെ വിവിധ തരത്തിൽ വെല്ലുവിളികളായി ഉയർന്നുനില്ക്കുന്നുമുണ്ട് എന്നുള്ളതും വിസ്മരിച്ചുകൂടാ.

ഭവനരഹിതരുടെ പാർപ്പിട പ്രശ്നത്തെക്കാളും മുൻപന്തിയിൽ, ഭൂരഹിതർക്ക് ഭൂമിനൽകുന്നതിനുള്ള നടപടികളും സ്വീകരിക്കണം. മിച്ചഭൂമികണ്ടെടുത്തും, സർക്കാർ പുറമ്പോക്കുകൾ വിതരണം നടത്തിയും ഇതിന് പരിഹാരമുണ്ടാക്കാം, അതുപോലെ തന്നെ വിതരണം നടത്തിയ മിച്ചഭൂമികളിലും, പുറമ്പോക്കുകളിലും വർഷങ്ങളായി താമസിക്കാതെയും, തരിശിട്ടിരിക്കുകയും ചെയ്തിട്ടുള്ള വസ്തുക്കൾ തിരിച്ചുപിടിക്കുകയും ഇവ ഭൂരഹിതർക്ക് വിതരണം നടത്തുകയും വേണം ഇങ്ങനെ പഞ്ചായത്ത് നൽകുന്ന വസ്തുക്കളിൽ ഭവനം നിർമ്മിച്ച് നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ച് പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കണം.

ലക്ഷംവീടു കോളനികളിലും, പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും പാർപ്പിട പ്രശ്നം സങ്കീർണ്ണമായ മറ്റ് പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇത്തരം വീടുകൾ തൊട്ടുതൊട്ടുകിടക്കുന്നതും, കുടുംബവീടുകളിലെ ജനബാഹുല്യവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ പ്രശ്നം ഫലപ്രദമായി പരിഹരിക്കാൻ വേണ്ട വിദഗ്ധ സമീപനം തന്നെ ഉണ്ടാകണം.

പാർപ്പിട രംഗത്ത് സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ വിവിധ ഏജൻസികളിലൂടെ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലായെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തിനു പുറമേ ഗുണഭോക്താക്കളുടേയും, സന്നദ്ധപ്രവർത്തകരുടെ കർമ്മശേഷിയും പ്രയോജനപ്പെടുത്തി പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ ഒത്തൊരുമയോടെയുള്ള പ്രവർത്തനം നടത്തണം. ഇഷ്ടികയാണ് കെട്ടിട നിർമ്മാണത്തിനായി ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നത്. പ്രാദേശികമായി ലഭിക്കുന്ന വെട്ടുകല്ല് ഉപയോഗിച്ചാൽ നിർമ്മാണച്ചെലവ് വളരെക്കുറയ്ക്കുവാൻ കഴിയും. മാത്രമല്ല പെരിയുള്ള കൃഷിഭൂമിയുടെ വ്യാപകമായ നഷ്ടം ഒഴിവാക്കുവാനും കഴിയും.



5.7
ആരോഗ്യം

ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. രണ്ടായിരമാണ്ടിൽ രാഷ്ട്രം കൈവരിക്കാനുദ്ദേശിക്കുന്ന ആരോഗ്യ ലക്ഷ്യങ്ങളും കേരളം വർഷങ്ങൾക്ക് മുൻപേ കൈവരിച്ചു കഴിഞ്ഞു. എന്നാൽ എല്ലാവിധത്തിലുമുള്ള ആരോഗ്യ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ നമ്മുടെ ഗ്രാമത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഗ്രാമതലത്തിൽ പൊതുജനപങ്കാളിത്തത്തോടുകൂടി ആരോഗ്യ പരിപാടികൾക്ക് രൂപം നൽകേണ്ടതുണ്ട്. പകർച്ചവ്യാധി രോഗങ്ങൾ തടയുവാൻ കഴിഞ്ഞിരുന്നുവെങ്കിലും ഇപ്പോൾ ജ്വരം, മലമ്പനി, എലിപ്പനി എന്നിവയുടെ തിരിച്ചു വരവ് ഭീഷണി ഉയർത്തുന്നു. ധർമ്മാശുപത്രികളിൽ മരുന്നില്ലായ്മയും, സർക്കാരിൽ നിന്നുള്ള ധനസഹായം ഈ മേഖലയിൽ അധികമായി വിനിയോഗിക്കുവാൻ കഴിയാത്തതും പൊതുജനങ്ങളോടുള്ള സമീപനത്തിലുള്ള വൈകല്യവും പൊതുജനങ്ങളെ ഈ ആശുപത്രികളിൽ നിന്നും അകറ്റുന്നു.

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് നമ്മുടെ ഗ്രാമത്തിലെ ജനസംഖ്യ 29124 ആണ്. 1996 ൽ 186 മരണങ്ങളാണ് പഞ്ചായത്തിൽ ആകെ നടന്നിട്ടുള്ളത്. പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 114 മരണങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ ആധുനിക ചികിത്സാ സൗകര്യങ്ങളുടെ കുറവ് മൂലം രോഗികളെ ദൂരസ്ഥലങ്ങളിലെ ആശുപത്രികളിലേക്ക് കൊണ്ടു പോകാറുണ്ട് എന്നു വ്യക്തമാണ്. നമ്മുടെ ഗ്രാമത്തിലെ പൊതു മരണനിരക്ക് 6.38 ആണ് ഇത് സംസ്ഥാന ശരാശരിയേക്കാളും 0.4% അധികമാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വാഹന സൗകര്യം കുറവാണ്. ആശുപത്രികളുടെ അഭാവവും പോഷകാഹാര കുറവും, ശുചിത്വമില്ലായ്മയും ആകാം മരണ നിരക്ക് വർദ്ധിക്കുവാൻ കാരണം.

ഒരു വയസിന് താഴെയുള്ള 7 കുട്ടികളാണ് 1996 ൽമരണപ്പെട്ടിട്ടുള്ളത്. ശിശുമരണ നിരക്ക് നമ്മുടെ ഗ്രാമത്തിൽ 16.94% ആണ്. 2 മാതൃമരണങ്ങളും 1996 ൽ നടന്നിട്ടുണ്ട്. ഇത് 4.84%ആണ്. നമ്മുടെ ഗ്രാമത്തിൽ 1996 ൽ 413 ജനനങ്ങളും നടന്നിട്ടുണ്ട്. ഇതിൽ 9 ജനനങ്ങളും മാത്രം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളു. ഇതിൽ നിന്നും പ്രസവ ചികിത്സക്കായി ഭൂരിപക്ഷം പേരും മറ്റു സ്ഥലങ്ങളിലുള്ള സർക്കാർ ആശുപത്രികളെയോ സ്വകാര്യ ആശുപത്രികളെയോ ആണ് ആശ്രയിക്കുന്നത് എന്ന് കാണാം. പഞ്ചായത്ത് പ്രദേശത്ത് ആശുപത്രി സൗകര്യങ്ങളും ഇല്ലാത്തതാണ് പ്രധാന കാരണം. നമ്മുടെ ഗ്രാമത്തിലെ ജനന നിരക്ക് 14.18 ശതമാനമാണ്. ജനന നിരക്ക് സംസ്ഥാന ശരാശരിയേക്കാളും കുറവാണ്. നമ്മുടെ പഞ്ചായത്തിൽ 4360 യോഗ്യരായ ദമ്പതികളുണ്ട്.

സ്ഥിരമായും താല്ക്കാലികമായും കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച 3510 ദമ്പതിമാരാണ്. കർഷകരും, കർഷകതൊഴിലാളികളും, കശുവണ്ടി തൊഴിലാളികളുമാണ് ഭൂരിപക്ഷവും. സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിയെങ്കിലും സാക്ഷരതാ നിരക്ക് 90 ശതമാനത്തിൽ കുറവാണ്. ജനസംഖ്യാ വർദ്ധനവ് തടയുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ ദുർബല ജനവിഭാഗത്തിനിടയിൽ നടത്തുവാൻ കഴിഞ്ഞാൽ ജനന നിരക്ക് വളരെയേറെ കുറയ്ക്കുവാൻ കഴിയും.

ഒരു വയസിന് താഴെ പ്രായമുള്ള 485 കുട്ടികളും, ഒരു വയസിനും മൂന്നു വയസിനുമിടയിൽ പ്രായമുള്ള 361 കുട്ടികളും, 3 മുതൽ 5 വയസുവരെയുള്ള കുട്ടികൾ 413 ഉം ആണ്. പോഷകാഹാരം എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുന്നുണ്ട്. ഇരുമ്പ്/ഫോളിക്കാസിഡ്, ഗുളിക, വിറ്റാമിൻ A തുള്ളിമരുന്ന് ഇവ കുട്ടികൾക്ക് നൽകാറുണ്ട്. ഗർഭിണികൾക്ക് ഇരുമ്പ്/ഫോളിക്കാസിഡ്. ഗുളികകൾ വിതരണം ചെയ്തു വരുന്നു. ടെറ്റനസ് ഡോക്സ്യിഡ് കുത്തിവയപ് ഗർഭകാലത്ത് ഭൂരിപക്ഷം സ്ത്രീകൾക്കും നൽകാറുണ്ട്.

പഞ്ചായത്തിൽ 32 കുഷ്ഠരോഗികളാണ്ഉണ്ടായിരുന്നത്. 30 പേരുടെ രോഗം ചികിത്സിച്ച് ഭേദമാക്കിയിട്ടുണ്ട്. 2 പേർ ഇപ്പോഴും ചികിത്സയിലാണ്. ഏതെങ്കിലും പ്രത്യേക തരം രോഗം ബാധിച്ച പ്രദേശങ്ങൾ പഞ്ചായത്തിൽ ഇല്ല. പ്രധാനമായി 4 ആശുപത്രികളാണ് പഞ്ചായത്തിലുള്ളത്. കുഴിക്കലിടവക ആയുർവ്വേദ ഡിസ്പൻസറി, ശ്രീനാരായണപുരം പ്രാഥമികാരോഗ്യ കേന്ദ്രം, പുത്തൂർ E S I ആശുപത്രി, പവിത്രേശ്വരം ഹോമിയോ ഡിസ്പൻസറി ഇത് കൂടാതെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള സ്വകാര്യ ആശുപത്രികളുമുണ്ട്. ഇതിൽ നാലെണ്ണം ആയുർവ്വേദ ആശുപത്രികളാണ്.

1992-95 കാലയളവിൽ പ്രധാന ആശുപത്രികളിലായി ചികിത്സക്കായി എത്തിയവരുടെ എണ്ണം പരിശോധിക്കുമ്പോൾ പവിത്രേശ്വരം ഹോമിയോ ഡിസ്പെൻസറിയിൽ 113195 പേരും ശ്രീനാരായണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 56244 പേരും കുഴിക്കലിടവക ആയുർവേദ ഡിസ്പെൻസറിയിൽ 85682പേരും, പുത്തൂർ E S I ആശുപത്രിയിൽ 219321പേരും എന്നുകാണാം. സാധാരണയായി പഞ്ചായത്ത് പ്രദേശത്ത്കണ്ടുവരുന്ന രോഗങ്ങൾ തൊക്ക്രോഗം, വാതരോഗം, പകർച്ചവ്യാധികൾ ഇവയാണ് വിഷചികിത്സക്കായി 95-96ൽ 17 പേർ എത്തിയിട്ടുണ്ട്. ചെങ്കണ്ണ് ചിക്കൻ പോക്സ് തുടങ്ങിയ രോഗങ്ങൾ ഉഷ്ണകാലത്തും അതിസാരം മഴക്കാലത്തും വ്യാപകമായി കാണുന്നു. സ്ഥായിയായ രോഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

a	രക്ത സമ്മർദ്ദം	—	950
b	പ്രമേഹം	—	1500
c	കാൻസർ	—	48
d	കുഷ്ഠം	—	32
e	ക്ഷയം	—	1000
f	ഹൃദ്രോഗം	—	150
	ആകെ		3680

1995-96 ൽ 415 പേർക്ക് ജലജന്യ രോഗങ്ങളും, 1100 പേർക്ക് വായുജന്യ രോഗങ്ങളും. 15 പേർക്ക് പ്രാണി ജന്യരോഗങ്ങളും ബാധിച്ചതായി കാണുന്നു. ജനിയ്ക്കുന്ന കുട്ടികളിൽ 59% കുട്ടികളുടെയും ആരോഗ്യ നിലവാരം നോർമലും 34% കുട്ടികളുടേത് 1-ാം ഗ്രേഡും 7% കുട്ടികളുടേത് 2-ാം ഗ്രേഡുമാണ്. അംഗൻവാടികൾ മുഖേന കുട്ടികൾക്ക് വിതരണം ചെയ്യുന്ന ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകളും, വിറ്റാമിൻ A തുള്ളിമരുന്നുമാണ് സാധാരണയായി വിതരണം ചെയ്യുന്നത്. പഞ്ചായത്ത് പ്രദേശത്തെ 2 L. P. S. കളിൽ ഉച്ചക്കഞ്ഞി വിതരണം നടന്നു വരുന്നു. പഞ്ചായത്ത് പ്രദേശത്തുള്ള ഭൂരിഭാഗം കുട്ടികൾക്കും ആവശ്യമായ ഭക്ഷണമോ ആധുനിക ചികിത്സാ സൗകര്യമോ ലഭിക്കുവാനുള്ള സാദ്ധ്യത വളരെ പരിമിതമാണ്.

സ്ഥാപനങ്ങളും സേവനങ്ങളും

പഞ്ചായത്തിലുള്ള സർക്കാർ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെഎണ്ണം
1	പ്രാഥമികാരോഗ്യകേന്ദ്രം ശ്രീനാരായണപുരം	4	1973	9
2	ഫ്രൈമറി ഹെൽത്ത്സെന്റർ കാരിക്കൻ	2	—	1

3	പ്രൈമറി ഹെൽത്ത് സെൻറർ ഇടവട്ടം	10	—	1
4	പ്രൈമറി ഹെൽത്ത് സെൻറർ കൈതക്കോട്	8	—	1
5	പ്രൈമറി ഹെൽത്ത് സെൻറർ കിഴക്കേ മാറനാട്	12	—	1
6	പ്രൈമറി ഹെൽത്ത് സെൻറർ ശ്രീനാരായണപുരം	4	—	1
7	ഗവ: ആയുർവ്വേദ ഡിസ്പൻസറി കാരിക്കൽ	2	1956	4
8	ഗവ: ഹോമിയോ ഡിസ്പെൻസറി പവിത്രേശ്വരം	8	1991	4
9	E S I ഡിസ്പെൻസറി പുത്തൂർ	3	—	16

നമ്മുടെ പഞ്ചായത്തിൽ ശ്രീനാരായണപുരം വാർഡിൽ 1973 ൽ ഒരു ഗവൺമെൻറ് ഡിസ്പൻസറി പ്രവർത്തനം ആരംഭിച്ചു. 1988 ൽ ഇത് പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഉയർത്തുകയും ചെയ്തു. പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കീഴിൽ 5 സബ്സെൻററുകളും പ്രവർത്തിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയ പ്രവർത്തനം ഇല്ല. പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത് ഒരു പഴയ കെട്ടിടത്തിലാണ്. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഇരിക്കുവാൻ പോലുമുള്ള സ്ഥലം അവിടെ ഇല്ല. കെട്ടിടം ഏത് സമയത്തും നിലം പതിക്കാവുന്ന സ്ഥിതിയിലാണ്. പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് വാഹനസൗകര്യം ഇല്ലാത്തതും ഇവിടെ ചികിത്സക്ക് എത്താതിരിക്കുന്നതിന് ഒരു കാരണമാണ്.

സബ്സെൻററുകളും ഉൾപ്പെടെയുള്ള പൊതു സ്ഥാപനങ്ങളും 9 ആണ്. ജനസംഖ്യയുമായി കണക്കാക്കി നോക്കുമ്പോൾ 3236 പേർക്ക് ഒരു സ്ഥാപനം എന്ന് കാണാൻ കഴിയും.

മരുന്നുകൾ സർക്കാർ നേരിട്ട് നല്കുകയാണ്. ആവശ്യമായ മരുന്നുകൾ യഥാസമയം ലഭിക്കാറില്ല. പ്രാഥമികാരോഗ്യകേന്ദ്രത്തിലും സബ് സെൻററുകളിലും ആവശ്യമായ ഫർണിച്ചറുകളുടെ അഭാവം ഒരു പ്രധാന പ്രശ്നമാണ്. രോഗികളെ കിടത്തി പരിശോധിക്കുന്നതിന് ആവശ്യമായ കട്ടിലുകളോ, ചികിത്സക്കായി വരുന്നവർക്ക് ഇരിക്കുവാനുള്ള ബഞ്ചോ ആശുപത്രികളിൽ ഇല്ല. സ്വകാര്യ ആയുർവേദ ആശുപത്രികളും, നാട്ടു ചികിത്സാ സംവിധാനങ്ങളും ധാരാളമുണ്ട്. ആളുകൾ ഏറ്റവും കൂടുതൽ ചികിത്സക്കായി എത്തുന്നത് ആയുർവേദ ആശുപത്രികളിലും നാട്ടു ചികിത്സാക്കാരുടെ അടുത്തുമാണ്. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ ഒന്നും തന്നെയില്ലെങ്കിലും എയ്ഡ്സ് രോഗം വരാതിരിക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ ചില സന്നദ്ധ സംഘടനകൾ നടത്തുകയുണ്ടായി

പ്രൈമറി തലത്തിൽ പഠിക്കുന്ന സ്കൂൾ കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ പഠിക്കുന്നതിനായി സ്കൂൾ തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. പദ്ധതി വളരെയധികം പ്രചാരണം നല്കികൊണ്ടുവന്നെങ്കിലും ഒരു സ്കൂളിലും കുട്ടികളെ പരിശോധിക്കുന്നതിനായി ആവശ്യമായ ഡോക്ടർമാരെ നിയോഗിക്കുകയോ മരുന്നുകൾ നല്കുകയോ ഉണ്ടായിട്ടില്ല. പരിശോധനക്കു ശേഷം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വിദഗ്ദ പരിശോധനയ്ക്കായി എത്തിയവർക്ക് യാതൊരുവിധ പരിചരണവും ലഭിക്കാതെ തിരികെ പോകേണ്ട സ്ഥിതിയുണ്ടായി ഈ പദ്ധതി പഞ്ചായത്തും പ്രാഥമികാരോഗ്യകേന്ദ്രവും സംയുക്തമായി ഏറ്റെടുത്തുനടപ്പിലാക്കിയാൽ വളരെയേറെ വിജയം നേടാൻ കഴിയും.

നമ്മുടെ ഗ്രാമത്തിൽ ദൈനംദിന ജീവിതത്തിന് ആവശ്യമായ കുടിവെള്ളം ലഭിക്കുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി ചെയ്യുന്നത് തോടുകളും കുളങ്ങളും ധാരാളമുണ്ടെങ്കിലും കൃഷിക്കും കുടിവെള്ളത്തിനും വേണ്ടി ഉപയോഗിക്കുന്നവ നാമമാത്രമാണ്. പഞ്ചായത്തിൽ 7 കുഴൽ കിണറുകളും, 3312 കിണറുകളും ഉണ്ട് 42 പൊതു കിണറുകളും ഉള്ളതിൽ 2 എണ്ണം ഉപയോഗ ശൂന്യമാണ്. സ്വകാര്യകിണറുകളിൽ 3263 എണ്ണത്തിൽ എല്ലാ സമയത്തും വെള്ളം ലഭിക്കാറുണ്ട്. 789 എണ്ണം ഉപയോഗശൂന്യമാണ്. കുഴൽ കിണറുകളും എല്ലാം ഉപയോഗ ശൂന്യമായി കിടന്നിരുന്നത് പഞ്ചായത്തിൽ നിന്നും 7705 രൂപാ ചെലവ്

ചെയ്തു റിപ്പയർ ചെയ്തിട്ടുണ്ട്. 350 കിണറുകളുടെ മുകൾ ഭാഗം ഉയർത്തി കെട്ടിയിട്ടില്ലാത്തതിനാൽ മഴക്കാലത്ത് അഴുക്കുവെള്ളം ഒഴുകി ഇറങ്ങി ജലജന്യരോഗങ്ങൾ ഉണ്ടാകാറുണ്ട്. കൂടി വെള്ളം ഉപയോഗിക്കുന്നതിലേയും കൈകാര്യം ചെയ്യുന്നതിലേയും അപാകതമൂലം രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. പൊതു ടാപ്പുകൾ 104 എണ്ണം മാറനാട് കിഴക്ക്, കൈതക്കോട് തെക്ക്, ശ്രീനാരായണപുരം എന്നീ വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട്. ജലം ശുദ്ധീകരിക്കുന്നതിൽ വന്നിട്ടുള്ള അപാകത മൂലം ശുദ്ധ ജലം ലഭിക്കാറില്ല. പമ്പ് ചെയ്യുന്നവരുടെ അനാസ്ഥ മൂലം ആവശ്യമായ സമയങ്ങളിൽ ജലം ലഭിക്കാത്ത പ്രദേശങ്ങളും ഉണ്ട്.

പഞ്ചായത്ത് പ്രദേശത്തുള്ള വീടുകളിൽ 3200 വീടുകളിൽ ഉപയോഗ്യമായതും വൃത്തിയുള്ളതുമായ കക്കൂസുകൾ ഇല്ലെന്ന് 1994 ൽ സോഷ്യോഎക്കണോമിക് യൂണിറ്റ് മുഖേന നടത്തിയ സർവ്വേയിൽ വ്യക്തമായിട്ടുണ്ട്. ഇതിൽ 1314 കുടുംബങ്ങളിൽ സ്ലാവ് സ്ഥാപിച്ച് കക്കൂസുകളായി ഉപയോഗിക്കുന്നു. കക്കൂസില്ലാതിരുന്ന കുടുംബങ്ങളിൽ 792 കുടുംബങ്ങൾക്ക് ഡച്ച് ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി സോഷ്യോഎക്കണോക് യൂണിറ്റ് മുഖേന കക്കൂസുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കി. മി. 1233 ആണ്. പൊതുകക്കൂസുകൾ നിർമ്മിച്ചു നൽകുന്നത് സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ പ്രയോജന പ്രദമാകുകയില്ല.

പൊതുസ്ഥലങ്ങൾ വൃത്തിയാക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആളെ നിയോഗിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് രണ്ട് മാർക്കറ്റുകൾ ഉണ്ട്. ഒരെണ്ണം പൊതുമാർക്കറ്റും ഒരെണ്ണം സ്വകാര്യ മാർക്കറ്റുമാണ്. പൊതുമാർക്കറ്റിലെ അവശിഷ്ടങ്ങൾ വാരി വൃത്തിയാക്കുന്നതിന് ആളുകളെ നിയോഗിച്ചിട്ടുണ്ട്. ഹോട്ടലുകളിൽ നിന്നും, വീടുകളിൽ നിന്നും, അഴുക്ക് ജലം പാതുനിരത്തിലുള്ള ഓടകളിലേക്ക് ഒഴുകുന്നുണ്ട്. ഇത് കൊതുക്, ഈച്ച മുതലായ പ്രാണികളുടെ ശല്യം വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ അറവ് ശാല ഇല്ലാത്തതും പ്രശ്നമാണ് ഇറച്ചിയുടെ ആവശ്യത്തിനായി വെട്ടുന്നതിന് കൊണ്ടുവരുന്ന മൃഗങ്ങളെ പരിശോധിക്കുവാൻ നിലവിൽ സംവിധാനങ്ങളില്ല. അതിനാൽ രോഗം പിടിപെട്ട മൃഗങ്ങളെ വെട്ടുന്നതുമൂലം രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. പഞ്ചായത്ത് പ്രദേശത്തുള്ള ഹോട്ടലുകളിലെ ആഹാരങ്ങളുടെ നിലവാരം പരിശോധിച്ച് പഴകിയ ആഹാരങ്ങൾ പൊതു ജനങ്ങൾക്ക് നൽകുന്നത് തടയുവാൻ സംവിധാനം ഇല്ലാത്ത സ്ഥിതിയും നിലനില്ക്കുന്നു. ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി എടുക്കുന്നതിനായി കുഴിക്കുന്ന കുഴികളിൽ അഴുക്ക് വെള്ളം കെട്ടിക്കിടന്ന് കൊതുക്, ഈച്ച മുതലായ പ്രാണികളുടെ ശല്യം വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷണ സാധനങ്ങൾ മായം ചേർത്ത് കൊടുക്കുന്നതും ആരോഗ്യ പ്രശ്നങ്ങളെ ബാധിക്കുന്നു

ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തേയും ആയുർവ്വേദ ഡിസ്പൻസറിയേയുമാണ് ആളുകൾ കൂടുതൽ ആശ്രയിക്കുന്നത്. മരുന്നിന്റെ വിലവർദ്ധനവ് സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ഇക്കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതോടൊപ്പം രോഗംവരാതിരിക്കുവാൻ എന്തൊക്കെ ചെയ്യേണ്ടതുണ്ട് എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് പഞ്ചായത്തുതല വികസന സമിതികൾക്ക് കഴിയും.

കുഴിക്കലിടവക ഗവ: ആയുർവ്വേദ ഡിസ്പൻസറി

കഴിഞ്ഞ 5 വർഷക്കാലയളവിൽ ഈ സ്ഥാപനത്തിൽ 105675 രോഗികൾ ചികിത്സക്കായി വന്നിട്ടുള്ളതാണ്. ഇവർക്ക് ചികിത്സക്കായി ലഭിച്ചിട്ടുള്ള മരുന്ന് 57550 രൂപ75 പൈസയുടേതാണ്. വളരെ പരിമിതമായിട്ടുള്ള മരുന്നുകൾ മാത്രമാണ് ഇത്രയും തുകയ്ക്ക് ലഭിക്കുന്നത്. ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായ ഘടകം രോഗികൾക്ക് അത്യാവശ്യമായ മരുന്നുകൾ യഥാർത്ഥ സമയത്ത് കിട്ടുക എന്നുള്ളതാണ്. ഗവൺമെന്റ് മൂന്ന് തവണകളായിട്ടാണ് മരുന്നുകൾ വിതരണം ചെയ്യുന്നത് അതിന് പ്രത്യേക സമയം ഇല്ല. ഒരു വർഷത്തിൽ ഏതെങ്കിലും മൂന്ന് തവണ ലഭിക്കും. പലപ്പോഴും മരുന്നുകൾ സ്ഥാപനത്തിൽ ഇല്ലാത്ത അവസ്ഥയാണ്. മറ്റ് സ്കീമുകളോ പ്രവർത്തനങ്ങളോ ഒന്നുംതന്നെ

8 ഉച്ചക്കഞ്ഞി വിതരണം വ്യാപകമാക്കി പോഷ കാഹാര നില മെച്ചപ്പെടുത്തുക.

9 പോഷണ വിദ്യാഭ്യാസം സംഘടിപ്പിക്കുക.

10 സ്ക്കൂൾ കുട്ടികൾക്ക് മെഡിക്കൽ കാർഡ് ഏർപ്പെടുത്തുക.

11 സ്ക്കൂൾ പച്ചക്കറി തോട്ട നിർമ്മാണം ആരംഭിക്കുക.

12 ആരോഗ്യ വിദ്യാഭ്യാസ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

13 അദ്ധ്യാപകർക്ക് പ്രഥമ ശുശ്രൂഷ പരിശീലനം നടത്തുക.

14 സ്ക്കൂളുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് സ്ഥാപിക്കുക.

15 ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

16 ഉപയോഗ ശൂന്യമായ മാലിന്യങ്ങളിൽ നിന്നും കമ്പോസ്റ്റ് നിർമ്മാണം നടത്തുക.

17 എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിച്ചു നൽകുക.

18 പ്രൈവറ്റ് ആശുപത്രികളുടെ മേൽ നിയന്ത്രണം കൊണ്ടുവരിക.

19 ആരോഗ്യ പ്രശ്നങ്ങൾ പഠന വിധേയമാക്കുക.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1 ശ്രീനാരായണപുരം പ്രാഥമികാരോഗ്യ കേന്ദ്രം ആശുപത്രിയായി ഉയർത്തുവാൻ നടപടി സ്വീകരിക്കുക.

2 P. H സെൻറിനു കെട്ടിടം നിർമ്മിക്കുകയും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

3 കുഴിക്കലിടവക ആയുർവ്വേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുക.

4 പൊതു ശ്മശാനം സ്ഥാപിക്കുക.

5 നിരാലംബരായ വൃദ്ധജനങ്ങൾക്ക് വാസയോഗ്യമായ വൃദ്ധമന്ദിരം നിർമ്മിക്കുക.

6 പഞ്ചായത്തിൻെറ മേൽ നോട്ടത്തിൽ യോഗ കേന്ദ്രം ആരംഭിക്കുക.

7 AIDS രോഗത്തിനെതിരെ ബോധവൽക്കരണ ക്ലാസ് നടത്തുക.

8 ശാസ്ത്രീയമായ രീതിയിൽ അറവുശാല നിർമ്മിക്കുക.

9 അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുകയും, പട്ടികൾക്ക് പേവിഷ ബാധയ്ക്കെതിരെ കുത്തിവയ്പ്പ് നടത്തുക, ലൈസൻസ് നിർബന്ധമാക്കുക.

10 കശുവണ്ടി ഫാക്ടറി, ഇഷ്ടിക നിർമ്മാണ കമ്പനി ഇവയിൽ നിന്നുള്ള പരിസര മലിനീകരണം തടയുവാൻ നടപടി സ്വീകരിക്കുക.

11 പവിത്രേശ്വരം ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുക.

12 ഹോട്ടൽ തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക.

13 മദ്യപാനം, പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ ഇവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.

14 രക്തദാനം, നേത്രദാനം ഇവയുടെ മഹത്വം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.

15 ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുക.

16 ആയുർവേദ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്ന് ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

17 കഷായം വയ്ക്കുന്നതിന് വിറകിൻെറ വിലയായി ചെലവാക്കുന്ന തുക കുറയുന്നതിനായി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

18 ശുദ്ധ ജലം എത്തിക്കുവാൻ നടപടി സ്വീകരിക്കണം.

19 പുത്തൂർ E S I ഡിസ്പെൻസറിയിൽ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം സൃഷ്ടിക്കുക.

ഇല്ല. സ്ഥാപനത്തിനുവേണ്ടി സ്വന്തമായി ഒരു കെട്ടിടം ഉണ്ടെങ്കിലും നാളിതുവരെ ഇലക്ട്രിസിറ്റി ലഭിച്ചിട്ടില്ല. സ്ഥാപനത്തിന്റെ സുരക്ഷിതത്വത്തിന് അത്യാവശ്യമായ ഒരുഗേറ്റും സ്ഥാപിച്ചിട്ടില്ല. ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ ഫർണിച്ചറുകളുടെ പരിമിതിയും ഉണ്ട്.

ആയുർവ്വേദ ഡിസ്പൻസറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണ്. ഈ സ്ഥാപനം ആശുപത്രിയായി ഉയർത്താനുള്ള നടപടി സ്വീകരിക്കുകയും, അതിന് ആവശ്യമായ സ്ഥലംകൂടി കണ്ടു പിടിക്കുകയും, കെട്ടിടം നിർമ്മിക്കുകയും, ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളിൽ ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്യാവുന്നതാണ്.

ഔഷധി എന്ന സ്ഥാപനമാണ് ഇപ്പോൾ ഔഷധം വിതരണം ചെയ്യുന്നത് സ്ഥാപനത്തിനാവശ്യമായ ഔഷധങ്ങൾ ആവശ്യമായ സമയങ്ങളിൽ ലഭിക്കാറില്ല പലപ്പോഴും ഔഷധങ്ങളുടെ ഗുണനിലവാരം പാലിക്കാറില്ല. അതുകൊണ്ട് ഈ സംവിധാനത്തിന് സമൂലമായ മാറ്റം ഉണ്ടാകേണ്ടത് ആവശ്യമാണ്. ഓരോ ജില്ലയിലും ഡിപ്പാർട്ട്മെന്റ്തന്നെ സ്വന്തമായി ഔഷധ നിർമ്മാണത്തിനുള്ള സംവിധാനം ഉണ്ടാക്കി എടുക്കുക, തിരുവനന്തപുരം ആയുർവ്വേദ കോളേജിനോട് ചേർന്നുള്ള ആശുപത്രിയ്ക്ക് ആവശ്യമായ ഭൂരിഭാഗം മരുന്നുകളും അവിടെത്തന്നെയാണ് നിർമ്മിക്കുന്നത് അതും ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ആയതിനാൽ മരുന്നിന്റെ ഗുണനിലവാരവും വിതരണവും ഭംഗിയായി കൊണ്ടുപോകാൻ കഴിയുന്നു. വ്യവസായ സ്ഥാപനമായ ഔഷധിയിൽ പണി മുടക്കോ മറ്റെതെങ്കിലും കാരണങ്ങളാൽ സ്ഥാപനത്തിന്റെ പ്രവർത്തനം തത്ക്കാലത്തേയ്ക്ക് നിർത്തിവയ്ക്കേണ്ട അവസ്ഥ വന്നാൽ മരുന്നുകൾ ലഭിക്കുവാൻ സാധിക്കാതെ വരും അങ്ങനെയുള്ള അവസ്ഥയിൽ പ്രൈവറ്റ് കമ്പനികൾക്ക് ഓർഡർ കൊടുത്താലും മരുന്നുകളുടെ ഗുണനിലവാരം നിലനിർത്താൻ കഴിയാതെ വരും മരുന്നുകളുടെ കാര്യത്തിൽ ഇതരചികിത്സാ രീതിയിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന ചികിത്സയാണ് ആയുർവ്വേദം. പ്രധാനമായും പച്ചമരുന്നുകളുടെ അഭാവം വളരെ കൂടുതൽ ശ്രദ്ധിക്കേണ്ട ഒരവസ്ഥയിലും ആണ്. ഓരോ ജില്ലയിലും അതിന്റെ മുന്നോടിയായി ഔഷധ തോട്ടങ്ങൾ ഉണ്ടാക്കാനുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകേണ്ടത് വളരെ അത്യാവശ്യമായ ഘടകമാണ്.

സ്ഥാപനത്തിന് ലഭിക്കുന്ന ഔഷധങ്ങളിൽ പ്രധാനമായിട്ടുള്ളത് കഷായമാണ്. വർഷങ്ങളായി ആത് ചൂർണ്ണമായിട്ടാണ് ലഭിക്കുന്നത് അത് കഷായമായിട്ടാണ് രോഗികൾക്ക് നൽകാറുള്ളത്. ഇപ്പോൾ വിറകിന്റെ അഭാവവും വിറകിന്റെ വിലവർദ്ധനവും ഒരു പ്രതിസന്ധിയിലാണ്. ഭൂരിഭാഗം സ്ഥാപനങ്ങളിലും ഗ്യാസ് അടുപ്പ് വയ്ക്കാനുള്ള സൗകര്യമോ ഗ്യാസ് കിട്ടാനുള്ള ഏജൻസികളോ ഇല്ല. ആയതിനാൽ കഷായം പാകം ചെയ്ത് കൊടുക്കുന്നത് വളരെ നഷ്ടം ഗവൺമെന്റിന് ഉണ്ടാവുന്ന സ്ഥിതിയാണ്. രോഗികൾക്ക് ഗുണപ്രദമായ പലപുതിയ രീതികളും ഇന്ന് നിലവിൽ വന്നിട്ടുണ്ട്. പ്രധാനമായും കഷായം ടിൻ ച്ചർ ആയിട്ട് ഉല്പാദിപ്പിക്കുക എന്നുള്ളതാണ് കൂടാതെ ഇപ്പോൾ നൽകുന്ന ചൂർണ്ണം സൂക്ഷ്മ ചൂർണ്ണമായി നിർമ്മിച്ചാൽ അത് നേരിട്ട് രോഗികൾക്ക് നൽകാവുന്നതാണ്. ഈ രണ്ട് രീതിയിലുള്ള ഏതെങ്കിലും മാറ്റം സ്വീകരിക്കുകയാണെങ്കിൽ രോഗികൾക്കും ഗവൺമെന്റിനും ഗുണപ്രദമായിത്തീരുന്നതാണ്.

പൊതുനിർദ്ദേശങ്ങൾ

1 പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലേയും ആരോഗ്യ സേവനങ്ങളെ ഏകോപിപ്പിക്കുവാൻ ജനകീയകമ്മിറ്റികൾ രൂപീകരിക്കുക

2 ശിശുക്കൾക്കും, ഗർഭിണികളായ സ്ത്രീകൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും സ്കൂൾ വിദ്യാർത്ഥികൾക്കുംവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ അവലോകനം ചെയ്യുക.

3 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും അതിലെ ജീവനക്കാരുടെ കടമകളെയുംപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുക.

4 സമ്പൂർണ്ണ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.

5 രക്ത ഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും രക്തദാന സേനാ രൂപീകരണവും നടത്തുക.

6 കുഷ്ഠം, ക്ഷയം, ക്യാൻസർ നേത്രരോഗ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുക.

7 സ്കൂൾ കുട്ടികൾക്ക് പ്രത്യേക മെഡിക്കൽ ചെക്കപ്പും രോഗ നിർണ്ണയവും നടത്തുക.


പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ്തിരിച്ച് സ്ഥിതിവിശേഷവും

വാർഡ്	സ്ഥാപനങ്ങളം		കാണപ്പെടുന്ന പ്രധാന രോഗങ്ങളം	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	തെച്ചപ്പെടുത്താനുള്ള നിർദ്ദേശം
	പൊതു സ്ഥാപനങ്ങളം	സ്വകാര്യ സ്ഥാപനങ്ങളം			
1	—	ആയുർവ്വേദ ഡിസ്പൻസറി-1 ഹോമിയോ ചികിത്സ-1	വൈറൽ, ഫീവർ, ചെങ്കണ്ണ്	—	—
2	ഗവ: ആയുർവ്വേദ ഡിഡ്പൻസറി-1 പി. എച്ച്. സി. സബ്സെൻറർ	ആയുർവ്വേദ ആശുപത്രി-1	ചിക്കൻ പോക്സ്, ചെങ്കണ്ണ്, വയറിളക്കം	മരുന്നുകളുടെ ലഭ്യത അപര്യാപ്തമായതിനാൽ പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ല.	മരുന്നുകളം യഥാവസരം ആവശ്യത്തിന് ലഭ്യമാക്കുകയും. പുരുങ്ങിയത് 25 കിടക്കകളം അനുവദിച്ച് ഒരു ആയുർവ്വേദ ആശുപത്രിയായി ഉയർത്തുകയും വൈദ്യുതീകരിക്കാൻ വേണ്ട നടപടികളം കൈക്കൊള്ളേണ്ടതുമാണ്. സബ്സെൻററിൻെറ കെട്ടിടം അറ്റകുറ്റപ്പണികളം നടത്തി അത്യാവശ്യം വേണ്ട ഫർണിച്ചറുകളം അനുവദിക്കേണ്ടതാണ്.
3	ഇല്ല	ഇല്ല	—	—	—
4	P H സെൻറർ	—	—	തൃപ്തികരമാണ് രോഗികൾക്ക്. ആവശ്യമായ ഔതികസൗകര്യങ്ങളം ഇല്ല. മരുന്നിൻെറ ലഭ്യതയും കുറവാണ്. പകർച്ചാവ്യാധികൾക്ക് യഥാസമയം പ്രതിരോധം ഏർപ്പെടുത്തുക.	ആശുപത്രിയായി ഉയർത്താൻവേണ്ടി ഏക്കർ സ്ഥലം സർക്കാർതലത്തിൽ സറണ്ടർ ചെയ്ത് നൽകിയെങ്കിലും നാളിതുവരെയും സർക്കാർതലത്തിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. വേണ്ട പ്രവർത്തനങ്ങളം നടത്തേണ്ടതാണ്.
5	—	—	അതിസാരം, ചെങ്കണ്ണ് ചിക്കൻപോക്സ്	—	—
6	—	—	ചെങ്കണ്ണ് ചിക്കൻപോക്സ് തൃക്ക്രോഗം	—	—
7	ഹോമിയോ ഡിസ്പൻസറി-1	ആയുർവ്വേദ ക്ലിനിക്-1	ചെങ്കണ്ണ്, അതിസാരം ചിക്കൻപോക്സ്	തൃപ്തികരം	പഞ്ചായത്തിന് സറണ്ടർ ചെയ്ത 15 സെൻറ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടികളം സ്വീകരിക്കുക

പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ്തിരിച്ച് സ്ഥിതിവിശേഷവും

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശം
	പൊതു സ്ഥാപനങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ			
8	കുടുംബ ക്ഷേമ കേന്ദ്രം	3	മലേറിയ, പിത്തം	—	—
9	പ്രൈമറി ഹെൽത്ത് സെൻറർ-1 പി. എച്ച്. സി. സബ്സെൻറർ-1	3	ജലദോഷം വയറിളക്കം ചെങ്കണ്ണ്,	10 കിടക്കകളും അനുവദിച്ചിട്ടുണ്ടെങ്കിലും ഇന്നേവരെ കിടത്തി ചികിത്സിക്കാൻ വേണ്ട ഏർപ്പാടുകളും ഉണ്ടായിട്ടില്ല. സ്റ്റാഫിൻറെയും. ഡോക്ടറുടേയും അഭാവം ഉണ്ട്.	പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 25 കിടക്കകളും അനുവദിച്ച് കിടത്തി ചികിത്സിക്കാൻ വേണ്ട നടപടികളും ഒരു ഗൈനക്കോളജിസ്റ്റിനേയും നിയമിക്കാൻ വേണ്ട നടപടികളും കൈക്കൊള്ളേണ്ടതാണ്.
10	P H സെൻറർ	ഹോമിയോ-1 ആയുർവ്വേദം .1 നഴ്സിംഗ്ഹോം-1	അതിസാരം, ഛർദ്ദി, ചെങ്കണ്ണ്	—	—
11	—	—	വയറിളക്കം ചെങ്കണ്ണ്, ചിക്കൻപോക്സ് ഛർദ്ദി	—	—
12	കുടുംബക്ഷേമ കേന്ദ്രം	—	—	—	—

★



5.7
വിദ്യാഭ്യാസം

വ്യക്തിയുടെ സർവ്വതോന്മുഖമായ വികസനമാണല്ലോ വിദ്യാഭ്യാസത്തിന്റെ എക്കാലത്തെയും പരമമായ ലക്ഷ്യം. ഓരോ പ്രദേശത്തെയും പുരോഗതി അവിടുത്തെ ജനങ്ങളുടെ ആശയാഭിലാഷങ്ങളിൽ അധിഷ്ഠിതമായിരിക്കും. അതോടെ വ്യക്തിയുടെ ഉത്തരവാദിത്ത്വവും വർദ്ധിച്ചിരിക്കും. തന്റെ ഭാഗധേയം താൻ തന്നെ നിർണ്ണയിക്കണമെന്ന വൻപിച്ച ഉത്തരവാദിത്ത്വത്തിന് പ്രാപ്തനാക്കുന്നത് വിദ്യാഭ്യസമാണല്ലോ. അതിനാൽ വിദ്യാഭ്യാസം എല്ലാ വികസന പ്രക്രിയകളുടെയും അടിത്തറയാകുന്നു. അടിത്തറ ബലപ്പെട്ടില്ലെങ്കിൽ എന്ത് സംഭവിക്കുമെന്ന് വ്യക്തമാക്കേണ്ടതില്ലല്ലോ.

വീടുകളിലും കൂടിപ്പള്ളിക്കുടങ്ങളിലുമായി പിച്ച വച്ചിരുന്ന ഈ പ്രദേശത്തെ വിദ്യാഭ്യാസം ഔപചാരിക തലത്തിലേക്ക് ഉയർന്നത് 1917 – ൽ ആണ്. തോട്ടത്തിൽ ശ്രീ.പത്മനാഭപിള്ള പെൺകുട്ടികൾക്കുവേണ്ടി മാറനാട് സ്ഥാപിച്ച വിദ്യാലയമാണ് ഈ പ്രദേശത്തെ പ്രഥമ വിദ്യാഭ്യാസ സ്ഥാപനം. ഈ സ്ഥാപനം 1943 ൽ സർക്കാർ ഏറ്റെടുത്തു. 1925 ൽ കുഴിക്കലിടവകയിൽ വാറുർ കെ.ഗോവിന്ദൻ പാങ്ങോട്ട് സ്ഥാപിച്ച ജ്ഞാനാമൃതവർഷിണി അപ്പർ പ്രൈമറി സംസ്കൃത സ്കൂൾ ഈ പ്രദേശത്തെ വിദ്യാഭ്യാസചരിത്രത്തിലെ ഒരു നാഴികക്കല്ലായി. ഈ സ്ഥാപനവും 1948 ൽ നിലവിൽ വന്ന കുഴിക്കലിടവക ഹൈസ്കൂളും, ഈ നാട്ടിൽ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കി. പഞ്ചായത്തിൽ 11 പ്രൈമറി സ്കൂളുകളും, 2 അപ്പർ പ്രൈമറി സ്കൂളുകളും 3 ഹൈസ്കൂളുകളും 2 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും പ്രവർത്തിക്കുന്നു. ഇതിൽ 9 പ്രൈമറി സ്കൂളുകൾ സർക്കാർ മേഖലയിലും, ബാക്കി എല്ലാ സ്കൂളുകളും സ്വകാര്യ മേഖലയിലുമാണ്. എല്ലാ സ്കൂളുകളിലുമായി 4867 വിദ്യാർത്ഥികളും 207 അദ്ധ്യാപകരും ഉണ്ട്.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നിലവിൽ വന്നതാണ് രണ്ട് ഹൈസ്കൂളുകളും അതിനോട് ചേർന്ന് ഹയർസെക്കന്ററി വിഭാഗവും. അൺ-എക്കണോമിക് ആയി പ്രഖ്യാപിക്കപ്പെട്ട മൂന്ന് പ്രൈമറി സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മൂന്ന് സ്കൂളുകൾ മാറനാട് വാർഡിലും ചെറുപൊയ്ക വാർഡിലും സ്ഥിതി ചെയ്യുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാൻ കഴിയും. ജനനനിരക്കിൽ വന്ന കുറവും, സ്കൂളുകളുടെ നിലവാരത്തകർച്ചയും മൂലം കുട്ടികൾ സ്വകാര്യമേഖലയിലുള്ള മറ്റ് സ്കൂളുകളിലേക്ക് പോകാൻ നിർബന്ധിക്കപ്പെടുന്നു. 91 ലെ കാനേഷുമാരി കണക്കു പ്രകാരം പഞ്ചായത്തിൽ സ്ത്രീകളാണ് കൂടുതലെങ്കിലും, സ്കൂൾ കുട്ടികളുടെ കാര്യത്തിൽ തുല്യത കാണുന്നു. പഞ്ചായത്തിലെ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. അതുകൊണ്ട് തന്നെ പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നില്ല.

പഞ്ചായത്തിലെ സ്കൂളുകൾ പരിശോധിച്ചാൽ സ്ഥലപരിമിതികൊണ്ടും പാഠ്യഉപകരണങ്ങളുടെ അപര്യാപ്തതകൊണ്ടും, ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടും വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താൻ കഴിയുന്നില്ല. കുട്ടികളിൽ ജിജ്ഞാസ ഉണർത്തുന്നതും, പഠനം രസപ്രദമാക്കുന്നതുമായ നേരിട്ടറിയുവാനുള്ള സൗകര്യം നൽകുന്നതുമായ അദ്ധ്യാപനരീതികൾ അവലാബിക്കാൻ അദ്ധ്യാപകർക്ക് കഴിയുന്നില്ല. അദ്ധ്യാപകരുടെ കാര്യക്ഷമതയും നിസ്വാർത്ഥതയും പരിഗണന

അർഹിക്കുന്ന കാര്യമാണ്. നിലവിലുള്ള അദ്ധ്യാപകരുടെ കാര്യക്ഷമത ഉറപ്പുവരുത്തുവാൻ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതോടൊപ്പം അഭിരുചിയും കഴിവും മാനദണ്ഡമാക്കി മാത്രമേ ഈ രംഗത്തേക്ക് തിരഞ്ഞെടുപ്പുകൾ നടത്താവൂ. കേവലം ഒരു ജോലി എന്നതിലുപരി മനസുഹത്തെ വാർത്തെടുക്കേണ്ട ചുമതല അദ്ധ്യാപനം നടത്തുന്നവർക്കുണ്ടാകേണ്ടതുണ്ട്. യോഗ്യതയും കഴിവും ഒത്തിണങ്ങിയവരെ, വിശേഷിച്ചും പുരുഷൻമാരെ ഈ രംഗത്തേക്ക് ആകർഷിക്കേണ്ടതുണ്ട്. കൃഷിയും മറ്റ് പരമ്പരാഗത തൊഴിലുകളും, അഭിമാനകരം തന്നെ എന്ന അവബോധം ഉണ്ടാകത്തക്കതരത്തിൽ പ്രൈമറിതലം തൊട്ടുതന്നെ തൊഴിൽ പരിശീലനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. പ്രൈമറി തലത്തിലെത്തുന്ന കുട്ടികൾക്ക് അടിസ്ഥാനപരമായി അക്ഷരങ്ങൾ പഠിപ്പിക്കുക എന്ന പ്രാഥമിക ആവശ്യം നിറവേറ്റപ്പെടുന്നില്ല.

പ്രൈമറി വിദ്യാഭ്യാസം വിലയിരുത്തൽ

ഇന്ന് രണ്ട് തരം വിദ്യാഭ്യാസ സൗകര്യങ്ങളാണ് നിലവിലുള്ളത്. എല്.കെ.ജി, യു.കെ.ജി. സംവിധാനവും, അംഗൻവാടി, ബാലവാടി സംവിധാനവും. ഈ രണ്ട് സംവിധാനങ്ങളും സാധാരണക്കാരേയും സമ്പന്നരേയും വേർതിരിക്കുന്നുവെന്നു മാത്രമല്ല വിദ്യാഭ്യാസരംഗത്തെ മാനസികമായ ഘടകങ്ങൾ പിരഗണിക്കുന്നുമില്ല. പതിനഞ്ച് ഇരുപത് ശതമാനം വരുന്ന കുട്ടികൾ മാത്രം പഠിച്ച്

വിദ്യാർത്ഥികൾ- അദ്ധ്യാപകർ.

പട്ടിക- 5.7.(1)

ക്രമനമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ.		
			M	F	ആകെ	M	F	ആകെ
1.	G.L.P.S മാനന്തവാടി.	ഗവ:	56	73	129	2	3	5
2.	G.W.L.P.S. മാനന്തവാടി		59	56	115	–	4	4
3	G.L.P.S. തരുവണപാലക്കര.		51	63	114	2	2	4
4.	G.W.L.P.S "		30	31	61	3	1	4
5.	G.L.P.S. കാരിക്കൽ		39	60	99	1	3	4.
6.	G.K.V.L.P.S. കുഴിനിലിടവക.		63	78	141	1	5	6
7.	G.W.L.P.S. പാലങ്ങാട്ടിരി.		126	97	223	2	5	7
8.	G.W.L.P.S. തരുവണ മുകളിൽ.		58	51	109	1	3	4
9.	G.L.P.S തൃക്കൈപ്പറ്റ.		94	85	179	3	5	8.
10	N.S.S.L.P.S. തൊടുവെട്ടി.		223	247	470	–	14	14
11	S.C.V.L.P.S. പഴഞ്ചേരിക്കര.	എയ്ഡഡ്	169	159	328	1	8	9.
12	G.V.S.U.P.S കുഴിനിലിടവക.		204	185	389	4	13	17
13	K.N.N.M.H.S. പഴഞ്ചേരിക്കര		469	469	938	15	30	45
14	" U.P.		353	304	657	8	10	18
15	" V.H.S.C		337	362	99	5	3	8.
16.	K.S.M.V.H.S. H.S.		92	80	172	1	8	9
	V.H.SC.		112	127	239	10	10	20
17	H.S. കുഴിനിലിടവക.		220	205	405	6	14	20
	ആകെ.		2435	2432	4867	66	141	207

ജി., യു,കെ,ജി നഴ്സറികളിൽ എത്തുന്നത്. ബഹു ഭൂരി പക്ഷവും അംഗൻവാടി ബാലവാടി തുടങ്ങിയവ നാടൻ നഴ്സറികളെയാണ് ആശ്രയിക്കുന്നത്. ഇത്തരം നഴ്സറി വിദ്യാഭ്യാസം ലഭിക്കാത്ത ധാരാളം കുഞ്ഞുങ്ങൾ നമ്മുടെ നാട്ടിലുമുണ്ട്. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ അംഗൻവാടി, ബാലവാടികളുടെ സ്ഥിതി പരിതാപകരമാണ്. ഇവ വെറും പോഷകാഹാര വിതരണകേന്ദ്രങ്ങളായി തരംതാഴ്ത്തപ്പെടുന്നതിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇവിടെ പഠിക്കുന്ന കുഞ്ഞുങ്ങൾക്ക് എതിരുമാണ്. ഇവിടെ പഠിക്കുന്ന കുഞ്ഞുങ്ങൾ രണ്ടു മണിക്കൂറിലേറെ യാത്രയ്ക്കു വേണ്ടി ചിലവാക്കുന്നു. ആവശ്യമായ യോഗ്യതയുണ്ടായിട്ടും ജോലിക്കനുസരിച്ചുള്ള വേതനവും അംഗീകാരവും ലഭിക്കാത്തതിനാൽ അസംതൃപ്തരാണ് നഴ്സറി അദ്ധ്യാപികമാർ. വേതനത്തിന്റെ കാര്യത്തിൽ അംഗൻവാടി അദ്ധ്യാപികമാരും അസംതൃപ്തരാണ്. പഞ്ചായത്തിൽ രണ്ട്

വിദ്യാലയസൗകര്യങ്ങൾ.

പട്ടിക. 5.7-(2)

ക്രമ നമ്പർ	സ്കൂളിന്റെ പേര്.	വിസ്തീർണ്ണം	കെട്ടിടസൗകര്യം	കുടിവെള്ളം	കക്കൂസ്	ലൈബ്രറി	ഓഫീസ്	കമ്പ്യൂട്ടർ	വാഹനം	കളിസ്ഥലം	കിണർ
1	H.S. കുഴിക്കലിടവക.	2 ഏ:	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	3	2	—	ഉണ്ട്	ഉണ്ട്	ഉണ്ട്.
2	K.N.M.Y.H.S. ചവിയേശ്വരം	1 ഏ	〃	〃	〃	〃	2	1	ഉണ്ട്	〃	〃	〃
3	K.S.M. [illegible]	50 സെ:	〃	〃	〃	〃	2	2	—	〃	〃	〃
4	G.Y.S.U.P.S. കുഴിക്കലിടവക	35 സെ:	〃	〃	〃	〃	2	1	ഉണ്ട്	〃	〃	〃
5	W.L.P.S പാറങ്ങാട്ട്.	15 സെ:	〃	ഇല്ല	ഇല്ല	ഇല്ല	1	1	〃	ഇല്ല	ഇല്ല	〃
6	G.L.P.S. കാരിക്കൽ	40 സെ:	ഇല്ല	〃	〃	〃	1	1	〃	〃	〃	〃
7	S.K.V.L.P.S കുഴിക്കലിടവക	50 സെ:	〃	〃	〃	〃	1	1	〃	ഇല്ല	ഉണ്ട്	〃
8	G.W.L.P.S അരയിരുമ്പുഴി.	37 സെ	ഉണ്ട്	ഉണ്ട്	ഉണ്ട്	〃	3	1	〃	ഇല്ല	ഇല്ല	ഇല്ല.
9	G.L.P.S. ചെറുചൊക്ക.	50 സെ:	ഉണ്ട്	ഇല്ല	ഇല്ല	〃	1	1	〃	〃	〃	ഉണ്ട്.
10	G.W.L.P.S. 〃	15 സെ:	〃	〃	〃	〃	2	2	ഇല്ല	〃	〃	ഇല്ല.
11	S.C.V.L.P.S. ചവിയേശ്വരം	1 ഏ:	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	1	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്.
12	G.L.P.S. കൈതക്കോട്ട്	51 സെ:	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	1	1	〃	〃	〃	〃
13	N.S.S. L.P.S മാടവിടം.		ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	2	1	ഉണ്ട്	ഉണ്ട്	ഇല്ല	〃
14	G.L.P.S. മാനാട്ട്.	65 സെ	ഇല്ല	ഇല്ല	ഇല്ല	〃	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല.
15	G.W.L.P.S 〃	15 സെ:	〃	〃	〃	〃	1	ഇല്ല	〃	〃	〃	ഉണ്ട്.

തുടരുന്നു. ആവർത്തന വിരസവും, രുചികരമല്ലാത്തതുമായ ആഹാരമായിരുന്നിട്ടുകൂടി കുഞ്ഞുങ്ങൾ അവ കഴിക്കുവാൻ നിർബന്ധിതരാകുന്നു. മാനസികവും, ബുദ്ധിപരവുമായ വളർച്ചയ്ക്കാവശ്യമായ കളികളും, കഥകളുമടങ്ങിയ വിദ്യാഭ്യസം നൽകുന്നതിന് കഴിയാതെ വരുന്നു. ഇത് കുഞ്ഞുങ്ങൾക്ക് അതൃപ്തി ഉളവാക്കുന്നു. എൽ.കെ. ജി., യു.കെ.ജി നഴ്സറി സ്കൂളുകളിൽ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉണ്ടോയെന്ന് ആരായേണ്ടതാണ്. അത്തരം കാര്യങ്ങളെ അവഗണിച്ചു കൊണ്ട് കുത്തി നിറയ്ക്കുന്ന പാഠ്യപദ്ധതികൾക്കാണ് പ്രാമുഖ്യം. ഇത് യാന്ത്രികവും, മനഃശാസ്ത്രപരമായി ശരിയല്ലാത്തതുമാണ്. ഇവിടെ പഠിക്കുന്ന കുഞ്ഞുങ്ങൾ രണ്ടു മണിക്കൂറിലേറെ യാത്രയ്ക്കു വേണ്ടി ചിലവാക്കുന്നു. ആവശ്യമായ യോഗ്യതയുണ്ടായിട്ടും ജോലിക്കനുസരിച്ചുള്ള വേതനവും അംഗീകാരവും ലഭിക്കാത്തതിനാൽ അസംതൃപ്തരാണ് നഴ്സറി അദ്ധ്യാപികമാർ. വേതനത്തിന്റെ കാര്യത്തിൽ അംഗൻവാടി അദ്ധ്യാപികമാരും അസംതൃപ്തരാണ്. പഞ്ചായത്തിൽ രണ്ട് അപ്പർ പ്രൈമറി വിദ്യാലയങ്ങൾ മാത്രമാണുള്ളത്.

സെക്കന്ററി വിദ്യാഭ്യാസം

ദേശീയ ലക്ഷ്യങ്ങളും, വിദ്യാഭ്യാസലക്ഷ്യങ്ങളും സമൂഹത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ഒരു വിദ്യാഭ്യാസ രീതിയാണ് ഈ കാലഘട്ടത്തിൽ അവലംബിക്കേണ്ടത്. പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലേക്കും കുട്ടികൾ ഇന്നും മൂന്നു കിലോമീറ്ററിൽ കൂടുതൽ യാത്രചെയ്ത് സ്കൂളുകളിൽ എത്തേണ്ട സ്ഥിതിയാണ് (കൈതക്കോട്, മാറനാട്) ഈ കുട്ടികൾക്ക് സ്കൂളുകളിൽ എത്തിച്ചേരുവാൻ വാഹനസൗകര്യവും കുറവാണ്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം (1:31) പൊതുവെ

തൃപ്തികരമാണെങ്കിലും അദ്ധ്യയന നിലവാരവും, സ്കൂളുകളുടെ സൗകര്യവും തൃപ്തികരമല്ല. ചില സ്കൂളുകളിൽ ലൈബ്രറി, ലാബോറട്ടറി സൗകര്യങ്ങൾ ഉണ്ടെങ്കിലും അവ പ്രവർത്തനക്ഷമമല്ല. കലാകായിക രംഗങ്ങളിൽ വിദഗ്ധാദ്ധ്യാപകരുടെ കുറവ് കുട്ടികളുടെ കലാപരമായ വളർച്ചക്കും, മാനസിക ഉല്ലാസത്തിനും തടസ്സം സൃഷ്ടിക്കുന്നു. സാമ്പത്തികമായി താഴേത്തട്ടിൽ നിൽക്കുന്ന കുട്ടികൾക്ക് ഇതുമൂലം ഈ രംഗങ്ങളിൽ വളർന്നു വരുവാനുള്ള സൗകര്യം ലഭിക്കുന്നില്ല. സ്കൂൾ കലാമേളകളിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുട്ടികൾ കഴിവ് കുറവാണെങ്കിലും മുന്നിൽ വരുന്നത് ഇതുമൂലമാണ്.

സമരം മൂലവും മറ്റും അദ്ധ്യയനദിനങ്ങൾ നഷ്ടപ്പെടുന്നതുമൂലം അദ്ധ്യാപകർക്ക് പാഠ്യവിഷയങ്ങൾ പഠിപ്പിച്ചു തീർക്കുവാൻ കഴിയുന്നില്ല. വൻതോതിലുള്ള മോഡറേഷൻ ആണ് S.S.L.C.അടക്കം വിവിധ ക്ലാസ്സുകളിലെ റിസൾട്ടിനു പിറകിലുള്ളത്. ഇങ്ങനെ വിജയശതമാനം വർദ്ധിപ്പിക്കുന്നതു മൂലം, വിദ്യാർത്ഥിയുടെ പഠന നിലവാരം തകരുകയാണുണ്ടാകുന്നത്. ഇങ്ങനെ മോഡറേഷൻ നൽകി, S.S.L.C , പ്രീഡിഗ്രി, ഡിഗ്രി തലത്തിൽ വിജയശതമാനം വർദ്ധിപ്പിക്കുന്നത് കൊണ്ട് തൊഴിലില്ലായ്മ വേതനത്തിന്റെ അപേക്ഷകരുടെ എണ്ണവും, തൊഴിൽ രഹിതരുടെ എണ്ണവും വർദ്ധിക്കുന്നുവെന്നല്ലാതെ യാതൊരു മേന്മയുമില്ല. എസ്.എസ്.എൽ.സി.ക്ക് സബ്ജക്ട് മിനിമം നിശ്ചയിച്ചിരിക്കുന്നത് മൂലം ചില വിഷയങ്ങൾക്ക് എങ്ങനെയെങ്കിലും മിനിമം മാർക്കു നേടി, മറ്റു വിഷയങ്ങൾക്ക് കിട്ടുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വിജയം ഉറപ്പാക്കുന്നത് മൂലം എല്ലാ വിഷയങ്ങളിലും ലഭിക്കുമായിരുന്ന മിനിമം അറിവില്ലാതെ പോകുന്ന അവസ്ഥ സൃഷ്ടിക്കപ്പെടുന്നു.

മൂന്ന് പഞ്ചായത്തുകളുടെ സംഗമസ്ഥലമാണ് പൂത്തൂരെങ്കിലും സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇതേവരെ സ്ഥാപിക്കപ്പെട്ടിട്ടില്ല.

ഉന്നത വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്നും പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളെ അശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. സ്കൂളുകളിൽ 12-ാം തരം വരെ (കോളേജുകളിൽ നിന്നും പ്രീഡിഗ്രി വിദ്യാഭ്യാസം വേർപെടുത്തി) ആക്കിയാൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും, ശാന്തമായ വിദ്യാഭ്യാസ അന്തരീക്ഷം ഉന്നത വിദ്യാഭ്യാസരംഗത്ത് നിലനിർത്തുന്നതിനും കഴിയും. കൂടാതെ പഞ്ചായത്തിൽ നിന്നും ദൂരസ്ഥലങ്ങളിൽ പഠനത്തിനായി പോകുന്നത് ഒഴിവാക്കി സാമ്പത്തിക നേട്ടം കൈവരിക്കുവാൻ കഴിയും.

അനൗപചാരിക വിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനം കേരളത്തിലെമ്പാടും എന്ന പോലെ പവിത്രേശ്വരം പഞ്ചായത്തിലും ഒന്നാം ഘട്ടത്തിൽ സജീവമായിരുന്നു. നിരക്ഷരരെ കണ്ടെത്തി എഴുത്തും വായനയും പഠിപ്പിക്കുന്നതിന് കഴിഞ്ഞിരുന്നെങ്കിലും തുടർവിദ്യാഭ്യാസ പരിപാടിയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുവാൻ കഴിയാതിരുന്നത് മൂലം സാക്ഷരതാ പരിപാടി ഒരു പരിധി വരെ പരാജയപ്പെട്ടിരിക്കുകയാണ്. സാക്ഷരരായ നിരക്ഷരർ വീണ്ടും നിരക്ഷരരായി മാറിക്കൊണ്ടിരിക്കുന്നു. നൂറ് ശതമാനം സാക്ഷരത കൈവരിക്കുവാൻ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. പഞ്ചായത്തിൽ 11 ഗ്രന്ഥശാല – വായനശാലകൾ ഉണ്ട്. വായനാശീലം യുവാക്കളുടെ ഇടയിൽ കുറഞ്ഞു വരുന്നു.

പൊതുപ്രശ്നങ്ങൾ പരിഹാരങ്ങൾ

1. ഗ്രാമത്തിലെ പകുതിയിൽ കൂടുതൽ വരുന്ന ശിശുക്കൾക്ക് ശാസ്ത്രീയ നഴ്സറി വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഇതിന് അഗൻവാടികൾ കേന്ദ്രീകരിച്ച് പുതിയ പരിപാടികൾ ഉണ്ടാകണം.
2. L.K.G. , U.K.G. കരിക്കുലങ്ങൾ കുട്ടികൾക്ക് പഠനഭാരമാണ് നൽകുന്നതെങ്കിൽ അംഗൻവാടി, ബാലവാടികളിൽ ശാസ്ത്രീയമായ പരിശീലനത്തിന്റെ ആഭാവത്തിൽ ടീച്ചർക്ക് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കാൻ വിദഗ്ദ പരിശീലനപരിപാടികൾ പ്ലാൻ ചെയ്യാവുന്നതാണ്.
3. പ്രീ പ്രൈമറി തലത്തിൽ സാമൂഹ്യവും, സാംസ്കാരികവും, ഭാഷാപരവും, സാമ്പത്തികവുമായ പശ്ചാത്തലത്തെ അശ്രയിച്ച് കുഞ്ഞുങ്ങളുടെ താൽപര്യങ്ങളെ മനസ്സിലാക്കി കരിക്കുലം തയ്യാറാക്കേണ്ടതുണ്ട്.
4. മൂന്നു മുതൽ 6 വയസ്സു വരെ നഴ്സറി കാലഘട്ടമായി അംഗീകരിക്കപ്പെടണം. 3-4 പ്രീ-നഴ്സറി, 4-6 നഴ്സറി. അഡ്മിഷന് പ്രായമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ ഉണ്ടാകരുത്.
5. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കളുടെ പങ്ക് ബോദ്ധ്യപ്പെടുത്തുന്നതിനും, ഉറപ്പിക്കുന്നതിനും പ്രവേശന സമയത്ത് രക്ഷിതാക്കൾക്ക് രണ്ട് മൂന്ന് ദിവസത്തെ പഠന ക്യാമ്പ് നിർബന്ധമാക്കണം.
6. വിവിധ വകുപ്പുകൾ വഴി ഇന്ന് നടപ്പിലാക്കുന്ന പ്രവർത്തനവും ധനവും ഏകോപിപ്പിച്ച് പഞ്ചായത്തിന് നൽകണം.
7. നഴ്സറി ടീച്ചറൻമാരുടെ പരിശീലനം. അക്കാഡമിക് മോണിറ്ററിംഗ്, എന്നിവ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള (B.R.C.) ബ്ലോക്ക് റിഹേഴ്സൽ സെന്ററുകൾക്ക് നൽകണം. ഇതേപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെകൂടി ആവശ്യാനുസരണം B.R.C. യിലേക്ക് മാറ്റണം.
8. പഞ്ചായത്ത് തലത്തിൽ സർവ്വേ നടത്തി കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നഴ്സറികൾ സ്ഥാപിക്കണം. ഇങ്ങനെ ഒരു പഞ്ചായത്തിൽ 20-30 നഴ്സറികൾ വരെ വേണ്ടി വരും ഇങ്ങനെയാകുമ്പോൾ വീടിനടുത്തുള്ള (അയൽപക്ക നഴ്സറികൾ) നഴിസറികളിൽ കുഞ്ഞു

അക്കാഡമിക് സൗകര്യങ്ങൾ.

പട്ടിക - 5 - 7 - 6

	അക്കാഡമിക് സൗകര്യങ്ങൾ	സ്കൂളുകളുടെ എണ്ണം	
		ഉള്ളത്	ഇല്ലാത്തത്
1	ലൈബ്രറി.	7	8
2	ലാബ്	5	10
3	ലൈബ്രറിപ്രവർത്തനമുറി	5	—
4	ലാബ്. പ്രവർത്തനമുറി	4	1
5	പഠനോപകരണങ്ങൾ		
6	റഡിയോ	9	6
7	ടേപ്പ്റിക്കാർഡർ	6	9
8	ടെലിവിഷൻ	1	14
9	സിനിമാപ്രൊജക്ടർ	0	15
10	അവശ്യമുള്ള പ്ലാക്ക് ബോർഡുകളുടെ എണ്ണം		46
11	പി. ടി. ഉപകരണം	15	15
12	മാതൃസംഘം	1	14
13	സംഗീതോപകരണങ്ങൾ	9	6

ങ്ങൾക്ക് എത്താൻ കഴിയും.

9. പ്രൈമറി തലത്തിൽ മിനിമം പഠന നിലവാരം (M.L.L) പ്രാദേശിക സാഹചര്യമനുസരിച്ച് പുനർനിശ്ചയിക്കണം.

10. പരിസര പഠനം വിദ്യാർത്ഥി കേന്ദ്രീകൃതവും, ജീവിത ഗന്ധിയും, പ്രവർത്തനങ്ങളിൽ അധിഷ്ഠിതവുമായിരിക്കണം.

11. അദ്ധ്യാപക പരിശീലനം പുനഃക്രമീകരിക്കണം.

12. ഇൻ സർവ്വീസ് ട്രെയിനിംഗ് പഞ്ചായത്ത് തലത്തിലേക്ക് വികേന്ദ്രീകരിക്കണം.

13. മൂല്യനിർണ്ണയം, ബോധനത്തോടൊപ്പം അനുസ്യൂതമായി നടക്കണം.

14. ലൈബ്രറി പഠനക്കുറിപ്പുകൾക്ക് പ്രധാന്യം നൽകി ഉപപാഠപുസ്തകങ്ങൾ ഒഴിവാക്കി അതിനനുസരിച്ചുള്ള മൂല്യനിർണ്ണയ സമ്പ്രദായങ്ങൾ സ്വരൂപിക്കണം.


15. മൂല്യനിർണ്ണയം രസപ്രദവും, കൂട്ടായപ്രവർത്തനവും, വാചികം, പ്രായോഗികം, ലിഖിതം എന്നീ ഇനങ്ങൾ അടങ്ങിയതുമായിരിക്കണം.

16. ഗ്രേഡ് സമ്പ്രദായം നിലവിൽ വരണം.

17. അപ്പർ പ്രൈമറി സെക്കന്ററി തലങ്ങളിൽ കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ പ്രത്യേകിച്ച് മാർക്ക്ലിസ്റ്റ്, അദ്ധ്യാപകനും രക്ഷകർത്താക്കളും ഓരോ ഘട്ടത്തിൽ പരിശോധിച്ച് പുരോഗതി ഉറപ്പു വരുത്തണം.

18. കുട്ടികളിൽ ജിജ്ഞാസ ഉണർത്തുന്നതിനും. പഠനം രസപ്രദമാക്കുന്നതിനും നേരിട്ടറിയുവാനുള്ള സൗകര്യങ്ങൾ സ്കൂളുകളിൽ ഉണ്ടാക്കി വിപ്ലവകര മാറ്റങ്ങൾ വരുത്തുവാൻ കഴിയണം. സ്കൂൾ കോപ്ലക്സുകൾ പ്രവർത്തന സജ്ജമാക്കുകയും അതിന് ഒരു കേന്ദ്രം കണ്ടെത്തുകയും വേണം.

19. പ്രൈമറി സ്കൂളുകളിലെ പാർട്ട് ടൈം ജീവനക്കാർക്ക്


76° 41'
76° 43'
0
1 Km
8° 3'
9° 3'
9° 1'
8° 1'
സൂചിക.
HS
UPS
VHS
LPS
76° 41'
76° 43'

SSLC വിജയശതമാനം
പട്ടിക- 5-7-(5)

സ്കൂൾ	പരീക്ഷയെഴുതിയ കുട്ടികളുടെ	91-92	92-93	93-94	94-95	95-96.
K.S.M.V.H.S അടവച്ചിറ.	ആകെ.	30	52	54	56	71.
	ശരാശരം	34%	73%	69%	64%	68%
K.V.N.N.H.S. പുലിയന്നൂർ	ആകെ	277	231	237	273	285
	ശരാശരം	60%	61%	68%	62%	61%
H.S കുളിക്കൈവയൽ	ആകെ	86	57	68	78	78
	ശരാശരം.	27%	74%	86%	66%	73%

ജോലിഭാരം കൂടുതലായതിനാൽ അവരെ ഫുൾടൈം ജീവനക്കാരാക്കി മാറ്റണം.

ഗ്രാമസഭാ റിപ്പോർട്ടുകൾ

ഗ്രാമസഭാ റിപ്പോർട്ടുകൾ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചു കൊല്ലത്തേക്ക് വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ലാത്ത സ്കൂളുകളിൽ ചുറ്റുമതിൽ നിർമ്മിക്കുക.

2. 2-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന (GWLPS പാങ്ങോട്) സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടി കൈക്കൊള്ളുക.

3. അൺ എക്കണോമിക് ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള VI -ാം വാർഡിലെ GWLPS ചെറുപൊയ്ക സ്കൂളിനോട് ചേർന്ന് PTA യുടെ സഹകരണത്തോടെ നഴ്സറി സ്കൂൾ തുടങ്ങുകയും കാരിക്കൽ LPS നോട് ചേർന്ന് പ്രവർത്തിക്കുന്ന നഴ്സറിയുടെ പ്രവർത്തനം സജീവമാക്കുകയും ചെയ്യേണ്ടതാണ്. നഴ്സറി സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4. മൂന്ന്, നാല്, എട്ട്, പന്ത്രണ്ട് എന്നീ വാർഡുകളിലുള്ള LPS സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് U.P. ആയി ഉയർത്താൻ നടപടികൾ സ്വീകരിക്കുക.

5. പാചകപ്പുര ഇല്ലാത്ത സ്കൂളുകൾക്ക് പാചകപ്പുരകൾ നിർമ്മിച്ചു നൽകുകയും, പടിപടിയായി വൈദ്യുതീകരണവും നടത്തുക.

6. എല്ലാ പ്രൈമറി സ്കൂളിനോടും ചേർന്ന് പ്രീ-പ്രൈമറി സ്കൂൾ PTA സഹകരണത്തോടെ ആരംഭിക്കുക.

7. പൈപ്പ് ലൈൻ സൗകര്യമുള്ള സ്ഥലങ്ങളിൽ എക്സ്റ്റൻഷൻ നടത്തി സ്കൂളുകളിൽ കുടിവെള്ളം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

8. പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പൊതുജന സഹകരണത്തോടെ കളിക്കോപ്പുകൾ സമാഹരിച്ച് വിതരണം ചെയ്യാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

9. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഹെഡ്മാസ്റ്റർമാരെയും PTA പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി ഒരു ഫോറം രൂപീകരിച്ച് 2 മാസത്തിലൊരിക്കൽ യോഗം വിളിച്ച് ചർച്ച ചെയ്ത് വേണ്ട കാര്യങ്ങൾ നടപ്പിൽ വരുത്തുക.

10. പഞ്ചായത്ത്കമ്മിറ്റി മുൻകൈയെടുത്ത് മൂന്നു മാസത്തിലൊരിക്കൽ PTA, MPTA എന്നിവ വിളിച്ചു ചേർത്ത് അക്കാഡമിക് കാര്യങ്ങൾ ചർച്ച ചെയ്യുകയും, മാതൃകാപരമായ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ വേണ്ട കർമ്മ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുക.


11. സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിച്ച് അദ്ധ്യാപകരുടെയും PTA യുടെയും നേതൃത്വത്തിൽ തരിശായി കിടക്കുന്ന സ്കൂൾ കോമ്പൗണ്ടുകളിൽ പച്ചക്കറി, ഹൃസ്വകാലവിളകൾ എന്നിവ കൃഷി ചെയ്യാൻ ഒരു പദ്ധതിക്ക് രൂപം നല്കുക.

12. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക്, സാക്ഷരതാ തുടർവിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ വാർഡുകൾ കേന്ദ്രീകരിച്ച് (പ്രത്യേകിച്ച് സെറ്റിൽമെന്റ് കോളനികൾ)ബോധവൽകരണ സെമിനാറുകൾ സംഘടിപ്പിക്കുകയും, സാക്ഷരതാ പ്രവർത്തനം സജീവമാക്കാൻ വേണ്ട പദ്ധതിക്ക് രൂപം നൽകുകയും ചെയ്യുക.

13. കുട്ടികളിൽ പഠന നിലവാരം ഉയർത്തുന്നതിനും, മത്സരബുദ്ധി വളർത്തി പുരോഗമിക്കുന്നതിനും എല്ലാ വിദ്യാലയങ്ങ

S.S.L.C. വിജയശതമാനം

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്



ളിലും സന്നദ്ധ സംഘടനകൾ PTA പഞ്ചായത്ത് എന്നിവയുടെ ആഭിമുഖ്യത്തിൽ എന്റോവ്മെന്റുകൾ ഏർപ്പെടുത്തുക.

14. എല്ലാ വിദ്യാലയങ്ങളിലും ഫർണിച്ചറുകളുടെ അപര്യാപ്തത പരിഹരിക്കുക.

15. സമീപപഞ്ചായത്തുകളുമായി യോജിച്ച് സൗകര്യപ്രദമായ ഒരു സ്ഥലം കണ്ടെത്തി ഉന്നത വിദ്യാഭ്യാസ കേന്ദ്രവും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനവും തുടങ്ങുക.

16. 2,3,5,6 വാർഡുകൾ കേന്ദ്രീകരിച്ച് ചെറുപൊയ്കയിൽ ഒരു യു. പി. ഹൈസ്കൂൾ ആരംഭിക്കാൻ വേണ്ട പ്രവർത്തനം നടത്തുക.

17. സിലബസ് പരിഷ്ക്കരണത്തിന് അനുസരിച്ച് സമയാസമയങ്ങളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകേണ്ടതാണ്.

18. പഞ്ചായത്ത് അതിർത്തിയിലെ എൽ.പി. സ്കൂളുകളിലെ കുട്ടികളിൽ കലാവാസന വളർത്തുന്നതിന് വേണ്ടി പഞ്ചായത്തിന്റെ ഉത്തരവാദിത്ത്വത്തിൽ ഡാൻസ്, മ്യൂസിക് എന്നിവയ്ക്ക് ഒരു ടീച്ചറെ നിയമിച്ച് എല്ലാ എൽ.പി. സ്കൂളുകളിലും ആഴ്ചയിൽ ഒരു മണിക്കൂർ വീതം ക്ലാസ്സുകൾ നടത്താൻ വേണ്ട ഒരു പദ്ധതിക്ക് രൂപം നൽകുക. ഇതിനാവശ്യമായ ചെലവിന്റെ 50% PTA യും 50% പഞ്ചായത്തും വഹിക്കേണ്ടതാണ്.

19. അംഗൻവാടി കുട്ടികളിൽ മാനസികോല്ലാസത്തിനും. കലാവാസന വളർത്തുന്നതിനും താൽപര്യവും അഭിരുചിയും ഉള്ള കുട്ടികളെ കണ്ടെത്തി പഞ്ചായത്തിലെ 3 കേന്ദ്രങ്ങളിൽ വച്ച് ഡാൻസ്, സംഗീതം എന്നിവയിൽ പരിശീലനം നൽകുക.

20. വർഷാവസാനം അംഗൻവാടി, എൽ.പി. എന്നിവയെ ഉൾപ്പെടുത്തി പഞ്ചായത്ത് കലോത്സവം നടത്തുക.

21. XII-ാം വാർഡിലുള്ള ഗവ.എൽ.പി.,എസ്.അപ്ഗ്രേഡ് ചെയ്തു. യു.പി.എസ് ആക്കി ഉയർത്തുകയും ആഫീസ് കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

22. ഇടവട്ടം X-ാം വാർഡിൽ ഒരു ഗവൺമെൻറ് U.P.S. അനുവദിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുക.

23. മാറനാട് പടിഞ്ഞാറ് വാർഡിൽ ഒരു Primary School ആല്ലെങ്കിൽ ഒരു U.P.School ഉണ്ടാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

വാർഷികപദ്ധതി.


പട്ടിക. 5-7-(3)

ക്ലാസ്സ്	30%ൽ താഴെ വിദ്യാർത്ഥികൾ	%	30%-40%	%	40%-50%	%	50%-60%	%	60%ന് മുകളിൽ	%	ആകെ കുട്ടികൾ.
III	80	17	111	23	89	13	87	13	114	24	481
IV	77	17	95	20	121	26	67	15	102	22	462
V	52	12	160	39	86	21	53	13	63	15	414
VI	34	9	194	51	81	21	40	10	34	9	383
VII	30	8	191	53	60	16	47	13	36	10	364
VIII	36	8	189	43	76	18	56	13	80	18	437
IX	140	23	201	37	83	17	50	8	124	21	598

പഠനം നിർത്തിയവർ

പട്ടിക- 5-7-(4)

	SC / ST	മറ്റുള്ളവർ	ആകെ.
ആൺ	2	1	
പെൺ	1	3	
ആകെ.	3	4	7



5.8
കുടിവെള്ളവും ശുചിത്വ പരിപാലനവും

ആരോഗ്യ പുരോഗതിയുടെ മുഖ്യ ഘടകങ്ങളിൽ ഒന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. നമ്മുടെ ഗ്രാമത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ശുദ്ധജലം എത്തിക്കുക എന്നതാണ് ലക്ഷ്യം. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. നമ്മുടെ പഞ്ചായത്തിൽ 92 പൊതു കിണറുകളും 3263 സ്വകാര്യകിണറുകളും 7 കുഴൽ കിണറുകളും ഉണ്ട്. പൊതുകിണറുകളിൽ 2 എണ്ണവും സ്വകാര്യ കിണറുകളിൽ 789 എണ്ണവും വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിൽ 32 കുളങ്ങളും ഉണ്ട്. പൊതുകിണറുകളും പഞ്ചായത്ത്, ബ്ലോക്ക്, ഇറിഗേഷൻ, കൃഷി എന്നീ വകുപ്പുകളും മുഖേന നിർമ്മിച്ചവയാണ്. പഞ്ചായത്തും, ഇറിഗേഷൻ വകുപ്പ് നിർമ്മിച്ചതും പ്രകൃതിദത്തവുമായ കുളങ്ങളും ഉണ്ട്. കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന കുളങ്ങളും ഒന്നും തന്നെയില്ല. വസ്ത്രം അലക്കുന്നതിനും മറ്റു ആവശ്യങ്ങൾക്കുമാണ് കുളങ്ങളും ഉപയോഗിക്കുന്നത്. കാലാകാലങ്ങളിൽ അഴുക്ക് നീക്കം ചെയ്യുന്നതിനോ ജല ഉപഭോഗത്തിനനുസൃതമായി ആഴം കൂട്ടുകയോ ചെയ്യാത്തതുമൂലം വരൾച്ച സമയത്ത് ഭൂരിപക്ഷം കുളങ്ങളിലും ആവശ്യത്തിന് വെള്ളം ലഭിക്കാറില്ല. പൊതു കിണറുകളും ജനങ്ങളുടെ ആവശ്യത്തിനായി നിർമ്മിച്ചു നൽകിയവയാണെങ്കിലും വർഷം വർഷം അഴുക്ക് കോരി കളയുവാനോ, ജലത്തിന്റെ ആവശ്യം കണക്കിലെടുത്ത് ആഴം കൂട്ടുവാനോ ഉപഭോക്താക്കൾ ശ്രമിക്കാറില്ല. ഇതിനായി പഞ്ചായത്തിനെ സമീപിക്കുകയാണ് ചെയ്യുന്നത്. ഇത്തരം കാര്യങ്ങൾ പഞ്ചായത്തിന് ഏറെടുത്ത് നടത്തുവാൻ കാലതാമസം ഉണ്ടാകുന്നത് മൂലം കിണർ വൃത്തിയാക്കുന്ന നടപടി പലപ്പോഴും നടക്കാറില്ല. പൊതുകിണറുകൾ നിർമ്മിച്ചു നല്കിയിരുന്നത് ഉപഭോക്താക്കളുടെ ആവശ്യത്തിനും, സംരക്ഷിക്കേണ്ട ചുമതല ഗുണഭോക്താക്കൾക്ക് തന്നെയാണെന്ന ബോധവും വളർന്ന് വരേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പര്യാപ്തമല്ല. കിണറുകളുടെ വിവരം പട്ടികയിൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിലുള്ള ഏഴ് കുഴൽ കിണറുകളും സർക്കാർ കുഴിച്ചുനല്കിയിട്ടുള്ളതാണ്. ഇരുമ്പ് പൈപ്പ് സ്ഥാപിച്ചിരുന്നത് തുരുമ്പിച്ച് പോയതിനാൽ 7 എണ്ണവും ഉപയോഗ ശൂന്യമായിരുന്നു. ഇരുമ്പ്പൈപ്പ് സ്ഥാപിക്കുന്നത് മൂലം തുരുമ്പ് ഉൾപ്പെട്ട ജലമാണ് പലപ്പോഴും ലഭിക്കാറുള്ളത്. കൈതക്കോട് പാറയിൽ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറിൽ നിന്നും ചേറുകലങ്ങി ദുർഗന്ധം വമിക്കുന്ന ജലമായിരുന്നു ലഭിച്ചിരുന്നത്. കുഴൽ കിണറുകളിൽ 3 എണ്ണം P V C പൈപ്പുകൾ സ്ഥാപിക്കുകയുണ്ടായി. ഇതിലേക്ക്

പഞ്ചായത്തുഫണ്ടിൽ നിന്നും 7705 രൂപ ചെലവ് വന്നിട്ടുണ്ട്.

പഞ്ചായത്തിലുള്ള കിണറുകളിൽ വെള്ളം വറ്റുന്നത് ഏപ്രിൽ, മേയ് മാസങ്ങളിലാണ് പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറെ അതിർത്തിയിലൂടെ കല്ലടയാറ് ഒഴുകുന്നു. 9½ കിലോമീറ്റർ ദൂരം വരുന്ന കല്ലടയാറിൽ നിന്നും യാതൊരു നിയന്ത്രണവും ഇല്ലാതെ മണൽ വാരുന്നതും, നെൽപാടങ്ങളിൽ നിന്നും മറ്റു പുരയിടങ്ങളിൽനിന്നും ജിയോളജി വകുപ്പിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി ചെളി എടുക്കുന്നതും ഇവയോട് അടുത്ത് വരുന്ന പ്രദേശങ്ങളിൽ ജലദൗർലഭ്യതയ്ക്ക് കാരമായിട്ടുണ്ട്. പഞ്ചായത്തിൽ 26 കിലോമീറ്റർ നീളത്തിൽ തോട് ഉണ്ട്. മഴക്കാലത്ത് ഒഴുകി വരുന്ന ജലം കല്ലയാറിൽ ചേരുകയാണ് ചെയ്യുന്നത്. കല്ല ട ജലസേചനപദ്ധതിയുടെ കനാൽ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. ഉഷ്ണകാലത്ത് കല്ലട ജലസേചന പദ്ധതിയുടെ ഇടത് കനാൽ വഴി ജലം തുറന്ന് വിട്ടാൽ വറ്റി വരണ്ട കിണറുകളിലും ഏലാകളിലും ജലം എത്തുന്നതായ അനുഭവം ഉണ്ട്.

പഞ്ചായത്തിൽ 3 ശുദ്ധജല വിതരണ പദ്ധതികളും വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. 3 പദ്ധതികളും പട്ടികജാതി കോളനികളിലാണ്. മാറനാട് അംബേദ്കർ കോളനി, എഴുകോൺ പവിത്രേശ്വരം അംബേദ്കർ കോളനി, കോലിയക്കോട് പട്ടികജാതി കോളനി ഇവയ്ക്കു വേണ്ടിയുള്ളതാണ്. കോലിയക്കോട് ഐരുക്കുഴി പദ്ധതിക്ക് കോലിയക്കോട് ഭാഗത്ത് വള്ളാംതുണ്ടിൽ തോട്ടിൽ കിണർകുഴിച്ച് ഊന്നംകല്ലിൽ ജംഗ്ഷനിൽ ഉള്ള ടാങ്കിൽ ശേഖരിച്ച് ഐരൂർക്കുഴി ഭാഗത്ത് വിതരണം ചെയ്യുന്നു. മാറനാട് അംബേദ്കർ കോളനി പദ്ധതിക്ക് വേണ്ടി നെല്ലിയാർ മുകൾ ഭാഗത്ത് തോട്ടിൽ നിർമ്മിച്ചിട്ടുള്ള കിണറിൽ നിന്നും വെള്ളം പാലക്കുഴിഭാഗത്തുള്ള ടാങ്കിൽ ശേഖരിച്ച് കോളനി പ്രദേശത്ത് വിതരണം ചെയ്യുന്നു. എഴുകോൺ പവിത്രേശ്വരം അംബേദ്കർ കോളനി പദ്ധതിയിൽ നിന്നും കൈതക്കോട് തെക്ക് വാർഡിൽ ഭാഗികമായി ശുദ്ധജലവിതരണം നടത്തുന്നു. കോലിയക്കോട്ഐരുക്കുഴി പദ്ധതിമുഖേന വിതരണം ചെയ്യുന്നജലംനല്ലരീതിയിൽ ശുദ്ധീകരിക്കാറില്ല. വെള്ളം പമ്പ് ചെയ്യുവാൻ നിയോഗിച്ചിട്ടുള്ളവർ ആവശ്യാനുസരണം വെള്ളം പമ്പ് ചെയ്യാത്തത് മൂലം ജലം ലഭിക്കാത്ത സ്ഥിതിയുണ്ട്. വരൾച്ചസമയത്ത് എഴുകോൺ പവിത്രേശ്വരം പദ്ധതി വഴി ജലം ലഭിക്കാറില്ല. പൊതുടാപ്പുകൾ കേടുവന്നാൽ യഥാസമയം റിപ്പയർ ചെയ്യാത്തതുകൊണ്ട് ധാരാളം ജലം നഷ്ടപ്പെടുന്നുണ്ട്. ജലത്തിന്റെ ലഭ്യത പരിഗണിക്കാതെ സ്വകാര്യ കണക്ഷനുകൾ നല്കുന്നത് മൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ജലം ലഭിക്കാത്ത അവസ്ഥയുണ്ട്. ഉപയോഗശൂന്യമായ ടാപ്പുകൾക്കും തുക അടയ്ക്കുന്നതുകൊണ്ട് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകാറുണ്ട്. ഒരു ടാപ്പിന് വർഷത്തിൽ നിശ്ചയിച്ചിട്ടുള്ള തുകക്ക് പകരം ഉപയോഗിക്കുന്ന ജലത്തിന് എന്ന് നിശ്ചയിച്ചാൽ തുക ലാഭിക്കുവാൻ കഴിഞ്ഞേക്കാം. ശുദ്ധജല വിതരണ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2 ൽചേർത്തിരിക്കുന്നു.

K W A പദ്ധതി

കോലിയക്കോട് ഐരുക്കുഴി പദ്ധതി	മാറനാട് ശുദ്ധ ജല വിതരണ പദ്ധതി	എഴുകോൺ പവിത്രേശ്വരം ശുദ്ധ ജല വിതരണ പദ്ധതി	മൊത്തം	സ്വകാര്യ കണക്ഷൻ
			ടാപ്പുകൾ	
30	43	31	104	43

ശുദ്ധ ജലവിതരണ പദ്ധതികളുടെ നടത്തിപ്പിനായി പ്രതിവർഷം 73500 രൂപ ചെലവ് ചെയ്യുന്നുണ്ട്. ടി പദ്ധതികൾ കൊണ്ട് ഏകദേശം 550 കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ട്. ഇത് മൊത്തം ജനസംഖ്യയുടെ 8.7% മാത്രമാണ്. പൈപ്പ് വെള്ളം മൃഗങ്ങളെ കുളിപ്പിക്കുന്നതിനും വാഹനങ്ങൾ കഴുകുന്നതിനും ഉപയോഗിക്കുന്നത് തടയേണ്ടതുണ്ട്.

കുണ്ടറ ജലസേചന പദ്ധതി

കേരള വാട്ടർ അതോറിറ്റി മുഖേന ഡച്ച് ഡാനിഷ് ഗവൺമെന്റിനെ ധനസഹായത്തോടുകൂടി നമ്മുടെ പഞ്ചായത്തിലും ശുദ്ധജല വിതരണശുചിത്വ പരിപാടി നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്. പുനലൂരിൽ നിന്നാണ് ഈ പദ്ധതിക്ക് ആവശ്യമായ ജലംശുചീകരിച്ചു കൊണ്ടുവരാൻ പദ്ധതിയിട്ടിട്ടുള്ളത്. ജലം ശേഖരിക്കുന്ന പൊരീക്കൽ ജംഗ്ഷന് സമീപം വാട്ടർടാങ്ക് നിർമ്മിക്കുകയും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയിൽ 104 ടാപ്പുകൾ സ്ഥാപിക്കുന്ന

തിന് വാർഡ് വാട്ടർ കമ്മറ്റി സ്ഥാന നിർണ്ണയം ചെയ്തിട്ടുണ്ട്. വർഷങ്ങൾ പലത് കഴിഞ്ഞെങ്കിലും പദ്ധതി ഭാഗികമായിപോലും കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള പദ്ധതികൾ വഴി പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലം ഒഴിവാക്കിയാണ് പുതിയ ടാപ്പുകൾക്ക് നിർദ്ദേശം ചെയ്തിട്ടുള്ളത്. 200 മീറ്റർ ദൂരപരിധിയ്ക്കുള്ളിൽ ശുദ്ധജലം ലഭിക്കുക എന്നതാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ ഭാഗത്തുള്ള വീഴ്ച യാണ് പദ്ധതി കമ്മീഷൻ ചെയ്യുവാൻ കഴിയാത്തത്. പദ്ധതി നടപ്പിലാക്കിയാൽ ഉയരം കൂടിയ ഭാഗങ്ങളിൽ ഒഴികെ വെള്ളം എത്തിച്ച് 2000 ആണ്ടിൽ എല്ലാവർക്കും ശുദ്ധജലം എന്ന പദ്ധതി പ്രാബല്യത്തിൽ വരുത്തുവാൻ നമുക്ക് കഴിയും. നീരുറവകൾ ഒന്നും പഞ്ചായത്തിലില്ല. ഇടവട്ടം വാർഡിൽ പുത്തൻ വീട്ടിൽ പാലത്തിന് സമീപമുള്ള പൊതു കിണർ വരൾച്ച സമയത്തും വറ്റാറില്ല. ഈ കുളം ആഴംകൂട്ടി ടാങ്കെട്ടി വെള്ളം ശേഖരിക്കാവുന്നതാണ്.

പഞ്ചായത്തിലെ 10% കിണറുകൾ മുകളിലോട്ട് ഉയർത്തി കെട്ടാത്തവയാണ്. അതിനാൽ മഴക്കാലത്ത് വിസർജ്യ വസ്തുക്കളും മറ്റും ഒഴുകി ഇറങ്ങി കുടിവെള്ളം അശുദ്ധമാകാറുണ്ട്. ഇത്തരം കിണറുകൾ കൂടുതലും ഉള്ള പട്ടികജാതി കോളനികളിലാണ്. ഇതുമൂലം മഴക്കാലത്ത് പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. പൈപ്പുവെള്ളം അണുവിമുക്തമാക്കുന്നതിന് ശക്തമായ നടപടി കൈക്കൊണ്ടിട്ടില്ല. വെള്ളത്തിന്റെ ഗുണമേന്മ്മ വഴി ശോധന നടത്താറില്ല. കുളങ്ങളും തോടുകളും നികത്തിയതും, ഭൂവിനിയോഗത്തിലുണ്ടായ മാറ്റവും മൂലം ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്, നഗരവത്കരണം, ജനസംഖ്യാവർദ്ധന, അനുകൂലമല്ലാത്ത ഇവ കാരണം ശുദ്ധജലവിതരണത്തിന് പൈപ്പ്വെള്ളത്തെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. പാറയുള്ള ഭാഗങ്ങളിലും കുന്നിൻ മുകളിലും കിണർ കുഴിക്കുവാൻ പറ്റാത്ത സ്ഥിതിയും ഉണ്ട്. ജലത്തിന്റെസ്രോതസ് കുറഞ്ഞ്വരുന്നത് പരിഗണിച്ച് കുടിവെള്ളം മിതമായി ഉപയോഗിക്കുന്നതിനും, അനാവശ്യമായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നത് തടയുവാനും ജലസേചന പദ്ധതികളുടെ സംരക്ഷണം ജനകീയ സമിതികൾ എറ്റെടുക്കേണ്ടതുണ്ട്.

പരിസരശുചീകരണം ആരോഗ്യസംരക്ഷണത്തിന് അനിവാര്യഘടകമാണ്. ശുദ്ധജലത്തിന്റെ അഭാവവും, ആവശ്യത്തിന് ജലം ലഭിക്കാത്തതും ആരോഗ്യപരിപാലനത്തിനും വ്യക്തിപരിപാലനത്തിനും കോട്ടം സൃഷ്ടിക്കുന്നു. വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതോടൊപ്പം കിണറിന്റെ ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. കിണറിനോട് ചേർന്നുള്ള ഭാഗത്ത് വസ്ത്രം അലക്കുന്നതും പാത്രങ്ങൾ കഴുകി അഴുക്ക്വെള്ളം ഒഴുകുന്നതും ജല മലിനീകരണത്തിന് കാരണമാവും. കിണറുകളിലെ ജലം ഒഴുകാതെ കിടക്കുന്നത്കൊണ്ട് ജലം അശുദ്ധമാകുകയും ചെയ്യുന്നു. കിണറുകൾക്ക് മുകളിൽ വല സ്ഥാപിച്ച് ജലം അശുദ്ധമാക്കുന്നത് തടയാൻ കഴിയും. പഞ്ചായത്തിലെ 3200 കുടുംബങ്ങൾക്ക് ഉപയോഗപ്രദമായ കക്കൂസുകൾ ഇല്ല. 1384 കുടുംബങ്ങൾ സ്ലാബ് സ്ഥാപിച്ച് കക്കൂസായി ഉപയോഗിക്കുന്നു. കക്കൂസില്ലാതിരുന്ന 1816 കുടുംബങ്ങളിൽ 792 കുടുംബങ്ങൾക്ക് ഡച്ച് ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി നോഷ്യോഎക്കണോമിക് യൂണിറ്റ്മുഖേന കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. മറ്റുകുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ച് നൽകുന്നതാണ്. ദുർബല വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്ന സ്ഥലങ്ങളിലുള്ള കിണറുകളിൽ ഭൂരിഭാഗവും മുകളിലോട്ട് കെട്ടാത്തവയാണ്. അതിനാൽ മഴക്കാലത്ത് മലവിസർജ്ജ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള അഴുക്ക്വെള്ളം ഒഴുകി ഇറങ്ങാറുണ്ട്. കൂടാതെ വെള്ളം കോരിവച്ച് കുളിക്കാത്തതുമൂലവും ജലം മലിനപ്പെടുന്നുണ്ട്. വെളിപ്രദേശങ്ങളിൽ മലവിസർജ്ജ്യം നടത്തുന്നത്മൂലം ഈച്ച കൊതുക് ഇവയുടെ എണ്ണം പെരുകുന്നതിനും ആഹാരപദാർത്ഥങ്ങളിൽ കൂടി രോഗാണുക്കൾ പകരുന്നതിനും ഇടയാകുന്നതാണ്. ആഹാരപദാർത്ഥങ്ങൾ ശുചിയായി കൈകാര്യം ചെയ്യുന്നതോടൊപ്പം ശുചിത്വപരിപാലനത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടതുമാണ്.

പൊതുനിർദ്ദേശങ്ങൾ

1. കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ നിലവിലുള്ള പൊതു കിണറോ, കുളമോ മെച്ചപ്പെടുത്തുകയോ നിർമ്മിക്കുകയോ ചെയ്യൽ.
2. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേറ്റു ചെയ്യുക.
3. കേടുവന്ന വാട്ടർ ടാപ്പുകളും കിണറുകളും

മാത്രമേ ലോൺ അനുവദിക്കുകയുള്ളൂ. നാമമാത്രമായ മുതൽ മുടക്കി തുടങ്ങിയ പദ്ധതിയിൽ നിന്നും ദൈനംദിന ചെലവുകൾക്ക് തുക വിനിയോഗിക്കേണ്ടി വരുന്നതു മൂലം പദ്ധതികൾ പെട്ടെന്ന് പര്ജയപ്പെടുകയാണ്. അതിനാൽ കണ്ഉജ ധനസഹായം കൊടുക്കേണ്ടത് ഗുണഭോക്താവിന്റെ താൽപര്യപ്രകാരമുള്ള പദ്ധദിക്ക് വേണ്ടിയായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

IRDP ലിസ്റ്റിൻ നിന്നും ധനസഹായം ലഭിച്ചവരുടെ കുടുംബങ്ങളുടേയും കണക്ക് പട്ടിക - 1ൽ കാണിച്ചിരിക്കുന്നു.

സർക്കാർ നിർദ്ദേശം പാലിക്കാതെ ബാങ്കുകൾ ലോൺ അനുവദിക്കാത്തതും, പരിശീലനം നേടിയവരുടെ അഭിരുചി അനുസരിച്ചുള്ള പദ്ധതികൾക്ക് ലോൺ നൽകാത്തതും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിഘാതമായി നിൽക്കുന്നു. അതിനാൽ ഇത്തരം പദ്ധതികളിലൂടെ തൊഴിൽ കണ്ടെത്തുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്. ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിച്ചതിന്റെ വിവരരട്ടിക 2-ൽ ചേർത്തിരിക്കുന്നു.

ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിച്ചവർ.

പട്ടിക- 5-13-(2)

നമ്പർ	പരിശീലനവിഷയം	പരിശീലനം ലഭിച്ചവർ	വർഷം	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലിൽ ഏർപ്പെട്ടവർ	മറ്റു ശ്രമിക്കുന്നവർ
1	കൈത്തറിനെയ്ത്ത്	6	92-94	15	8	
2	റേഡിയോ- T.V	1	92-93			
3	വയറിംഗ്	1	"			
4	മേശനി	1	"			
5	ഫിറ്റിംഗ് & വെൽഡിംഗ്	2	92-93			
6	ഇലക്ട്രീഷ്യൻ	1	"			
7	റേഡിയോ & T.V	2	"			
8	കൈത്തറി	2	95-96			
9	ഇലക്ട്രീഷ്യൻ	1	"			
10	ഫിറ്റിംഗ് & വെൽഡിംഗ്	1	"			
11	ഇലക്ട്രീഷ്യൻ	1	"	92-97 വർഷങ്ങളിലായി- 24 പേർക്ക് തൊഴിൽപരിശീലനം നൽകി.		
12	പ്ലംബിംഗ്	1	"			
13	നഴ്സറിനഴ്സറി	1	"			

ട്രൈസം 18 മുതൽ 35 വരെ പ്രായമുള്ള യുവതി യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുന്ന പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിലേ 23 യുവതീ യുവാക്കൾ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പരിശീലനം ലഭിച്ചിവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്താറില്ല. സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടാണ് ഒരു പ്രധാന കാരണം. സർക്കാർ നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിക്ക് ജാമ്യവ്യവസ്ഥ പാടില്ലെന്ന്

DWRCA സ്ത്രീകളുടേയും കുട്ടികളുടെയും ഉന്നമനം ലാക്കാക്കി പത്തോ അതിലധികമോ സ്ത്രീകൾ ചേർന്ന് നടത്തുന്ന തൊഴിൽ സംരംഭമാണ് DWRCA. ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ 2 മെറ്റൽ ക്രഷിംഗ് യൂണിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. 1994-ൽ പ്രവർത്തനം ആരംഭിച്ച ഈ യൂണിറ്റുകളിലായി മൊത്തം 20 അംഗങ്ങൾക്കും പ്രത്യക്ഷമായി തൊഴിൽ ലഭിക്കുന്നു. ഇതിൽ 6 പേർ പട്ടിക ജാതിയിൽപ്പെട്ട വരാണ്. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് സ്ത്രീകൾ മുന്നോട്ട് വരാത്തത് ഒരു പ്രധാന പോരായ്മയാണ്. സ്ത്രീകളുടെ സാമൂഹ്യപിന്നോക്കവസ്ഥ മാറ്റുന്നതിന് ഇത്തരം യൂണിറ്റുകൾ

ധാരാളം ആരംഭിക്കുവാൻ കഴിഞ്ഞാൽ നന്നായിരിക്കും. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതോടൊപ്പം ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടു പിടിക്കുവാൻ കഴിയുകയും സർക്കാർ ഏജൻസികൾ വഴി വിറ്റഴിക്കുവാൻ സഹായിക്കുകയും ചെയ്താൽ സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുവാനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാനും കഴിയും. ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിന് സ്ത്രീകളുടെ കൂട്ടായ്മ ഉറപ്പു വരുത്തേണ്ടതാണ്.

നിലിവിലുള്ള പദ്ധതികളും വിലയിരുത്തലുകളും

1. വികലാംഗർക്ക് യാത്രബത്ത

ഉദ്യോഗ നിയമനാർത്ഥം എഴുത്ത് പരീക്ഷക്കോ ഇന്റർവ്യൂവിനോ വേണ്ടി പതിനഞ്ചര കി. മീറ്ററിൽ കുറയാതെ സഞ്ചരിക്കേണ്ടി വരുന്ന വികലാംഗർക്ക് യാത്രാ ബത്ത നൽകുകയാണ്. വാർഷിക വരുമാനം 4000 രൂപായിൽ കുറവായവർക്ക് മുഴുവൻ സഹായവും 4001-6000 വരെ കുടുംബവരുമാനമുള്ളവർക്ക് പകുതി സഹായവും നൽകും. കിലോമീറ്ററിന് 12 പൈസാ വച്ച് പരമാവധി ഒരു ദിനബത്ത നൽകും ഈ തുക അപര്യപ്തമാണ്. നിരക്ക് വർദ്ധിപ്പിക്കുന്നതി നോടൊപ്പം തുക മുൻകൂർ നൽകുവാൻ നടപടിയുണ്ടാകണം.

2. വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്

വികലാംഗരെ 9 മുതൽ മുകളിലോട്ടുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തുടർന്ന് കൊണ്ടു പോകുന്നതിന് പ്രേരിപ്പിക്കു കയാണ് പദ്ധതി ലക്ഷ്യം. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 9 മുതൽ മുകളിലോട്ട് പഠനം നടത്തുന്ന അന്ധർ, ബധിരർ, അസ്ഥി സംബന്ധമായ വൈക്ലയമുള്ളവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, കുഷ്ഠരോഗ വിമുക്തർ, മസ്തിഷ്ക തകരാറ് നിമിത്തം മാംസപേശികൾക്ക് ഉണ്ടാകുന്ന വലിവ്.മൂലമോ അംഗവൈകല്യം സംഭവിച്ചവർക്ക് മുൻവർഷാവസാന പരീക്ഷകൾക്ക് 40% കുറയാതെ മാർക്കോടു കൂടി പാസ്സായിരിക്കണം. കുടുംബ വാർഷിക വരുമാനം 24000 രൂപായിൽ കുറവാ യിരിക്കണം. വീട്ടിൽ നിന്ന് പഠിക്കുന്നവർക്ക് 85 മുതൽ 170 രൂപ വരെയും ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് 140-200രൂപാ വരെയും ലഭിക്കും. ലഭിക്കും. അന്ധരായ വിദ്യാർത്ഥികൾക്ക് വായനാ സഹായിയെ നിയമിക്കുന്നതിന് 50-100 രൂപാ വരെയും ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്ക് 25 രൂപയും പ്രത്യേക യാത്രാ സംവിധാനം ഉപയോഗിക്കുന്നവർക്ക് 50 രൂപായും പ്രതിമാസം അലവൻസായി ലഭിക്കും.

3. വികലാംഗ വിദ്യാർത്ഥികൾക്കായുള്ള സംസ്ഥാന സ്കോളർഷിപ്പ്

വികലാംഗ വിദ്യാർത്ഥികളെ വിദ്യാഭ്യാസം ചെയ്യിക്കാനാവശ്യമായ പ്രേരണ നൽകുകയാണ് ലക്ഷ്യം. 15000 രൂപായിൽ കവിയാതെ വാർഷിക വരുമാനമുള്ളവർക്ക് അംഗീകൃത സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന അന്ധരും ബധിരരും അസ്ഥിസംബന്ധമായ വൈകല്യമു ള്ളവരുമായ വിദ്യാർത്ഥികൾക്ക് ധനസഹായം ലഭിക്കുന്നു. 1 മുതൽ 4 വരെ പഠിക്കുന്നവർക്ക് പത്ത് മാസത്തേക്ക് 310 രൂപായും പാഠ്യോപകര ണങ്ങൾക്കായി ഒരു വർഷം 25 രൂപായും 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതി മാസം 45 രൂപാ നിരക്കിൽ 10 മാസത്തേക്ക് 450 രൂപയും പാഠ്യോപകരണങ്ങൾക്കായി ഒരു അധ്യയന വർഷം 40 രൂപായും അന്ധരായ വിദ്യാർത്ഥികൾക്ക് വായനാ സഹായിയെ നിയമിക്കുന്നതിനായി പ്രതിമാസം 25 രൂപാ നിരക്കിൽ 10 മാസത്തേക്ക് 250 രൂപായും ലഭിക്കുന്നു. അതാതു ഗ്രാമപഞ്ചായത്തുകൾ വഴി അപേക്ഷ സ്വീകരിക്കുകയും സ്കോളർഷിപ്പ് നൽകുന്നതി നുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

4. തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ്

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള 4 വികലാംഗ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ പഠിതാക്കളെ സഹായിക്കുന്ന പദ്ധതിയാണിത്. രക്ഷിതാക്കളുടെ വാർഷിക വരുമാനം 10000 രൂപായിൽ കവിയാത്തതും 14 നും 30 നും മധ്യേ പ്രായമുള്ള അന്ധർ, ബധിരർ, അസ്ഥിസംബന്ധമായ വൈകല്യങ്ങൾ ഉള്ളവർ എന്നിവർക്ക് പ്രതിമാസം 150 രൂപാ വീതം സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്.

5. ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.

ബുദ്ധിമാന്ദ്യം സംഭവിച്ചവരെ വിദ്യാഭ്യാസ തൊഴിൽ പരിശീലനത്തിന് സഹായിക്കുക. ധർമ്മസ്ഥാപന ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾ, ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ വിദ്യാഭ്യാസത്തിനും പരിശീലന ത്തിനും വേണ്ടി നടത്തുന്ന പ്രത്യേക സ്ഥാപനങ്ങളിൽ താമസിച്ച് പഠിക്കുകയോ വീട്ടിൽ നിന്നു വന്നു പഠിക്കുകയോ ചെയ്യുന്ന 21 വയസ്സിന് താഴെയുള്ളവരും രക്ഷാകർത്താക്കളുടെ വാർഷിക

വരുമാനം 20000 രൂപായിൽ കവിയാതെയാണെങ്കിൽ പ്രതിമാസം 60 രൂപായും വസ്ത്ര അലവൻസായി ഒരു വർഷം 40 രൂപായും നൽകുന്നു. ഹാജർ കുറവുള്ള മാസങ്ങളിൽ സ്കോളർഷിപ്പ് ലഭിക്കില്ല.

6. തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ്

വികലാംഗരായവരുടെ തൊഴിൽ പരിശീലനത്തിന് സാമ്പത്തിക സഹായം നൽകുന്നു. അംഗീകൃത തൊഴിൽ പരിശീലന കേന്ദ്രങ്ങളിലും വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലും തൊഴിൽ പരിശീലനം നടത്തുന്ന വാർഷിക വരുമാനം 24000 രൂപായിൽ കുറവുള്ള അന്ധർ, ബധിരർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ കുഷ്ഠരോഗ വിമുക്തർ മന്ദബുദ്ധികൾ തുടങ്ങിയവർക്ക് കോഴ്സിന്റെ സ്വഭാവമനുസരിച്ച് വീട്ടിൽ നിന്ന് വന്നു പഠിക്കുന്നവർക്ക് 35 രൂപാ മുതൽ 170 രൂപാ വരെയും ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവർക്ക് 140 രൂപാ മുതൽ 240 രൂപാ വരെയും ലഭിക്കും.

7. വികലാംഗ സംരക്ഷണ ഭവനങ്ങൾക്കായുള്ള സംസ്ഥാന ധനസഹായം

വികലാംഗ സംരക്ഷണ ഭവനങ്ങളെ സഹായിക്കുകയാണ് ലക്ഷ്യം. ധർമ്മസ്ഥാപന ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത് 2 വർഷം പൂർത്തിയാക്കിയ സ്വന്തമായി കെട്ടിടമുള്ള സന്നദ്ധ സംഘടനകൾക്ക് അന്തേവാസി ഒന്നിന് പ്രതിമാസം 60 രൂപാ നിരക്കിൽ ധനസഹായം നൽകുന്നു.

8. പട്ടികജാതി പട്ടികവർഗ്ഗേതര മിശ്ര വിവാഹിതരായ ദമ്പതികൾക്കുള്ള ധനസഹായ പദ്ധതി

മിശ്രവിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുവാനും തദ്വാരാ സാമൂഹ്യോദ്ഗ്രഥനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പട്ടികജാതി വട്ടികവർഗ്ഗത്തിൽ പെടാത്ത മറ്റ് മിശ്ര വിവാഹിതരുടെ കുടുംബവാർഷിക വരുമാനം 8000 രൂപായിൽ കഴിയാത്തതും മിശ്രവിവാഹനം മൂലം കഷ്ടത അനുഭവിക്കുന്നവരുമായ ദമ്പതികൾക്ക് 2000 രൂപയിൽ കവിയാത്ത തുക ധനസഹായമായി നൽകുന്നു.

9. വികലാംഗർക്കാവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

വികലാംഗർക്ക് അനിവാര്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകുന്ന പദ്ധതിയാണിത്. ധർമ്മസ്ഥാപന രജിസ്ട്രേഷൻ അനുസരിച്ചോ കമ്പനി നിയമമനുസരിച്ചോ പബ്ലിക് ട്രസ്റ്റ് ആയോ രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പൂർത്തിയായിട്ടുള്ള സ്ഥാപനങ്ങൾ വഴി നൽകുന്നു. പ്രതിമാസകുടുംബ വരുമാനം 1200 രൂപാ വരെയുള്ളവർക്ക് സൗജന്യമായും 1201 രൂപാ മുതൽ 2500 രൂപാ വരെയുള്ളവർക്ക് 50% സൗജന്യ നിരക്കിലും ഉപകരണങ്ങൾ ലഭിക്കുന്നു. 25 രൂപാ മുതൽ 3000 രൂപാ വരെ വിലയുള്ള ഉപകരണങ്ങൾ ലഭിക്കാവുന്നതാണ്.

10. വികലാംഗക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കായുള്ള ധനസഹായ പദ്ധതി

സന്നദ്ധസംഘടനകൾക്ക് വികലാംഗക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക. ധർമ്മസ്ഥാപനമായി രജിസ്റ്റർ ചെയ്ത് 2 വർഷം പൂർത്തിയായിട്ടുള്ള സ്ഥാപനങ്ങൾക്ക് വാർഷിക മൊത്ത അടങ്കലിന്റെ 40% കമ്മിയോ അത് കെട്ടിട നിർമ്മാണത്തിന് പരമാവധി 5 ലക്ഷം രൂപയോ ഏതാണ് കുറവ് അത് നൽകുന്നു.

11. അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി

അഭിഭാഷക ജോലി ചെയ്യാൻ അർഹതയുള്ള അന്ധർക്ക് അതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് ഉദ്ദേശം. സംസ്ഥാനത്തിലെ കോടതികളിൽ അഭിഭാഷകരായി പ്രവർത്തിക്കുന്ന അന്ധരുടെ കുടുംബവാർഷിക വരുമാനം 18000 രൂപായിൽ കഴിയാത്തതാണെങ്കിൽ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2500 രൂപായും വായനാ സഹായിലെ നിയമിക്കുന്നതിനായി പ്രതിമാസം 400 രൂപാ നിരക്കിൽ പരമാവധി 5 വർഷക്കാലത്തേക്ക് ലഭിക്കും.

12. വാഹനഉടമകളായ വികലാംഗർക്ക് പെട്രോൾ പമ്പ് സബ് സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി

സ്വന്തമായി വാഹനമുള്ള വികലാംഗർക്ക് വാഹനമുപയോഗിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2 കുതിര ശക്തിയിൽ കുറവുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നവർക്ക് പ്രതിമാസം 15 ലിറ്ററിന്റെ വിലയിൽ 50% വും 2 കുതിര ശക്തിയിൽ കൂടുതലുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നവർക്ക് 25 ലിറ്ററിന്റെ വിലയിൽ 50% അനുവദിക്കുന്നതാണ്. 2500 രൂപായിൽ കവിയാതെ വരുമാനമുള്ളവരും കൺവയൻസ് അലവൻസ് ലഭിക്കാത്തവർക്കുമാണ് ധനസഹായം നൽകുന്നത്.

റവന്യു വഴിയുള്ള ധനസഹായം

1. തീ പിടിത്തം മൂലം വീട് നശിച്ചവർക്ക്

ധനസഹായം

4000 രൂപായിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബാഗങ്ങളുടെ കുടിൽ കത്തി നശിച്ചാൽ കുടിലിന് 1000 രൂപായും കത്തി നശിച്ച വസ്തു വകകൾക്ക് 500 രൂപായും ലഭിക്കും

2. മോട്ടാർ വാഹന അപകടങ്ങളിൽ പെടുന്നവർക്കുള്ള ധനസഹായം

വാഹന അപകടങ്ങളിൽ മരിച്ചവർക്ക് 10001 രൂപായും പരിക്കേറ്റവർക്ക് 500 രൂപായും ലഭിക്കും വാർഷിക കുടുംബവരുമാനം 9600 രൂപായിൽ കവിയാൻ പാടില്ല.

3. പ്രകൃതിക്ഷോഭം മൂലം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചാൽ ധനസഹായം

പ്രകൃതിക്ഷോഭം മൂലം വീട് പൂർണ്ണമായി നശിക്കുന്നവർ വീട് ലഭിക്കുന്നതിനുള്ള സർക്കാർ പദ്ധതികളിൽ മുൻഗണനാ വിഭാഗമാണ്. വാർഷിക കുടുംബവരുമാനം 9600 രൂപായിൽ കവിയാൻ പാടില്ല. ഭാഗികമായി വീട് നശിച്ചവർക്ക് 500 രൂപായും പൂർണ്ണമായി വീട് നശിച്ചവർക്ക് 1500 രൂപായും ലഭിക്കും.

4. വ്യക്തിപര അപകട ഇൻഷ്വറൻസ്

7200 രൂപായിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ളവരും 18 നും 60നും മധ്യേ പ്രായമുള്ളവരുമായവരുടെ ആശ്രിതർ ഭക്ഷ്യവിഷബാധ, ഇടിവെട്ട്, ഉയരത്തിൽ നിന്നുള്ള വീഴ്ച. പാമ്പുകടി, സാമൂഹ്യകുറ്റവാളിയുടെയൊ ജന്തുക്കളുടയോ ആക്രമണം, മുങ്ങിമരണം ഇവ മൂലം മരണപ്പെട്ടാൽ 3000 രൂപാ ധനസഹായം ലഭിക്കും.

5. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

പ്രകൃതിക്ഷോഭങ്ങൾക്കും, മറ്റ് അത്യാഹിതങ്ങൾക്കും, രോഗങ്ങൾക്കും, ഇരയായവർക്ക് സഹായമെത്തിക്കുകയാണ് ലക്ഷ്യം. 12000 രൂപായിൽ താഴെ കുടുംബവരുമാനം ഉള്ളവരായിരിക്കണം. 5000 രൂപാ ജില്ലകളക്ടറും അതിന് മുകളിലോട്ട് സർക്കാരും അനുവദിക്കുന്നു.

6. കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കുമുള്ള പെൻഷൻ

പ്രതിമാസം 200 രൂപായിൽ താഴെ വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 100 രൂപാ വീതം ധനസഹായം നൽകുന്നു. ക്യാൻസർ രോഗം പിടിപെട്ട് അവശത അനുഭവിക്കുന്ന ആളുകൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

7. ക്ഷയരോഗികൾക്കുള്ള ധനസഹായം

പ്രതിവർഷ കുടുംബ വരുമാനം 6000 രൂപായിൽ താഴെയുള്ളവരും ചുരുങ്ങിയത് ഒരു വർഷത്തെ ചികിത്സയെങ്കിലും ആവശ്യമായ രോഗികൾക്ക് പ്രതിമാസം 50 രൂപാ ധനസഹായം നൽകുന്നു. ക്ഷയരോഗികളായ 20 പേർക്ക് ഈ പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നുണ്ട്. മരുന്നിന്റെ വില വർദ്ധനവ് കണക്കിലെടുത്ത് പെൻഷൻ തുക വർദ്ധിപ്പിക്കേണ്ടതുണ്ട്.

8. വികലാംഗപെൻഷൻ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അന്ധർ, മൂകർ, ബധിരർ തുടങ്ങിയ അംഗവൈകല്യമുള്ളവരെ സാമ്പത്തികമായി സഹായിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രതിമാസം കുടുംബവരുമാനം 300 രൂപായിൽ താളെയുള്ളവർ അന്ധർ, മൂകർ, ബധിരർ, 40% അംഗവൈകല്യമുള്ള മറ്റ് വികലാംഗർ എന്നിവർക്കാണ ധനസഹായം നൽകുന്നത്. അംഗവൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നല്കേണ്ട ചുമതല ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോർഡാണ്. ഇത് ഈ വിഭാഗക്കാർക്ക് വളരെടേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. പി.എച്ച് സെന്ററിലെ ഡോക്ടർമാരും അതിനുള്ള അധികാരം നൽകുന്നത് പ്രയോജനപ്രദമാണ്. ഈ പഞ്ചായത്തിൽ 170 വികലാംഗർക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

9. വിധവാ പെൻഷൻ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും അധ്വാനശേഷിയില്ലാത്തതുമായ വിധവകളെ സാമ്പത്തികമായി സഹായിക്കുക എന്നതാണ് ലക്ഷ്യം ഭർത്താവ് മരിച്ച് പോയ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട തുടർച്ചയായി 7 വർഷത്തിലധികം ഭർത്താവിനെപറ്റി വിവരമില്ലാത്ത അദ്ധ്വാനശേഷിയില്ലാത്തതും മാസ വരുമാനം 100 രൂപയിൽ താഴെയുള്ള സ്ത്രീകൾക്കാണ് ധനസഹായം അനുവദിക്കുന്നത്. ഈ പഞ്ചായത്തിലെ 116 വിധവകൾക്ക് പെൻഷൻ നൽകുന്നുണ്ട്. പെൻഷൻ തുക വർദ്ധിപ്പിക്കേണ്ടതാണ്.

10. വാർധ്യക്യ കാല പെൻഷൻ

സാമ്പത്തിക ദുരിതമനുഭവിക്കുന്ന വൃദ്ധന്മാർക്കും വൃദ്ധകൾക്കും സാമ്പത്തിക സഹായം നൽകുകയാണ് ലക്ഷ്യം. 65 വയസ്സു കഴിഞ്ഞവരും 100 രൂപായിൽ താഴെ മാസവരുമാനം ഉള്ളവർക്കുമാണ് പെൻഷൻ നൽകുന്നത്. വാർദ്ധക്യകാല പെൻഷൻ നൽകുന്ന 71 പേർ ഉണ്ട്. പെൻഷൻ യഥാസമയം ലഭിക്കാറില്ല.

തൊഴിൽ വകുപ്പ് വഴിയുള്ള പദ്ധതികൾ

1. കർഷകതൊഴിലാളി പെൻഷൻ

60 വയസ്സ് പൂർത്തിയായ കർഷക

തൊഴിലാളികൾക്ക് അവരുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പെൻഷൻ നൽകുന്ന പദ്ധതിയാണിത്. 60 വയസസ് പൂർത്തിയായതും 100 രൂപായിൽ താഴെ മാത്രം വരുമാനമുള്ളവർക്കാണ് ധനസഹായം നൽകുന്നത്. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കർഷകരും കർഷകതൊഴിലാളികളുമാണെങ്കിലും 308 കർഷർക്ക് മാത്രമാണ് കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നത്. പദ്ധതിയെ സംബന്ധിച്ച് ബോധമില്ലായ്മയാണ് ഇതിന്റെ പ്രധാന കാരണം. കർഷകതൊഴിലാളികളായി പണിയെടുക്കുന്നവരെ തിരിച്ചറിയാൻ അവരുടെ ഒരു ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്നത് നല്ലതാണ്. യഥാസമയം ഫണ്ട് ലഭിക്കുവാനും നടപടിയുണ്ടാകേണ്ടിയിരിക്കുന്നു.

2. കേന്ദ്ര മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി

മരം കയറുന്ന തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ ധനസഹായം നൽകുക. (ജോലി ചെയ്യുന്നതിനിടയിൽ മരണപ്പെടുകയോ അംഗഭംഗം വരുകയോ ചെയ്യുക) മരം കയറ്റം തൊഴിലായി സ്വീകരിച്ചിരിക്കുന്ന തൊഴിലാളി മരണപ്പെട്ടാൽ 5000 രൂപാ ലഭിക്കും. അംഗഭംഗം വന്നാലും രൂപ ലഭിക്കുന്നതാണ്.

3. ഭൂരഹിതരായ കർഷക തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം.

ഭൂരഹിതരായ കർഷകതൊഴിലാളികൾ മരണപ്പെടുമ്പോൾ അവകാശികൾക്ക് (ഭൂരഹിത കർഷകതൊഴിലാളായായിരിക്കണം) 18 നും 60 നും ഇടയിലുള്ള തൊഴിലാളി മരിച്ചാൽ ആനുകൂല്യം അവകാശികൾക്ക് ലഭിക്കും. 2000 രൂപാ ഘടകഇ .യിൽ നിന്നും നൽകും. ഭൂരഹിതകർഷക തൊഴിലാളികളുടെ ലിസ്റ്റ് ഗ്രാമതലത്തിൽ ഉണ്ടാക്കേണ്ടതാണ്.

പട്ടികജാതി വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസനം പ്രത്യേകം ചേർത്തിട്ടുണ്ട്.

ലാ സെക്രട്ടറിയേറ്റ്

കേരളാ സ്റ്റേറ്റ് ലീഗൽ എയ്ഡ് ആന്റ് അഡ്വൈസ് ബോർഡ്

ധനപരമായ പ്രയാസങ്ങളാൽ മാത്രം ഒരു പൗരനും നീതി നിഷേധിക്കപ്പെടാൻ ഇടവരരുത് എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സമൂഹത്തിലെ താണവരുമാനക്കാർക്ക് സൗജന്യ നിയമസഹായം. സൗജന്യനിയമസേവനം നൽകുന്നു. 7000 രൂപായിൽ താഴെ വാർഷിക വരുമാനമുള്ള വർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. പൊതുജനങ്ങളേയും പിന്നോക്ക വിഭാഗങ്ങളിലേയും ആളുകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഈ കമ്മിറ്റിയുടെ മുൻപിൽ കൊണ്ടു വരുന്നതിനും കോടതിയിൽ നിന്നും നീതി ലഭ്യമാക്കുന്നിതനും ശ്രമിക്കേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസ വകുപ്പ്

സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസ സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 58 വയസ്സിന് മുകളിൽ പ്രായമുള്ളവരും പ്രതിമാസം വരുമാനം 1000 രൂപയിൽ താഴെയുള്ള സാഹിത്യകാരന്മാർക്ക് കലാകാരന്മാർക്കുമാണ് ധനസഹായം കിട്ടുന്നത്. പ്രതിമാസം 600 രൂപാ വരെ നൽകുന്നു. നമുക്ക് ഈ പഞ്ചായത്തിൽ 3 പേർക്ക് അവശകലാകാര പെൻഷൻ ലഭിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടേറിയേറ്റ്

സംഗീതം നൃത്തം, കേരളീയ ക്ഷേത്രകലകൾ, നാട്യം, കഥാപ്രസംഗം,ഹരികഥ. ചിത്രകല, ശില്പകല എന്നിങ്ങനെയുള്ള കലാ രംഗങ്ങളിൽ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. സിനിമയുമായി ബന്ധപ്പെട്ടവർക്കും സഹായധനം നൽകുന്നുണ്ട്. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും 750 രൂപാ പ്രതിമാസം വരുമാനമില്ലാത്തവർക്കുമാണ് ധനസഹായം നൽകുന്നത്.

തൊഴിൽ പരിശീലന ഡയറക്ടറേറ്റ്

S.S.L.C പാസ്സായിട്ടുള്ള തൊഴിൽ രഹിതരുടെയും അവരുടെ കുടുംബവാർഷിക വരുമാനം 4000 രൂപായിൽ കുറവും മൂന്നുവർഷക്കാലമായി എംപ്ലോയ്മെന്റ് എക്സേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരായി തുടരുകയാണെങ്കിൽ തൊഴിലില്ലായ്മ ധനസഹായത്തിന് അർഹതയുണ്ട്. 18 നും 35 നും ഇടയിൽ പ്രായമുണ്ടായിരിക്കണം. പട്ടികജാതി പട്ടികവർഗ്ഗക്കാരെ S.S.L.C പാസ്സാവുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനവും ധനസഹായവും നല്കൽ തുടങ്ങിവയും സ്വയം തൊഴിൽ പദ്ധതിയിലൂടെ നൽകിവരുന്നു. ഈ പഞ്ചായത്തിലെ 748 പേർ തൊഴിലില്ലായമ വേതനം വാങ്ങുന്നവരാണ്. അർഹതയില്ലാത്തവർ വേതനം വാങ്ങുന്നത് ഒഴിവാക്കണം.

വിവിധ ക്ഷേമ നിധികളും സർക്കാർ

I.R.D.P. സർവ്വേസംഹായാലയുത്ത

പട്ടിക - 5-15 - ൽ

വർഷം	സാമ്പത്തിക സഹായം ലഭിച്ചവർ	പട്ടികയുണ്ടാക്കിയ പട്ടികവർഗ്ഗം	ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ	സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ.
1992-93	50	31	2468	186
1993-94	47	27	SC.ST. 710	SC.ST. 108.
1994-95	49	29	ശതമാനം - 5%	
1995-96	40	21		
1996-97	57	30		

നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ സംബന്ധിച്ച അറിവില്ലായ്മ മൂലം അതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത സ്ഥിതിയുണ്ട്. ദുർബ്ബല വിഭാഗത്തിൽ പെട്ടവർക്ക് കക്കൂസ് നിർമ്മിച്ച് നൽകുന്ന പദ്ധതിയും നിലവിലുണ്ട്. 1816 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലാതായുണ്ട് ഇതിൽ 792 കക്കൂസുകൾ പഞ്ചായത്ത് മുഖേനയും 40 കക്കൂസുകൾ ബ്ലോക്ക് വഴിയും നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇനി 984 കക്കൂസുകൾ നിർമ്മിച്ചു നൽകേണ്ടതുണ്ട്

അംഗൻവാടികൾ വഴി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. ഇതിൽ 138 ഗർഭിണികൾക്കും 107 മുലയൂട്ടുന്ന അമ്മമാർക്കും കുട്ടികൾക്കും പോഷകാ ഹാരം വിതരണം ചെയ്യുന്ന പദ്ധതിയുണ്ട്. 224 ഗർഭിണികളും 191 മുലയൂട്ടുന്ന അമ്മാർക്കും അനുപൂരക പോഷകാഹാരം നൽകുന്നു. 31 അംഗൻവാടികൾ ആണ് പഞ്ചായത്തിൽ ഉള്ളത്. അംഗൻവാടികളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആദ്യകാലത്ത് അംഗൻവാടികളിൽ കുട്ടികളെ അയക്കുന്നതിന് മാതാപിതാക്കൾക്ക് താല്പര്യമായിരുന്നു. എന്നാൽ നഴ്സറി സ്കൂളികളുടെ എണ്ണവും ഇംഗ്ലീഷും മീഡിയം സ്കൂളുകളിൽ പോകുന്ന കുട്ടികളുടെ എണ്ണവും വർധിച്ചപ്പോൾ യാതൊരു വിധ സൗകര്യങ്ങളും ഇല്ലാത്ത അംഗൻവാടികളിൽ കുട്ടികളെ അയക്കാത്ത സ്ഥിതിയായി. മാത്രമല്ല, സമഗ്രമാതൃ ശിശുക്ഷേമ വികസന വകുപ്പിന്റെ നിയന്ത്രണത്തിലാണ് ഇവയെങ്കിലും ശരിയായ രീതിയിൽ മേൽനോട്ടം ഇല്ലാത്തത് ഇവയുടെ പ്രവർത്തനം [illegible]. പഞ്ചായത്തുകൾക്ക് മേൽനോട്ട ചുമതല യുണ്ടെങ്കിൽ അത് പ്രാവർത്തിക മാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇല്ലാത്തതും ഇപ്പോഴും അധികാരം വകുപ്പിന്റെ കൈയ്യിൽ വച്ചിരിക്കുന്നതും പ്രധാന പ്രശ്നമാണ്.

സാമൂഹ്യക്ഷേമ പദ്ധതികൾ ദുർബ്ബലവി ഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടു വന്നതാണെങ്കിലും ശരിയായ അറിവിന്റെ അഭാവം അർഹരായവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കാത്ത സ്ഥിതി ഉണ്ടാകുന്നു. തൊഴിലില്ലായ്മ വേതനം നൽകുന്നത് തൊഴിലില്ലാത്തവരെ സഹായിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്. തൊഴിൽ ചെയ്യാതെ ധനസഹായം നൽകുന്നത് ഒഴിവാക്കി ഇവരെ സാക്ഷരത പ്രവർത്തനത്തിനും സന്നദ്ധ പ്രവർത്തനത്തിനുമായി മാസത്തിൽ ഒരു ദിവസമെങ്കിലും അതാത് പ്രദേശങ്ങളിൽ ഉപയോഗിക്കാൻ കഴിഞ്ഞാൽ ഇത്തരം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് മാത്രമല്ല അർഹരായവരെ ഒഴിവാക്കാനും കഴിയും. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനും ഇവരുടെ സഹായം കൊണ്ട് കഴിയും.

ഏത് തരത്തിലുള്ള ധനസഹായം നൽകുമ്പോഴും വാങ്ങുന്ന ആളിന് അത് വെറുതെ ലഭിക്കുന്നതല്ല എന്ന ബോധം ഉണ്ടാക്കുവാൻ കഴിഞ്ഞാൽ സാമൂഹ്യപ്രശ്നങ്ങളിൽ മാറ്റം സൃഷ്ടിക്കുവാൻ കഴിയും.

പൊതു വിതരണം

നമ്മുടെ പഞ്ചായത്തിൽ 23 റേഷൻ കടകളും ഒരു മാവേലി സ്റ്റോറും ഉണ്ട്. മാവേലി സ്റ്റോർ പ്രവർത്തിക്കുന്നത് പവിത്രേശ്വരം കുളക്കട, നെടുവത്തൂർ എന്നീ പഞ്ചായത്തുകളുടെ സംഗമ സ്ഥാനമായ പുത്തൂർ ജംഗ്ഷനിലാണ് പൊതുജനങ്ങൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. എന്നാൽ ഇവയുടെ പ്രവർത്തനം വിലയിരുത്തിയാൽ ഉദ്ദേശിച്ച നിലയിലുള്ള പ്രയോജനം ലഭിക്കുന്നില്ല എന്നു കാണാം.

പഞ്ചായത്തിലുള്ള എല്ലാ റേഷൻകടകളിലുമായി 7851 കാർഡുടമകളുണ്ട്. ഇതിൽ 3898 എണ്ണം വൈദ്യുതീകരിക്കാത്ത വീടുകളും 3953 എണ്ണം വൈദ്യുതീകരിക്കാത്തവയുമാണ്. റേഷൻ ലഭിക്കുന്ന ഗുണഭോക്താക്കളിൽ 18528 പേർ മുതിർന്നവരും 5415 പേർ കുട്ടികളുമാണ് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, റവ, മൈദ തുടങ്ങിയ ഗുണമേന്മ കുറഞ്ഞതാണ്. മണ്ണെണ്ണയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ളതിൽ കൂടുതൽ തുക വിലയായി ഈടാക്കുന്നുണ്ട്. റേഷൻ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ കൂടിയ വിലക്ക് മൊത്തമായി മറിച്ചു വിൽക്കുന്ന സ്ഥിതിയുണ്ട്. ഗുണമേന്മ കുറഞ്ഞ സാധനങ്ങൾ വിൽക്കാൻ ശ്രമിക്കുന്നതിനാൽ പൊതു ജനങ്ങൾ സ്വകാര്യകച്ചവടക്കാരെ ആശ്രയിക്കുന്നത് ജീവിത ചെലവ് വർദ്ധിക്കുവാനും സാധനങ്ങളുടെ വില വർദ്ധിക്കുവാനും കാരണമായിട്ടുണ്ട്.

മാവേലി സ്റ്റോർ :


സ്വകാര്യ കച്ചവടക്കാർ സാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഇന്ന് പ്രയോജനകരമല്ലാത്ത നിലയിലാണ്. പൊതുജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമല്ലാത്തതും സാധനങ്ങളുടെ ഗുണമേന്മയില്ലാത്തതും പുറത്തെ കമ്പോളങ്ങളിലെ വിലയുമായി വ്യത്യാസമില്ലാത്തതും ലക്ഷ്യം കണ്ടെത്തുവാൻ തടസ്സമാകുന്നു. ഒരു നിയോജക മണ്ഡലത്തിൽ ഒരു മാവേലി സ്റ്റോർ എന്ന് നിശ്ചയിച്ചിരിക്കുന്നതിനാൽ അവയുടെ പ്രവർത്തനം ഭൂരിപക്ഷം ജനങ്ങൾക്കും പ്രയോജനപ്പെടാത്ത സ്ഥിതി സൃഷ്ടിച്ചിരിക്കുന്നു.

പൊതു നിർദ്ദേശങ്ങൾ

1. റേഷൻ കടകൾ വഴി ഗുണമേന്മയുള്ളതും സാധനങ്ങൾ വിതരണം ചെയ്യുക
2. അളവിലും തൂക്കത്തിലും കുറയുന്നത് തടയുവാൻ നടപടി സ്വീകരിക്കുക
3. നിശ്ചിത നിരക്കിൽ കൂടുതൽ വില സാധനങ്ങൾക്ക് ഈടാക്കുന്നത് തടയുക
4. അരി, ഗോതമ്പ് ഇവയുൾപ്പടെ എല്ലാ സാധനങ്ങളും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
5. ദാരിദ്ര്യ രേഖക്ക് താഴെ വരുമാനമുള്ള കുടുംബങ്ങൾക്ക് 50% കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുക
6. റേഷൻ കടകൾ പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുക
7. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുക
8. പൊതുജനങ്ങളുടെ ആവശ്യത്തിലേക്ക് വേണ്ട അളവിൽ സാധനങ്ങൾ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മുഴുവൻ ആനുകൂല്യങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുക
2. വനിതകൾക്കായി DWRCA യൂണിറ്റുകൾ സ്ഥാപിക്കുക
3. ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ സാമ്പത്തിക സഹായം നൽകുക
4. ക്ഷേമപദ്ധതികൾ അവകാശമാണെന്ന ചിന്താഗതി മാറ്റുവാൻ ബോധവൽക്കരണം നടത്തുക
5. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഗ്രാമസഭകളെ ചുമതലപ്പെടുത്തുക
6. വനിതകൾക്കായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക
7. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് പോഷകാഹാര പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക
8. അംഗൻവാടി, ബാലവാടികളുടെ പ്രവർത്തനംമെച്ചപ്പെടുത്തുക.



5.10
സംസ്കാരം

സംസ്കാരം ഒരു ജനതയുടെ സാമൂഹ്യ ജീവിതത്തെ സ്വാധീനിക്കുന്ന ശക്തമായ ഘടകമാണ്. സാംസ്കാരിക പൈതൃകം അവകാശപ്പെടാവുന്ന നമ്മുടെ പഞ്ചായത്ത് ഇന്നും കലാ സാംസ്കാരിക രംഗങ്ങളിൽ മുന്നിൽ നിൽക്കുന്നു. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നു കയറ്റവും, ലൈംഗിക സീനിമകളുടെ അതിപ്രസരവും, സ്ത്രീകളോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടും, അതിക്രമങ്ങളും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തടസമാകുന്നുണ്ട്.

കവിത്രയങ്ങളുടെ സന്ദർശനവും സാംസ്കാരിക സമ്മേളനങ്ങളും നാടൻ കലകളുടെ അവതരണവും കൊണ്ട് സജീവമായിരുന്നു നമ്മുടെ പഞ്ചായത്ത് കേരളത്തിൽ കൂത്തമ്പലത്തിനു വെളിയിൽ വച്ച് ആദ്യമായി കൂത്ത് അവതരിപ്പിച്ചത് പഞ്ചായത്തിലെ ചെറുപൊയ്ക തെക്കേക്കര മഠത്തിൽ വച്ച് പ്രശസ്തനായ രാമൻപാക്യാരായിരുന്നു. 65 വർഷങ്ങൾക്ക് മുൻപ് ശ്രീ. ഗോവിന്ദൻ സ്ഥാപിച്ച സംസ്കൃത സ്കൂൾ ഈ നാടിന്റെ സാംസ്കാരിക പൈതൃകം വിളിച്ചറിയിക്കുന്ന മഹത് സ്ഥാപനമാണ് ഈ സ്കൂളിലെ വാർഷികാഘോഷങ്ങൾ നാടിന്റെ തന്നെ ദേശീയോത്സവമായി ആഘോഷിച്ചിരുന്നു. വാർഷികാഘോഷത്തോടനുബന്ധിച്ച് പ്രമുഖരായ സാഹിത്യകാരേയും സാംസ്കാരിക പ്രവർത്തകരേയും പങ്കെടുപ്പിച്ച് സാഹിത്യ സമ്മേളനങ്ങളും നടത്തിയിരുന്നു.

പാക്കനാർ കളി, കമ്പടിക്കളി, ഭരതംകളി (കുറവരുകളി) എന്നിവയായിരുന്നു ഈ പ്രദേശത്ത് നിലനിന്നിരുന്ന പ്രധാന കലകൾ. പവിത്രേശ്വരം മലനട ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ഇപ്പോഴും കുറവരുകളി പ്രചാരത്തിലുണ്ട്. മാറനാട് പ്രവർത്തിക്കുന്ന വാല്മീകി നാടൻകലാ കേന്ദ്രവും പാങ്ങോട് S. C. D. യൂണിറ്റും നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്.

പണ്ടുകാലത്ത് പട്ടികജാതിക്കാർക്ക് ക്ഷേത്ര പ്രവേശനം നിരോധിച്ചിരുന്ന കാലയളവിൽ ചെറുപൊയ്ക ശ്രീനാരായണപുരം വാർഡിലുള്ള ഏലായുടെ മദ്ധ്യഭാഗത്തുള്ള കാവ്, ടി വിഭാഗത്തിന് ആരാധന നടത്തുന്നതിനായി നിർമ്മിച്ചിട്ടുള്ളതാണ്. ടി കാവ് 'പുലക്കാവ്' എന്ന പേരിൽ അറിയപ്പെടുന്നു. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടകലർന്നു താമസിക്കുന്ന ഈ പഞ്ചായത്തിൽ ഹിന്ദുക്കളാണ് ജനസംഖ്യയിൽ ഭൂരിപക്ഷവും. മുസ്ലീങ്ങളും ആരും ഇല്ലെന്ന പ്രത്യേകതയും നിലനിൽക്കുന്നു. ഈഴവ, നായർ സമുദായങ്ങളും പട്ടികജാതി പട്ടിക വർഗത്തിൽപ്പെട്ടവരുമാണ് ഹിന്ദുക്കളിൽ ഭൂരിപക്ഷവും. ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും സിറിയൻ യാക്കോബായയും മർത്തോമ വിഭാഗങ്ങളിൽപ്പെടുന്നു. ഈഴവർ, നായർ, ക്രിസ്ത്യൻ സമുദായങ്ങളിൽപ്പെട്ടവരിൽ ഭൂരിഭാഗവും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഏറെ

ുന്നിൽ ആണ്. പട്ടിക ജാതി പട്ടികവർഗത്തിൽപ്പെട്ടവർ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലാണ്. ലക്ഷം വീട് കോളനികളിലും മറ്റ് കോളനികളിലും താമസിക്കുന്നവരിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽപ്പെട്ടവരാണ്. മറ്റ് വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും ഒറ്റപ്പെട്ട് കൂട്ടമായി താമസിക്കുന്നതും ജാതിയമായ വേർതിരിവും ഇവരെ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നിന്നും പിന്നോക്കം കൊണ്ടുപോകുന്നതിന് ഇടയാകുന്നുണ്ട്. കലാവാസനയും കഴിവുമുള്ള ഈ വിഭാഗത്തിലുള്ളവരെ മുന്നോക്കം കൊണ്ടുവരാൻ നടപടിയുണ്ടാക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പ്രമുഖ ആരാധനാലയങ്ങളും കുഴിക്കലിടവക ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, പാങ്ങോട് ദേവീക്ഷേത്രം, തിരു ആദിശ മംഗലം, ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, ചേരിയിൽ ദേവീ ക്ഷേത്രം, പവിത്രേശ്വരം മലനട, പവിത്രേശ്വരം മഹാദേവർ ക്ഷേത്രം, ഇടവട്ടം ഉടയൻകാവ് ക്ഷേത്രം, മാറനാട് കടലായ്മഠം ക്ഷേത്രം, മാറനാട് പുലമൺകാവ് ക്ഷേത്രം, പുലക്കാവ്, കൈതക്കോട് ക്ഷേത്രം, പെരുപൊയ്ക ക്ഷേത്രം, കാരിക്കൽ പള്ളി, സെൻറ്തോമസ് പള്ളി ഇടവട്ടം, കൈതക്കോട് പള്ളി, ഇവയാണ്. ഉത്സവങ്ങളോടനുബന്ധിച്ചുള്ള കലാ സാംസ്കാരിക പരിപാടികളിൽ ജാതി പരിഗണനകൾക്കതീതമായി പങ്കെടുക്കാറുണ്ട്. പെരുപൊയ്ക ശാസ്താക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ രണ്ട് കൊടിമരങ്ങൾ സ്ഥാപിച്ച് കൊടി കയറ്റുന്നുണ്ട്. ഒന്ന് തന്ത്രിയും മറ്റൊന്ന് കരക്കാരുമാണ് കയറ്റുന്നത് കേരളത്തിലെ മറ്റൊരു ക്ഷേത്രത്തിലും പതിവില്ലാത്തതാണ്.

നമ്മുടെ പഞ്ചായത്തിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്ന സാംസ്ക്കാരിക സ്ഥാപനങ്ങൾ നാമമാത്രമാണ്. കുഴിക്കലിടവക പബ്ലിക് ലൈബ്രറി, എസ്. സി .ഡി. താഴം യൂണിറ്റ്, കുഴിക്കലിടവക ഫൈൻ ആർട്ട്സ് സൊസൈറ്റി റെഡ്സ്റ്റാർ മാറനാട്, മാനവ ദാരിദ്ര്യമുക്തി കേന്ദ്രം പവിത്രേശ്വരം, പവിത്രേശ്വരം ഡൈനാമോ റിക്രിയേഷൻ ക്ലബ്ബ് പവിത്രേശ്വരം മഹാത്മജി വായനശാല റിക്രിയേഷൻ ക്ലബ്ബ് പവിത്രേശ്വരം, പവിത്രേശ്വരം I. S. R. D. ഗവേഷണ കേന്ദ്രം എന്നിവയുടെ പ്രവർത്തനം ശ്ലാഘനീയമാണ് ധാരാളം കലാ_കായിക സ്ഥാപനങ്ങളും ബാലവേദികളും വനിതാ വേദികളും ഉണ്ടെങ്കിലും യാതൊരു വിധ പരിപാടികളും നടത്തുന്നില്ല. ഓണാഘോഷങ്ങൾ മാത്രം നടത്തുന്ന സംഘടനകളായും ചിലവ അധഃപതിച്ചിട്ടുണ്ട്. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുകയോ നാടിന്റെ വികസന പ്രക്രിയയിൽ സഹകരിക്കുകയോ ചെയ്യാത്ത ഇത്തരം സംഘടനകൾ നിലനിൽക്കുന്നത് കൊണ്ട് യാതൊരു പ്രയോജനവും സമൂഹത്തിനുണ്ടാകുന്നില്ല.

ശക്തമായ സാംസ്കാരിക പശ്ചാത്തലം ഉണ്ടായിരുന്ന ഈ പ്രദേശം ഇന്നൊരു നിശ്ചലാവസ്ഥയിലാണ് പഴയതലമുറ രൂപീകരിച്ചിട്ടുള്ള നാടക സമിതികൾ ഇവിടെ സജീവമായിരുന്നു മലയാളനാടക സിനിമാവേദിയിലെ അതുല്യ പ്രതിഭയായിരുന്ന കൊട്ടാരക്കര ശ്രീധരൻനായരുടെ നാടകകളരിഈ പ്രദേശത്തിലെ പാങ്ങോട്ടായിരുന്നു.

കേരള സാഹിത്യഅക്കാഡമിയുടെ സി. ബി. കുമാർ എൻഡോവ്മെൻറിലൂടെ അറിയപ്പെടുന്ന സി. ബി. കുമാർ (ഉപന്യാസകാരൻ I L O ൽ ഉയർന്ന ഉദ്യോഗസ്ഥൻ) പവിത്രേശ്വരം വാര്യത്തെ ഒരംഗമാണ്.

ഉണ്ണുനീലി സന്ദേശത്തിലെ "പുത്തൂരിക്കോപുടവ" എന്ന പരമാർശം പുത്തൂരിനെപ്പറ്റിയാണെന്ന് (പൂത്തൂർ കൊല്ലത്തിനടുത്ത പ്രശസ്തമായ നെയ്ത്തു കേന്ദ്രമാണെന്ന്) G. P. രാമോദരൻ പിള്ളയുടെ ഉണ്ണുനീലി സന്ദേശ വ്യാഖ്യാനത്തിൽ പറയുന്നു.

പഞ്ചായത്തിലെ കരിമ്പിൻപുഴ എന്ന സ്ഥലം പശ്ചാത്തലമാക്കിക്കൊണ്ട് ശ്രീ. ശൂരനാട് കുഞ്ഞൻപിള്ളയുടെ ഒരു നോവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഒരു കമ്മ്യൂണിറ്റി ഹാളോ പൊതു സമ്മേളന വേദിയോ ഇല്ല ഇത് സാംസ്കാരിക സമ്മേളനങ്ങൾ നടത്തുന്നതിനും കലാപരിപാടികൾ സംഘടിപ്പിക്കുന്നതിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. പഞ്ചായത്ത് പ്രദേശത്തുള്ള 11 വായനശാലകളിലായി 33854 പുസ്തകങ്ങൾ ഉണ്ട്. ഇതിൽ കൈതക്കോട് നാഷണൽ ലൈബ്രറി മാറനാട് ജ്ഞാന സന്ദായിനി വായനശാല, തെക്കുംചേരി പബ്ലിക് ലൈബ്രറി നവോദയാ ഗ്രന്ഥശാല & വായനശാല പെരുപൊയ്ക. പവിത്രേശ്വരം മഹാത്മജി വായനശാല ഇവയ്ക്ക് പഞ്ചായത്തിൽ നിന്നും ജെ. ആർ. ഒ പദ്ധതിയിൽ കെട്ടിടം നിർമ്മിച്ചു നൽകിയി

ട്ടുണ്ട്. പവിത്രേശ്വരം മഹാത്മജി വായനശാലയും പഞ്ചായത്ത് സാംസ്കാരികനിലയത്തിലും ഓരോ ടി. വി. സെറ്റ് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ കൂടുതൽ പ്രചാരത്തിലുള്ള പത്രങ്ങളും മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനി എന്നിവയും വീക്കിലികളും കലാകൗമുദി, മാതൃഭൂമി മംഗളം മനോരമ എന്നിവയുമാണ്. ഇൻഡ്യൻ എക്സ്പ്രസ്, ഹിന്ദു എന്നീ ഇംഗ്ലീഷ് പത്രങ്ങളും വരുത്താറുണ്ട്. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നുവരവ് വായനശാല ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. സ്ത്രീകളും വായനശാല ഉപയോഗിക്കുന്നത് വളരെ പരിമിതമാണ്. കൊല്ലവർഷം 1096 ചിങ്ങമാസം മുതൽ ചെറുപൊയ്ക മഠത്തിൽ M V നീലകണ്ഠൻഭട്ടതിരിയുടെ നേതൃത്വത്തിൽ സാഹിത്യ കൗമുദി മാസികയും, പാങ്ങോട് നിന്ന് 'കലാസദനം' എന്ന മാസികയും, അശാന്തിപർവ്വം എന്ന മൈമാസികയും പ്രസിദ്ധീകരിച്ചിരുന്നു.

ടി. വി. യുടെ പ്രവർത്തനം വ്യാപകമായതോടെ പുസ്തക വായനാശീലം കുറഞ്ഞുവന്നിട്ടുണ്ട്. പഞ്ചായത്തിലെ 5% വീടുകളിൽ ടി. വി സെറ്റുകളും ഉണ്ട്. മൊത്തം ജനസംഖ്യയുടെ 20% വരുന്നവർ ടി. വി പ്രേക്ഷകർ ആണ്. കേബിൾ ടി. വി നെറ്റ് വർക്ക് പഞ്ചായത്തിലില്ല. പഞ്ചായത്തിൽ ഒരു സിനിമാശാല പുത്തൂരിൽ പ്രവർത്തിക്കുന്നു 'C' ക്ലാസ് വിഭാഗത്തിൽപ്പെടുന്ന ഈ സിനിമാശാലയിൽ പ്രേക്ഷകനുള്ള അടിസ്ഥാനസൗകര്യങ്ങളും ഒന്നും തന്നെയില്ല.

പാങ്ങോട് കേന്ദ്രമായി പ്രവർത്തിക്കുന്ന രണ്ട് അമച്വർ നാടകസമിതികളും ഈ പഞ്ചായത്തിൽ ഉണ്ട്. പാങ്ങോട് നാടകനിലയവും, ഫൈൻ ആർട്സ് സൊസൈറ്റിയും. അമച്വർ നാടകസമിതിയും ഇതിൽ പാങ്ങോട് നാടകനിലയം ബ്ലോക്ക് ജില്ലാതല മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങളും നേടിയിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ നടത്തുന്ന കേരളോത്സവം തികച്ചും ജനപങ്കാളിത്തമില്ലാതെ പരാജയപ്പെടുന്നു. പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിന് എന്തെങ്കിലും വിലയോ, സമ്മാനങ്ങളോ ലഭിക്കാത്തതും, സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്നവർക്ക് പ്രോത്സാഹനം ലഭിക്കാത്തതും യുവാക്കളെ ഇത്തരം പരിപാടികളിൽ നിന്നും പിന്തിരിപ്പിക്കുവാൻ ഇടയാക്കുന്നു.

ഈ പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം ഉണ്ട്. കൂടാതെ പാങ്ങോട് മൈതാനവും സ്കൂളുകളിൽ സൗകര്യപ്രദമായി കളി സ്ഥലങ്ങളും ഇല്ല. ഇത് കുട്ടികളുടെ കായിക വളർച്ചയെ സാരമായി ബാധിക്കുന്നു സ്കൂൾ ബാലകല യുവജനോത്സവങ്ങളിൽ കലാവിഭാഗത്തിൽ പങ്കെടുക്കുന്നതിൽ ഭൂരിഭാഗവും സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വീടുകളിലെ കുട്ടികളാണ്. കലാകായിക രംഗങ്ങളിൽ കഴിവുള്ള കുട്ടികൾക്ക് സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ഈ രംഗങ്ങളിൽ ശോഭിക്കുവാൻ കഴിയാത്ത സ്ഥിതിയും നിലനിൽക്കുന്നു. കായികപരിശീലനകളരികളും ഒന്നും ഈപഞ്ചായത്തിലില്ല. കരാട്ടേ പഠിപ്പിക്കുന്ന സ്ഥലം ഇടവട്ടത്തുണ്ട്. ഓണാഘോഷങ്ങളാണ് സ്ഥിരമായി പഞ്ചായത്തിൽ നടത്താറുള്ളത് സ്ത്രീകൾക്കായി പ്രത്യേക കളിസ്ഥലവും ഇല്ല. പഞ്ചായത്തിലെ കലാസാംസ്കാരിക സംഘടനകളും ചില പ്രത്യേക കാലയളവിൽ മാത്രം ആഘോഷപരിപാടികളും നടത്തുന്നതുകൊണ്ട് കഴിവുള്ള കലാകായിക പ്രതിഭകൾക്ക് ഉയർന്നുവരാൻ കഴിയാത്ത സ്ഥിതിയുണ്ട് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കലാസാംസ്കാരിക സംഘടനകളുടെയും പഞ്ചായത്തിന്റെയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതുണ്ട്.

പൊതുനിർദ്ദേശങ്ങൾ

1 സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

2 കമ്മ്യൂണിറ്റി ഹാളുകളും ഓപ്പൺ എയർ തീയേറ്ററുകളും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക.

3 സ്കൂൾ യുവജനോത്സവങ്ങൾക്കും തദ്ദേശീയ മത്സരങ്ങൾക്കും സഹായം നൽകുക.

4 പ്രശസ്ത വ്യക്തികൾക്കും ചരിത്ര പ്രസിദ്ധർക്കും സ്മാരകങ്ങൾ നിർമ്മിക്കുക.

5 പഞ്ചായത്തിലെ സ്കൂളുകളിലെ കലാകായിക അഭിരുചിയുള്ള കുട്ടികൾക്കും പ്രോത്സാഹനം നൽകുക.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1 പഞ്ചായത്താഫീസിനോട് ചേർന്ന് കമ്മ്യൂണി

ററി ഹാൾ നിർമ്മിക്കുക.

2 കാരിക്കൽ വാർഡിൽ സാംസ്കാരിക നിലയം സ്ഥാപിക്കുകയും ടി. വി. സെറ്റ് സ്ഥാപിക്കുകയും ചെയ്യുക.

3 ചെറുമങ്ങാട് വാർഡിൽ ലൈബ്രറി സ്ഥാപിക്കുക.

4 സ്വന്തമായി കെട്ടിടം ഇല്ലാത്ത ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകൽ.

5 നാശോന്മുഖമായി കൊണ്ടിരിക്കുന്ന പാക്കനാർ കളി, കോൽകളി, കുറവരുകളി, എന്നീ നാടൻകലകൾ പരിപോഷിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

6 പഞ്ചായത്തിലെ ഗ്രന്ഥശാലാ വായനശാലകൾക്ക് ധനസഹായം നൽകുക.

7 പ്രവർത്തന രഹിതമായി കിടക്കുന്ന ചെറുപൊയ്ക ശ്രീനാരായണപുരം എന്നിവിടങ്ങളിലെ ഗ്രന്ഥശാലകൾ തുറന്നു പ്രവർത്തിപ്പിക്കുക.

8 കലാ-കായിക സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ പഞ്ചായത്തു തല സാംസ്കാരിക സമിതി രൂപീകരിക്കുക.

9 സ്കൂളുകളിലെ കലാ-കായിക രംഗങ്ങളിൽ കഴിവുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് പഞ്ചായത്ത് നടപടി കൈക്കൊള്ളുക.

10 പഞ്ചായത്ത് യുവജനമേള കാര്യക്ഷമമായി നടത്തുക. കലാകായിക മത്സരങ്ങൾ വാർഡ് തലത്തിൽ നടത്തിവിജയിക്കുന്നവരെ ഉൾപ്പെടുത്തി പഞ്ചായത്തുതല മേളകൾ നടത്തുക.


11 പഞ്ചായത്ത് സ്കൂളുകളിലെ കലാകായികാദ്ധ്യാപകരുടെ സേവനങ്ങൾ കലാകായിക വിഭാഗത്തിൽ കഴിവുള്ള കുട്ടികൾക്കായി പ്രയോജനപ്പെടുത്തുക.

12 ശ്രീനാരായണപുരം 6 പട്ടിക ജാതി കോളനികൾക്ക് പ്രയോജനപ്രദമായി തന്നെ ശ്രീനാരായണപുരം ഗ്രന്ഥശാല- വായനശാല പ്രവർത്തന ക്ഷമമാക്കണം.

13 പഞ്ചായത്തിന്റെ മുഴുവൻ വികസന പരിപാടികളെപ്പറ്റി പഠിക്കുന്നതിനും, പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, നിലവിലുള്ള പദ്ധതികൾ വിലയിരുത്തുന്നതിനും, ചെറുപ്പക്കാരിൽ പുതിയകലാ സാംസ്കാരിക അവബോധം ഉണ്ടാക്കുന്നതിനും പഞ്ചായത്തിന്റെയോ, ബ്ലോക്കിന്റെയോ അധീനതയിൽ ഒരു ഡവലപ്പ്മെന്റൽ ആൻഡ് കൾച്ചറൽ റിസർച്ച് ഇൻസ്റ്റിട്ട്യൂട്ട് സ്ഥാപിക്കുക. പഞ്ചായത്തിന്റെ വികസനത്തിന് ആവശ്യമായ സകല പശ്ചാത്തല സൗകര്യങ്ങളും നൽകുന്നതിന് ഈ സ്ഥാപനം സഹായകരമാകും.

14 സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും അനൗപചാരിക വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി ഏറെ സാദ്ധ്യതകളുള്ള ഇലക്ട്രോണിക് മീഡിയയുടെ ഒരു ശൃംഖല പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് ഒരു പരിപാടിവികസിപ്പിക്കേണ്ടതാണ്.

★



5.11 പട്ടികജാതി പട്ടികവർഗ്ഗ വികസനം

സാമൂഹ്യ സാമ്പത്തിക മേഖലകളിലുണ്ടായ വളർച്ച വിലയിരുത്തുമ്പോൾ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സാമൂഹ്യമായും, സാമ്പത്തികമായും, വിദ്യാഭ്യാസപരമായും, തൊഴിൽ രംഗങ്ങളിലും വളരെ പിന്നിലാണെന്ന് കാണാൻ കഴിയും. ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കിയതുമൂലം കുടികിടപ്പവകാശവും, മിച്ച ഭൂമിയും ലഭ്യമായി, ഭൂമിയിൽ അവകാശം സ്ഥാപിക്കുവാൻ കഴിഞ്ഞെങ്കിലും സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലുണ്ടായ ചൂഷണം മറ്റു ജനവിഭാഗങ്ങളുടെ നിലവാരത്തിൽ എത്തുവാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കി. ജാതീയമായ വേർതിരിവ് വിദ്യാഭ്യാസ സാമൂഹ്യ രംഗങ്ങളിൽ നിന്നും മാറ്റി നിർത്തിയിരുന്നതും പിന്നോക്കാവസ്ഥയ്ക്ക് കാരണമായി. ജാതീയമായ ഉച്ചനീചത്വങ്ങളിൽ നിന്നും മോചനം നേടാൻ കഴിഞ്ഞതും, ജോലിക്കും, കൂലിക്കും അവസര സമത്വത്തിനും ഇടയായത് ശ്രീ നാരായണഗുരുവിന്റെയും, ശ്രീ അയ്യൻകാളിയുടെയും നേതൃത്വത്തിൽ നടന്ന സാമൂഹ്യ സമത്വത്തിനായുള്ള ശ്രമങ്ങളും പുരോഗമന പ്രസ്ഥാനങ്ങളുടെ സംഭാവനയുമാണ്. സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്ന വട്ടവിള ദാമോദരൻ എന്നൊരാൾ പഞ്ചായത്തിലുണ്ട്.

1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 6770 പട്ടിക ജാതിക്കാരും 2 പട്ടിക വർഗ വിഭാഗക്കാരും ഉണ്ട്. ഇതിൽ 3334 പുരുഷൻമാരും 3438 സ്ത്രീകളുമാണ്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 23.25 ശതമാനമാണ്. പഞ്ചായത്തിൽ അംഗീകാരം ലഭിച്ചതുൾപ്പെടെ 31 പട്ടിക ജാതി കോളനികൾ ഉണ്ട് പട്ടിക ജാതി കോളനികൾ സ്ഥിതി ചെയ്യുന്നത് പരിശോധിച്ചതിൽ ഭൂരിഭാഗം കോളനികളും കുന്നിൻ മുകളിലോ ഏറ്റവും താഴ്ന്ന ചരിവ് പ്രദേശങ്ങളിലോ ആണ്. ഇത് സൂചിപ്പിക്കുന്നത് കൃഷിക്ക് ഉപയുക്തമല്ലാത്ത സ്ഥലങ്ങളിലാണ് ഇവരെ പാർപ്പിച്ചിരുന്നത്. ഇത് ജാതിയമായി അകറ്റി നിർത്തുന്നതിനു വേണ്ടിയായിരിക്കണം. 31 കോളനികളിലായി 1087 കുടുംബങ്ങൾ ആണ് ഉള്ളത്. 5179 പേർ ഈ കോളനികളിലായി താമസിക്കുന്നു. 18 കോൺക്രീറ്റ് വീടുകളും, 654 ഓടിട്ട വീടുകളും, 375 ഓലയിട്ട വീടുകളുമാണുള്ളത്. ഇതിൽ സർക്കാരിൽ നിന്നും നിർമ്മിച്ചു നല്കിയ ലക്ഷം വീടുകളെല്ലാം പൊട്ടിപൊളിഞ്ഞു നാമാവശേഷമായിരിക്കുകയാണ്. ഇരട്ടവീടുകൾ നിർമ്മിച്ചിട്ടുള്ളത് കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ ചെയ്യുന്നതിന് തടസമാകുന്നുണ്ട്. കോളനികളിലെ താമസക്കാർക്കായി 533 കക്കൂസുകൾ നിർമ്മിക്കേണ്ടതുണ്ട്. 31 കോളനികൾ ഉള്ളതിൽ 3 കോളനികളിൽ മാത്രമാണ് ശുദ്ധജല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത് മാറനാട് കിഴക്ക് അംബേദ്ക്കർ കോളനി, കോലിയക്കോട് ഐരുക്കുഴി കോളനി പ്ലാക്കാട് അംബേദ്ക്കർ കോളനി എന്നിവയാണ്. 3 പദ്ധതികളിലുമായി 104 പൊതു ടാപ്പുകൾ

നിർമ്മിച്ചിട്ടുണ്ട്. ഇതിൽ നിന്നും ജലത്തിന്റെ ലഭ്യതയ്ക്കനുസരിച്ചല്ലാതെ ഹൗസ് കണക്ഷൻ നൽകുന്നത് മൂലം ആവശ്യത്തിന് ജലം ലഭിക്കാത്ത സ്ഥിതിയുണ്ട്. മാത്രമല്ല ജലം ശുദ്ധീകരിച്ച് നൽകുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. വരൾച്ച സമയത്ത് വെള്ളത്തിന്റെ ഔർലഭ്യം മൂലം പൈപ്പിൽ കൂടി മണ്ണും ചെളിയും കലർന്ന ജലമാണ് ലഭിക്കുന്നത്. കൂടാതെ മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്ന ഒറ്റപ്പെട്ട കുടുംബങ്ങൾക്കും, വീട്, വൈദ്യുതി കക്കൂസ് ഇവ നൽകേണ്ടതുണ്ട്. പഞ്ചായത്തിലുള്ള പട്ടികജാതി കുടുംബങ്ങളിൽ 90% വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസം

പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിൽ 11 L. P സ്കൂളുകളും, ഒരു യു പി സ്കൂളും 3 ഹൈസ്കൂളുകളും, 2 വൊക്കേഷണൽ ഹയർസെക്കൻറി സ്കൂളുകളും ഉണ്ട്. ഇതിൽ 9 എൽ പി സ്കൂളുകളും സർക്കാർ അധീനതയിലാണ്. എൽ പി വിഭാഗത്തിൽ 331 കുട്ടികളും, യു പി വിഭാഗത്തിൽ 226 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 390 കുട്ടികളും ഹയർ സെക്കൻറി വിഭാഗത്തിൽ 33 കുട്ടികളും പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടതാണ്. പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികളും 6867 ആണ്. ഇതിൽ 980 പേർ പട്ടികജാതിവിഭാഗത്തിൽപ്പെടുന്നു. ഇത് പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ 14. 27 ശതമാനമാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലുമായി 193 അദ്ധ്യാപകർ ഉണ്ട് ഇതിൽ 5 പേർ മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. പ്രൈവറ്റ് സ്കൂളുകളിൽ ഇല്ലാത്തതും ജനസംഖ്യാനുപാതികമായ സംവരണം ലഭിക്കാത്തതുമാണ് ഇതിന് കാരണം. കോഴ കൊടുത്ത് ജോലി നേടാനുള്ള സാമ്പത്തികമില്ലാത്തതും കാരണമാണ്. പഞ്ചായത്തിലെ സ്കൂളുകളിൽനിന്നും 3 കുട്ടികളും പഠിത്തം നിർത്തി പോയിട്ടുണ്ട്. 1014 കുട്ടികൾക്ക് സർക്കാരിൽ നിന്നും ലപ്സംഗ്രാൻറ് ലഭിക്കുന്നുണ്ട്. മാതാപിതാക്കളുടെ അറിവില്ലായ്മയും, സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിന് കുട്ടികളെകൊണ്ട് പണി എടുപ്പിക്കുന്നതും പുസ്തകം, യൂണിഫോം ഇവ വാങ്ങുന്നതിനുള്ള ബുദ്ധിമുട്ടും കാരണമാകുന്നുണ്ട് .സ്കൂളുകളിൽ പഠിത്തത്തിലുണ്ടാകുന്ന പിന്നോക്കാവസ്ഥയും കാരണമാകുന്നുണ്ട്. പട്ടിക ജാതി പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് പഠിക്കുന്നതിനായി ബാലവാടികളും അംഗൻവാടികളുമില്ല. നഴ്സറി വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത കുട്ടികളിൽ പ്രകടമാണ്.

പഞ്ചായത്തിലെ നിരക്ഷരരിൽ ഭൂരിപക്ഷവും പട്ടിക ജാതിയിൽപ്പെട്ടവരാണ്. 7-ാം ക്ലാസിനും 10-ാം ക്ലാസിനും ഇടയിൽ വിദ്യാഭ്യാസം അവസാനിപ്പിക്കുന്ന ധാരാളം കുട്ടികളുണ്ട്. S S L C കഴിഞ്ഞാൽ തുടർന്ന് പഠിക്കുന്നവർ 25% മാത്രം. ഡിഗ്രി സമ്പാദിക്കുന്നവർ 5% പോസ്റ്റ് ഗ്രാജ്വേഷന് പോകുന്നവർ 2% ആണ്. സാങ്കേതിക വിദ്യാഭ്യാസം 10 ശതമാനത്തിന് താഴെ മാത്രമാണ്. പഞ്ചായത്ത് പ്രദേശത്ത് ഒരു പ്രി-മെട്രിക് ഹോസ്റ്റൽ ഉണ്ട്. ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിപ്പെട്ട കുട്ടികൾക്കൊന്നും സ്ഥാപനത്തിൽ പ്രവേശനം ലഭിച്ചിട്ടില്ല. വിദ്യാഭ്യാസ പരമായ മുന്നേറ്റം നേടുന്നതിന് ഈ ഭാഗത്തിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോമുകൾ ഇവ സൗജന്യമായി വിതരണം ചെയ്യുന്നതോടൊപ്പം ആവശ്യമാകുന്ന ഘടകങ്ങളെ സംബന്ധിച്ച ബോധവൽക്കരണം ആവശ്യമാണ്.

തൊഴിൽമേഖല

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ ജോലിനോക്കുന്നവരായിരുന്നു. പണ്ടു കാലത്ത് വയലേലകളിൽ ജോലി നോക്കുന്നവർക്ക് ദിവസകൂലിയോടൊപ്പം കൊയ്ത്ത് ജോലിയിൽ ഏർപ്പെടുമ്പോൾ കൂലിയായി നെല്ല് ലഭിക്കുമായിരുന്നു. കൂലിയായി ലഭിക്കുന്ന നെല്ല് ഉപയോഗിച്ച് വളരെ നാൾ കഴിച്ചു കൂട്ടുവാനും കഴിഞ്ഞിരുന്നു. എന്നാൽ വയലുകൾ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും ഏലാകൾ കുഴിച്ചു ഇഷ്ടിക നിർമ്മാണ ആവശ്യങ്ങൾക്കായി ഉപയോഗിച്ചതും ഈ മേഖലയിൽ നിന്നും മാറുവാൻ പ്രേരിപ്പിക്കുകയുണ്ടായി. ഇപ്പോൾ ഏറ്റവും കൂടുതൽ ആളുകളും തൊഴിൽ ചെയ്യുന്നത് കശുവണ്ടി, ഇഷ്ടിക, ഓട് വ്യവസായങ്ങളിലാണ്.

വ്യവസായങ്ങൾ നടത്തുന്ന ഒരാളും ഇല്ല. പ്രധാന കേന്ദ്രങ്ങളിൽ ചായക്കച്ചവടവും മറ്റ് വ്യാപാരങ്ങളും ചെയ്യുന്നവർ ഇല്ല. ചെറിയ മുറുക്കാൻ കടകളും കോളനികളോട് ചേർന്ന ചായകച്ചവടം നടത്തുന്നവരും ഉണ്ട്. ജാതിയമായ പ്രശ്നങ്ങളും,

പ്രധാനകേന്ദ്രങ്ങളിൽ സ്ഥലം ഇല്ലാത്തതും, സാമ്പത്തിക മില്ലാത്തതും പ്രധാനകാരണമാണ്. കർഷക തൊഴിലാളികളും പൂർണ്ണമായും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായി മാറിയിട്ടുണ്ട്. ജനസംഖ്യാനുപാതികമായെങ്കിലും ഭരണത്തിൽ പങ്കാളിത്തം ലഭിച്ചെങ്കിൽ മാത്രമേ തൊഴിൽ മേഖലയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമാറുവാൻ കഴിയൂ. സംവരണം ഇല്ലാതിരുന്നുവെങ്കിൽ ഒരു മേഖലയിലും അവർക്ക് കയറിപറ്റുവാൻ കഴിയില്ലായിരുന്നു. IAS IPS ലഭിച്ചവരും തന്നെയില്ല.

പാർപ്പിടം

പട്ടിക ജാതിയിൽപ്പെട്ടവരിൽ വിവിധ കോളനികളിൽ താമസിക്കുന്നവർ ഉൾപ്പെടെ 527 കുടുംബങ്ങൾക്ക് പുതിയതായി വീടുകൾ നിർമ്മിച്ച് നൽകേണ്ടതുണ്ട്. 533 കക്കൂസില്ലാത്ത കുടുംബങ്ങളുമുണ്ട്. സർക്കാരിൽനിന്നും വിവിധ പദ്ധതികളിലായി വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. സാമ്പത്തിക സഹായം വളരെ പരിമിതമായതിനാൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് കഴിയാത്ത സ്ഥിതിയുണ്ട്. കൂടാതെ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ നടത്തുന്നതിന് സഹായധനം ലഭിക്കാതെ വിവിധ പദ്ധതികളിലൂടെ ലഭിച്ച കെട്ടിടങ്ങൾ തന്നെ ഏത് സമയത്തും വീഴാവുന്ന സ്ഥിതിയിലാണ്. പരിസ്ഥിതി പ്രശ്നമാണ് മറ്റൊരു ഘടകം. ഈ വിഭാഗത്തിലുള്ളവരുടെ കിണറുകളിൽ ഭൂരിഭാഗവും മൂടികളിലോട്ട് കെട്ടാത്തത് മൂലം മഴക്കാലത്ത് വിസർജ്ജ്യ വസ്തുക്കളുൾപ്പെടെ കിണറിൽ ഒഴുകി ജലജന്യ അസുഖങ്ങൾ ഉണ്ടാകാറുണ്ട്.

മന്ത്രവാദങ്ങൾ ഉൾപ്പെടെയുള്ള ചിലദുരാചാരങ്ങൾ ഇവർക്കിടയിലുണ്ട്. വിശേഷദിവസങ്ങളിൽ പൂർവ്വികരെ മനസ്സിൽ ധ്യാനിച്ച് മദ്യവും മറ്റും വച്ച് തൊഴുതുപറയുന്ന ചില സമ്പ്രദായങ്ങൾ ഇന്നുമുണ്ട്. നാടൻപാട്ടും, നാടൻകലാരൂപങ്ങളും ഇന്നും പ്രചാരത്തിലുണ്ട്. ചില സമുദായങ്ങൾക്കിടയിൽ അവരുടേതായ സംഭാഷണ ശൈലിയും ഭാഷാ പ്രയോഗവും ഉണ്ട്.

പട്ടികജാതിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും അതിന്റെ ഉദ്ദേശ ലക്ഷ്യത്തിൽ എത്താറില്ല. കൂടാതെ സർക്കാർ ധനസഹായം തങ്ങളുടെ അവകാശമാണെന്ന ബോധം മാറി ഇതിന്റെ പ്രയോജനം മുഴുവൻ നേടി സാമൂഹ്യമായി മുന്നോട്ട് പോകുവാനുള്ള കഴിവ് നേടുവാൻ ബോധവൽക്കരണം ആവശ്യമാണ്.

നിലവിലുള്ള പദ്ധതികളും അവലോകനവും

1 മെച്ചപ്പെട്ട വിദ്യാഭ്യാസംനൽകുന്ന പദ്ധതികൾ

പട്ടികജാതിയിൽപ്പെട്ട 4-ാം സ്റ്റാൻഡേർഡ് പാസായ കുട്ടികൾക്ക് ഈ പദ്ധതിയിൽ സൗജന്യ താമസ സൗകര്യം, സൗജന്യപഠനം. യാത്രാബത്ത, വസ്ത്രം, (യൂണിഫോം) ഉൾപ്പെടെ എല്ലാ ചിലവുകളും സർക്കാർ വഹിക്കുന്നു. നിശ്ചിത വാർഷിക വരുമാനത്തിൽ താഴെയുള്ളവരുടെ കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്.

2 ഭവന നിർമ്മാണ ധനസഹായം

ഭവനരഹിതരായ സ്വന്തമായി ഭൂമിയുള്ള പട്ടിക ജാതിക്കാർക്ക് ഭവനനിർമ്മാണത്തിന് സൗജന്യ ധനസഹായം നൽകുന്നതാണ്. 8000 രൂപായിൽ അധികം വാർഷിക വരുമാനമില്ലാത്തവർക്കാണ് ധനസഹായം നൽകുന്നത്. നിലവിലുള്ള ധനസഹായം 15000 രൂപയാണ്. ഇത് കെട്ടിട നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ ധനസഹായതുക വർദ്ധിപ്പിക്കുന്നതോടൊപ്പം ഭവനനിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ കുറഞ്ഞ ചെലവിൽ നൽകുന്ന തോടൊപ്പം സൗജന്യസാങ്കേതികോപദേശവും നൽകേണ്ടതുണ്ട്.

3 ഭൂരഹിത പുനരധിവാസ പദ്ധതി

ഭൂരഹിതരും ഭവന രഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് 4സെന്റ് സ്ഥലവും ഭവന നിർമ്മാണത്തിന് ധനസഹായവും നൽകുന്ന പദ്ധതിയാണ്. 8000 രൂപായിൽ കൂടാതെ വാർഷിക വരുമാനമുള്ളവർക്കാണ് ധനസഹായം നൽകുന്നത്. 4 സെന്റ് സ്ഥലം വാങ്ങുന്നതിനും 10,000 രൂപായും, ഭവന നിർമ്മാണത്തിന് 15,000 രൂപയുമാണ് നൽകുന്നത് ഗ്രാമങ്ങളിൽ ഒഴികെ 4 സെന്റ് സ്ഥലം ടിതുകക്ക് വാങ്ങുവാൻ കഴിയില്ല. അതിനാൽ

ഗുണഭോക്താവിന്റെ വിഹിതവും സാധനങ്ങളും കുറഞ്ഞ വിലക്ക് ലഭ്യമാക്കുവാനും ശ്രമിക്കേണ്ടതുണ്ട്.

4 ഭവന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വെള്ളക്കെട്ട് പ്രദേശങ്ങളിൽ വസിക്കുന്ന പട്ടികജാതിക്കാരുടെ വീടുകളും സംരക്ഷിക്കുവാനും കുളിമുറി, അഴുക്കുചാലുകൾ തറബലപ്പെടുത്തൽ എന്നിവയുമായി 2500 രൂപ നൽകുന്നുണ്ട്. ഈ പദ്ധതിക്ക് ആളെ കണ്ടെത്തേണ്ടതുണ്ട്.

5 പ്രീ മെട്രിക് ഹോസ്റ്റലുകൾ

പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികളെ ഡിപ്പാർട്ട്മെന്റ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിപ്പിക്കുകയും അവരുടെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുകയും ചെയ്യുന്നു. 5 മുതൽ 10 വരെ സ്റ്റാന്റേർഡുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഭക്ഷണം, വസ്ത്രം പോക്കറ്റ് മണി, യാത്രാബത്ത ഉൾപ്പെടെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ ബി. എഡ്. യോഗ്യതയുള്ള അദ്ധ്യാപകരെ ഫുൾ ടൈം വാർഡനായി നിയമിക്കണം ഓരോ കുട്ടിയ്ക്കും ഭക്ഷണത്തിന് നൽകുന്ന തുക 300 രൂപായിൽ നിന്നും 500 രൂപയായി വർദ്ധിപ്പിക്കണം. 100 രൂപ പോക്കറ്റ് മണിയും മൂന്ന് ജോടി വസ്ത്രങ്ങളും നൽകുവാനും പഠിക്കുവാൻ മോശക്കാരായ കുട്ടികൾക്ക് പ്രത്യേകം ട്യൂഷനും നൽകേണ്ടതാണ്.

6 നിർദ്ധനരായ പട്ടിക ജാതിക്കാർക്ക് ചികിത്സക്കും വിവാഹത്തിനും ധനസഹായം

പട്ടികജാതിയിൽപ്പെട്ട ദരിദ്രരായ പെൺകുട്ടികളുടെ വിവാഹസംബന്ധമായ ചെലവുകൾക്ക് ധനസഹായവും മാരകമായ രോഗങ്ങളിൽ കഷ്ടപ്പെടുന്നവർക്ക് ചികിത്സയ്ക്ക് ധനസഹായവും നൽകുക. വിവാഹധനസഹായം 2000 രൂപായും ചികിത്സക്ക് 1000 രൂപായുമാണ് നൽകുന്നത്. തുക യഥാസമയം ലഭിക്കുവാൻ ഫണ്ട് ലഭിക്കാറില്ല.

7 കിണറുകളും ശുദ്ധജലവിതരണവും

പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ കിണറുകൾ നിർമ്മിക്കുകയും ശുദ്ധജല വിതരണം നടത്തുകയും ചെയ്യുക. കിണർ നിർമ്മാണത്തിന് എൻജിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുക നല്കും. കിണറുകളിൽ നിന്നും വെള്ളം പമ്പ് ചെയ്ത് എടുക്കേണ്ട സ്ഥലങ്ങളിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ശുദ്ധജല വിതരണ പദ്ധതിയായി പൈപ്പും ടൈനും മോട്ടോറും സ്ഥാപിച്ച് നടപ്പിലാക്കാം. സ്ഥലം ലഭ്യമാകുന്ന സ്ഥലങ്ങളിൽ കിണറുകൾ കുഴിച്ച് നല്കും.

8 മത്സര പരീക്ഷകൾക്കും ഇൻറർവ്യൂവിനും പങ്കെടുക്കുന്നവർക്ക് യാത്രാപടി നൽകൽ

പബ്ലിക് സർവ്വീസ് കമ്മീഷനും മറ്റു റിക്രൂട്ട് മെന്റ് ഏജൻസികളും നടത്തുന്ന പരീക്ഷകളിലും കൂടികാഴ്ചകളിലും പങ്കെടുക്കുന്നവർക്ക് യാത്രാപടി നൽകുകയാണ്. തുകയും യഥാസമയം വിതരണം ചെയ്യാറില്ല. ഉദ്യോഗാർത്ഥികൾക്ക് കാരം ലെറ്റർ ലഭിക്കുന്ന ഉടൻ തന്നെ തുക നൽകാൻ കഴിഞ്ഞാൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് പരീക്ഷയ്ക്ക് ഹാജരാകുന്നതിന് സൗകര്യമാകും.

9 ബാലവാടികൾ

പട്ടികജാതിക്കാർ കൂടുതലായി വസിക്കുന്ന പ്രദേശങ്ങളിൽ വകുപ്പിന്റെ വകയായി ബാലവാടികൾ സ്ഥാപിച്ച് കുട്ടികൾക്ക് നേഴ്സറി വിദ്യാഭ്യാസം നല്കുക. L. K. G U. K. G ക്ലാസുകളിലെ പഠനവും, ഉച്ചഭക്ഷണവും വസ്ത്രം കളിക്കോപ്പുകൾ എന്നിവ ലഭിക്കുന്നു. കുട്ടികൾക്ക് കൂടുതൽ കായിക വിനോദ പരിപാടികൾ ഏർപ്പെടുത്തുക. പഠന സൗകര്യം ക്രമീകരിക്കുക വിദ്യാഭ്യാസ പരിപാടി മെച്ചപ്പെടുത്തുന്നതിന് വികസന കമ്മിറ്റികൾ രൂപീകരിക്കാം.

10 സീസണൽ ഡേ കെയർ സെൻറുകൾ

കൊയ്ത്തിനും, മറ്റു പണികൾക്കും പോകുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ പരിപാലിക്കാനായി അതാതു സ്ഥലങ്ങളിൽ ഡേ കെയർ യൂണിറ്റ്

കാർഷികോല്പാദനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുക.

2 ഇന്ന് നെൽകൃഷി ചെയ്യുവാൻ നിലം ഉടമകളും തയ്യാറാകുന്നില്ല. പട്ടികജാതി സ്ത്രീകളെ ഉപയോഗപ്പെടുത്തി നിലം പാട്ട വ്യവസ്ഥയിൽ വാങ്ങി പച്ചക്കറിയും മറ്റ് കൃഷികളും ചെയ്യുകയും അതുവിറ്റഴിക്കുന്നതിന് പൊതുമാർക്കറ്റുകളിൽ സൗകര്യം കൊടുക്കുകയും ചെയ്യാവുന്നതാണ്.

3 തൊഴിലുറപ്പ് നെയ്ത്ത്, കുട്ട,പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

4 പട്ടികജാതി പെൺകുട്ടികൾക്ക് കൈത്തൊഴിലിൽ പരിശീലനം നൽകുകയും അവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

5 കായികരംഗങ്ങളിൽ അഭിരുചിയുള്ള അനവധി പട്ടികജാതി കുട്ടികൾ ഉണ്ട് എന്നാൽ അവയെ വളർത്തുവാനുള്ള സാഹചര്യം നിലവിലില്ല. ഗ്രാമപ്രദേശങ്ങളുടെ പൊതു സ്ഥിതിയാണിത്. ഇത് പരിഹരിക്കുന്നതിന് സമീപ പ്രദേശങ്ങളിലുള്ള തല്പരരായ വിദ്യാർത്ഥികൾക്കെല്ലാം പ്രയോജനപ്പെടത്തക്ക വിധത്തിൽ പഞ്ചായത്തിൽ ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുക.

6 എല്ലാ പദ്ധതികൾക്കും ഗുണഭോക്താവിനെ തെരഞ്ഞെടുക്കുവാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും വേണം.

7 ലക്ഷം വീട് കോളനികളിലെ ഇരട്ടവീട് സംവിധാനം ഒഴിവാക്കി ഒരു കുടുംബത്തിന് ഒരു വീട് എന്ന തത്വം നടപ്പിലാക്കണം.

8 ഭൂരഹിത-ഭവനരഹിത-പുനരധിവാസ പദ്ധതി അടിയന്തിരമായി നടപ്പിലാക്കണം.

9 സംയോജിത ഭവനനിർമ്മാണ ധനസഹായം അർഹതയുള്ള കുടുംബങ്ങൾക്ക് തന്നെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

10 കക്കൂസുകൾ ഇല്ലാത്ത കോളനികൾക്കും മറ്റും ഡി. ആർ. ഡി. എ. സോഷ്യോ എക്കണോമിക് യൂണിറ്റ് എന്നിവയുടെ സഹായത്തോടെ അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കണം.

11 പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതി മൂലം കോളനികൾക്ക് കുളിമുറി, കക്കൂസ്, അഴുക്ക്ചാലുകളുടെ നിർമ്മാണം, വെള്ളക്കെട്ടു പ്രദേശങ്ങളിലെ വീടുകളുടെ അടിത്തറ ഉറപ്പിക്കൽ തുടങ്ങിയ പദ്ധതികളുടെ പ്രയോജനം വേണ്ടത്ര ലഭ്യമായിട്ടില്ല അതു പരിഹരിക്കപ്പെടണം.

12 പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘം പ്രവർത്തിക്കുന്നു. ഒരു സഹകരണ സ്ഥാപനത്തിൽ നിന്നും പട്ടികജാതിക്കാർക്കു ലഭിയ്ക്കേണ്ട സഹായങ്ങളൊന്നും ഇവിടെ നിന്നും ലഭിക്കുന്നില്ല. എല്ലാ പട്ടികജാതി സഹകരണ സംഘങ്ങളുടേയും സ്ഥിതിയും ഇതു തന്നെ. ഇതു പരിഹരിയ്ക്കുന്നതിന് ഈ സഹകരണ സംഘങ്ങളുടെ സംസ്ഥാന കോ-ഓർഡിനേഷൽ സംസ്ഥാന സഹകരണ ബാങ്ക് മാതൃകയിൽ സംഘടിപ്പിക്കുക.

13 പവിത്രേശ്വരം പഞ്ചായത്തിലെ ആദ്യത്തെ പട്ടികജാതി കോളനി ശ്രീനാരായണപുരം വാർഡിലാണ്. ഈ വാർഡിൽ തന്നെ അഞ്ച് കോളനികൾ വേറെയും ഉണ്ട്. പട്ടികജാതിക്കാരുടെ വിവാഹം പൊതുപരിപാടികൾ ഇവ നടത്തുന്നതിന് സൗകര്യപ്രദമായ വിധത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കേണ്ടതാണ്.

14 ശ്രീനാരായണപുരം വാർഡിൽ മാത്രമാണ് പട്ടികജാതിക്കാർക്ക് ഒരു ശ്മശാനം ഉള്ളത് പാറക്കെട്ടുകളും നിരപ്പില്ലായ്മയുമായ ഈ സ്ഥലം വൃത്തിയാക്കി സംരക്ഷിക്കുകയും ഇതൊരു വൈദ്യുതി ശ്മശാനമാക്കി മാറ്റുകയും ചെയ്യേണ്ടതാണ്.

15 ശ്മശാനത്തിലേക്ക് വരുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ വളരെ ബുദ്ധിമുട്ട് നേരിടുകയാണ്.

പഞ്ചായത്തിന്റെ വടക്കേ അറ്റത്താണ് ശ്മശാനം തെക്കുനിന്നും വരുന്നതിന് ഒരു തോട് കടക്കേണ്ടതുണ്ട്. മഴയായി കഴിഞ്ഞാൽ തോട്ടിൽ ഇറങ്ങി കയറാൻ സാധ്യമല്ല. തോട്ടിൽ പാലം നിർമ്മിച്ച് ശ്മശാനത്തിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

16 ഭൂരഹിത ഭവനരഹിത പുനർധിവാസ പദ്ധതിയിൽ പട്ടികജാതിയിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടർ സമുദായം പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ തിങ്ങി പാർക്കുന്നു. പ്രത്യേക പദ്ധതിപ്രകാരം ഈ വിഭാഗങ്ങൾക്ക് ആവശ്യമായ സഹായം ഉണ്ടാകേണ്ടതാണ്.

17 പട്ടികജാതി വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളെ പരിപോഷിപ്പിക്കുവാനുള്ള സാഹചര്യം സമീപ പ്രദേശങ്ങളിലൊന്നും തന്നെ ഇല്ലാത്ത സ്ഥിതിയാണ്. നാടൻ കലകൾ,നൃത്തം, അഭിനയം, സാഹിത്യം എന്നിവയിൽ പരിശീലനം നൽകുന്നതിന് ഒരു കലാസാഹിത്യ പരിശീലനം

സെൻററുകളും നടത്തുക. കുഞ്ഞുങ്ങളെസൂക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സെൻററുകളുടെ പ്രവർത്തന ചെലവ് സർക്കാർ വഹിക്കുന്നു. പദ്ധതി ആകർഷകമല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ മുൻ കൈയോടെ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ്

നഴ്സറി സ്കൂൾ

പട്ടിക ജാതിയിൽപ്പെട്ട 3. 5 വയസുള്ള കുട്ടികൾക്കായി വകുപ്പ് നേരിട്ട് നഴ്സറി സ്കൂൾ നടത്തി അവർക്ക് നഴ്സറി വിദ്യാഭ്യാസവും സൗജന്യ ഭക്ഷണവും നല്കുക. പ്രതിദിനം 5 രൂപയ്ക്കുള്ള സൗജന്യ ഉച്ചഭക്ഷണം, വസ്ത്രം (200 രൂപ) കളിക്കോപ്പുകൾ എന്നിവയ്ക്കുള്ള ചെലവും നഴ്സറി സ്കൂൾ ടീച്ചർ, ആയ എന്നിവരുടെ സേവനവും ലഭ്യമാവുന്നു. നിലവിലുള്ള നഴ്സറി സ്കൂളുകളിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ അച്ഛനമ്മമാർ വേണ്ടത്ര താല്പര്യം കാണിക്കാത്തതുമൂലം പലയിടത്തും അംഗസംഖ്യ കുറവാണ്. കുട്ടികളേയും മാതാപിതാക്കളേയും ആകർഷിക്കത്തക്കവിധം സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്.

സംയോജിത വാസസ്ഥ വികസനപരിപാടി (ഐ എച്ച് ഡി പി)

പിന്നാക്കാവസ്ഥയിൽ ഉള്ളതും പുരുങ്ങിയത് 15 കുടുംബം എങ്കിലും താമസിക്കുന്നതുമായ സങ്കേതങ്ങൾ തെരഞ്ഞെടുത്ത് സമഗ്രവികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഓരോ ഗുണഭോക്തൃകുടുംബത്തിനും അയാളുടെ ആവശ്യം കണക്കിലെടുത്ത് വേണ്ടതായ മുഴുവൻ ആനുകൂല്യങ്ങളും ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുന്ന വാർഷിക കർമ്മ പദ്ധതി പ്രകാരം കിട്ടും.

1 സങ്കേതങ്ങളെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ബ്ലോക്ക് പഞ്ചായത്തിന് നല്കണം.

2 വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുവാൻ എല്ലാ വകുപ്പുകളിലും ഉദ്യോഗസ്ഥരുടെയും സേവനം ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കണം പ്രത്യേകിച്ച് K S E B, വാട്ടർ അതോറിറ്റി ഇവയുടെ.

3 വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നല്കണം.

4 കാർഷിക പദ്ധതികൾ നടീൽ വസ്തുക്കൾ കൊടുക്കലിൽ മാത്രം ഒതുങ്ങി നിൽക്കുന്നത് ഒഴിവാക്കണം. തുടർച്ചയായി ഇവയെ പരിപാലിക്കാൻ ഗുണഭോക്തൃകുടുംബത്തിന് കഴിയാത്തത് പരിഹരിക്കുവാൻ പരിചരണം ലഭ്യമാക്കാനാവശ്യമായ തുക ആക്ഷൻ പ്ലാനിൽ വകയിരുത്തണം.

പൊതു നിർദ്ദേശങ്ങൾ

1 മെച്ചപ്പെട്ട വിദ്യാഭ്യാസം, നഴ്സറി തലം മുതൽ ലഭിക്കുവാൻ നടപടി സ്വീകരിക്കുക

2 വീടില്ലാത്ത മുഴുവൻ പട്ടികജാതിക്കാർക്കും വീടുകൾ നിർമ്മിച്ചു നല്കുക.

3 ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുക, സാങ്കേതികോപദേശം നല്കുക, ഭവന നിർമ്മാണത്തിനുള്ള സാമഗ്രികൾ വിലക്കുറച്ച് ലഭ്യമാക്കുക.

4 ഭൂരഹിതരായ എല്ലാവർക്കും വസ്തുവും വീടും നല്കുക.

5 വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുക.

6 പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ പഞ്ചായത്തിലെ താഴ്ന്ന വരുമാനക്കാരായ എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും നിന്ന് പഠിക്കാനുള്ള സൗകര്യം നൽകുക.

7 സാംസ്കാരിക വികസനത്തിനായി കോളനികളിൽ ആധുനിക ഇലക്ട്രോണിക് മീഡിയ ഉപയോഗപ്പെടുത്തുക.

8 ദരിദ്രരായ പെൺകുട്ടികളുടെ വിവാഹ സംബന്ധമായ ചെലവുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

9 ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുക.

10 വെള്ളം ലഭ്യമല്ലാത്ത കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിന് കിണറുകൾ സ്ഥാപിക്കുക.

11 പരീക്ഷകൾ ഇൻറർവ്യൂ ഇവയിൽ പങ്കെടുക്കുന്നവർക്ക് യാത്രാ ബത്ത പരീക്ഷക്ക് പോകുന്നതിന് മുൻപ് നൽകണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം

കേന്ദ്രം.

18 പട്ടികജാതി വിഭാഗത്തിലെ കൊച്ചു കുട്ടികൾക്കായി എല്ലാ വാർഡുകളിലും നഴ്സറി സ്കൂൾ സ്ഥാപിക്കേണ്ടതാണ്.

19 താലൂക്ക് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ C V T അംഗീകാരമുള്ള കോഴ്സുകൾ ഉൾപ്പെടെ ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുക.

20 പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന ടെയിലറിംഗ് സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ആധുനിക സാങ്കേതിക വിദ്യകൾ അഭ്യസിപ്പിക്കുവാനുള്ള നടപടികൾ ഉണ്ടാകണം.

21 പട്ടികജാതിക്കാർക്കും ലക്ഷം വീട്, ജയന്തി കോളനി നിവാസികൾക്കും വേണ്ടി പൊതു ശ്മശാനങ്ങൾ ഉണ്ടാകേണ്ടതാണ്.

22 ശ്രീനാരായണപുരം വാർഡിലെ പുളിവിള മണ്ണടിശ്ശേരി പ്രദേശത്തെ ഒരു ഐ. എച്ച്. ഡി. പി. കോളനിയായി അംഗീകരിച്ചു കിട്ടേണ്ടതാണ്.

23 തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ആയുർവ്വേദ കൃഷിത്തോട്ടം നിർമ്മിക്കുന്നതിനുള്ള സാധ്യതയുണ്ട്.

24 അലങ്കാരപണി ചെയ്ത മരം കൊണ്ടുള്ള വീടുപകരണനിർമ്മാണ യൂണിറ്റിനു സാധ്യതയുണ്ട്.

25 സാങ്കേതിക വിദ്യാഭ്യാസം നേടിയ ഉദ്യോഗാർത്ഥികൾക്കായി ഇലക്ട്രോണിക് ഓവർ ലോഡ് കട്ട് ഓഫ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതും സാങ്കേതിക വിദ്യാഭ്യാസം നേടിയവരെ പഞ്ചായത്തിൽ നിന്നു തന്നെ ലഭിക്കുന്നതിന് സാധ്യതയുണ്ട്.


26 പഞ്ചായത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു ബോർഡിങ്ങ് സ്കൂൾ സ്ഥാപിക്കേണ്ടതാവശ്യമാണ്.

27 കോളനികൾ സ്ഥാപിച്ച് പ്രത്യേക സ്ഥങ്ങളിൽ ഒന്നിച്ച് താമസിക്കുന്നത് സംഘടിതമായ പ്രവർത്തനങ്ങൾക്കും കൂട്ടായ്മക്കും പ്രയോജനകരമാണെങ്കിലും സമൂഹത്തിലെ മറ്റ് വിഭാഗങ്ങളുമായി ഒറ്റപ്പെടുന്ന സ്ഥിതി ഉണ്ടാകുന്നത് പരിഹരിക്കപ്പെടേണ്ടതാണ്.

പട്ടിക 1

ക്രമനമ്പർ	വാർഡ്	കോളനികളുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	വീടുകളുടെ സ്വഭാവം			ആവശ്യമുള്ള വീടുകളുടെ എണ്ണം	കക്കൂസ് ആവശ്യമില്ലാത്തവർ	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
					സർക്കാർ	ഓട്	ഓല			
1	I	കണ്ണങ്കരകുന്നത്ത്	10	49	ഇല്ല	7	3	3	7	3
2	II	കുഴിയിൽ കുരുമ്പേലിൽ ലക്ഷംവീട്	70	274	1	15	54	54	16	55
3	II	ലക്ഷം വീട്	20	63	ഇല്ല	20	ഇല്ല	25	3	17
4	III	തെക്കുംചേരി	77	380	1	15	51	51	49	30
5	IV	പട്ടികജാതി കോളനി S. N. പുരം	33	132	1	28	4	4	10	23
6	"	മിച്ചഭൂമി	11	54	ഇല്ല	10	1	1	ഇല്ല	11
7	"	പുന്തലക്കോട്	30	108	1	10	19	19	11	19
8	"	പുതുച്ചിറ	20	96	ഇല്ല	12	8	8	8	12
9	"	കോലിയക്കോട്	25	108	1	12	12	12	12	13
10	"	ലക്ഷം വീട്	20	64	ഇല്ല	3	17	17	ഇല്ല	20
11	VI	വാണിവിള	22	127	ഇല്ല	12	10	10	10	10
12	"	പടപുഴലക്ഷം വീട്	18	62	ഇല്ല	ഇല്ല	18	18	ഇല്ല	18
13	"	തൂപ്പരിയിൽ	10	38	ഇല്ല	4	6	6	4	6
14	VII	പായിക്കോണം	38	200	ഇല്ല	30	8	8	25	13
15	"	ജനമഠം	40	171	3	30	7	7	35	5
16	"	ലക്ഷം വീട്	20	65	ഇല്ല	20	ഇല്ല	ഇല്ല	12	8
17	"	ജയന്തികോളനി	8	38	ഇല്ല	1	7	7	1	7
	VIII	വാറൂർ	43	226	3	37	3	3	35	10
19	"	എരുതനാംക്കോട് ജയന്തി	52	252	ഇല്ല	30	22	22	30	25
20	"	മിച്ചഭൂമി	22	90	ഇല്ല	ഇല്ല	22	22	1	21
21	"	കാര്യോട്ട്	11	48	ഇല്ല	8	3	3	5	6
22	"	പറപ്പള്ളിക്കോണം	40	130	2	30	8	8	27	13
23	IX	പ്ലാക്കോട്	48	270	ഇല്ല	40	8	8	40	15
24	"	പുറവുമൺകര	72	362	ഇല്ല	50	22	22	55	17
25	"	കരോട്ട് IHDP	26	140	ഇല്ല	20	6	6	20	7
26	"	കരിക്കത്തിൽ-കോളശേരി	80	422	2	61	17	17	53	21
27	"	ബ്ലാലകം ലക്ഷം വീട്	20	118	ഇല്ല	20	ഇല്ല	20	ഇല്ല	20
28	"	വെള്ളാവിള ലക്ഷം വീട്	16	60	ഇല്ല	16	ഇല്ല	16	3	13
29	X	തുരുത്തേൽമുക്ക്	25	140	ഇല്ല	16	9	9	16	25
30	XI	പൊരീക്കൽ-ജയന്തി	20	52	ഇല്ല	ഇല്ല	20	20	ഇല്ല	20
31	XII	അംബേദ്കർഗ്രാമം	140	840	3	97	10	10	200	50
			1087	5179	18	654	375	436	693	533

★



വനിതാക്ഷേമം

സാമൂഹ്യപ്രശ്നങ്ങളിൽ വനിതകളുടെ സഹകരണം വർദ്ധിച്ചു വരുന്ന ഈ കാലയളവിൽ പഞ്ചായത്തിലെ സ്ത്രീ വിഭാഗത്തെപ്പറ്റി വിലയിരുത്തുമ്പോൾ എല്ലാ മേഖലകളിലും ജനസംഖ്യാനുപാതികമായ സ്ത്രീ പങ്കാളിത്തം ഉണ്ടായിട്ടില്ല എന്ന് കാണാം. പുരുഷൻമാരെക്കാൾ 978 വനിതകൾ കൂടുതലുള്ള പഞ്ചായത്തിന്റെ ഭരണസാരഥ്യം ഇന്ന് വനിതയാണ് വഹിക്കുന്നത്. പഞ്ചായത്തിലെ സ്ത്രീകളുടെ പൊതു നിലവളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. പകുതിയിലധികം വരുന്ന വനിതകളുടെ അദ്ധ്വാനശേഷി പഞ്ചായത്തിന്റെ സാമ്പത്തിക ഘടനയെയും ജീവിത ഘടനയെയും കാര്യമായി സ്വാധീനിക്കുന്നു. ഇന്ന് സാമൂഹ്യപരമായി സ്വീകാര്യമായ സമ്പ്രദായത്തിൽ പുരുഷനോടൊപ്പം വരുമാനം ഉണ്ടാക്കുന്ന ജോലികളിൽ "വസ്തുക്കളുടെ ഉൽപാദനത്തിൽ" സ്ത്രീകൾ ഏർപ്പെട്ടാലും ഗാർഹിക ജോലികൾ സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണ് വീടിനുള്ളിലെ ജോലികൾക്ക് പുറമെ വിറക്, വെള്ളം, കാലിത്തീറ്റ ഇവയുടെ ശേഖരണത്തിനും അവർ സമയം കണ്ടെത്തണം.

സ്ത്രീകളും ഭക്ഷ്യോത്പാദന പ്രക്രിയയുമായി വളരെ ബന്ധമുണ്ട്. കാർഷിക ഉൽപാദനത്തിലും കാലിവളർത്തലിലും അനുബന്ധപ്രവർത്തനങ്ങളായ ധാന്യശേഖരണം, വിപണനം, സംസ്കരണം ഇവയിലെല്ലാം സ്ത്രീകൾ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. പാരമ്പര്യമായി കാർഷിക മേഖലയിലെ സ്ത്രീകൾ പ്രകൃതി ഘടകങ്ങളുടെ (വളർത്തു മൃഗങ്ങൾ -ഭൂമി) പരസ്പരാശ്രയത്വത്തിൽ അടിസ്ഥാനപ്പെടുത്തിയ കൃഷിരീതികളിൽ വൈദഗ്ധ്യം നേടിയവരാണ്. പഴയകാല ഗോത്ര വർഗ്ഗ സമൂഹങ്ങളിൽ 80% ഭക്ഷ്യശേഖരണവും സ്ത്രീകളായിരുന്നു നിർവ്വഹിച്ചിരുന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ആധുനിക കാലഘട്ടത്തിൽ സാമൂഹ്യ പരിതസ്ഥിതികളുടെ മാറ്റത്തിനനുസരിച്ച് സ്ത്രീ സ്വാതന്ത്ര്യ അവബോധങ്ങളുടെ ഉണർവ്വ്, സ്ത്രീകളുടെ മനോഘടനയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ഇന്നും ചൂഷണവും, കഷ്ടതയും അനുഭവിക്കുന്ന ഒരു വിഭാഗമായി നിലനിൽക്കുന്നു. നമ്മുടെ വികസന മാതൃകകളും, സ്ത്രീ പ്രശ്നങ്ങളും തമ്മിലുള്ള അകലം നാം വളരെ പ്രാധാന്യത്തോടെ കാണേണ്ടിയിരിക്കുന്നു. ജീവന്റെ ഉൽപാദകരെന്ന നിലയിലും വീട്ടമ്മമാരെന്ന നിലയിലും സ്ത്രീകളുടെ അദ്ധ്വാനത്തിന്റെ മൂല്യം വികസന വിലയിരുത്തലുകളിൽ ഉൾപ്പെടാതെയും, ജൈവിക ഘടനയുടെ പ്രത്യേകതകൾക്കനുസരിച്ചുള്ള പ്ലാനിംഗ് ഇല്ലായ്കമൂലവും സാമൂഹ്യ വികസനത്തിൽ സ്ത്രീകളുടെ പങ്ക് വിലയിരുത്തപ്പെടാതെ പോകുന്നു.

സ്ത്രീകൾ വസ്തുക്കളുടെ ഉൽപാദനവുമായി ബന്ധപ്പെട്ട് വിവിധ തൊഴിൽ രംഗങ്ങളിലേക്ക് പ്രവേശിച്ചിട്ടുണ്ട് എന്നു മാത്രമല്ല അതി ജീവനത്തിനു വേണ്ടി അദൃശ്യമായ ധാരാളം ജോലികളിൽ ഏർപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ ജോലികളിലെ "അദൃശ്യത" എന്നാൽ അർത്ഥമാകുന്നത് സ്വീകാര്യമായ അളവുകോലുകൾ ഉപയോഗിച്ച് സ്ത്രീകലുടെ ജോലിയെ തിട്ടപ്പെടുത്തുന്നതിനുള്ള ബുദ്ധിമുട്ടിനെയാണ്. സെൻസസ് തുടങ്ങിയ അളവുകോലുകളെ നിയന്ത്രിക്കുന്നത് കമ്പോളവ്യവസ്ഥയാണ് എന്നതുകൊണ്ടും സ്ത്രീകളുടെ ഭൂരിഭാഗം തൊഴിലുകളും കമ്പോളത്തിനു പുറത്ത് ഉപജീവനതലത്തിൽ നടക്കുന്നതുകൊണ്ടും ഇതു സംബന്ധിച്ച സമഗ്രവിവരകണക്കുകൾ ഇപ്പോഴും അവ്യക്തമാണ്.

പഞ്ചായത്തിൽ ചില വനിതാസംഘടനകളുടെയുണിറ്റുകളും, ചില മഹിളാ സംഘങ്ങളും ഉള്ളതൊഴിച്ചാൽ കാര്യമായ വനിതാസംഘടനകൾ ഇല്ല. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് പഞ്ചായത്തിൽ വേരുന്നാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾ കുറെയധികം മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുന്നു. കലാരംഗങ്ങളിലും, സാങ്കേതിക വൈദഗ്ധ്യരംഗത്തും പെൺകുട്ടികളുടെ പ്രാതിനിധ്യം വളരെ കുറവാണ്. തങ്ങൾക്കുള്ള വിദ്യാഭ്യാസം പൊതുജീവിതത്തിലും, ഉൽപാദനരംഗങ്ങളിലും സ്വന്തം ജീവിതത്തിലും, പ്രയോഗികമാക്കാൻ കഴിയാത്ത നിലവാരമില്ലായ്മ ഇവരുടെ ജീവിതം പിന്നോട്ട് നയിക്കുന്നു. ഇന്നും ഭൂരിഭാഗവും സ്ത്രീകളെയും ചിന്ത

അംഗൻവാടിസംബന്ധിച്ച വിവരം.

വാർഡിലെ ജനസംഖ്യ	അംഗൻവാടികളുടെ എണ്ണം.	ആകെ ഗർഭിണികളുടെ എണ്ണം.	ആനുപൂർവ്വ പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം.	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം.	ആനുപൂർവ്വ പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം.
15051	31	224	138.	191	107

ഏറ്റവും തിവ്രമായ അന്തർത്യാഗത്തിലൂടെ മാത്രം ജീവിതം മുന്നോട്ട് നയിക്കുക എന്നതാണ്. പരമമായ ആധിപത്യം വാഗ്ദാനം നൽകുന്ന ഒരു ആത്മപീഢനം തനിക്ക് ആനന്ദം നൽകുന്നു എന്ന് പെൺകുട്ടി ബാല്യത്തിലെ പഠിക്കുന്നു. ഇല്ലെങ്കിൽ മറ്റ് സ്ത്രീകൾ പഠിപ്പിക്കുന്നു. ഇത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, സാമൂഹ്യ മേഖലകളിൽ മുന്നേറുന്നതിനും, സ്ത്രീകൾക്ക് പ്രതിബന്ധമായി നിൽക്കുന്നു. സ്വന്തം കഴിവുകൾ ഉപയോഗിച്ച് സാമൂഹ്യസാമ്പത്തിക രംഗങ്ങളിൽ സ്വന്തം സുരക്ഷിതത്വം ഉറപ്പു വരുത്തുവാൻശ്രമിക്കാതെ ഭർത്താവിന്റെ ആശ്രിതത്വത്തിൽ നിന്നും ഉളവാകുന്ന സുക്ഷിതത്വം വരിക്കാനാണ് ഇന്നും വിദ്യാസമ്പന്നകളായ സ്ത്രീകൾക്കു പോലും താൽപര്യം.

ടെലിവിഷനും, സിനിമകളും നൽകുന്ന ദൗർബല്യങ്ങളെ ചൂഷണം ചെയ്യുന്നതിൽ അധിഷ്ഠിതമായ ആത്മനിർവൃതിക്ക് അടിമകളാണ് ഇന്ന് ഭൂരിപക്ഷം സ്ത്രീകളും. പത്രങ്ങളിലെ പരസ്യങ്ങളുടെ നല്ലൊരു പങ്ക് തുണിമില്ലുകളുടെയും, ജ്വല്ലറികളുടെയുമാണ്. വസ്ത്രവും ആഭരണങ്ങളും സ്ത്രീക്ക് പുരുഷനേയും, പുരുഷന് സ്ത്രീയെയും, ആകർഷിക്കുവാനുള്ള ആയുധമാക്കി. വസ്ത്രസങ്കൽപങ്ങളെ മാറ്റി തുണിമില്ലുടമകൾ അവരുടെ കമ്പോളം കണ്ടെത്തുന്നു. ബലാത്സംഗത്തെക്കുറിച്ചുള്ള വാർത്തകൾ പലപ്പോഴും ആധിപത്യ ലൈംഗികത എന്ന നിലക്ക് പുരുഷവീക്ഷത്തോടെ അവതരിപ്പിക്കപ്പെടുന്നു. മുകളിൽ പറഞ്ഞ മനോഘടന ഗ്രാമീണ സ്ത്രീകളുടെ ആത്മവീര്യം നഷ്ടപ്പെടാനും സാമൂഹ്യ വികസനത്തിൽ പങ്കാളികളാകാനും തടസം നിൽക്കുന്നു. ഇത്തരം ഭൗതിക സാഹചര്യങ്ങൾ മറ്റ് എല്ലായിടത്തുമെന്ന പോലെ ഇവിടെയും അതിശക്തമായി നിലകൊള്ളുന്നു. ഈ അവസ്ഥയുടെ മാറ്റത്തിന് പുതിയ ചിന്തകളും പരിപാടികളും ആവശ്യമാണ്.

മതങ്ങളും ഇത്തരമൊരവസ്ഥ സൃഷ്ടിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഹിന്ദു ക്ഷേത്രങ്ങളിൽ ഇന്ന് ഏറ്റവും കൂടുതൽ ആരാധന നടത്തുന്നത് സ്ത്രികളാണ്. ആവശ്യങ്ങളായ ആചാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം അനാവശ്യങ്ങളായ അന്ധവിശ്വാസങ്ങളിൽ അധിഷ്ടിതമായ അചാരങ്ങളെയും പരിപോഷിപ്പിക്കുന്നു എന്നതാണ് ഇന്ന് മതമേധാവികളുടെ ശ്രമം. ഇതിന് സ്ത്രീകളെയാണ് ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. മറ്റൊരു ഉദാഹരണമാണ് ക്രിസ്ത്യൻ ഓർത്തഡോക്സ് വിഭാഗത്തിൽ സഭക്ക് പുറത്ത് ഇന്ന് സ്ത്രീകൾ തുല്യരാകിലും സഭകളിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ അവർക്ക് അവസരം ഇല്ല. ഇന്നും ഇവർക്ക് മദ്ബയിൽ കയറുന്നത് നിഷിദ്ധമാണ്. എത്ര ഉയർന്ന സ്ത്രീയായാലും, സഭക്ക് അവളെക്കുറിച്ചുള്ള കാഴ്ചപ്പാട് രണ്ട് തരത്തിലാണ്. ഒന്ന് അവൾ പണം പിരിക്കാനുള്ള ഉപാധി എന്ന നിലയിലും രണ്ട് പാട്ടക്കാരൻ ദിവ്യബലി അർപ്പിക്കുമ്പോൾ ഓഡിയൻസ് കൊടുക്കാൻ അവിടെ ചെന്ന് നിൽക്കുന്ന ഒരു ചലിക്കുന്ന ചെലക്കുന്ന പാവയായും. വിവാഹം, പ്രജനനം മുതലായ കാര്യങ്ങളിലെല്ലാം ഇന്ന് സമ്പത്തും സ്വർണ്ണവും ആണ് മുന്നിൽ നിൽക്കുന്നത്. വിവാഹ ചടങ്ങുകളിലെ ധൂർത്ത് ഒരു വിഭാഗത്തിന് വലിയ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിലും, പകുതിയിലധികം വരുന്ന ഇടത്തരം, ദരിദ്ര വിഭാഗങ്ങൾക്ക് ഇന്നും പേടിസ്വപ്നമായി നിലനിൽക്കുന്നു. വിവാഹ ചിലവുകൾ മൂലമുള്ള കടബാധ്യത പഞ്ചായത്തിലെ നാലിൽ ഒന്നു കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത തകർത്ത് ശൈഥില്യങ്ങൾക്ക് വഴിയൊരുക്കുന്നു. കടം തീർക്കാനാകാതെ കിടപ്പാടം തീറെഴുതി വിൽക്കേണ്ടിവരികയും, റവന്യൂറിക്കവറി നടപടികൾക്ക് വിധേയമാകുകയും ചെയ്യുന്നവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിക്കുന്നു.

ഇത്തരം പ്രശ്നങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നതിനോ അടിയന്തിര സഹായങ്ങൾ എത്തിക്കുന്നതിന് ഇന്ന് വനിതാസംഘടനകൾ രംഗത്തില്ല. പഞ്ചായത്തിലെ ആദ്യ വനിതാസംഘടന 1956 ൽ പാങ്ങോടു കേന്ദ്രമാക്കി "സർവ്വോദയ" മഹിളാസമാജം എന്ന പേരിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. ഇതെ കാലയളവിൽ ശ്രീനാരായണപുരത്ത് വെൽഫെയർ സ്കൂളിന്റെ സ്ഥാപനത്തോടു കൂടി ഒരു ഹരിജൻ മഹിളാസംഘവും പ്രവർത്തനം ആരംഭിച്ചിരുന്നു. ഇന്ന് ഇവയൊന്നും പ്രവർത്തന ക്ഷമമല്ല. ദേശീയ പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ മാഹിളാസംഘടനകൾ പ്രദേശത്ത്പ്രവർത്തിക്കുന്നുണ്ട്. ചില വാർഡുകളിൽ ചില മഹിളാസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും യാതൊരു പ്രവർത്തനങ്ങളും ഇല്ല.

ഇന്നത്തെ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായി സ്ഥാനം വഹിക്കുന്ന മിസ്. കെ.രാധാമണി വിദ്യാർത്ഥിനിയായിരിക്കുമ്പോൾ തൊഴിലാളി സംഘടനയുടെ കളക്ട്രേറ്റ് മാർച്ചിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച് ജയിലിലായതോടെയാണ് സാമൂഹ്യപ്രവർത്തനരംഗത്ത് സജീവമായ

ത്. അന്ന് കോടതി 30 ദിവസത്തെ വെറും തടവിന് മിസ്. കെ.രാധാമണിയെയും സഹപ്രവർത്തകരെയും ശിക്ഷിച്ചു. പഞ്ചായത്തിൽ സാമൂഹ്യപ്രവർത്തനരംഗവുമായി ബന്ധപ്പെട്ട് അദ്യമായി ജയിൽ ശിക്ഷ അനുഭവിച്ച വ്യക്തിയാണ് അവർ.

സാമൂഹ്യരംഗങ്ങളിലെ പ്രശ്നങ്ങളെപറ്റി ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന വനിതകൾ വളരെ വിരളമാണ്. സാമൂഹ്യപ്രവർത്തകരായ സ്ത്രീകളെ ഇന്നും സമൂഹം അവജ്ഞയോടെ നോക്കികാണുന്നു.

തൊഴിൽ മേഖല

പഞ്ചായത്തിലെ ഭൂരിപക്ഷം സ്ത്രീതൊഴിലാളികളും പ്രവർത്തിക്കുന്നത് കശുവണ്ടി ഇഷ്ടിക, കാർഷിക മേഖല, കരിങ്കൽ എന്നീ രംഗങ്ങളിലാണ്. പഞ്ചായത്തിലെ 8 കശുവണ്ടി ഫാക്ടറികളിലായി ഏതാണ്ട് 3000 ത്തോളം തൊഴിലാളികൾ പ്രവർത്തിക്കുന്നു. ഇഷ്ടിക, കരിങ്കൽ തൊഴിലുകളിൽ ഏകദേശം 250 ഓളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. പഴയ കാലത്ത് കാർഷിക മേഖലയിലായിരുന്നു ഏറ്റവും കൂടുതൽ സ്ത്രീ തൊഴിലാളികൾ തൊഴിലെടുത്തിരുന്നത്. കാർഷിക രഗത്ത് സ്ഥിരമായി തൊഴിൽ കിട്ടാത്തത് തന്നെ മറ്റ് രംഗങ്ങളിലെക്കുള്ള തൊഴിലാളികളുടെ പലായനത്തിന് ഇടയാക്കി. പഞ്ചായത്തിലെ സ്കൂളുകളിൽ അദ്ധ്യാപികമാരായി പ്രവർത്തിക്കുന്നത് കൂടുതലും സ്ത്രീകളാണ്. 31 അംഗൻവാടികളിലായി 61 വനിതകൾ സേവനം നടത്തുന്നുണ്ട്. പഞ്ചായത്തിൽ രണ്ട് വനിതാ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യം

പഞ്ചായത്തിൽ രോഗികളായി ആശുപത്രിയിൽ എത്തുന്ന സ്ത്രീകളുടെ നിരക്ക് പുരുഷൻമാരുടേതിനേക്കാൾ 15% കൂടുതലാണ്. 95-96 ലെ സർവ്വേ പ്രകാരം 224 ഗർഭിണികളാണ് പഞ്ചായത്തിൽ ഉള്ളത്. ഇവർക്ക് ആവശ്യമായ പരിചരണമോ ഉപദേശങ്ങളോ കൊടുക്കാൻ ഇവിടുത്തെ ആരോഗ്യസ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇവർ ഇന്നും ആശ്രയിക്കുന്നത് പഞ്ചായത്തിൽ നിന്നും 15 കിലോ മീറ്റർ ദൂരെയുള്ള ആരോഗ്യ സ്ഥാപനങ്ങളെയാണ്. സ്ത്രീകളുടേയും, കുട്ടികളുടേയും ആരോഗ്യപരിപാലനത്തിന് അംഗനവാടികളിലും, P.H.സബ്സെന്ററുകളിൾ സംവിധാനങ്ങൾ ഉണ്ടെങ്കിലും ഭൂരിപക്ഷം സ്ത്രീകൾക്കും ഈ സേവനങ്ങൾ കിട്ടാറില്ല. സബ്സെന്ററുകളിലും പ്രസവത്തിനും മറ്റും സർക്കാർ നൽകിയിട്ടുള്ള കിറ്റുകൾ പൊടിയടിച്ച് ഇരിപ്പാണ്. ആ മേഖലയിലെ പ്രവർത്തന വൈകല്യമാണ് ഇതിനു കാരണം. പഞ്ചായത്തിലെ സബ്സെന്ററുകളിലെ ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് (JPHN) മാർ മാതൃശിശു സംരക്ഷണ പ്രവർത്തനങ്ങളിലും രോഗ പ്രതിരോധ പ്രവർത്തനങ്ങളിലും കുടംബക്ഷേമ പ്രവർത്തനങ്ങളിലും, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിലും കാര്യമായി പ്രവർത്തിക്കേണ്ടവരാണ്. 8 മുതൽ 12 വരെ ഫീൽഡ് വർക്കും, 2 മുതൽ 4 വരെ സബ്സെന്ററിലും ആണ് ഇവർ സേവനം നടത്തേണ്ടത്. ആഴ്ചയിൽ ഒരു ദിവസം സെന്ററിൽ ഗർഭിണികളേയും കുട്ടികളെയും ഡോക്ടറുടെ നേതൃത്വത്തിൽ പരിശോധിച്ച് ചികിത്സ നടത്തേണ്ടതാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ കാര്യമായി നടക്കാറില്ല. ഇക്കാര്യത്തിൽ സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെ ചില പുതിയ സംവിധാനങ്ങൾ ഉണ്ടാക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞാൽ ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ കഴിയും. M.S.S. പ്രവർത്തനങ്ങളും സജീവമാക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം

സാമ്പത്തികമായ ഒരു നിലവാരത്തിന് താഴെയുള്ള പെൺകുട്ടികൾക്ക് S.S.L.C. കഴിഞ്ഞ് വിദ്യാഭ്യാസം നിർത്തി മറ്റ് തൊഴിലുകൾക്ക് പോകേണ്ട സ്ഥിതിയാണുള്ളത്. പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം ലഭിക്കാറുണ്ടെങ്കിലും വിദ്യാഭ്യാസനിലവാരത്തിന്റെ കാര്യത്തിൽ അവർ പിന്നിലാണ്. പഞ്ചായത്തിൽ വനിതകൾക്കായുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം എന്നു പറയാൻ മൂന്നാം വാർഡിൽ വനിതകൾ തന്നെ നടത്തുന്ന വനിതാസ് ഇൻഡസ്ട്രീയൽ ടെയിലറിംഗ് സെന്റർ മാത്രമാണ്. നിരക്ഷരതയിൽ കൂടുതലായി ഉണ്ടായിരുന്നത് സ്ത്രീകളിലാണ്. എന്നാൽ ഇവരുടെ തുടർ വിദ്യാഭ്യാസ പരിപാടി നടക്കുന്നില്ല.

സ്ത്രീ പീഡനങ്ങൾ

സ്ത്രീ പീഡന കേസുകൾ പഞ്ചായത്തിൽ വളരെ പരിമിതമെങ്കിലും അരുമാരും അറിയാതെ തീർത്തുകളഞ്ഞ മൂന്ന് നാല് പീഡനകേസുകൾ ഉണ്ടായിരുന്നു. പെണ്ണിന്റെ ഭാവി ഓർത്ത് രക്ഷകർത്താക്കൾ ഇത് മൂടിവയ്ക്കുന്നു. വീടിന്റെ അകത്തളങ്ങളിലും മറ്റും പീഡനങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. എന്നാൽ ഇത്തരം സംഭവങ്ങൾ വളരെ അപൂർവ്വമായെ പുറത്ത് വരാറുള്ളൂ. ഈ അടുത്തകാലത്ത് എസ്. എൻ. പുരം വാർഡിലെ ഒരു പെൺകുട്ടി ക്രൂരമായ മർദ്ദനത്തിനിരയായി കൊലപ്പെടുത്തിയ സംഭവം സംസ്ഥാനതലത്തിൽ തന്നെ ചർച്ച ചെയ്യപ്പെട്ടതാണ്. ഈ രംഗത്ത് ഫാമിലി കൗൺസിലിംഗ് തുടങ്ങിയുള്ള പല പരിപാടികളും പഞ്ചായത്തിന് ആസൂത്രണം ചെയ്യാൻ കഴിയും. പഴയകാലത്ത് പുരുഷനും സ്ത്രീയും തമ്മിലുണ്ടായിരുന്ന വ്യക്തിപരമായ ബന്ധം ഇന്നത്തെ ദാമ്പത്യ ജീവിതത്തിൽ കാണുന്നില്ല. പഞ്ചായത്തിലെ വനിതാ ക്ഷേമരംഗം ഏറ്റവും ഗൗരവമായി കാണേണ്ടതുണ്ട്.

പെൻഷനുകൾ

പഞ്ചായത്തിൽ കർഷകതൊഴിലാളി പെൻഷൻ കശുവണ്ടി തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാല പെൻഷൻ സർക്കാർ ജീവനക്കാർക്കുള്ള ഫാമിലി പെൻഷൻ, വിധവാ പെൻഷൻ ഇവയാണ്.വനിതകൾക്ക് കിട്ടുന്ന സാമ്പത്തിക സഹായങ്ങൾ. പെൻഷൻ തുക അർഹമായ എല്ലാവർക്കും ലഭിക്കുന്നില്ല. ഇതിനെപ്പറ്റി ജനങ്ങൾക്ക് കാര്യമായ അറിവില്ലാത്തതും, നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും ഒക്കെ പ്രശ്നങ്ങളാണ്. അർഹരായ ധാരാളം വനിതകൾ ഇവിടെ ഉണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വനിതാ ശിശു വികസന ക്ഷേമം കാര്യക്ഷമമാക്കുന്നതിന് നിലവിൽ നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ

1. എല്ലാ അംഗൻവാടികൾക്കും ശുദ്ധജലവും സാനിട്ടേഷൻ സൗകര്യം ലഭ്യമാക്കണം.
2. പ്രീ സ്കൂൾ വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവും ബുദ്ധിപരവുമായ വികസനത്തെ ലക്ഷ്യമാക്കി എല്ലാ അംഗൻവാടികളിലും

കളിക്കോപ്പുകൾ വിതരണം ചെയ്യണം. ഒട്ട് ഡോർ ഗെയിം സായി സ്ലിപ്പറി സ്റ്റിക്ക്, ഊഞ്ഞാൽ തുടങ്ങിയവ സ്ഥാപിക്കണം.

3. ആഹാരവിതരണം ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കണം. പോഷകാഹാര വിതരണം അർഹതയുള്ളവർക്ക് മാത്രം നിശ്ചയിക്കുകയും നിലവിൽ ലഭിക്കുന്ന ആഹാരത്തിന് പുറമേ, പ്രത്യേക ശ്രദ്ധ വേണ്ട പിന്നോക്ക മേഖലകളിൽ സ്ഥിതി ചെയ്യുന്ന അംഗൻവാടികളിലെ ന്യൂനപോഷണം കണസ്കാക്കി പ്രോട്ടിനും വൈറ്റമിനും അടങ്ങിയിട്ടുള്ള ധാന്യമിശ്രിതം ഗ്രാമപഞ്ചയാത്തിന്റെ സഹായത്തോടെ നടപ്പിലാക്കണം.

4. എല്ലാ അംഗൻവാടികൾക്കും കെട്ടിടം ലഭ്യമാക്കണം.

5. റഫറൽ കാർഡ് ഏർപ്പെടുത്തി, റഫറൽ സർവ്വീസ് സംവിധാനം കർശനമായും ഏർപ്പെടുത്തണം.

6. പഞ്ചായത്തുമായി ആലോചിച്ച് അംഗൻവാടി തലത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നടത്തുന്ന "health Check up Programme " കൂടുതൽ കാര്യക്ഷമമാക്കണം.

7. സ്ത്രീകളിലും കുട്ടികളിലും ആധുനിക ശാസ്ത്ര സാങ്കേതിക രംഗങ്ങളിലേ മാറ്റത്തെക്കുറിച്ചും പ്രീ സ്കൂളിന്റെ ആധുനിക പ്രവണതകളെക്കുറിച്ചും അവബോധം വളർത്തുന്നതിന് അംഗൻവാടി ജീവനക്കാർക്ക് കാലകാലങ്ങളിൽ പരിശീലനം ലഭ്യമാക്കണം.

8. പ്രീസ്കൂൾ വിദ്യാഭ്യാസം അംഗൻവാടി തലത്തിൽ മാത്രം നടപ്പിലാക്കണം.

9. അംഗൻവാടിയോടനുബന്ധിച്ചുള്ള തെരഞ്ഞെടുത്ത മഹിളാ സമാജങ്ങൾക്ക് വികസന ബ്ലോക്ക്/സ്ത്രീവികസന കോർപ്പറേഷൻ/ സഹകരണ സംഘങ്ങൾ വഴി ധനസഹായം ലഭ്യമാക്കുകയും ആവശ്യമായ പരിശീലനം നൽകി സ്ത്രീകൾ ചെയ്തു വരുന്ന പരമ്പരാഗത കൈത്തൊഴിലും (ഉദാ : പാ നെയ്ത്ത് , കുട്ട, വട്ടി) മറ്റ് തൊഴിലുകളായ പാഴ് വസ്തുക്കളിൽ നിന്നും ആകർഷകമായ ചെലവ് കുറഞ്ഞതും വില കുറഞ്ഞതുമായ കളിപാട്ടം, മറ്റ് ശില്പങ്ങൾ ഇവയുടെ നിർമ്മാണം, എമ്പ്രോയിഡറി വർക്ക് തുടങ്ങിയ തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുകയും ഉല്പന്നങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് വിറ്റഴിക്കുന്നതിനുള്ള കേന്ദ്രങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിലും സഹകരണസംഘത്തിന്റെ മേൽനോട്ടത്തിലും ആരംഭിക്കുക.

10. പഞ്ചായത്തിന്റെ സമ്പത്തിന് അധിഷ്ഠിതമായി അംഗൻവാടി ജീവനക്കാർക്ക് നിലവിൽ ലഭിക്കുന്ന വേതനത്തിന് പുറമെ ആശ്വാസതുകയായി എന്തെങ്കിലും കൂടി ലഭ്യമാക്കണം.

11. സ്ത്രീകളുടെ വിവിധ അവകാശങ്ങളെപ്പറ്റിയും, സ്ത്രീകളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിനും പ്രായോഗികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുമായി എല്ലാ പഞ്ചായത്തിലും 'ഇൻഫർമേഷൻ സെന്റർ' ആരംഭിക്കണം.

പവിത്രേശ്വരം പഞ്ചായത്ത്


1. പവിത്രേശ്വരം പഞ്ചായത്തിലെ ആകെ അംഗൻവാടി കേന്ദ്രങ്ങൾ 31
2. സ്വന്തമായി കെട്ടിടമുള്ള അംഗൻവാടി കേന്ദ്രങ്ങളുടെ എണ്ണം 23
3. കെട്ടിടമില്ലാത്ത അംഗൻവാടി കേന്ദ്രങ്ങളുടെ എണ്ണം 8
4. കെട്ടിടമില്ലാത്തതും സ്വന്തമായി ഭൂമി ലഭിച്ചിട്ടില്ലാത്തതുമായ അംഗൻവാടി കേന്ദ്രവും നമ്പറും

1.	86	താഴം
2.	91	പവിത്രേശ്വരം
3.	92	"
4.	151	ചെറു മങ്ങാട്
5.	176	പഴയചിറ
6.	177	എസ്.എൻ.പുരം
7.	178	വാനൂർ പുറ്റുമൺകര
8	179	മാറനാട് വെസ്റ്റ്

5. കെട്ടിടം നിർമ്മിച്ചിട്ടുള്ള പദ്ധതികളുടെ എണ്ണവും

1.	SCP	12
2.	JRY	3
3.	G.S	2
4.	PWD (SCP)	3
5.	CPWD	3

6. കക്കൂസ് അനുവദിച്ച് നിർമ്മിച്ചിട്ടുള്ള A.W.C എണ്ണം 9
7. ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ള അംഗൻവാടികളുടെ എണ്ണം 2
8. കളിക്കോപ്പുകൾ നൽകിയിട്ടുള്ള AWC കളുടെ നമ്പരും എണ്ണവും 12
(90, 93, 95, 96, 97, 99, 100, 149, 152, 153, 154, 161)
9. 95-96 വർഷം സാമ്പത്തിക വർഷം പവിത്രേശ്വരം പഞ്ചായത്തിലെ AWC T.A. RENT. HONE മുതലയാവയുടെ ആകെ ചെലവ് (31 X 8599 = 2,66,569)
10. 95-96 വർഷം ടി പഞ്ചായത്തിൽ AWC ഫീഡിംഗ് നടത്തി ചെലവഴിച്ച തുക (31 X 2927 = 90737)



സഹകരണം

പരസ്പര സഹകരണത്തിന്റെ മേഖലകൾ വർദ്ധിപ്പിക്കുകയാണ് സഹകരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഭൂവുടമകളായ കൊള്ളപ്പലിശക്കാർ കർഷകർക്ക് കൃഷി ഇറക്കുന്നതിനായി ഉയർന്ന പലിശക്ക് തുക നൽകിയിരുന്നു. മഴയെ മാത്രം ആശ്രയിച്ചു കൃഷി നടത്തിയിരുന്ന ഇവർക്ക് പ്രകൃതിക്ഷോഭം മൂലമോ വരൾച്ച മൂലമോ കൃഷി നശിക്കുവാൻ ഇടയായാൽ മുതലും പലിശയും തിരികെ കൊടുക്കുവാൻ കഴിയാതെ കടക്കെണിയിൽ വീഴുന്ന ഒരു സ്ഥിതിയുണ്ടായിരുന്നു.

കർഷകരെ കടക്കെണിയിൽ നിന്നും ഉയർത്തുന്നതോടൊപ്പം കാർഷിക മേഖലയിലെ അഭിവൃദ്ധിയും മുന്നിൽ കണ്ടുകൊണ്ടാണ് സഹകരണ പ്രസ്ഥാനം നിലവിൽ വന്നത്. 1904 ലെ സഹകരണ നിയമത്തിന്റെ (Co Operatoive Societies Act X of 1904) അടിസ്ഥാനത്തിൽ കാർഷിക വായ്പാ സംഘങ്ങൾ രൂപീകൃതമായത്. കാർഷിക മേഖലയുടെ അഭിവൃത്തിക്കായി രൂപീകൃതമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തപ്പെടേണ്ടതാണ്.

1. സഹകരണ ബാങ്ക്

നമ്മുടെ പഞ്ചായത്തിൽ 1945 ലാണ് ആദ്യ സഹകരണബാങ്ക് രൂപീകൃതമായത്. പവിത്രേശ്വരം കേന്ദ്രമാക്കി ആരംഭിച്ച സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തന മേഖല പവിത്രേശ്വരം, കൈതക്കോട്, ഇടവട്ടം, മാറനാട് പടിഞ്ഞാറ്, മാറനാട് കിഴക്ക്, എന്നീ വാർഡുകളിലായി വ്യാപിച്ചു കിടക്കുന്നു.ഈ ബാങ്ക് വഴി വായ്പകൾ നൽകുന്നത് കൃഷി, സ്വയം തൊഴിൽ വിദ്യാഭ്യാസം, മറ്റു കർഷികേതര മേഖലകൾ എന്നിവയ്ക്കാണ്. കർഷകർക്ക് ന്യായ വിലക്ക് കാർഷികോപകരണങ്ങൾ, വളം, തുടങ്ങിയവയും നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുന്നതിന് ഒരു കൺസ്യൂമർ സ്റ്റോറും ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ കാർഷിക-കാർഷികേതര മേഖലകളുടെ പുരോഗതിക്ക് വേണ്ടിയുള്ള ബാങ്കിന്റെ പ്രവർത്തനം ഒരു പരിധി വരെ പ്രയോജനപ്രദമാണ്.

പട്ടികജാതി സഹകരണസംഘം

1959 ൽ ഐരുകുഴി ഹരിജൻ വിവിദോദ്ദേശ സഹകരണ സംഘം എന്ന പേരിൽ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു സഹകരണ സ്ഥാപനം നിലവിൽ വന്നു. കൂട്ട നെയ്ത്ത്, തഴപായ് നെയ്ത്ത്, ഓലമെടയൽ തുടങ്ങിയ കുലത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. സർക്കാരിന്റെ ധനസഹായത്താൽ മാത്രം നിലനിൽക്കുന്ന ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തന മേഖല പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രദേശം ഉൾപ്പെട്ടതാണ്. പട്ടികജാതി വിഭാഗത്തിൽപെട്ടവരുടെ സാമൂഹ്യ വളർച്ചയെ ലക്ഷ്യമാക്കി ആരംഭിച്ച സംഘത്തിന്റെ പ്രവർത്തനം ഇടക്കാലത്ത് നിലയ്ക്കുകയും 1986 ൽ പവിത്രേശ്വരം പട്ടികജാതി സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തു. കൂട്ടനെയ്ത്ത്, പായ്നെയ്ത്ത്, ഓലമെടയൽ എന്നീ കുലത്തൊഴിലുകളിൽ മാത്രം ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതിനായി മാത്രമാണ് ആദ്യകാലങ്ങളിൽ വായ്പാ നൽകിയിരുന്നത്. ഇത്തരം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ അസാസ്കൃത വസ്തുക്കൾ ലഭിക്കാതിരുന്നത് ജോലിക്ക് അർഹമായ കൂലി ലഭിക്കാത്തതും ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുവാൻ കഴിയാതിരുന്നതും, ഇടത്തട്ടുകാരുടെ ചൂഷണവും മൂലം വായ്പ എടുത്തവർക്ക് തുക തിരികെ അടക്കുവാൻ കഴിയാത്ത സ്ഥിതിയുണ്ടായി. കാർഷിക വായ്പകൾ, ആട് വളർത്തൽ, സ്വയം തൊഴിൽകണ്ടെത്തൽ എന്നിവയ്ക്കായി വായ്പകൾ അനുവദിക്കുന്നുണ്ടെങ്കിലും ഈ മേഖലകളിലെ പ്രശ്നങ്ങൾ വിലയിരുത്തിന്നതിലുള്ള വീഴ്ച, സ്ഥലത്തിന്റെ പരിമിതി, സാങ്കേതികജ്ഞാനക്കുറവ്, ഇവ മൂലം പദ്ധതികൾ പരാജയപ്പെടുന്നു. എടുക്കുന്ന

വായ്പാസ്ഥാപനങ്ങളെസംബന്ധിച്ച വിവരം.

ചിത്രിക - 1 -

സഹകരണസംഘങ്ങളുടെ പേരുവിവരം.	അംഗങ്ങൾ	അംഗങ്ങൾ മൊബൈൽ	അംഗങ്ങൾ കൈവശമുള്ള ഷെയർ	പ്രവർത്തന മൂലധനം	ഷെയർ മൂലധനം	അംഗങ്ങളുടെ നിക്ഷേപം	പൊതു ജനങ്ങൾക്കിടയിൽ നിന്നും സ്വീകരിച്ച നിക്ഷേപം.		സഹകരണസംഘങ്ങൾ വഴിനൽകിയ വായ്പകൾ.						
							ജാമ്യം	പ്രീമിയം	STMF	STNA	MT AGRICULTURE	CT	ഭവന നിർമ്മാണം	വിദ്യാഭ്യാസം	മറ്റ് ആവശ്യങ്ങൾ
ചെറുപൊയ്ക സർവ്വീസ് സഹകരണ ബാങ്ക്. 3846	3974	10	323067.48.	100000	2000	03	ഇല്ല	7422.98		143075	140038				
ചവിട്ടുവഴി സർവ്വീസ്സഹകരണബാങ്ക് 2528	3544	05	390085.50	150000	30ലക്ഷം	05	ഇല്ല.	265470.00	303503	23776	16837	71523	5396		
ചവിട്ടുവഴിപത്തുച്ചടിക്കുന്നി സർവ്വീസ് സഹകരണ സംഘം ലി.138	920	10	300000	10000	2000	03	ഇല്ല	ഇല്ല.							36000
ഹൗസിംഗ് സൊസൈറ്റി													2885000		
കാർഷിക വികസന ബാങ്ക്.											200160				

വായ്പ തുക തിരികെ അടക്കണം എന്ന മനോഭാവം ഇല്ലാത്തതും പ്രവർത്തന പരാജയത്തിന്റെ കാരണമാണ്.

1968 -ൽ ചെറുപൊയ്ക ആസ്ഥാനമാക്കി ചെറുപൊയ്ക സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിച്ചു. ഈ പഞ്ചായത്തിലെ താഴം-കിരിമ്പിൻ, കാരിക്കൽ, ചെറുമങ്ങാട്, തെക്കുചേരി, ശ്രീനാരായണപുരം, ചെറുപൊയ്ക, ചെറുപൊയ്ക തെക്ക്, കൈതക്കോട് വടക്ക് എന്നീ വാർഡുകൾ ബാങ്കിന്റെ പ്രവർനത്തന മേഖലയാണ്. ഈ ബാങ്കിൽ നിന്നും കൃഷി, വിദ്യാഭ്യാസം, IRDP വ്യവസായ യൂണിറ്റുകൾ എന്നിവയ്ക്ക് മറ്റ് കാർഷികേതര ആവശ്യങ്ങൾക്കുമായി വായ്പാ വിതരണം ചെയ്യുന്നുണ്ട്.

നേകയും നിയോഗിച്ചിരുന്നു. നൂൽനൂൽപ്പ്, നെയ്ത്ത് ഇവ പഠിക്കുന്ന കുട്ടികൾ തുടർന്ന് ജോലിക്ക് ഹാജരാകാതിരിക്കുന്നത് ഉൽപാദനം മുരടിക്കുന്നതിനും, റിബേറ്റിനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിഖ കിട്ടാത്തതിനാൽ പ്രവർത്തന മൂലധനത്തിന്റെ അഭാവം കൊണ്ട് സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചിരിക്കുകയുമാണ്. നൂലിന്റെ വിലവർദ്ധനവും കൂലി വർദ്ധനവും കാരണം കൈത്തറി വസ്ത്രങ്ങളുടെ വില മിൽ തുണികളുടെ വിലയോളം വരുന്നതിനാലും സാധനങ്ങളുടെ [illegible] യില്ലായ്മയും വിപണന സൗകര്യമില്ലാത്തതും [illegible] കാരണങ്ങളാണ്. സഹകരണ സംഘങ്ങളെ [illegible] ച്ച വിവരം പട്ടിക 1 ൽ ചേർത്തിരിക്കുന്നു.

സംഘങ്ങളുടെ വിവരം.

പട്ടിക- 2-

സംഘത്തിന്റെ പേര്.	രജിസ്ട്രേഷൻ തീയതി	സർക്കാർ ഓഹരി	മറ്റ് ഓഹരി മൂലധനം	അംഗങ്ങൾ	കൈത്തറി	വിറ്റുവരവ് കഴിഞ്ഞ വർഷം
പവിത്രേശ്വരം ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.	1955	19000	200000	120	100	46000
കൈതക്കോട് ക്ഷീരോൽപാദകസഹകരണസംഘം.	1991	—	—	[illegible]	10	—
ക്ഷീരോൽപാദകസഹകരണ സംഘം. മാനാട്	1979	—	2000	200	10	—
പവിത്രേശ്വരം ക്ഷീരോൽപാദകസഹകരണസംഘം	1980	—	10000	443	10	4750
പാങ്ങോട് അഗ്രികോസ് കറിപ്പിൻപൊടി.	1987	—	10000	251	10	3880
വനിതാ സഹകരണസംഘം. പാങ്ങോട്.	1992	25000	70000	375	25	2250

ഹാൻഡ്ലൂം വിവേഴ്സ് സഹകരണസംഘം

1955 ൽ ഇടവട്ടം വാർഡിൽ പവിത്രേശ്വരം ഹാൻഡ്ലൂം വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിച്ചു. പാങ്ങോട്ട് ഒരു വനിതാ സഹകരണസംഘവും, പവിത്രേശ്വരം ഭജനമഠം ജംഗ്ഷന് സമീപം ഒരു കൈത്തറി നെയ്ത്ത് സഹകരണ സംഘവും ഉണ്ട്. ഇടവട്ടം ഹാൻഡ്ലൂം സഹകരണസംഘത്തിൽ നൂൽ നൂൽപ്പ്, നെയ്ത്ത് ഇവയാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. മേൽത്തറികളും ഇതിനായി നിർമ്മിച്ചിട്ടുണ്ട്. നൂൽ നൂൽപ്പ്, നെയ്ത്ത് ഇവ പരിശീലിപ്പിക്കുന്നതിന് ഒരു പരിശീല

ഈ പഞ്ചായത്തിൽ ഒരു ഖാദി നെയ്ത്തുശാലയുണ്ട്. നെയ്ത്ത് ശാലയിൽ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുവാൻ ഒരു ഷോറും പുത്തൂരിൽ സ്ഥാപിച്ചിട്ടുണ്ട്. നൂൽ നൂൽക്കുന്നതിനും നെയ്ത്തിനും തൊഴിലാളികളെ ലഭിക്കാറില്ല. പുതിയതായി നെയ്ത്തും നൂൽനൂൽപ്പും പഠിപ്പിക്കുവാൻ സൗകര്യമുണ്ടെങ്കിലും ആരും ശ്രമിക്കാറില്ല. കുറഞ്ഞ കൂലിയും പരമ്പരാഗത തൊഴിലിനോടുള്ള അവഗണനയുമാണ് ഇതിന് പ്രധാന കാരണം.

പവിത്രേശ്വരം വാർഡിലുള്ള കൈത്തറി നെയ്ത്തു സഹകരണ സംഘത്തിന്റെ പ്രശ്നവും ഇതാണ്. പഞ്ചായത്തിൽ 4 ക്ഷീരവികസന സംഘങ്ങൾ

ആണ് ഉള്ളത്. കന്നുകാലി കൃഷി വഴി ജീവിതം നയിക്കുന്നവരെ സഹായിക്കുകയാണ് പ്രധാന ലക്ഷ്യം. സൊസൈറ്റികളിൽ ലഭിക്കുന്ന പാൽ മുഴുവനും പഞ്ചായത്തിലെ ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവാണെന്നു കാണാം. എന്നാൽ പ്രാദേശികമായി കൊണ്ടു നടന്നു വിൽക്കാത്തതു മൂലം ഉൽപാദന ചെലവിന്റെ ആനുപാതികമായുള്ള വില കർഷകന് ലഭിക്കാറില്ല. സൊസൈറ്റികൾ മുഖേന കന്നുകാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. കുറഞ്ഞ ചെലവിൽ കന്നുകാലി തീറ്റ വിതരണം ചെയ്യേണ്ടത് അനിവാര്യമാണ്.

പഞ്ചായത്തിൽ പാർപ്പിട നിർമ്മാണത്തിന് വായ്പാ നൽകുന്നതിനുള്ള സഹകരണ സ്ഥാപനങ്ങൾ ഒന്നും ഇല്ല. കൊട്ടാരക്കരയുള്ള ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും ഇതിനായി ലോൺ നൽകുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ പൂത്തൂരിൽ കുളക്കട പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇൻഡ്യൻ ബാങ്കിന്റെ രണ്ട് ശാഖകളും ഉണ്ട്. കൊട്ടാരക്കര അർബൻ സഹകരണ ബാങ്കിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്കായി ലോൺ നൽകുന്നുണ്ട്.

സഹകരണ മേഖലയിലെ രാഷ്ട്രീയ വൽകരണം അതിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. അംഗത്വം, ലോൺ തുടങ്ങിയവ നൽകുന്നതിലുള്ള പക്ഷപാതം ഉദ്യോഗസ്ഥൻമാർക്ക് സ്വാതന്ത്യത്തോടു കൂടി പ്രവർത്തിക്കുന്നതിനുള്ള, അവസരം ഇല്ലായ്മ ഇവ പ്രധാന പ്രശ്നങ്ങളാണ്. രാഷ്ട്രീയമായ തെരഞ്ഞെടുപ്പ് മൂലം കർഷക തൊഴിലാളികളുടെ പ്രാധിനിത്യം ഭരണത്തിൽ ഉണ്ടാകുന്നില്ല. അംഗങ്ങളുടെ പേരിൽ ലോൺ അനുവദിക്കാതെ അനുവദിച്ചതായി എഴിതി എടുക്കുന്നതു മൂലം ഉണ്ടാകുന്ന നഷ്ടം പരിശോധിക്കേണ്ടതാണ്. നിലവിലുള്ള മേഖലകൾ വിട്ട് സമൂഹത്തിന്റെ നാനാതുറകളിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം എത്തിയ്ക്കത്തക്ക നിലയിൽ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്. അങ്ങനെ വ്യാപിപ്പിക്കാനായാൽ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ കടന്നു കയറ്റവും ചൂഷണവും തടയാൻ കഴിയും

ലേബർ കോൺട്രാക്റ്റ്സൊസൈറ്റി


പഞ്ചായത്തിൽ ഒരു ലോബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. സർക്കാർ പണി ഏറ്റെടുക്കുന്നതിനു കൂറെ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിലും ഇത്തരം സൊസൈറ്റികളെ ഏൽപിക്കുന്ന പണികൾ ചെയ്യാറില്ല. പ്രധാന കാരണം സാമ്പത്തികമാണ്. സ്വന്തത്തിലുള്ളതോ കുടുംബത്തിലുള്ളവരെയോ ചേർത്ത് രൂപീകരിക്കുന്ന ഇത്തരം സൊസൈറ്റികൾ മറ്റ് കോൺട്രാക്ടർമാരുമായി ഒത്ത് ചേർന്ന് കമ്മീഷൻ എടുക്കുന്നതിന് ശ്രമിക്കുന്നതിനാൽ അതിന്റെ രൂപീകരണോദ്ദേശം പ്രാവർത്തികമാക്കുവാൻ കഴിയുന്നില്ല. അതിന് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

പൊതുനിർദ്ദേശങ്ങൾ

1. കൃഷി, പാർപ്പിടം എന്നീ മേഖലകൾക്ക് പ്രത്യേകമായി സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
2. തൊഴിലാളികൾക്ക് പരിശീലന ക്ലാസ്സുകൾ നടത്തുക.
3. വനിതകൾക്ക് അർഹമായ പ്രാധിനിത്യം നൽകുക.
4. ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
5. അംഗങ്ങളുടെ ആവശ്യങ്ങൾക്കനുസരണമായി ലോൺ അനുവദിക്കുക.
6. സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കുകയും, സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്യുക.
7. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക. പുതിയ സംഘങ്ങൾ ആരംഭിക്കുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ രണ്ടു സഹകരണ ബാങ്കുകളും നൽകിയ വായ്പാ തുകകൾ തിരികെ പിടിക്കുവാൻ നടപടി സ്വീകരിക്കുക.
2. നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് മെമ്പറൻമാരുടേയും സഹകാരികളുടെയും, പൊതുജനങ്ങളുടെയും യോഗം വിളിച്ചു ചേർത്ത് നിക്ഷേപത്തുക വർദ്ധിപ്പിക്കുക. ഇതിനായി ബോധവൽകരണം നടത്തുക.
3. വായ്പ നൽകുന്ന തുക അനുവദിച്ച ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
4. ആധുനിക കാർഷിക ഉപകരണങ്ങൾ സംഘങ്ങൾ വാങ്ങി കർഷകർക്ക് ന്യായമായ വാടകക്കു നൽകുക.
5. ക്ഷീര സഹകരണ സംഘങ്ങൾ പുൽകൃഷി വികസനത്തിനും കന്നുകാലികളെ വാങ്ങുന്നതിനും ധനസഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കുക.
6. വനിതാ സഹകരണം സംഘം രൂപീകരിച്ച് തുകൽ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, പഴസംസ്കരണ യൂണിറ്റ്, നോട്ടുബുക്ക് നിർമ്മാണ യൂണിറ്റുകൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കുക.
7. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
8. കാർഷിക വ്യവസായിക രംഗങ്ങളിൽ പഞ്ചായത്തിൽ ഇനി പുരോഗതി ഉണ്ടാകണമെങ്കിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്തുകയും, പുതിയ തരത്തിലുള്ള സഹകരണ പരസ്പര സഹായ സംഘപ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട്. പഞ്ചായത്തിന്റെ വികസനത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കുന്ന രംഗമായതിനാൽ സഹകരണ രംഗത്തിന് വളരെ പ്രാധാന്യം നൽകി പുതിയ പരിപാടികൾ ആസൂത്രണം ചെയ്യണം.



5.15
വിഭവസമാഹരണം

ഗ്രാമത്തിന്റെ വികസനത്തിന് കാർഷിക വ്യവസായ വികസനം വഴി മനുഷ്യന്റെ ആളോഹരി വരുമാനം വർദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കാർഷിക വിഭവങ്ങൾ സംബന്ധിച്ച് വിലയിരുത്തുമ്പോൾ കൃഷിഭൂമിയുടെ വിസ്തൃതി ചെളിയെടുപ്പ് മൂലം കുറയുന്നതു കാരണവും നാണ്യവിളകളിൽ നിന്നും ലഭിക്കുന്ന ആദായം നെല്ല്, മരച്ചീനി തുടങ്ങിയ കൃഷികളിൽ നിന്നും ലഭിക്കാത്തതു മൂലവും തൊഴിലാളികളുടെ ലഭ്യതക്കുറവും കാരണം കൃഷി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. കൂടാതെ നിലങ്ങൾ നികത്തി കെട്ടിടങ്ങളും വ്യാവസായിക സ്ഥാപനങ്ങളും സ്ഥാപിക്കുന്ന അവസ്ഥയും ഉണ്ട്. രാസവളങ്ങളുടെ ഉപയോഗം മൂലവും, ജൈവവളങ്ങളുടെ ആഭാവവും കൊണ്ട് ഉൽപാദനക്ഷമത മുരടിച്ച മട്ടാണ്. അതിനാൽ കാർഷിക വിഭവങ്ങൾക്കായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. ഇത് മൂലം നമ്മുടെ ഗ്രമത്തിന്റെ വികസനത്തിനായി ഉപയോഗിക്കാവുന്ന തുക മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുകയാണ്.

വലിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നും നമ്മുടെ പഞ്ചായത്തിലില്ല. കശുവണ്ടി വ്യവസായമാണ് നമ്മുടെ പഞ്ചായത്തിൽ പ്രധാനമായുള്ളത്. അസംസ്കൃത വസ്തുവായ കശുവണ്ടിയുടെ ദൗർലഭ്യവും, മാനേജ്മെന്റിന്റെ പിടിപ്പു കേടും മൂലം വ്യവസായം തകർന്ന അവസ്ഥയിലാണ്. ഈ സമയത്തും സ്വകാര്യ മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്തു രംഗത്ത് നിലയുറപ്പിക്കുന്നുണ്ട്. പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിൽ 1995 സെപ്തംബർ മാസത്തിൽ വ്യാവസായിക സംരംഭകരേയും യുവജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് ഒരു സെമിനാർ നടത്തുകയുണ്ടായി. വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രധാന തടസ്സം ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിക്കാത്തതും വൈദ്യുതിക്ഷാമവും, പ്രഖ്യാപിതവും അപ്രഖ്യാതിവുമായ കറന്റ് കട്ടും, ലൈസൻസ് ലഭിക്കുന്നതിനുള്ള താമസവും. പരിസ്ഥിതി പ്രശ്നങ്ങളുമാണ്. കാർഷിക വ്യവസായ മേഖലകളിലെ വികസനത്തിലൂടെ മാത്രമെ തൊഴിലില്ലായ്മയും, വിഭവ സമാഹരണവും വർദ്ധിപ്പിക്കുവാനും കഴിയുകയുള്ളു.

കാർഷിക മേഖലകയിലും പരമ്പരാഗത തൊഴിലിലും ബന്ധപ്പെടുന്നവർക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കാത്തത് ഇത്തരം തൊഴിലുകളിൽ ഏർപ്പെടുന്നതിന് യുവാക്കൾക്ക് തടസ്സമാകുന്നുണ്ട്. കാർഷിക വ്യാവസായിക മേഖലകളിൽ ഇടപെടുന്നതിന് പരിമിതമായ അധികാരം മാത്രമെ പഞ്ചായത്തുകൾക്കുള്ളു. കൃഷിഭവൻ പഞ്ചായത്തിന്റെ അധികാര പദവിയിലാണെങ്കിലും വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവവും, പ്രാദേശിക പ്രശ്നങ്ങൾ കണക്കിലെടുത്ത് പദ്ധതികൾ നിശ്ചയിക്കുവാൻ അധികാരമില്ലാത്തതും പ്രധാന പ്രശ്നമാണ്.

ഇത്തരം പ്രശ്നങ്ങളുടെ നടുവിൽ പഞ്ചായത്തുകൾ അശ്രയിക്കുന്നത് സർക്കാർ ഗ്രാന്റുകളെ മാത്രമാണ്. വിഭവങ്ങൾ എന്നത് സാമ്പത്തികം എന്ന കാഴ്ചപ്പാടാണ്. പ്രധാനമായും പഞ്ചായത്തുകളുടെ വരുമാനം കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വിനോദനികുതി, വസ്തു കൈമാറ്റ നികുതി, ഗവ. ഗ്രാന്റുകൾ, ഇവായണ്. പ്രധാനമായും ഗ്രാമീണ റോഡ് വികസന ഗ്രാന്റ് ചെറുകിട ജലസേചന ഗ്രാന്റ്, എസ്റ്റാബ്ളിഷ്മെൻറ് ഗ്രാന്റ്, ബേസിക് ടാക്സ് ഗ്രാന്റ്, അൺടൈഡ് ഫണ്ട്, ജെ. ആർ.വൈ ഫണ്ട്, വസ്തുകൈമാറ്റ നികുതി, വേസിക് ടാക്സ് ഗ്രാന്റ് വെഹിക്കിൾസ് ടാക്സ് ഗ്രാന്റ്, ഇവയാണ് പ്രധാനമായും സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം. ഗ്രാന്റുകളുടെ ലഭ്യത മുൻവർഷങ്ങളിനേതുമായി പരിശോധിക്കുമ്പോൾ ഗ്രാമീണ റോഡ് വികസന ഗ്രാന്റായി ലഭിക്കുന്ന തുക വളരെ കുറവാണെന്നു കാണാം. 25% വസ്തു കൈമാറ്റ നികുതി പഞ്ചായത്തിന്റെ ധനസ്ഥിതി കണക്കിലെടുത്ത് നൽകുന്നതാണ്. എങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വസ്തു കൈമാറ്റ നികുതി വർഷങ്ങൾ കഴിഞ്ഞാണ് ലഭിക്കുന്നത്. അതിനാൽ ഗ്രാന്റുകൾ പഞ്ചായത്തിലെ ജനസംഖ്യ, പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ

എണ്ണം ഇവ കണക്കലെടുത്ത് വിതരണം ചെയ്യേണ്ടതാണ്. പഞ്ചായത്തു പ്രദേശത്തു നിന്നും പിരിക്കുന്ന ബേസിക് ടാക്സ് ഉടൻ തന്നെ പഞ്ചായത്തിനു കൈമാറ്റം നൽകേണ്ടതാണ്. ജെ.ആർ.വൈ. പദ്ധതിയിൽ 1991-92 ൽ ലഭിച്ചതിനേക്കാൾ 3,06,353/രൂപാ കുറവാണ് 1995-96 ൽ ലഭിച്ചത്. പാർലമെന്റംഗങ്ങൾക്കുള്ള പദ്ധതി തുടങ്ങിയപ്പോൾ പഞ്ചായത്തുകൾക്ക് ലഭിച്ചു കൊണ്ടിരുന്ന തുക കുറയുകയാണ് ചെയ്തത്. ഇത് പരിഹരിക്കേണ്ടതാണ്. വരവ് സംബന്ധിച്ച കാര്യങ്ങൾ പട്ടിക 1 ൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്ത് പ്രദേശത്ത് നിന്നും വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ ധനസഹായത്തോടു കൂടി വ്യവസായ സംരംഭങ്ങൾ അരംഭിക്കുവാൻ നടപടിയുണ്ടാകേണ്ടിയിരിക്കുന്നു. ഗൾഫ് രാജ്യങ്ങളിലും മറ്റും ജോലി നോക്കുന്നവർ ലഭിക്കുന്ന തുക മുഴുവൻ കെട്ടിട നിർമ്മാണത്തിനോ, ഉത്തരവാദിത്വം കുറവുള്ള സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്നതിലോ മുടക്കുന്നതു മൂലം പുതിയ വ്യവസായങ്ങൾ ഉണ്ടാകുകയോ. കൂടുതൽ തൊഴിൽ സൃഷ്ടിക്കുവാനോ കഴിയാത്ത സ്ഥിതിയാണ്.

വിദേശത്ത് തൊഴിൽ ചെയ്യുന്നവരുടെ എണ്ണം പട്ടിക 2 ൽ കാണിച്ചിരിക്കുന്നു.

പുതിയതായി കെട്ടിടം നിർമ്മിക്കുന്നവരും കച്ചവടം ആരംഭിക്കുന്നവരും യഥാസമയം വിവരം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യാറില്ല. അതിനാൽ കെട്ടിട നികുതി

ചിലവിനിലവ്യത്തിയാനം.

പട്ടിക - 5-15-(3)

No	വകയാം	1986-87		1991-92		1995-96		1991-92 1995-96 വ്യത്യാസം.	
1	[illegible]	117928	05	263944	—	580745	—	(+) 316801	—
2	[illegible]	34501	—	123385	—	310198	—	(+) 297813	—
3	വിദ്യാഭ്യാസം	400	—	13170	—	18011	—	(+) 4841	—
4	[illegible]	52455	45	79581	—	141432	—	(+) 61851	—
5	മുഖ്യിലവുകം	61766	25	400935	30	304487	—	(-) 96448	30
[illegible]	[illegible]	267050	75	770015	30	1354873	—	584857	70

യിനത്തിലും, ലൈസൻസ് ഫീസിനത്തിലും വളരെയേറെ തുക നഷ്ടം വരുന്നുണ്ട്. കെട്ടിട നികുതി നിർമ്മാണചട്ടങ്ങൾ നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളിലാണ് ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത്.

നികുതികൾ നിശ്ചയിച്ചിട്ടുള്ളതിലെ അപാകതകൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ പരിഷ്കരിച്ചും വികസന പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തിയും മുന്നേറാൻ കഴിയും.

ഷോപ്പിംഗ് കോംപ്ലക്സ്, ടാക്സി സ്റ്റാൻഡ്, പ്രൈവറ്റ് ബസ് സ്റ്റാൻഡ് , ചന്തകൾ ഇവയുടെ കുറവ് പഞ്ചായത്തിന്റെ വിഭവ സമാഹരണത്തെ ബാധിക്കുന്നു.

1.കെട്ടിട നികുതി

കെട്ടിട നികുതിയിനത്തിൽ 1995-96 വർഷം 2,70,625 / വരവുണ്ട്. ഇത് 1991-92 വർഷത്തേക്കാൾ 99.26% അധികമാണങ്കിലും കെട്ടിട നികുതി അഡ്ജസ്റ്റ് മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പല കെട്ടിടങ്ങൾക്കും നികുതി നിശ്ചയിച്ചിട്ടുള്ളത് വളരെ കുറവാണെന്ന് കാണുന്നു. കെട്ടിട നികുതി പുനർ നിർണ്ണയം ചെയ്യുമ്പോൾ 25 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം

വിദേശരാജ്യങ്ങളിൽനിന്നുതൊഴിലെടുക്കുന്നവർ

പട്ടിക-5-15 (2)

വാർഡ്	1	2	3	4	5	6	7	8	9	10	11	12
ആളുകളുടെഎണ്ണം.	64	50	20	28	37	45	44	60	33	31	21	27

വളരെ കുറച്ചു മാത്രം നികുതി നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ന്യായമായ നികുതി നിശ്ചയിക്കുന്നതിന് വിഘാതമാകുന്നു. കെട്ടിട നികുതി നിരക്ക് 6% മുതൽ 10% വരെ നിശ്ചയിക്കണം. നമ്മുടെ പഞ്ചായത്തിൽ 8% ആണ് നികുതി നിരക്ക്. പല പഞ്ചായത്തുകളിൽ വിവിധ നിരക്കുകൾ നിസ്ചയിച്ചിരിക്കുന്നത് മൂലം ഒരേ വലിപ്പവും, വാർഷിക വാടകയും നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി കുറഞ്ഞും കൂടിയും വരുന്നു. വാർഷിക വാടക കണക്കാക്കി നികുതി നിശ്ചയിക്കുന്നത് മൂലം ഒരേ വലിപ്പമുള്ള കെട്ടിടങ്ങൾക്ക് പല നികുതി നിശ്ചയിച്ചിട്ടുണ്ട്. കെട്ടിട നികിതി നിശ്ചയിക്കുന്നത് വിസ്തീർണ്ണവും കെട്ടിടത്തിന്റെ തരവും (ഓട്, ഷീറ്റ്, കോൺക്രീറ്റ്) കണക്കാക്കി നികുതി നിശ്ചയിച്ചാൽ നികുതി നിർണ്ണയത്തിലെ ഏറ്റ കുറച്ചിൽ ഒഴിവാക്കാൻ കഴിയും. വാടകയ്ക്കു നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് ആധികാരിക രേഖ ഹാജരാക്കാത്ത പക്ഷം ഉടമസ്ഥനോ, വാടകക്കാരനോ പറയുന്ന തുക കണക്കിലെടുക്കാതെ നികുതിദായകനേ ബോധ്യപ്പെടുത്തേണ്ടതാണ്.

തൊഴിൽ നികുതി

തൊഴിൽ നികുതി ഈടാക്കുന്നത് നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ വിവിധ ആഫീസുകളിലും സ്കൂളുകളിലും ജോലി നോക്കുന്ന ജീവനക്കാരിൽ നിന്നും കച്ചവടക്കാരിൽ നിന്നുമാണ്. പഞ്ചായത്ത് പ്രദേശത്തുള്ള ഇഷ്ടിക നിർമ്മാണ കമ്പനികളിൽ ജോലി നോക്കുന്നവ

രിൽ നിന്നും ഈർച്ചമില്ലുകളിൽ പണിയെടുക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിലാളികളുടെ ലിസ്റ്റ് നൽകാത്ത പക്ഷം ഏതെങ്കിലും കമ്പനിയിൽ പണിയെടുക്കുന്നവരുടെ എണ്ണവും ജോലിക്കുലിയും കണക്കിലെടുത്ത് ഉടമയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വിനോദ നികുതി

പഞ്ചായത്ത് പ്രദേശത്ത് ഒരു സി ക്ലോസ് സിനിമാ തീയേറ്റർ ഉണ്ട്. വിനോദ നികുതിയിൽ നിന്നുള്ള വരുമാനം വളരെ കുറവാണ്. നികുതി വെട്ടിപ്പ് തടയുന്നതിന് ഒന്നോ രണ്ടോ മാസം പരിശോധന തുടർച്ചയായി നടത്തി അതിന്റെ അതിസ്ഥാനത്തിൽ വിനോദ നികുതി കോമ്പൗണ്ട് ചെയ്തു വാങ്ങുന്നത് പ്രയോജനകരമാണ്.

മാർക്കറ്റ്

പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റും ഒരു പ്രൈവറ്റ് മാർക്കറ്റും ഉണ്ട്. അന്തിചന്തകളായതിനാൽ കർഷകർക്ക് കാർഷിക വിളകൾ വിൽക്കുന്നതിന് സൗകര്യമില്ല. അതിനാൽ കുളക്കട, നെടുവത്തൂർ പഞ്ചായത്തുകളിലെ പൊതുമാർക്കറ്റുകളെ അശ്രയിക്കേണ്ടി വരുന്നു. പൊരീക്കൽ ജംഗ്ഷനിലുള്ള അന്തി ചന്ത ആഴ്ച ചന്തയാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. കൂടാതെ മാറനാട് കിഴക്ക്, കാരിക്കൽ പള്ളിമുക്ക്, ചെറുപൊയ്ക WLPS ജംഗ്ഷൻ, കൈതക്കോട് പ്ലാക്കാട് ഭാഗം എന്നിവിടങ്ങളിൽ ചന്ത ആരംഭിക്കുന്നത് വരുമാനം വർദ്ദിപ്പിക്കുന്നതിന് ഉപകരിക്കും.

ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്താഫീസിനോട് ചേർന്ന് 70 സെന്റ് സ്ഥലം പഞ്ചായത്തിന്റേതാണ്. ആഫീസിനോടു ചേർന്ന് കിടക്കുന്ന സ്ഥലത്ത് ഒരു കല്യാണമണ്ഡപവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ചാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ഇതിലേക്ക് കേരളാ റൂറൽ ഡെവലപ്മെന്റ് ബോർഡിന്റെയോ ധനകാര്യസ്ഥാപനങ്ങളുടെയോ സഹായം തേടാൻ കഴിയും.പഞ്ചായത്തിൽ ചെറുമങ്ങാട് വാർഡിൽ പുത്തൂർ ജംഗ്ഷന് സമീപം ഒരു ബസ്സ്റ്റാന്റ് നിർമ്മിച്ചാൽ വരുമാനം വർദ്ധിക്കുന്നതോടൊപ്പം പുത്തൂർ ജംഗ്ഷനിലെ ഗതാഗത കുരുക്ക് ഒഴിവാക്കാനും കഴിയും.

ലൈസൻസ് ഫീസ്

ലൈസൻസ് ഫീസിനത്തിൽ 1995-96 ൽ 26020.25/ രൂപാ പിരിച്ചെടുത്തിട്ടുണ്ട്. ഇത് 91-92 നേക്കാൾ 241.07% കൂടുതലാണ്. പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുക്കാറില്ല. കച്ചവട സ്ഥാപനങ്ങളെ മുഴുവൻ നികുതി കൊടുക്കേണ്ടവരാക്കി കഴിഞ്ഞാൽ ഈ ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. കൂടാതെ വിവാഹ രജിസ്ട്രേഷൻ ഫീസ് 100/രൂപയായും വർദ്ധിപ്പിക്കാവുന്നതാണ്.

വസ്തു കൈമാറ്റ നികുതി

വസ്തുകൈമാറ്റ നികുതിയുടെ 75% തുക പഞ്ചായത്തുകൾക്ക്ജനസംഖ്യാനുപാതികമായി വിഭജിക്കുന്നു. 25% തുക ധനസ്ഥിതി കണക്കിലെടുത്ത് വിഭജിക്കുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും മാനദണ്ഡം കണക്കിലെടുക്കാതെ ഇഷ്ടം പോലെ വിഭജിക്കുന്നു. വസ്തു കൈമാറ്റം ചെയ്യുമ്പോൾ ഓരോ പ്രദേശത്തേയും വസ്തുവിന്റെ വില കണക്കിലെടുക്കാതെ കുറഞ്ഞ വില രേഖപ്പെടുത്തി ആധാരം രജിസ്ട്രേഷൻ മൂലം ഭീമമായ നഷ്ടം പഞ്ചായത്തുകൾക്ക് ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തും വില്ലേജാഫീസറും, സബ്രജിസ്ട്രാറും ഉൾപ്പെട്ട കമ്മിറ്റി ഓരോ പഞ്ചായത്തിലെയും വസ്തുവിന്റെ വില പ്രാദേശിക വില കണക്കാക്കി നിശ്ചയിച്ചാൽ സ്റ്റാമ്പു ഡ്യൂട്ടിയിനത്തിലുള്ള വരവ് ഇരട്ടിയിൽ കൂടുതലാക്കുവാൻ കഴിയും.

ചെളി എടുപ്പ്

കൃഷിക്ക് ഉപയുക്തമായ ഭൂമി ജിയോളജി വകുപ്പിൽ നിന്നും ഉപയോഗ ശൂന്യമാണെന്ന സർട്ടിഫിക്കറ്റ് വാങ്ങിയാതൊരു നിയന്ത്രണവും ഇല്ലാതെ കുഴിച്ച് ചെളി എടുക്കുന്നത് മൂലം ടി സ്ഥലങ്ങളോട് ചേർന്ന് കിടക്കുന്ന കൃഷിയിടങ്ങളിൽ പോലും കൃഷിചെയ്യുവാൻ പറ്റാത്ത സ്ഥിതിയുണ്ട്. ചെളിയെടുക്കുന്നത് ജിയോളജി വകുപ്പിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി വളരെ ആഴത്തിലാക്കുന്നത് നിയന്ത്രിക്കേണ്ടതാണ്. അതിനാൽ ജിയോളജി വകുപ്പിന്റെ നിർദ്ദേശാനുസരണം ചെളി എടുക്കുന്നതിന് സെന്റിന് 25 രൂപാ ക്രമത്തിലും, നിർദ്ദേശത്തിന് വിരുദ്ധമായി ചെളി എടുക്കുന്നവരിൽ നിന്നും ക്രമവിരുദ്ധമായി ചെളി എടുത്താൽ സെന്റ് ഒന്നിന് 2500 / രൂപാ ക്രമത്തിൽ ഈടാക്കുവാൻ കഴിഞ്ഞാൽ ചെളിയെടുപ്പ് നിയന്ത്രിക്കാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. ചെളിയെടുത്ത് കുഴിയായിട്ടുള്ള സ്ഥലങ്ങളിൽ മത്സ്യ കൃഷി നടത്തുവാൻ കഴിയും. ഇത് മൂലം തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുവാനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാനും കഴിയും.

ധാതുക്കളുടെ ഖനനം.

നമ്മുടെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈഡൂര്യം , അഭ്രം എന്നീ ധാതുക്കൾ ഖനനം നടത്തുന്നുണ്ട്. സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വസ്തുവിൽ സർക്കാരിന്റെ അനുവാദം ഇല്ലാതെ ഖനനം നടത്തുന്നത് തടയേണ്ടതാണ്. ഈ പ്രദേശങ്ങളിൽ ആർക്കിയോളജി വകുപ്പിനെകൊണ്ട് സർവ്വേ നടത്തി സ്വകാര്യ ഖനനം തടഞ്ഞ് ഭൂമി സർക്കാർ ഏറ്റെടുക്കേണ്ടതും ഖനനം വഴി ലഭിക്കുന്നതിന്റെ 50% പഞ്ചായത്തിനും ലഭിക്കുവാനും നടപടിയുണ്ടാകണം.

മണൽ വാരൽ

നമ്മുടെ പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറെ അതിർത്തിയിൽ കൂടി കല്ലടയാറ് കടന്നു പോകുന്നു. കല്ലടയാറിൽ നിന്നും മണൽ വാരുന്നതിന്റെ പ്രയോജനം കുന്നത്തൂർ പഞ്ചായത്തിന് മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 3 കടവുകൾ ഉണ്ട്. മണൽ കൊണ്ടുപോകുന്നതും പഞ്ചായത്ത് റോഡ് വഴിയാണ്. പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറെ അതൃത്തിയുടെ ഫീൽഡ് മാപ്പ് തഹസിൽദാരിൽ നിന്നും വാങ്ങി അതിന്റെ മദ്ധ്യഭാഗം പഞ്ചായത്തുകളുടെ അതിരുകളായി നിശ്ചയിക്കുവാൻ നടപടി കൈകൊണ്ടാൽ മണൽ ലേലം വഴി നല്ലൊരു വരുമാനം ഉണ്ടാക്കാം.

പുറമ്പോക്കു ഭൂമി പതിച്ചു നൽകൽ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റിസർവ്വേ റിക്കാർഡ് പ്രകാരം പുറമ്പോക്ക് ഭൂമിയുണ്ട്. പുറമ്പോക്ക് ഭൂമി പതിച്ചു കിട്ടുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽമേൽ പഞ്ചായത്തിന്റെ അഭിപ്രായം പരിഗണിക്കുന്നുണ്ട്. പുറമ്പോക്ക് വസ്തു പതിച്ചു കൊടുക്കുന്നതിന് പഞ്ചായത്ത് അനുവാദം നൽകുമ്പോൾ വസ്തുവിന്റെ പ്രാദേശിക വിലയുടെ 10% ഈടാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. 10 സെന്റിൽ കൂടുതൽ വസ്തു ഒരു കുടുംബത്തിനില്ലെങ്കിൽ തുക ഈടാക്കുന്നത് ഒഴിവാക്കാവുന്നതുമാണ്.

ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഇൻഡ്യൻ ബാങ്കിന്റെ 2

ശാഖകളും 2 സഹകരണ ബാങ്കുകളും ഉണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വായ്പാ തുക വളരെ കുറവാണ്. കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കും, സ്വയം തൊഴിൽ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റും. റിസർവ്വ് ബാങ്കും സെക്യൂരിറ്റി നൽകേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടും ധനകാര്യസ്ഥാപനങ്ങൾ അത് വാങ്ങുവാൻ ശ്രമിക്കുന്നത് മൂലം സ്വയം തൊഴിൽ ,ചെയ്യുവാൻ താൽപര്യമുള്ളവർക്ക് ലോൺ ലഭിക്കാത്ത സ്ഥിതിയുണ്ട്. പഞ്ചായത്തിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാം. ബാങ്കുകൾ തുക ലോൺ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കാൻ നടപടി കൈക്കൊള്ളേണ്ടതുണ്ട്.

ചെലവിനങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ 1995-96 ലെ സാധാരണ വരുമാനം 830227.69 രൂപായാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 580745 രൂപായും (69.95%) തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 141432 (17.03%)ശുദ്ധജല വിതരണം, പൊതുജനാരോഗ്യം എന്നിവയ്ക്കായി 2,63,387 രൂപാ 31.60% ചെലവ് ചെയ്തിട്ടുണ്ട്. പ്രധാന ചെലവുകൾ വിലയിരുത്തുമ്പോൾ സാധാരണ വരവ് കൊണ്ട് പഞ്ചായത്തിന് നിലനിൽക്കുമ്പോൾ കഴിയില്ലെന്നു വ്യക്തമാണ്. സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾ നടത്തേണ്ട അവസ്ഥയാണ്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിന് ശേഷം പല വകുപ്പുകളുടെയും പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ കീഴിലാക്കിയെങ്കിലും അധികം ജീവനക്കാരെ നിയമിച്ചിട്ടില്ല. ഇപ്പോൾ തന്നെ പഞ്ചായത്തിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും ശമ്പള വിഭാഗത്തിൽ ചെലവു ചെയ്യുന്ന സ്ഥിതിയിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഏറ്റെടുക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടാക്കും. നികുതി പിരിവിനായി നിയോഗിച്ചിട്ടുള്ള ജീവനക്കാരെ ഓഫീസ് പ്രവർത്തനങ്ങൾക്കായി നിയോഗിച്ച് നേരിട്ട് പിരിവ് നടത്തുന്നത് ഒഴിവാക്കി കൃത്യമായ കരം അടയ്ക്കേണ്ട ചുമതല നികുതിദായകന്റെ തഴക്കിയാൽ മതിയാകും. ചെലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 3 ൽ കാണിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ പുനരുദ്ധാരണ പണി നടത്തുന്നതിന് പഞ്ചായത്തിന്റെ വരുമാനം ഉപയോഗിക്കുവാൻ കഴിയുന്നില്ല. 5000 രൂപായുടെ പണികൾ ഏറ്റെടുത്തിട്ട് 2 വർഷം കഴിഞ്ഞു. ലോക്കൽ ബോഡീസ് മുഖേന ചില പണികൾ ചെയ്തിട്ടുണ്ട്. ടി പണികളുടെ വിശദമായ എസ്റ്റിമെന്റ്, സ്റ്റേറ്റ്, കൺവയൺസ് സ്റ്റേറ്റുമെന്റ് ഇവ ലഭ്യമല്ലാത്തതിനാൽ പണിയെപ്പറ്റി ഒരു ധാരണ ഉണ്ടാകാറില്ല. സുതാര്യതയില്ലായ്മ ജനപങ്കാളിത്തത്തോടു കൂടി പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമാകും. മൺറോഡുകളുടെ പണി അതാത് പ്രദേശത്തുള്ളവർ തന്നെ ഏറ്റെടുത്തെങ്കിൽ മാത്രമെ റോഡിന്റെ സംരക്ഷണം നിലനിറുത്തുവാൻ കഴിയു. ഇതിന് പൊതുജനങ്ങളും പദ്ധതികൾ നടപ്പിലാക്കുന്നതിൽ പങ്കാളികളാണെന്ന് ബോദ്ധ്യം സൃഷ്ടിക്കേണ്ടതുണ്ട്.

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യവിഭവമാണ്. ജനപങ്കാളിത്തം വഴി ഏറ്റെടുക്കുവാൻ കഴിയുന്ന പദ്ധതികളെക്കുറിച്ച് ഗ്രാമസഭായോഗങ്ങളിൽ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതോടൊപ്പം പഞ്ചായത്തിലെ മൺറോഡുകൾ തകർന്ന് പോകാതിരിക്കുവാനുള്ള ചുമതല ഗ്രാമവാഡികൾ ഏറ്റെടുക്കേണ്ടതുണ്ട്. കലാ സാംസ്കാരിക സന്നദ്ധ സംഘടനകൾ കുടുംബശ്രീയുള്ള നമ്മുടെ ഗ്രാമത്തിൽ ഓണാഘോഷത്തിൽ നിന്നും എട്ട് സാമൂഹ്യ പുരോഗതിക്കായി കൂടി പ്രവർത്തിക്കാൻ സംഘടനകൾക്ക് കഴിയണം. ഇത്തരം പ്രവർത്തികൾ മൂലം പോതുജനങ്ങളുടെ കാഴ്ചപ്പാടിൽ മാറ്റം സൃഷ്ടിക്കുവാൻ കഴിയും.

പഞ്ചായത്തിലെ വിദ്യാസമ്പന്നരായ കുട്ടികൾ ഒത്തു ചേർന്ന് നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്നതും സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളെ ഒത്തു ചേർത്ത് പഠന നിലവാരം ഉയർത്തുവാൻ ശ്രമിക്കേണ്ടതാണ്.

പൊതുജന പങ്കാളിത്തം വഴി മനുഷ്യാധ്വാനം ഉറപ്പു വരുത്തുവാൻ പഞ്ചായത്ത് രാഷ്ട്രീയ, ജാതിമത പരിഗണനകൾക്കതീതമായി സഹകരണം നേടുവാൻ പ്രവർത്തിക്കുകയും ഓരോ പൗരനും വികസന പ്രക്രിയയിൽ പങ്കാളിത്തം ഉണ്ടെന്ന ബോധം സൃഷ്ടിക്കുവാനും കഴിയും.

കർമ്മസേന


നമ്മുടെ പഞ്ചായത്തിൽ കാർഷിക കാർഷികേതര പ്രവർത്തനങ്ങൾക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല എന്ന ഒരു പരാതി ഗ്രാമസഭായോഗങ്ങളിൽ വരുകയുണ്ടായി. റോഡ്, കെട്ടിടം, തുടങ്ങിയ പണികൾക്ക് ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്ന തൊഴിലാളികളെയാണ് ഉപയോഗിക്കുന്നത്. ഇത് മൂലം നമ്മുടെ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നില്ലെന്നു മാത്രമല്ല, ജോലി കൂലിയായി നൽകുന്ന തുക മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകുകയും ചെയ്യുന്നു. തൊഴിൽ ചെയ്യുന്നതിൽ ഇന്ന് കാണുന്ന വിമുഖത ഒഴിവാക്കി പൂർണ്ണ തോതിൽ തൊഴിൽ ചെയ്യുന്നതിനുമുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ വിവിധതരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ ഉൾപ്പെടുത്തി ഒരു കർമ്മസേന രൂപീകരിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ഈ തൊഴിലാളികളെ നിയോഗിക്കുവാനും കഴിയും. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളെ ഉപയോഗിച്ച് പണി ചെയ്യുന്നതു മൂലം തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുവാനും നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ അന്യനാട്ടുകളിലേക്ക് പോകുന്നത് തടയുവാനും കഴിയും.

പഞ്ചായത്തിന്റെ വരവുമായി തട്ടിച്ചു നോക്കുമ്പോൾ ഉയർന്നു വരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവ്, വൈദ്യുതി ചാർജ്ജ്, കുടിവെള്ളം എന്നിവയ്ക്കൽ ഇവയുടെ ചെലവുകൾ കഴിഞ്ഞാൽ പൊതുമരാമത്തു പണികൾക്കും സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്കും തുക അധികമായി കണ്ടെത്തേണ്ടിയിരിക്കുന്നു. നിലവിലുള്ള നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതോടൊപ്പം സർവ്വീസ് നികുതി കൂടി ഏർപ്പെടുത്താവുന്നതാണ്. പൊതുമരാമത്ത് പണികൾ ഇപ്പോൾ ചെയ്തിക്കുന്നത് കോൺട്രാക്ടർമാർ മുഖേനയാണ്. ഇതുമൂലം കോൺട്രാക്ടറുടെ ലാഭവിഹിതമായി 10%അധികം നൽകേണ്ടി വരുന്നു. പണിയുടെ ഗുണമേന്മ നഷ്ടപ്പെടുന്നു എന്ന പരാതിയും പൊതു ജനങ്ങളുടെ പങ്കാളിത്തമില്ലായ്മയും, തുടർപ്രവർത്തനവും നേരിടേണ്ടി വരുന്നുണ്ട്. ഇതിന് ശാശ്വത പരിഹാരമായിട്ടുള്ള പദ്ധതികൾ ഏത് ഭാഗത്തു ഏറ്റെടുത്താലും ആ ഭാഗത്തുള്ള ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തി നേരിട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതാണ്.

വരുമാനത്തിലെ വ്യത്യാസം

പട്ടിക – 5-15 (17)

നമ്പർ	ഇനം	1986-87		1991-92		1995-96		1991-92 1995-96 തുലനം		%
1	കെട്ടിടനികുതി.	45828	55	1,35,815	70	270625	—	(+) 134809	30	99.26
2	തൊഴിൽനികുതി.	44201	—	99433	—	180670	—	(+) 81237	—	81.70
3	വിനോദനികുതി.	7428	—	6468	50	10690	70	(+) 4222	20	65.27
4	ലൈസൻസ്ഫീസ്	4945	—	7629	—	26020	25	(+) 18391	25	241.07
5	വസ്തുകൈമാറ്റനികുതി	107846	25	113721	—	188650		(+) 74929	—	65.88
6	മുദ്രവരവുകൾ (ഗ്രാന്റ്) (സംസ്ഥാനസർക്കാർ നൽകുന്നു)	61128	80	59513	99	153571	74	(+) 94057	75	158.04
	ആകെ വരുമാനം	271377	60	422581	19	830227	69	(+) 407646	50	96.46
1	ഉപാധിരഹിതഫണ്ട്	—		151000	—	199350	—	(+) 48350	—	32.00
2	പ്രത്യേകപ്രവർത്തനഫണ്ട്	—		75000	—	162310	—	(+) 87310	—	116.41
3	കേ. ആർ. ഐ. പ.	—		771882	—	465529	—	(-) 306353	—	39.68
4	ഫണ്ടുകൾ സംയോജനം	211141	15	224173	—	775335	—	(+) 551162	—	245.86
	ആകെ ഫണ്ട്	211141	15	1222055	—	1602524	—	(+) 380469	—	31.13
	ആകെ വരവ്	482518	75	1644636	19	2432751	69	788115	50	47.94



5.16
പരിസ്ഥിതി

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ഏതാണ്ട് പകുതിയോളംഭാഗം കല്ലടയാറ്പുറപ്പെട്ട വിധത്തിലാണ്. അതുകൊണ്ട് കല്ലടയാറിൽ സംഭവിക്കുന്ന പാരിസ്ഥിതികമായ പ്രത്യാഘാതങ്ങളും, പഞ്ചായത്തിലെ ജനജീവിതത്തെബാധിക്കുന്നവയാണ്.

കല്ലടയാറിൽ നിന്നും യാതൊരു നിയന്ത്രണവുമില്ലാതെ മണൽ വാരുന്നതുകൊണ്ട് ആറിന്റെ ആഴം കൂടുന്നു. ആഴം കൂടുന്നതനുസരിച്ച് ജലനിരപ്പ് താഴുന്നു. ആറിലെ മാത്രമല്ല കരപ്രദേശങ്ങളിലെയും ജലനിരപ്പ് (Water level) ഇതനുസരിച്ച് താഴുന്നു. ഇതുമൂലം കിണറുകൾ വറ്റുന്നു. മാത്രമല്ല കരപ്രദേശങ്ങളിലെ ഭൂഗർഭജലം ആറ്റിലേക്ക് വലിയുകയും ചെയ്യുന്നു. ഇങ്ങനെയും കിണറുകൾ വറ്റാം. ആഴം കൂടുന്നത് കൊണ്ട് കരയോട് ചേർന്നഭാഗം ഇടിഞ്ഞു താഴുന്നു. ആറ്റുവക്കിൽ മുൻപ് സസ്യജാലങ്ങളുടെ വേരുകളാണ് മണ്ണ് പിടിച്ചു നിർത്തിയിരുന്നത് എന്നാൽ ഇന്ന് ഈ സസ്യജാലങ്ങൾ അപ്രത്യക്ഷമായതോടെ ആറിന്റെ ആഴം കൂടിയ കരയോട് ചേർന്ന ഭാഗം ഇടിഞ്ഞുതാഴുന്നു. വർഷക്കാലത്ത് എല്ലാം കൂട്ടികുത്തി എടുത്തുപൊണ്ട്പോകുന്ന സ്ഥിതിയായി. കല്ലടയാറിലെ ആഴം കൂടിയത് ഇപ്പോൾ തന്നെ വൃക്ഷ വിളകളെബാധിച്ചു തുടങ്ങി. വേനൽക്കാലം അതിജീവിക്കുവാൻ വൃക്ഷവിളകൾക്ക് കഴിയുന്നില്ല. കരിമ്പുകൃഷി ഏതാണ്ട് അവസാനിച്ച മട്ടിലാണ്.

ആറ്റിൽ ജലം കുറയുകയുംആഴം കൂടുകയും ചെയ്യുന്നത്കൊണ്ട് അഷ്ടമുടിക്കായലിലെ വെള്ളം കല്ലടയാറിലൂടെ മുകളിലേക്ക് കയറുന്നു. മുൻപിങ്ങനെ കായലിൽ നിന്നും ഉപ്പ്വെള്ളം ഉപ്പൂടൻ വരെ മാത്രമേ കയറിയിരുന്നുള്ളൂ. ഇപ്പോൾ എനാത്ത് പാലത്തിനു കീഴെ വരെ കല്ലടയാറ്റിൽ ലവണാംശം രേഖപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ആപത്തുവരുത്തുന്ന ഒന്നായിരിക്കും കല്ലടയാറ്റിലെ ഉപ്പുവെള്ളം. ഇത് പഞ്ചായത്തിന്റെ ഒരു നല്ല ഭാഗത്തെ ശുദ്ധജല ലഭ്യതയെ ബാധിക്കും. ശുദ്ധജല മത്സ്യങ്ങൾ വളരാനാകാതെ വരും.

പുനലൂർ പേപ്പർമിൽ അടഞ്ഞ്കിടക്കുന്നതുകൊണ്ട്, കല്ലടയാറ്റിൽ മുമ്പുണ്ടായിരുന്നതുപോലെയുള്ള വ്യവസായ മലിനീകരണം ഇല്ല: പേപ്പർമിൽ വീണ്ടും പ്രവർത്തനം ആരംഭിക്കുന്നുവെങ്കിൽ മലിനീകരണ നിയന്ത്രണ നടപടികളും സ്വീകരിച്ചിട്ടേ അതാകാവൂ. കല്ലടയാറ്റിൽ യഥേഷ്ടം ജലമുണ്ടായിരുന്നുവെങ്കിൽ ജലഗതാഗത മാർഗ്ഗം ഫലവത്താകുമായിരുന്നു. ഊർജ്ജം ഒട്ടും ആവശ്യമില്ലാത്തതും, മനുഷ്യാധ്വാനം വേണ്ടിവരുന്നതുമായ ഒന്നാണ് ജലഗതാഗതം. ഊർജ്ജ ക്ഷാമത്തിന്റെ (ഡീസൽ) പശ്ചാതലത്തിൽ ഇതിന് ഏറെ പ്രാധാന്യമുണ്ട്.

ചെളിയെടുപ്പ്

ഭൂമിയിലുള്ള സമസ്ത സമ്പത്തിന്റെയും നിദാനം ഭൂമിയുടെ ഉപരിതലത്തിൽ നാലോ അഞ്ചോ അടിമാത്രം ആഴത്തിൽ കാണപ്പെടുന്ന മേൽമണ്ണാണ് ഇത്രയും മണ്ണ് രൂപപ്പെടുത്തുന്നതിന് നൂറ്റാണ്ടുകളും വേണം. ഇങ്ങനെ നൂറ്റാണ്ടുകളായി രൂപപ്പെടുന്ന മേൽമണ്ണാണ് ഇപ്പോൾ കൺമുന്നിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമോ കൃഷിഭൂമി, കൃഷിക്ക് അനുയോജ്യമല്ലാതാകുന്നു. ചെളിപ്രദേശങ്ങളിൽ നിന്നും ചെളി എടുക്കുന്നത് കൊണ്ട് അവിടെ ഒരു ചെളക്കെട്ട് രൂപം കൊള്ളുകയായി. ഭൂമി മറ്റൊന്നിനും ഉപയോഗിക്കുവാൻ കഴിയാതെ വരുന്നു. മീൻ വളർത്തലും നടക്കുകയില്ല. ഭൂഗർഭത്തിൽ നിന്നുയരുന്ന ചിലപ്രത്യേക ഇനം വാതകങ്ങളും ജലജീവികളെയും സസ്യജാലങ്ങളെയും നശിപ്പിക്കുന്നു. ഇങ്ങനെയുണ്ടാകുന്ന വെള്ളക്കെട്ടുകളും സൃഷ്ടിക്കുന്ന പരിസര ദൂഷണം മനസിലാക്കുവാൻ ഇനിയും വർഷങ്ങളും എടുക്കും. കല്ലടയാറ്റിൽ ഉപ്പ് വെള്ളം അധികരിക്കുമ്പോൾ, വെള്ളക്കെട്ടുകളിലും ഉപ്പുവെള്ളമാകും.

കാവുകളുടെ നാശം

നിത്യഹരിത വനങ്ങളിൽ മാത്രം കാണപ്പെടുന്ന സസ്യജാലങ്ങളും കാവുകളിൽകാണുന്നുണ്ട്. നട്ടുച്ചയ്ക്കും സൂര്യപ്രകാശം അരിച്ചിറങ്ങാത്തത്ര നിബിഡമായ കാവുകളും ഇപ്പോഴുമുണ്ട്. ഈ ഭൂപ്രദേശത്ത് മുമ്പ് വളർന്നിരുന്ന വൃക്ഷങ്ങളെപ്പറ്റിയും, സസ്യങ്ങളെപ്പറ്റിയും ഒരു ധാരണ സൃഷ്ടിക്കുവാൻ ഈ കാവുകൾക്ക് കഴിയും. അനുഷ്ഠാനങ്ങൾകൊണ്ടോ, വിശ്വാസങ്ങൾകൊണ്ടോ രക്ഷപ്പെട്ട നിത്യഹരിത വനങ്ങളുടെ ചെറിയ തുണ്ടുകളാണ് ഇപ്പോഴത്തെ കാവുകൾ. മിക്ക കാവുകളും ഒരു ജലസംഭരണി കൂടിയാണ്. ഉദാഹരണത്തിന് പാങ്ങോട്ട് കാവ് പരിശോധിക്കാം. ഏതാണ്ട് 20-25 വർഷങ്ങൾക്ക് മുമ്പ് വരെ ഈ കാവിൽ വൻമരങ്ങൾ നിന്നിരുന്നു. അക്കാലത്ത് കാവിന്റെ മദ്ധ്യത്ത് ഒരു ചതിപ്പു സ്ഥലം ഉണ്ടായിരുന്നു. മീനം, മേടം മാസങ്ങളിൽ പോലും അത് വറ്റിയിരുന്നില്ല. ഇത് ഭൂഗർഭജലത്തെ നിശ്ചയമായും സ്വാധീനിച്ചിരിക്കാം. ഈ കാവിൽ വൃക്ഷങ്ങൾ മുറിച്ചതോടുകൂടി ചതിപ്പും അപ്രത്യക്ഷമായി മഴക്കാലത്ത് വെള്ളം വലിച്ചെടുക്കുവാനും, മഴയില്ലാത്തപ്പോൾ കുറേശേ പുറത്തേക്കുവിടാനും മണ്ണിനുള്ള കഴിവ് നഷ്ടപ്പെട്ടു.

മരങ്ങൾ പോയതോടുകൂടി ഈ മരങ്ങളിൽ കൂടു വച്ചിരുന്ന പക്ഷികളും ഇല്ലാതെയായി. ഇങ്ങനെ കൂടുവച്ചിരുന്ന പക്ഷികൾ ഏതെന്നോ, അനുഷ്ഠിച്ചിരുന്ന പാരിസ്ഥിക ധർമ്മം അവ എന്തെന്നോ ഇപ്പോൾഅറിയുവാനും കഴിയുകയില്ല.

തലക്കുളങ്ങളുടെ സംരക്ഷണം

പഞ്ചായത്തിൽ ആകെ തലക്കുളങ്ങൾ ഉണ്ട്. എൻ. ഇ. എസ് ബ്ലോക്കിൽ നിന്നും. വിവിധ ഗവൺമെന്റ് ഏജൻസികളിൽ നിന്നുമായി ഈ കുളങ്ങളിൽ ചിലവ പുനരുദ്ധരിച്ചിട്ടുണ്ട്. മഴക്കാലത്ത് ഒഴുകി എത്തുന്ന ചരല് നീക്കം ചെയ്യുന്നതിന്വേണ്ടി ആഴം കൂട്ടുന്നു. ഇങ്ങനെ ആഴം കൂട്ടുന്നതുകൊണ്ട് ചെളിയും കോരിമാറ്റുന്നു. ഇതോടെ ജലത്തിൽ സ്വാഭാവികമായി നടന്ന 'ആരിയ്ക്കൽ' (അരിച്ചെടുക്കൽ) പ്രക്രിയ അന്യമാകുന്നു. നാലുവശവും കരിങ്കല്ലുകൾ കെട്ടുന്നതോടുകൂടി ഊറ്റുകളും അപ്രത്യക്ഷമാകുന്നു.

മുൻപുണ്ടായതുപോലെ വശങ്ങളിൽ കൈതവച്ചുപിടിപ്പിച്ചിരുന്നുവെങ്കിൽ ഊറ്റിനെ ഒരിക്കലും ബാധിക്കുകയില്ലായിരുന്നു. സൂര്യപ്രകാശം നേരിട്ട് ജലത്തിലടിച്ച് ആവിയായി പോകുന്നത് തടയാമായിരുന്നു. ജലജീവികൾക്കും മറ്റും കൂട്ടം കൂടിയും മറ്റും വളരുന്നതിന് പറ്റിയ സാഹചര്യം സംജാതമാകുകയും ചെയ്യുമായിരുന്നു

വെട്ടിക്കുഴിതോട്

കൃഷിഭൂമികളിലെയും, ജനവാസ പ്രദേശങ്ങളിലേയും മണ്ണ് സംരക്ഷണപ്രവർത്തനങ്ങളുടെ നിഷ്ഫലത്വം വ്യക്തമാക്കുന്ന ഒന്നാണ് വെട്ടിക്കുഴിതോട്. മഴക്കാലത്ത് ഈ തോടിൽ വന്നിറങ്ങുന്നത് ഒന്നാം തരം മേൽമണ്ണാണ്. കൃഷിഭൂമികളിൽ പോലും മണ്ണൊലിപ്പ് വ്യാപകമാണ്. മണ്ണ്സംരക്ഷണത്തിന്റെയും, ജലസംരക്ഷണത്തിന്റെയും പ്രധാനം ഓരോരുത്തരും ഉൾക്കൊള്ളുകയും പ്രയോഗത്തിൽ കൊണ്ടുവരുകയും ചെയ്തില്ലെങ്കിൽ ദൂരവ്യാപകമായ ഫലങ്ങളുണ്ടാകും.

★

പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1 W L P S പാങ്ങോട്
2 S K V L P S കുഴിക്കലിടവക
3 Govt W L P S ചെറുപൊയ്ക
4 W L P S ഐരൂർക്കുഴി
Govt L P S ചെറുപൊയ്ക
5 S C V L P S പവിത്രേശ്വരം
6 Govt L P S കൈതക്കോട്
7 L P S ഇടവട്ടം
8 Govt L P S കിഴക്കേ മാറനാട്
9 W L P S കിഴക്കേ മാറനാട്
10 G V S U P S കുഴിക്കലിടവക
11 K N N M H S പവിത്രേശ്വരം
12 K N N M V H S S പവിത്രേശ്വരം
13 K S M H S ഇടവട്ടം
14 K S M V H S ഇടവട്ടം
15 H S കുഴിക്കലിടവക
16 ഗവ: കാഷ്യൂഫാക്ടറി നമ്പർ 8 പാങ്ങോട്
17 സെൻറ് ജോർജ് കാഷ്യൂകമ്പനി കരിമ്പിൻപുഴ
18 രാജൻ കാഷ്യൂ കമ്പനി, മാറനാട്
19 ബിസ്മില്ലാ കാഷ്യൂ ഇൻഡസ്ട്രീസ് മാറനാട്
20 M V R Export ചെറുമങ്ങാട്
21 മുംതാസ് കാഷ്യൂ കമ്പനി പഴയചിറ
22 ഗ്യാലക്സി കാഷ്യൂ കമ്പനി S N പുരം
23 ഗവ: ആയുർവ്വേദ ഡിസ്പെൻസറി കുഴിക്കലിടവക
24 E S I ഡിസ്പെൻസറി, പുത്തൂർ
25 ലോക്കൽ ആഫീസ് പുത്തൂർ
26 P H സെൻറർ S N പുരം
27 P H സെൻറർ ഏഴുകോൺ, പവിത്രേശ്വരം
28 ഗവ: ഹോമിയോ ഡിസ്പെൻസറി, പവിത്രേശ്വരം
29 പ്രീ മെട്രിക് ഹോസ്റ്റൽ, പുത്തൂർ
30 ഖാദി വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പുത്തൂർ
31 ടെലഫോൺ എക്സേഞ്ച്, പുത്തൂർ
32 ടെലകോം സെൻറർ പുത്തൂർ
33 മാവേലിസ്റ്റോർ പുത്തൂർ
34 Co-OP: Bank പവിത്രേശ്വരം
35 Service Co-Op: Society ചെറുപൊയ്ക
36 ഹാൻഡ്ലൂം വീവിംഗ് സെൻറർ, പവിത്രേശ്വരം
37 മിൽക്കുസൊസൈറ്റി, പാങ്ങോട്
38 ,, ചെറുമങ്ങാട്
39 മിൽക്ക് സൊസൈറ്റി പവിത്രേശ്വരം
40 മിൽക്ക് സൊസൈറ്റി കൈതക്കോട്
41 മാറനാട്
42 ചെറുപൊയ്ക
43 പോസ്റ്റ് ആഫീസ് കരിമ്പിൻപുഴ
44 ചെറുപൊയ്ക
45 പവിത്രേശ്വരം
46 കൈതക്കോട്
47 മാറനാട്
48 ഇലക്ട്രിക് സെക്ഷൻ ഓഫീസ് പുത്തൂർ
49 ഇന്ത്യൻ ബാങ്ക് പുത്തൂർ
50 കൈതക്കോട്
51 വെറ്റിനറി ഡിസ്പെൻസറി പവിത്രേശ്വരം
52 പഞ്ചായത്ത് ഓഫീസ് പവിത്രേശ്വരം
53 I. C. D. P. സബ്സെൻറർ
54 ടൈൽസ് & അലൈഡ് ഇൻഡസ്ട്രീസ് കാരിക്കൽ
55 വില്ലേജ് ആഫീസ് പവിത്രേശ്വരം
56 സന്തോഷ് ടാക്കീസ് പുത്തൂർ
57 സുന്ദരൻ ടൈൽ ഫാക്ടറി ചെറുമങ്ങാട്
58 മുത്തൂറ്റ് ബാങ്ക് പുത്തൂർ
59 കൃഷിവേൻ ഇടവട്ടം
60 V. E. O. പാങ്ങോട് പവിത്രേശ്വരം
61

★


തിരുത്ത്

പേജ്	വരി	തെറ്റ്	ശരി
19	24		എം. ഗോപാലനുണ്ണിത്താൻ (ചേർത്ത് വായിക്കുക)
20	6		പുത്തൂർ സോമരാജൻ (")
,,	8	1995 ഒക്ടോബർ 2	1995 സെപ്തംബർ 30
,,	19	ഇരുപതിന	പതിനൊന്നിന
23	22	പട്ടിക 1.2	1. ഉയർന്ന സമതലം-225.04—9.52%
			2. കുന്നിൻപുറം-24.97—1.06%
			3. മിതമായ ചരിവുകൾ-1906.72—38.3%
			4. വലിയ ചെരിവ്-85.9—3.64%
			5. താഴ്വര-608.55—25.76%
			6. നദിത്തിട്ട-510.82—21.63%
26	14	53%	38.9%
,,	19	3%	3.4%
,,	24	20 ശതമാനം	25 ശതമാനം
37	പട്ടിക 1.8	വിസ്തൃതി	വിസ്തൃതി
		189	225.04
		18	24.97
		1253	906.72
		69	85.9
		458	608.55
		375	510.82

പട്ടികജാതി പട്ടിക വർഗ ക്ഷേമം

136	16	ഒരു യു. പി. സ്കൂൾ	2 യു. പി. സ്കൂൾ
	21	226 കുട്ടികൾ	266 കുട്ടികൾ
	24	വിദ്യാർത്ഥികൾ 6867	4867
	25	ഇതിൽ 980 പേർ	1020
	28	193 അദ്ധ്യാപകർ	207
	36	1014 കുട്ടികൾക്ക്	1020

പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്



സമഗ്രവികസനരേഖ

Durga Printers Pangode Ph: 427155